

നാടൻ പാട്ടിന്റെ ശീലുകൾക്കൊത്ത് ഞാറ് നടുന്നവർ



പ്രകൃതിയുടെ കൗതുകം

കോവൂർ AM LPS ന് സമീപമുള്ള

ആറ് തലയുള്ള തെങ്ങ്



*എന്തുചെയ്യാം ! ജീവിയ്ക്കണ്ടേ-*

പാറയിൽ കിളിർക്കുന്ന ജീവിതങ്ങൾ



ഈ വ്യവസായ ശാലയ്ക്ക് എന്നാണ് മോക്ഷം ?

ആരംഭം മുതലേ അടഞ്ഞ് കിടക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

*Printed at KSAVRC, Tvm*

## മണമ്പൂര് ഗ്രാമപഞ്ചായത്ത്

# വികസനസെമിനാർ




1996 ഡിസംബർ 14

# മണമ്പൂര് ഗ്രാമപഞ്ചായത്ത്
# വികസനറിപ്പോര്ട്ട്
# 1996



രാഷ്ട്രപിതാവ്

## മണമ്പൂർ ഗ്രാമപഞ്ചായത്തിൻെറ മുൻ ഭരണസാരഥികൾ



ഹബീബ് മുഹമ്മദ്



B. വരദരാജൻ



N. രമേശൻ

## നിലവിലുള്ള ജില്ലാ-ബ്ലോക്കുമെമ്പർമാർ



A. നസീമാബിവി
ജില്ലാ പഞ്ചായത്തുമെമ്പർ



മണമ്പൂർ D. രാധാകൃഷ്ണൻ
വൈസ് പ്രസിഡൻറ്,
ബ്ലോക്ക് പഞ്ചായത്ത്, മണമ്പൂർ ഡിവിഷൻ



**S. അക്ബർ**
പ്രസിഡൻറ്



**ഗിരിജാശശിധരൻ**
വൈസ് പ്രസിഡൻറ്



**K. ഗോപാലകൃഷ്ണൻനായർ**
സെക്രട്ടറി



**ഓമനാചന്ദ്രസേനൻ**
സ്റ്റാൻറിംഗ്കമ്മിറ്റി ചെയർപേഴ്സൺ



**C. കുട്ടപ്പൻ**
മെമ്പർ, വാർഡ് 1



**രമാദേവി**
മെമ്പർ, വാർഡ് 3



**A. നഹാസ്**
മെമ്പർ, വാർഡ് 4



**N. ബാലചന്ദ്രൻ**
മെമ്പർ, വാർഡ് 5



**P. സജീവ്**
മെമ്പർ, വാർഡ് 6



**G. സത്യശീലൻ**
മെമ്പർ, വാർഡ് 7



**A. നസീമാബീവി**
മെമ്പർ, വാർഡ് 9

**PLAN FOR MANAMBOOR GRAMA PANCHAYAT BUILDING**



# MANAMBOOR PANCHAYATH

TVM-[DIST.]



# ആമുഖം

കേരളം ഒരു പുതുയുഗത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. സ്വാതന്ത്ര്യത്തിൻെറയും ജനാധിപത്യത്തിൻെറയും ചൈതന്യമാർന്ന ഒരു പുതു യുഗത്തിലേയ്ക്ക്. സ്വതന്ത്ര ഭാരതത്തിൻെറ കഴിഞ്ഞ അഞ്ചു പതിറ്റാണ്ടുകളിലേയ്ക്ക് തിരിഞ്ഞു നോക്കുമ്പോൾ, ജനങ്ങളുടെ ആശയാഭിലാഷങ്ങളുടെ തിളക്കം നമ്മുടെ ജനാധിപത്യത്തിൽ വളരെക്കുറവായിരുന്നു എന്ന് കാണാം. ദേശീയ പ്രസ്ഥാനം സ്വാതന്ത്ര്യം മാത്രമായിരുന്നുല്ല ലക്ഷ്യം വഹിച്ചിരുന്നത്. ഇന്ത്യൻ ഗ്രാമങ്ങളുടെ സ്വാശ്രയത്വവും സ്വയംപര്യാപ്തിയും കൂടി അതിൽ വിഭാവനം ചെയ്തിരുന്നു. ഗാന്ധിജിയുടെ ഗ്രാമസ്വരാജ് പോലും ഇതായിരുന്നുവല്ലോ. എന്നാൽ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ അതൊരു മരീചികയായി അവശേഷിച്ചു. കോടിക്കണക്കിന് ജനങ്ങളുടെ വികസനാവശ്യങ്ങൾ ഏതാനും പേർ കൈകാര്യം ചെയ്യുക എന്ന ഗതികേട് സംഭവിച്ചു. ജനാധിപത്യത്തിൻെറ അർത്ഥം തന്നെ നശിച്ചു പോയ ഈ ജനാധിപത്യപ്രക്രിയയിൽ ജനങ്ങളുടെ പങ്ക് നാമമാത്രമായി മാറി. കേന്ദ്രീകൃതമായ ആസൂത്രണനിർവ്വഹണം വികസനരംഗത്ത് വിഭവചോർച്ചയും അസന്തുലിതത്വവും, കാലതാമസവും സൃഷ്ടിച്ചു. കഴിഞ്ഞ എട്ടു പദ്ധതികളിലൂടെ ഉദ്ദേശിച്ച വികസനം നേടാനാവാതെ പോയത് ഇതിനാലാണ്.

വികേന്ദ്രീകൃതമായ ഒരു അധികാര ഘടനയ്ക്ക് മാത്രമേ ജനാധിപത്യത്തിൻെറ ചൈതന്യം നിലനിർത്തി ശരിയായ വികസനം സാക്ഷാത്ക്കരിക്കാനാകൂ എന്ന് കണ്ടാണ് ബൽവന്ത്റായ് മേത്ത കമ്മിറ്റി മൂർത്തമായ ഒരു നിർദ്ദേശം മുന്നോട്ട്വച്ചത്. അങ്ങനെയാണ് അറുപതുകളിൽ ഗ്രാമപഞ്ചായത്തുകൾ നിലവിൽ വരുന്നത്. അധികാര വികേന്ദ്രീകരണം അപ്പോഴും നിർദ്ദേശതത്വം മാത്രമായി ഭരണഘടനയിൽ വിശ്രമിച്ചു. അധികാരവികേന്ദ്രീകരണത്തിനുവേണ്ടിയുള്ള വിപുലവും സുദീർഘവുമായ പരിശ്രമങ്ങളുടെ ഫലമായാണ് 73,74 ഭരണഘടനാ ഭേദഗതികളിലൂടെ പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ നിലവിൽവരുന്നത്. ഭരണപരവും, നിയമപരവും, സാമ്പത്തികവുമായി ഈ സംവിധാനത്തിന് പല പരിമിതികളും ഇപ്പോഴും അവശേഷിക്കുന്നുണ്ട്. കേരളത്തിൽ ഇത് പരിഹരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. സെൻകമ്മീഷനും മറ്റും അതിനുള്ള സൂചനയാണല്ലോ.

ജനകീയതലത്തിൽ നിന്നുതന്നെ അധികാരവികേന്ദ്രീകരണം സാർത്ഥകമാക്കുന്നതിനും ജനാധിപത്യം സാക്ഷാത്ക്കരിക്കുന്നതിനുമുള്ള സുപ്രധാന ചുവടുവയ്പാണ് ജനകീയ ആസൂത്രണം. സാർവ്വത്രികമായി പ്രകീർത്തിക്കപ്പെട്ട പല നേട്ടങ്ങളും നേടിയ സംസ്ഥാനമാണ് കേരളം. വിദ്യാഭ്യാസം, വൈദ്യസഹായം പൊതുവിതരണം തുടങ്ങിയ മേഖലകളിൽ നമ്മൾ നേടിയ നേട്ടങ്ങൾ വികസിത രാജ്യങ്ങളോടൊപ്പം നിൽക്കുന്നവയാണ്. "സമ്പൂർണ്ണ സാക്ഷരത" തന്നെ ലോകത്തിന് ഒരു മാതൃതയാണല്ലോ. എന്നാൽ ഉദ്പാദന മേഖലകളിലെ മുരടിപ്പും, വിദ്യാഭ്യാസ വൈദ്യസഹായ മേഖലകളിലെ നിലവാരത്തകർച്ചയും, തൊഴിലില്ലായ്മയും വൻഭീഷണിയായി നിലനിൽക്കുന്നു. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാതെ ഇനി ഒരടി നമുക്ക് മുന്നോട്ട് പോകാനാവില്ലെന്ന് വന്നിരിക്കുന്നു. ഇതിന് പറ്റിയ ഒരു സുവർണ്ണ സാഹചര്യമാണ് ഇപ്പോൾ സംഗതമായിരിക്കുന്നത്. പഞ്ചായത്തുകൾക്ക് അധികാരങ്ങൾ പലതും കൈമാറുകയും പദ്ധതിവിഹിതത്തിൻെറ 35 – 40% തുക വാഗ്ദാനം ചെയ്തതുമെല്ലാം അനുകൂലസാഹചര്യങ്ങളാണ്. ഇത് മുതലെടുത്തുകൊണ്ട് നമ്മുടെ ഗ്രാമീണ വികസനത്തിൻെറ സുപ്രധാന ചുവടുവയ്പുകൾ നടത്തേണ്ടതാണ്. ജനകീയാസൂത്രണ പ്രസ്ഥാനം ഇതിന് പറ്റിയ ഒരു സംരഭമാണ് കക്ഷിരാഷ്ട്രീയത്തിനതീതമായ ബഹുജന പങ്കാളിത്തവും, വികസനപ്രവർത്തനത്തിൽ സന്നദ്ധപ്രവർത്തനത്തിനും കൂട്ടായ്മയ്ക്കുമുള്ള സാധ്യതയും ഉദ്യോഗസ്ഥ സംവിധാനത്തിൽ വിപുലമായ അഴിച്ചുപണിക്കുള്ള സാഹചര്യവും ഈ സംരംഭത്തിലുണ്ട്. സാമൂഹ്യതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസനപ്രശ്നങ്ങൾക്ക് മുൻഗണ

നാക്രമം നിശ്ചയിക്കുവാനും, വിഭവങ്ങൾ നീക്കിവയ്ക്കുവാനും കഴിയുന്ന ശരിയായ ആസൂത്രണപ്രക്രിയ ഇതുമൂലം സാധ്യമാകുന്നു. ഇതിലൂടെ നാടിന്റെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരംകാണാൻ കഴിഞ്ഞില്ലെങ്കിലും ഗ്രാമീണജനജീവിതത്തെ ബാധിക്കുന്നതും, ഗ്രാമപഞ്ചായത്തുകളുടെ പരിധിയിൽ വരുത്തുന്നതുമായ പലപ്രശ്നങ്ങൾക്കും മൂർത്തമായ പരിഹാരം കാണുവാൻ കഴിയും.

മണമ്പൂര് ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പ്രക്രിയയുടെ ഒന്നാംഘട്ടം ആരംഭിക്കുന്നത് ഒക്ടോബർ 2ന് ആദ്യത്തെ വിശേഷാൽ ഗ്രാമസഭ ഒന്നാംവാർഡിൽ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. എസ്. അക്ബറുടെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ചതുമുതലാണ്.

വിശേഷാൽ ഗ്രാമസഭകളുടെ സംഘാടനത്തിന് നേതൃത്വം നൽകിയത് ഗ്രാമപഞ്ചായത്ത് സമിതിയും പരിശീലനം സിദ്ധിച്ച 5 ജില്ലാ റിസോഴ്സ് പേഴ്സൺസുമാരും, പഞ്ചായത്ത് റിസോഴ്സ് സമിതിയും ചേർന്നാണ്. ഒക്ടോബർ 2ന് ആരംഭിച്ച ഗ്രാമസഭകൾ ഒക്ടോബർ 15ന് X-ാം വാർഡിലാണ് സമാപിക്കുന്നത്. ഗ്രാമസഭകളിലെ പങ്കാളിത്തം അഭൂതപൂർവ്വവും ആവേശകരവുമായിരുന്നു. സ്ത്രീ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. 250നും 300നും ഇടയിൽ ആയിരുന്നു ശരാശരി പങ്കാളിത്തം 400 പേർ പങ്കെടുത്ത ചില ഗ്രാമസഭകളും ഉണ്ടായിരുന്നു.

സന്നദ്ധപ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നതും, ഗ്രാമത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്നതുമായ അനേകം വികസനനിർദ്ദേശങ്ങൾ ഗ്രാമസഭയിൽ ഉയന്നുവന്നു.

വിശേഷാൽ ഗ്രാമസഭകൾക്ക് ശേഷം ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാനുള്ള ശ്രമം നടന്നുവെങ്കിലും രണ്ടാംഘട്ട പഞ്ചായത്ത്തല പരിശീലനങ്ങൾക്ക് ശേഷമാണ് അത് നടന്നത്. രണ്ടാംഘട്ടത്തിൽ ആറുപേരെ കൂടി ഉൾപ്പെടുത്തി പഞ്ചായത്തിലെ ജില്ലാ റിസോഴ്സ് ഗ്രൂപ്പിന്റെ എണ്ണം പതിനൊന്നായി വർദ്ധിപ്പിച്ചു. ഡേറ്റാ കളക്ഷൻ, വികസനറിപ്പോർട്ട് തയ്യാറാക്കൽ എന്നിവയ്ക്കായി സംഘടിപ്പിച്ച രണ്ടാംഘട്ട പഞ്ചായത്ത്തല ശിൽപശാലയിൽ 40 പേർ പങ്കെടുത്തു. Data collection, Transeet walk എന്നിവയിലൂടെ ദ്വിതീയ സ്ഥിതിവിവരങ്ങളും പഞ്ചായത്തിന്റെ ഭൂപ്രകൃതിയെയും വിഭവങ്ങളെയും പറ്റിയുള്ള വിവരങ്ങളും ശേഖരിച്ചു. ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ച് നടപ്പു പദ്ധതികളുടെ അവലോകന റിപ്പോർട്ട് സംഘടിപ്പിച്ചു. ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണത്തിനായി ഒരു പ്രത്യേകയോഗം വിളിച്ചു. കാരണവൻമാരെ നേരിൽ കണ്ട് പഞ്ചായത്തിന്റെ ചരിത്രപരമായ വിവരങ്ങൾ ശേഖരിച്ചു. ഇതെല്ലാം കൂട്ടിച്ചേർത്ത് ചെറുഗ്രൂപ്പുകൾ തയ്യാറാക്കിയ കരട് റിപ്പോർട്ടുകൾ പരിഷ്ക്കരിച്ച് ക്രോഡീകരിച്ചതാണ് ഈ വികസനറിപ്പോർട്ട്. പരിമിതികൾ പലതുമുണ്ടെങ്കിലും, ഈ ഗ്രാമത്തിന്റെ വികസനത്തിന് ഇതൊരു ചൂണ്ടുപലകയായി മാറുമെന്ന പ്രതീക്ഷയോടെ, ബഹുജനസമക്ഷം സമർപ്പിക്കുന്നു.

## പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | മണമ്പൂര് ഗ്രാമ പഞ്ചായത്ത്. |
| ഉൾപ്പെടുന്ന വില്ലേജ് | - | മണമ്പൂര്. |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | - | മണമ്പൂര്. I, V ഒറ്റൂർ ഡിവിഷനിൽ. |
| ബ്ലോക്ക് പഞ്ചായത്ത് | - | മണമ്പൂര്. |
| താലൂക്ക് | - | ചിറയിൻകീഴ് |
| ജില്ല | - | തിരുവനന്തപുരം |
| അസംബ്ലി മണ്ഡലം | - | വർക്കല |
| വിസ്തീർണ്ണം | - | 15.08 Sq. miles |
| ജനസംഖ്യ | - | 20575 |
| വാർഡുകളുടെ എണ്ണം | - | 10 |
| പ്രസിഡൻറ് | - | S. അക്ബർ |
| വൈസ് പ്രസിഡൻറ് | - | ഗിരിജാശശിധരൻ |

ഇന്നത്തെ മണമ്പൂര് പഞ്ചായത്തിന്റെ ചരിത്രപരവും ഭരണപരവുമായ പ്രാധാന്യവും മേധാവിത്വവും ഈ നൂറ്റാണ്ടിന്നപ്പുറത്തേയ്ക്ക് കടന്ന് നിൽക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ മണമ്പൂര് അധികാരം എന്നൊരു ഭരണഘടകം നിലനിന്നിരുന്നു. ഇന്നത്തെ മണമ്പൂര്, ഒറ്റൂര്, ചെറുന്നിയൂര് പഞ്ചായത്തുകൾ ചേർന്നതായിരുന്നു മണമ്പൂര് അധികാരം. 1897ൽ ഈ അധികാരത്തിലുണ്ടായിരുന്ന പ്രദേശങ്ങൾ പകുതി (വില്ലേജ്)കൾ ആയി മാറി. 1953-ൽ മണമ്പൂര് ഒറ്റൂര് പകുതികൾ ചേർന്ന് മണമ്പൂര് പഞ്ചായത്ത് രൂപംകൊണ്ടു. 1977-ൽ വില്ലേജടിസ്ഥാനത്തിൽ പഞ്ചായത്തുകൾ നിലവിൽവന്നപ്പോഴാണ് മണമ്പൂര് വില്ലേജ് മണമ്പൂര് പഞ്ചായത്താകുന്നത്. കഴിഞ്ഞ നൂറ്റാണ്ടിൽ നിലനിന്ന മണമ്പൂര് അധികാരം മുതൽ ഇന്നത്തെ മണമ്പൂര് വില്ലേജ്‌വരെയുള്ള ഭരണഘടകങ്ങളുടെ ആസ്ഥാനം ഇന്നത്തെ വില്ലേജ് ഓഫീസ് കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലംതന്നെയാണ്. കരമായി പിരിച്ചിരുന്ന നെല്ല് സൂക്ഷിക്കുവാനുള്ള വലിയ അറകളും മുൻപ് ഈ കെട്ടിടത്തോടനുബന്ധിച്ചുണ്ടായിരുന്നു.

ഒറ്റൂര് മണമ്പൂര് പകുതികൾ ചേർന്ന മണമ്പൂര് പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡൻറ് ശ്രീ. K.R. ഗോപാലകൃഷ്ണ കുറുപ്പായിരുന്നു. ഗോപാലകൃഷ്ണക്കുറുപ്പിന് പുറമേ ശ്രീ. ഭാനുദാസ്, രാഘവപ്പണിക്കർ, കൃഷ്ണനുണ്ണിത്താൻ, ഹബീബ് മുഹമ്മദ്, R. രാഘവൻ, വാസുദേവര്, കാരൂട്ടിൽ ഗോപാലകൃഷ്ണക്കുറുപ്പ്, നീലകണ്ഠപ്പിള്ള എന്നിവർ ഈ സമിതിയിൽ അംഗങ്ങളായിരുന്നു. ഇതിൽ രാഘവപ്പണിക്കരും നീലകണ്ഠപ്പിള്ളയും രാജിവച്ച ഒഴിവിലേയ്ക്ക് ഗോപാലക്കുറുപ്പിനേയും, വിദ്യാധരൻ വൈലറേയും തിരഞ്ഞെടുത്തു. ഗോപാലകൃഷ്ണക്കുറുപ്പിന് സർക്കാർ ജോലി കിട്ടിയപ്പോൾ രാജിവയ്ക്കുകയും തുടർന്ന് ആ കമ്മിറ്റിയിലെ ഭാനുദാസ് പ്രസിഡൻറാവുകയും ചെയ്തു. പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ നിലവിൽവന്ന കമ്മിറ്റിയുടെ പ്രസിഡൻറ് ശ്രീ. ജി. ചെല്ലപ്പൻ പിള്ളയായിരുന്നു. 77-ൽ മണമ്പൂര് വില്ലേജ് മണമ്പൂര് പഞ്ചായത്തായപ്പോൾ മണമ്പൂര് പഞ്ചായത്തിന്റെ നോമിനേറ്റഡ് പ്രസിഡൻറ് ശ്രീ. ഹബീബ് മുഹമ്മദായിരുന്നു. പിന്നീട് 1980-ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. ബി. വരദരാജനും ശേഷം നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. N. രമേശനും പ്രസിഡൻറുമാരായി. നിലവിലിരിക്കുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ. S. അക്ബറും വൈസ്പ്രസിഡൻറ് ശ്രീമതി ഗിരിജാ ശശിധരനുമാണ്. ഇവരെ കൂടാതെ സി. കുട്ടപ്പൻ, ആർ. രമാദേവി, എ. നഹാസ്, എൻ. ബാലചന്ദ്രൻ, പി. സജീവ്, ജി. സത്യശീലൻ, ഓമനാചന്ദ്രസേനൻ, എ. നസീമ എന്നിവർ അംഗങ്ങളുമാണ്.

കേരളത്തിന്റെ തെക്കേ അറ്റത്തുള്ള തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിന്റെ വടക്ക്പടിഞ്ഞാറ് ഭാഗത്തായി N.H.47ൽ ആലംകോട്ട്നിന്നും വടക്കോട്ട് $4^1/_2$ കിലോമീറ്റർ നീളത്തിൽ ആഴാംകോണം വരെയും അവിടെനിന്ന് തെക്കുപടിഞ്ഞാറോട്ട് കവലയൂർ റോഡിലേയ്ക്ക് ഒറ്റൂര് പഞ്ചായത്തിന്റെ അതിർത്തിയായി കിഴക്ക് ഭാഗത്തുകൂടി കുളമുട്ടം വരെ വക്കം പഞ്ചായത്തിന്റെ അതിർത്തിയിൽപ്പെട്ട മൂങ്ങോട്ട് കായൽ അതിർത്തി വരെ 7 കിലോമീറ്റർ തെക്ക് കിഴക്കായി കടയ്ക്കാവൂർ പഞ്ചായത്ത് അതിർത്തിയിൽ മണനാക്ക് മുതൽ ആലംകോടുവരെയുള്ള കടയ്ക്കാവൂർ പഞ്ചായത്തിന്റെയും ആറ്റിങ്ങൽ മുൻസിപ്പാലിറ്റിയുടെയും അതിർത്തിയിൽ 5 കിലോമീറ്റർ ചുറ്റളവിൽ 15.08 സ്ക്വയർ മൈൽസ് വിസ്തീർണ്ണമുള്ളതും സമുദ്രനിരപ്പിൽനിന്നും 75 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നതുമായ ശാന്തസുന്ദരമായ ഗ്രാമമാണ് മണമ്പൂര്.

ആരോഗ്യം, വിദ്യാഭ്യാസം, ഗ്രാമവികസനം, പ്രാദേശികസ്വയംഭരണം, സാമൂഹ്യക്ഷേമം, റവന്യൂ, ഊർജ്ജം, രജിസ്ട്രേഷൻ, മൃഗസംരക്ഷണം, കൃഷി, ധനകാര്യം, സംസ്ക്കാരം എന്നീ വിഭാഗങ്ങളിലായി അനേകം സ്ഥാപനങ്ങൾ ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്നു. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും കവലയൂരിൽ സ്ഥിതിചെയ്യുന്നതുമായ ഗ്രാമപഞ്ചായത്താഫീസും

അവിടെത്തന്നെ സ്ഥിതിചെയ്യുന്ന വില്ലേജ്, സബ്‌രജിസ്ട്രാർ ഓഫീസുകളും, ഫെഡറൽ ബാങ്കും കവലയൂരിന് ഒരു പ്രത്യേക പ്രാധാന്യം നൽകുന്നു. കവലയൂരിൽ സ്ഥിതി ചെയ്യുന്ന ഹൈസ്ക്കൂളും 2 യു.പി. സ്ക്കൂളും 2 എൽ.പി. സ്ക്കൂളും ഉൾപ്പെടെ സർക്കാർ/എയ്ഡഡ് വിഭാഗങ്ങളിലായി 5 സ്ക്കൂളുകളും, ഒരു പി.എച്ച്.സിയും 3 സബ്ബ്സെന്ററും ഒരു ആയുർവ്വേദ ആശുപത്രിയും ഉൾപ്പെടെ 5 ആരോഗ്യസ്ഥാപനങ്ങളും ഏഴ് അംഗൻവാടികളും രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസും 3 കയർ സഹകരണ സംഘം, 3 പാൽ സഹകരണ സംഘം, ഒരു വനിതാസഹകരണസംഘം, ഒരു പ്രാഥമിക സഹകരണ ബാങ്ക്, രണ്ട് സ്ക്കൂൾ സൊസൈറ്റി എന്നിവ ഉൾപ്പെടെ പത്ത് സഹകരണസ്ഥാപനങ്ങളും ഒരു മൃഗാശുപത്രിയും രണ്ട് ഗോസംവർദ്ധനകേന്ദ്രങ്ങളും ഒരു കൃഷിഓഫീസും ഒരു ഇലക്ട്രിസിറ്റി സബ് എൻജിനീർ ഓഫീസും ഒരു സാംസ്ക്കാരിക നിലയവും ഉൾപ്പെടുന്നതാണ് പഞ്ചായത്തിനകത്തുള്ള ഔദ്യോഗികവകുപ്പ് സ്ഥാപനങ്ങൾ. ഇതിനുപുറമേ മാർക്കറ്റുകൾ, ഗ്രന്ഥശാലകൾ, കലാകായിക സംഘടനകൾ, ആരാധനാലയങ്ങൾ തുടങ്ങി വൈവിധ്യമാർന്ന ധാരാളം പൊതു സ്വകാര്യ ആസ്തികൾ ഈ ഗ്രാമത്തിനുണ്ട്.

താരതമ്യേന ശാന്തമായ ഈ ഗ്രാമത്തിന് സമ്പന്നമായ ഒരു ഭൂതകാലമുണ്ട്. മംഗല്യത്തിന്റെ നാടാണ് മണമ്പൂര്. സുബ്രഹ്മണ്യൻ തിരുമണമാഘോഷിച്ച ഊരാണ് (തിരുമണമൂര്) മണമ്പൂരായത് എന്നാണ് ഐതിഹ്യം. ഐതിഹ്യം എന്തായാലും ശിവകരമായ ഒരന്തരീക്ഷം ഈ ഗ്രാമത്തിനുണ്ട്. ഇതാകട്ടെ വിജ്ഞാനത്തിന്റെയും കലയുടെയും സ്വാധീനത്തിൽ നിന്നും ലഭിച്ചതാണ്. കുടിപ്പള്ളിക്കൂടങ്ങളിലൂടെ സംസ്കൃതം പകർന്നു നൽകി നാട്ടിനെ സംസ്ക്കാരസമ്പന്നമാക്കുന്ന പ്രക്രിയ ഇവിടെ പണ്ടുമുതലേ നടന്നിരുന്നു. മണമ്പൂര് വാഴംകോട്ട് ഗോവിന്ദനാശാന്റെ സംസ്കൃതപാഠശാല പ്രസിദ്ധമായിരുന്നല്ലോ. ശ്രീനാരായണഗുരുവിന്റെ "സതീർത്ഥ്യനായിരുന്ന ഗോവിന്ദനാശാനിൽ നിന്നാണ് മഹാകവി കുമാരനാശാൻ സംസ്കൃതം പഠിച്ചത്. ഈ പാരമ്പര്യം പിന്നീട് രാമു ആശാന്റെ കുടിപ്പള്ളിക്കുടം പോലുള്ള സംരംഭങ്ങളിലൂടെ തുടർന്നും നിലനില്ക്കുന്നു. സംസ്കൃതത്തിന്റെ പാരമ്പര്യം നിലനിന്നതു കൊണ്ടാകാം ധാരാളം വൈദ്യന്മാരും ഈ ഗ്രാമത്തിലുണ്ടായിരുന്നു. ശിവാനന്ദൻ വൈദ്യർ, രാമകൃഷ്ണൻ വൈദ്യർ, ദാമോദരൻ വൈദ്യർ തുടങ്ങിയവർ ആയുർവ്വേദത്തിലൂടെ ഗ്രാമത്തിന്റെ ആരോഗ്യം കാത്തുപോന്നിരുന്നു. വിദ്യാപാരമ്പര്യത്തോടൊപ്പം സമ്പന്നമായ ഒരു കലാപാരമ്പര്യവും ഇവിടെ നിലനിന്നിരുന്നു. പെരുംകുളം കേന്ദ്രമാക്കി ഒരു നാടകസമിതി വളരെ പണ്ടുമുതലേ നിലനിന്നിരുന്നു. കാക്കാരിശ്ശി നാടകാവതരണത്തിൽ പേരുകേട്ട ഗോപാലനാശാൻ ഇവിടെയുള്ള വ്യക്തിയായിരുന്നു. ആറ്റിങ്ങൽ കൊട്ടാരത്തിൽ അദ്ദേഹം അവതരിപ്പിച്ച നാടകത്തിൽ സംപ്രീതയായി റാണി അദ്ദേഹത്തിന് നെടുമങ്ങാട്ട് വസ്തുവകകളും മറ്റും നൽകി ആദരിച്ചുവത്രെ. മണമ്പൂര് വേടൻവിള കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന സേവാസമിതി എന്ന കലാസമിതിയും കലാരംഗത്ത് വലിയ സംഭാവനകൾ നൽകിയിരുന്നു. K.P.A.C-യിലെ പ്രധാനിയായിരുന്ന സി. നാരായണപിള്ളയുടെ നേതൃത്വത്തിൽ മുല്ലപ്പള്ളിക്കോണം നാരായണപ്പണിക്കർ, വേടൻവിള കൃഷ്ണൻ, ശ്രീധരൻ പിള്ള സാർ, വി.കെ. സദാനന്ദൻ വി.കെ. സുകുമാരൻ, ഗോവന്ദപ്പിള്ള ടൈലർ, തെഞ്ചേരിക്കോണം നീലകണ്ഠപ്പിള്ള എന്നിവരടങ്ങുന്ന സമിതി പ്രഹസനങ്ങൾ ഉൾപ്പെടെ ധാരാളം നാടകങ്ങൾ അഭിനയിച്ചിരുന്നു. കവലയൂരിലുള്ള Y.M.A. എന്ന സംഘടനയും ഈ രംഗത്ത് മഹത്തായ സംരംഭങ്ങൾ നൽകിയിട്ടുണ്ട്.

ആയിരത്തിത്തൊള്ളായിരത്തിമുപ്പതുകളിലാണ് ഈ ഗ്രാമം ദേശീയ പ്രസ്ഥാനത്തിന്റെ ധാരയിലേയ്ക്ക് വരുന്നത്. സ്വതന്ത്ര തിരുവിതാംകൂർ സമരത്തിന്റെ ഭാഗമായി 1939-ൽ ആറ്റിങ്ങലിൽ ഡോ. എൻ.എസ്. പിള്ളയുടെ നേതൃത്വത്തിൽ നടന്ന സമരത്തിൽ ഈ ഗ്രാമത്തിൽനിന്നും ധാരാളം പേർ പങ്കെടുത്തിരുന്നു. രാഘവപ്പണിക്കർ, കൃഷ്ണനുണ്ണിത്താൻ, പേരേറ്റിൽ ചക്രപാണി, ദാമോദരൻ മുതലാളി,

മാധവൻ ടൈലർ, വേടൻവിള സദാനന്ദൻ, വെട്ടിമൺകോണം മാധവൻ എന്നിവർ അവരിൽ ചിലർ മാത്രമാണ്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ അഞ്ചുതെങ്ങിൽ സംഘടിപ്പിച്ച പരിശീലനക്യാമ്പിന്റെ നടത്തിപ്പിനായി ഈ ഗ്രാമം ആളും അർത്ഥവും നൽകി. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ ഒരു നോമിനേറ്റഡ് അംഗം (ശ്രീ. വി.കെ. സുകുമാരൻ) അന്ന് വേടൻ വിളയിൽ ഉണ്ടായിരുന്നു. വേടൻവിള കേന്ദ്രമാക്കി ധാരാളം പൊതുയോഗങ്ങൾ- സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ വിശദീകരണയോഗങ്ങൾ- സംഘടിപ്പി ക്കപ്പെട്ടു. മടവൂർ S. നീലകണ്ഠപിള്ള, പി.കെ. കുഞ്ഞ്, എൻ. കുഞ്ഞുരാമൻ, ബോധേശ്വരൻ എന്നിവർ ഈ യോഗങ്ങളിൽ പങ്കെടുത്ത് സംസാരിച്ചിരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ സ്വാധീനം മൂലമാകാം ഈ ഗ്രാമത്തിന്റെ ചിലയിട ങ്ങളിൽ ഗ്രന്ഥശാലാ പ്രസ്ഥാനവും സാക്ഷരതാപ്രസ്ഥാനവും ഉയർന്ന്വരാൻ തുടങ്ങി. വേടൻവിള കേന്ദ്രമാക്കി നിലനിന്നി രുന്ന സേവാസമിതി എന്ന സംഘടന ഒരു ഗ്രന്ഥശാലയ്ക്കു വേണ്ടി ശ്രമിക്കുകയും അങ്ങനെ 1943-ൽ കിളിമാനൂർ കൊട്ടാര ത്തിന്റെ സാമ്പത്തിക സഹായത്തോടെ അവിടെ ഒരു ഗ്രന്ഥശാല രൂപംകൊള്ളു കയും ചെയ്യുന്നു. ഇതാണ് ആർട്ടിസ്റ്റ് രാജാരവിവർമ്മ ഗ്രന്ഥശാല. കവലയൂരിൽ സ്ഥിതിചെയ്യുന്ന Y.M.A. ഗ്രന്ഥശാലയും ഗ്രാമത്തിലെ പഴക്കംചെന്ന ഗ്രന്ഥശാലയാണ്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി കാർഷികസമരങ്ങളോ, ജാതിവിരുദ്ധ പ്രക്ഷോഭങ്ങളോ ഈ ഗ്രാമത്തിൽ നടന്നതായി അറിവില്ല. എന്നാൽ പുരോഗ മനപരവും നവോത്ഥാനപരവുമായ ഒരു കാഴ്ചപ്പാട് ഗ്രാമത്തിൽ വളർന്ന് വരുന്നുണ്ടാ യിരുന്നു. വിദ്യാഭ്യാസാവശ്യങ്ങൾക്കായി സ്ക്കൂളുകൾ സ്വകാര്യമേഖലയിൽ ആരംഭി ക്കുകയും പിന്നീട് തികഞ്ഞ ഔദാര്യ ത്തോടെ അത് ഗവൺമെൻറിന് വിട്ടുകൊടു ക്കാൻ സന്മനസ് കാട്ടുകയും ചെയ്തവർ ഈ ഗ്രാമത്തിൽ കുറവല്ല. മണമ്പൂര് വേടൻവിള യിലെ ഇന്നത്തെ ഗവ: യു.പി.എസ്. മുല്ലപ്പള്ളി ക്കോണം നാരായണപ്പണിക്കർ എന്ന ഉദാര മതിയുടെ സംഭാവനയാണ്. ആർട്ടിസ്റ്റ് രാജാരവിവർമ്മ ഗ്രന്ഥശാല സ്ഥിതിചെയ്യുന്ന സ്ഥലവും ഇദ്ദേഹം സംഭാവന നൽകിയതാണ്. കുളമുട്ടം എൻ.പി.എസ്സിന്റെ കാര്യവും ഇങ്ങനെ തന്നെയാണ്. നീറുവിളയിൽ നില നിൽക്കുന്നതും. ഇന്ന് ഒറ്റൂര് പഞ്ചായ ത്തിന്റെ ഭാഗമായതുമായ പബ്ലിക് മാർക്കറ്റ്, മണമ്പൂര് പി.എച്ച്.സി., മണമ്പൂര് കവലയൂർ റോഡ് എന്നിങ്ങനെ ഈ ഗ്രാമ ത്തിലെ എടുത്തുപറയത്തക്ക സാമൂഹികാ സ്തികളിൽ പലതും കഴിഞ്ഞ തലമുറയിലെ ഉദാരമതികളും , സേവനതൽപരരുമായ അനേകം പേരുടെ ഔദാര്യത്തിന്റെയും ത്യാഗത്തിന്റെയും കൂട്ടായ്മയുടെയും ഫലമായി രൂപംകൊണ്ടതാണ്. കവലയൂർ ഹൈസ്ക്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം പോലും ഇങ്ങനെ ലഭിച്ചതാണ്. ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താനും നിലനിർത്താനുംവേണ്ടിയുള്ള കൂട്ടായ ശ്രമങ്ങൾ അനൗപചാരികരംഗത്തും നടന്നിട്ടുണ്ട്. സാക്ഷരതാസമിതികളും, നിശാപാഠശാലകളും രൂപീകരിച്ച് രാത്രിയും പകലുമായി കഴിഞ്ഞ തലമുറയിലെ പലരും ഈ ഗ്രാമത്തിൽ വിദ്യയുടെ വെളിച്ചം പര ത്താൻ ശ്രമിച്ചിട്ടുണ്ട്. ദേശീയ പ്രസ്ഥാന ത്തിന്റെ ഭാഗമായി തൊഴിൽ സമരങ്ങൾ വലുതായൊന്നും നടന്നിട്ടില്ലെങ്കിലും തൊഴി ലാളികളെ സംഘടിപ്പിക്കാനുള്ള അപൂർവ്വ മായ ശ്രമങ്ങൾ ഇവിടെ നടന്നിട്ടുണ്ട്. ഇവിടെ വ്യാപകമായി ഉണ്ടായിരുന്ന കൈത്തറി തൊഴിലാളികളെ സംഘടിപ്പിക്കാ നുള്ള ശ്രമമാണിതിൽ ശ്രദ്ധേയം. വാസുദേവ പ്പണിക്കര്, രാമകൃഷ്ണൻവൈദ്യൻ, ശിവാനന്ദൻ വൈദ്യൻ എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച "തൊഴിലാ ളിസംഘം" കൈത്തറിതൊഴിലാളികൾ ക്കായുള്ള ഗ്രാമത്തിലെ ആദ്യത്തെ സംഘടനയായിരുന്നു.

കേരളത്തിൽ പ്രത്യേകിച്ച് തിരുവിതാം കൂറിൽ പൊതുവേ നിലവിലിരുന്ന ഭൂവുടമാ രീതി തന്നെയായിരുന്നു ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മണമ്പൂരിലും നിലനി ന്നിരുന്നത്. ഭൂമി പ്രധാനമായും നാലു വിഭാഗ ങ്ങളിലായി കേന്ദ്രീകരിച്ചിരുന്നു. ബ്രഹ്മസ്വം, ദേവസ്വം, പണ്ടാരംവക, വിരുത്തി എന്നിവ

യായിരുന്നു അവ. ഭൂമിയുടെ തൊണ്ണൂറ് ശതമാനവും ബ്രാഹ്മണന്റെയും ക്ഷേത്രങ്ങളുടെയും അമ്പലവാസികളുടെയും നാടുവാഴികളുടെയും അവരുടെ ആശ്രിതരുടെയും കൈകളിലായിരുന്നുവെന്ന് സാരം. സാധാരണക്കാർ ഇവരുടെ ഭൂമിയിൽ പാട്ടക്കുടിയാന്മാരായി കഴിഞ്ഞു പോന്നിരുന്നു. പാണാട്ടുമഠം, പുത്തൻകോട്ടു മഠം, കള്ളിക്കാട്ടുമഠം, അവുന്തുരുത്തി മഠം, ഇടയാവണത്തു മഠം, മണനാക്കു മഠം, മഞ്ഞിപ്പുഴമഠം എന്നീ ബ്രഹ്മസ്വങ്ങളും മണമ്പൂര്, ഒറ്റൂര്, നാവായിക്കുളം, ആദിയൂർ, കവലയൂർ തുടങ്ങിയ ദേവസ്വങ്ങളുമായിരുന്നു ഈ ഗ്രാമത്തിലുണ്ടായിരുന്നത്. ഭൂപരിഷ്ക്കരണമാണ് പാട്ടവ്യവസ്ഥയിൽ ഭൂമി അനുഭവിച്ചിരുന്നവർക്കും കൈവശാവകാശക്കാർക്കും ഭൂമി ലഭ്യമാക്കിയത്. തിരുപ്പുവാരം നിർത്തൽ ചെയ്തതും കർഷകർക്ക് ആശ്വാസകരമായിരുന്നു.

ചുരുക്കത്തിൽ ഈ ഗ്രാമത്തിന്റെ ഇന്നലെകൾ സൗവർണ്ണമായ അനേകം നേട്ടങ്ങളുടെ കാലമായിരുന്നു. കൂട്ടായ പ്രവർത്തനങ്ങളിലൂടെ നേടിയ ആ നേട്ടങ്ങളാണ് നമ്മുടെ ആസ്തി. ആ പഴയ ആസ്തികളുടെ തണലുകൊണ്ട് മാത്രം ഇനി നമുക്ക് മുന്നോട്ടുപോകാനാവില്ലെന്ന് വന്നിരിക്കുന്നു. കാരണം ഇന്ന് പുതിയ പല വെല്ലുവിളികളും ഉയർന്നുവന്നിരിക്കുന്നു. ഗ്രാമത്തിന്റെ കാർഷികോൽപാദനം കുറഞ്ഞിരിക്കുന്നു. വ്യവസായിക മേഖലയിൽ നമ്മുടെ ഗ്രാമത്തിന്റെ പങ്ക് ഒട്ടുമില്ലാതായിരിക്കുന്നു. തൊഴിലില്ലായ്മയും തൊലിലിനോടുള്ള ആഭിമുഖ്യമില്ലായ്മയും വർദ്ധിച്ചിരിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ഗുണനിലവാരത്തകർച്ചയുണ്ട്. പുതിയ തലമുറയിൽ സാമൂഹികബോധവും ത്യാഗമനോഭാവവും കുറഞ്ഞുവരുന്നു. ഈ പ്രശ്നങ്ങൾക്ക് എല്ലാം പരിഹാരം കാണാതെ നമുക്ക് ഇനി രക്ഷയില്ല. തിരിഞ്ഞുനോക്കുമ്പോൾ പ്രത്യാശയ്ക്ക് ഏറെ വകയുണ്ട്. ഇനിയും വറ്റാത്ത ഭൂതകാലത്തിന്റെ നന്മകളും, ഔദാര്യങ്ങളും, അവയേറ്റുവാങ്ങിയുണരാനും, ഉയരാനും കഴിയുന്ന കൂട്ടായ്മയുടെ പൊടിപ്പുകളും ഈ മണ്ണിലുറങ്ങുന്നുണ്ട്. അവയെയുണർത്തി വർത്തമാനത്തെ ചൈതന്യധന്യമാക്കാൻ നമുക്ക് ഒരുമിച്ച് യത്നിക്കാം.

## ഭൂപ്രകൃതിയും വിഭവങ്ങളും

(അവലംബം – റവന്യൂ രേഖകൾ, കൃഷിഭവൻ രേഖകൾ, പഠനപര്യടനം.)

ഭൂപ്രകൃതിയനുസരിച്ച് മണമ്പൂര് പഞ്ചായത്തിനെ നാലായി തിരിക്കാം.

1) ഉയർന്ന സമതലം 2) ചരിവുകൾ
3) താഴ്വര 4) തീരസമതലം

ഇവ യഥാക്രമം മൊത്തം ഭൂമിയുടെ 25, 35, 30, 10 ശതമാനത്തോളം വരും.

**ഉയർന്ന സമതലം:-** മൊത്തം വിസ്തൃതിയുടെ 25% വരും. സമുദ്രനിരപ്പിൽനിന്നും 25 മുതൽ 60 മീറ്റർ വരെ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ ഉൾപ്പെട്ടതാണ് ഈ പ്രദേശം. വാളക്കോട്ടുമല, കൊടിതൂക്കിക്കുന്ന്, പന്തുകളം ഭാസ്ക്കർകോളനി, ഗുരുനഗർ തുടങ്ങിയ പ്രദേശങ്ങൾ ഉയർന്ന സമതല പ്രദേശങ്ങളാണ്. ഇതിൽ വാളക്കോട്ടുമലയിലെ ചില ഭാഗങ്ങളൊഴിച്ച് ബാക്കി പ്രദേശങ്ങളെല്ലാം മേൽമണ്ണ് ധാരാളമുള്ള പ്രദേശങ്ങളാണ്. പൊതുവേ ചെങ്കല്ല് കലർന്ന മണ്ണാണ് ഈ ഭാഗങ്ങളിൽ കാണപ്പെടുന്നത്. തെങ്ങ്, കശുമാവ്, പ്ലാവ് കുരുമുളക്, ഫലവൃക്ഷങ്ങൾ എന്നിവയാണ് മുഖ്യവിളകൾ.

**ചരിവുകൾ:-** ഭൂവിസ്തൃതിയിൽ 35% ചരിവുകളാണ്. ഉയർന്ന പ്രദേശത്തെ താഴ്വരയുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളാണിവ. ചിലവ കുത്തനെയുള്ള ചരിവുകളുമാണ്. പുളിയിക്കച്ചിറ, മടത്തിച്ചിറ, മാടൻകാട്, മുട്ടുകോണം, പാലറ മണക്കാട് എന്നീ പ്രദേശങ്ങൾ ഈ ഭൂഭാഗത്തിൽ ഉൾപ്പെടും. പൊതുവേ ചരൽകലർന്ന മണ്ണ് കാണപ്പെടുന്നു. ജലക്ഷാമമില്ലാത്ത പ്രദേശങ്ങളാണ് അധികവും. തെങ്ങ്, കശുമാവ്, വാഴ, ചേന, ചേമ്പ്, കുരുമുളക്, ഫലവൃക്ഷങ്ങൾ, മരച്ചീനി എന്നിവ വ്യാപകമായി കൃഷിചെയ്യുന്നു.

**താഴ്വര:-** വിസ്തൃതിയുടെ 30 ശതമാനത്തോളം വരും. ചരിഞ്ഞ പ്രദേശത്തെയും തീരസമതലത്തെയും വേർതിരിക്കുന്ന

പ്രദേശങ്ങളാണിവ. എന്നാൽ ചിലയിട ങ്ങളിൽ ഉയർന്ന സമതലങ്ങൾക്കിടയിലും ഇവ കാണപ്പെടുന്നുണ്ട്. മണമ്പൂര് ഏലാ, മണക്കാട് ഏലാ, കവലയൂർ ഏല, പടിഞ്ഞാറ്റേലാ, കടമ്പ്രക്കോണം ഏലാ എന്നീ പ്രദേശങ്ങൾ ഇതിലുൾപ്പെടുന്നു. തോട്ടയ്ക്കാട് മൂങ്ങോട് തോടും, ഒറ്റൂര് പഞ്ചായത്തിലൂടെ ഒഴുകി മൂങ്ങോട് കായലിൽ പതിക്കുന്ന തോടും മുഖ്യ ജലസ്രോതസ്സുകളാണ്. മണൽ കലർന്ന പശിമരാശി മണ്ണും ചിലയിടങ്ങളിൽ കളിമണ്ണ് കലർന്ന മണ്ണും കാണപ്പെടുന്നു. ഇരുപ്പൂ കൃഷിയാണ് നടത്തുന്നത്. വേനൽക്കാലത്ത് അപൂർവ്വം ചിലയിടങ്ങളിൽമാത്രം പയറുവർഗ്ഗങ്ങളും പച്ചക്കറിയും കൃഷിചെയ്യുന്നു. പാടം നികത്താനുള്ള പ്രവണത വ്യാപകമാണ്. മുണ്ടപ്പള്ളിക്കോണം,കവലയൂർ, ഇലഞ്ഞിമനംകോണം, തറവട്ടിക്കോണം എന്നീ പ്രദേശങ്ങളിൽ ഇത് വ്യാപകമാണ്.

**തീരസമതലം:-** മൊത്തം ഭൂവിസ്തൃതിയുടെ പത്ത് ശതമാനം തീരസമതലമാണ്. മൂങ്ങോട് കുളമുട്ടം, വൻകടവ്, കായൽവാരം, പൂവത്തുമൂല എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്നു. മണൽ കലർന്ന കറുത്ത മണ്ണാണ് അധികവും. തെങ്ങാണ് പ്രധാനവിള.

## ജനപ്രകൃതി

(അവലംബം 1991ലെ കാനേഷുമാരി)

ജനസംഖ്യ 1991

| വാർഡ് ന. | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|
| I | 871 | 599 | 1470 |
| II | 813 | 963 | 1776 |
| III | 1064 | 1136 | 2200 |
| IV | 1237 | 1259 | 2496. |
| V | 854 | 1053 | 1907 |
| VI | 900 | 1101 | 2001 |
| VII | 683 | 1001 | 1684 |
| VIII | 1144 | 1258 | 2402 |
| IX | 1345 | 1404 | 2749 |
| X | 880 | 1010 | 1890 |
| | | | ആകെ 20575 |

1991-ലെ കാനേഷുമാരി കണക്കുകൾ പ്രകാരം മണമ്പൂര് ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 20575 ആണ്. ഇതിൽ 10784 പുരുഷന്മാരും 9791 സ്ത്രീകളുമാണ്. വാർഡുതിരിച്ചുള്ള കണക്കുകളുടെ വിവരം പട്ടികയിൽ കൊടുത്തിട്ടുണ്ട്. മൊത്തം 4120 വീടുകളാണുള്ളത്. അതായത് ശരാശരി വീടൊന്നിന് 4.9 ആളുകൾ വീതമുണ്ട്. സംസ്ഥാന ശരാശരി 5.9 ആണ്. നിരക്ഷരുടെ എണ്ണം കുറവല്ല. 5942 പേർ നിരക്ഷരരായുണ്ട്. സാക്ഷരതാനിരക്ക് 71.12 ആണ്. നിരക്ഷരർ മൊത്തം ജന സംഖ്യയുടെ 28 ശതമാനത്തോളം വരും. ജനസംഖ്യയിൽ 60 ശതമാനം പേരാണ് ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. അതിൽത്തന്നെ 27.86 പേർ പൂർണ്ണതൊഴിലിലും 13.73 പേർ ഭാഗിക തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിക്കുക.

### തൊഴിലെടുക്കുന്നവരുടെ എണ്ണം

| | സ്ത്രീ | പുരുഷൻ | മൊത്തം |
|---|---|---|---|
| മുഖ്യതൊഴിലുകൾ | 1603 | 4130 | 5733 |
| ഭാഗികതൊഴിലുകൾ | 782 | 2043 | 2825 |
| തൊഴിൽപങ്കാളിത്തനിരക്ക് | 37.9 | 95.09 | 8558 |

കുടുംബവുമായി ബന്ധപ്പെട്ട് സ്ത്രീകൾ ചെയ്യുന്ന ഉല്പാദനപരമായ കണക്കുകൾ കാനേഷുമാരിയിൽ ഉൾപ്പെടുത്തുന്നില്ല എന്നതൊരു പോരായ്മയാണ്. എങ്കിലും പ്രത്യക്ഷമായ വരുമാനം നൽകുന്ന മേഖലകളിൽ സ്ത്രീ പങ്കാളിത്തം താരതമ്യേന കുറവുതന്നെയാണ്.

തൊഴിലാളികളുടെ മേഖലാവിതരണമെടുത്താൽ ഏറ്റവും ശ്രദ്ധേയമായ കാര്യം കാർഷികമേഖലയുടെ അപ്രധാന അവസ്ഥയാണ്. 13.73 ശതമാനം ആളുകൾ മാത്രമെ കാർഷികമേഖലയെ തൊഴിലിന്നായി ആശ്രയിക്കുന്നുള്ളു. ഇതിൽ 9.24% ആളുകളും കാർഷികതൊഴിലാളികളാണ്. വ്യാവസായിക മേഖലയിലെ തൊഴിൽ പങ്കാളിത്തം വളരെ ശോചനീയമാണ്. 2.33% ആളുകൾ മാത്രമാണ് ഈ മേഖലയെ ആശ്രയിക്കുന്നത്. സേവനമേഖലയെ ആശ്രയിക്കുന്നവർ 4.6% പേരാണ്.

ചരക്ക് കടത്തിൽ 1.6% പേരും മറ്റ് സേവന ത്തുറകളിൽ 3.05% പേരും പണിയെടു ക്കുന്നു. നാമമാത്രം തൊഴിലുള്ളവർ മൊത്തം ജനസംഖ്യയുടെ 6.15% വരും.

തൊഴിലില്ലാത്തവരുടെ എണ്ണം 13578 ആണ് അതിൽ 8489 സ്ത്രീകളും 5089 പുരുഷന്മാരുമാണ്. ഇത് ജനസംഖ്യയുടെ 66 ശതമാനം വരും. ഇതിൽ 41.25% സ്ത്രീകളും 24.73% പുരുഷന്മാരുമാണ്. സ്ത്രീകൾക്കിടയിലാണ് തൊഴിലില്ലായ്മ രൂക്ഷം എന്ന് ഇത് സൂചിപ്പിക്കുന്നു.

പൊതുവേ നോക്കുകയാണെങ്കിൽ ജാതിയുടേയും മതത്തിൻെറയും പ്രത്യക്ഷ സ്വാധീനം കുറഞ്ഞുവരുന്നുണ്ട്. എന്നാൽ സമൂഹമനസ്സിൽ ജാതീയമായ സങ്കുചിതത്വം തീരെ നഷ്ടപ്പെട്ടിട്ടില്ല. എല്ലാ ജാതികളിലും പാവപ്പെട്ടവരും പണക്കാരുമുണ്ട്. പട്ടിക ജാതിക്കാർ പൊതുവേ പാവപ്പെട്ടവരാണ്. ചെറുകിട ഇടത്തരം ഭൂവുടമസ്ഥരിൽ ഒരു ചെറിയ ശതമാനം മാത്രമെ സ്വന്തമായി കൃഷിപ്പണി ചെയ്യുന്നുള്ളു. പലരും കൂലിക്ക് ആളെ നിർത്തിയാണ് സ്വന്തം ഭൂമിയിൽ പണിയെടുപ്പിക്കുന്നത്. ഗൾഫ് പണ ത്തിൻെറ സ്വാധീനം കായികാധ്വാനത്തോട് ഒരു വിമുഖത പൊതുവേ സൃഷ്ടിച്ചിട്ടുണ്ട്. ഉപഭോഗസംസ്ക്കാരത്തിൻെറ ദുഃസ്വാധീനവും ഇതിന് പിന്നിലുണ്ട്. ആഡംബരപൂർവ്വം ജീവിക്കുവാനുള്ള അമിതാഗ്രഹമാണ് എവിടെയും കാണുന്നത്. കെട്ടിടനിർ മ്മാണത്തിനും ഉപഭോഗവസ്തുക്കൾ വാങ്ങിക്കൂട്ടാനും വേണ്ടിയാണ് ഗൾഫിൽ നിന്നും വരുന്ന സമ്പത്തിൽ അധികവും ചെല വഴിക്കുന്നത്. ഇതുമൂലം വിദേശനാണ്യം നാടിൻെറ വികസനാവശ്യങ്ങൾക്ക് ഉപ യോഗപ്പെടുത്താൻ കഴിയാതെ പോകുന്നു. വികസനത്തെക്കുറിച്ച് തെറ്റായ ഒരു ധാര ണയും ഇതുമൂലം വന്നുചേർന്നിട്ടുണ്ട്.

❖

# മണമ്പൂർ പഞ്ചായത്ത്

വികസന റിപ്പോർട്ട്

## വിദ്യാഭ്യാസം

ഒരു കാലത്തു വേണാടിന്റെ ആസ്ഥാനമായിരുന്ന ആറ്റിങ്ങലിന് സമീപമുള്ള മണമ്പൂർ പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് തിരുവിതാംകൂർ രാജവംശത്തിന്റെ പ്രവർത്തനങ്ങളും സംഭാവനകളും കാര്യമായ സ്വാധീനം ചെലുത്തിയിരുന്നു. അനൗപചാരിക വിദ്യാഭ്യാസം നടത്തുന്നതിനായി കുടിപ്പള്ളിക്കൂടങ്ങൾ പഞ്ചായത്തിൽ സ്ഥാപിച്ചിരുന്നു. മണമ്പൂർ സുബ്രഹ്മണ്യക്ഷേത്രത്തിനു സമീപം വാഴാംകോട് എന്ന സ്ഥലത്ത് ശ്രീ. ഗോവിന്ദനാശാൻ സ്ഥാപിച്ചിരുന്ന കുടിപ്പള്ളിക്കൂടത്തിൽ മഹാകവി കുമാരനാശാൻ പഠിപ്പിച്ചിരുന്നതായി രേഖകളിൽ കാണുന്നു. കവലയൂർ ...ല്ലറ വീട്ടിൽ രാമകൃഷ്ണപിള്ള നടത്തിവന്നിരുന്ന പെൺപള്ളിക്കൂടം, മണമ്പൂർ രാമു... രാൻ നടത്തിയിരുന്ന കുടിപ്പള്ളിക്കൂടം എന്നിവ പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് കാര്യമായ സംഭാവനകൾ നൽകിയിരുന്നു. സ്വാതന്ത്ര്യസമ്പാദനത്തിന് വളരെ മുമ്പു തന്നെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടന്നിരുന്നതായി കാണാം.

കവലയൂരിൽ 1920കളിൽ സ്ഥാപിച്ച സർക്കാർ പ്രൈമറി സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം. പിന്നീട് ഇത് യു.പി. സ്കൂളായും 1964ൽ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. യു.പി. സ്കൂളായി ഉയർത്താൻ വേണ്ട സ്ഥലം ഒരു ചക്രം മാത്രം വിലയായി സ്വീകരിച്ചുകൊണ്ട് ഇടയാവണത്ത് മഠക്കാർ നൽകിയതാണ്. ഹൈസ്കൂളാക്കുന്നതിനാവശ്യമായ സ്ഥലം, കെട്ടിടം, ഉപകരണങ്ങൾ എന്നിവ നാട്ടുകാർ സംഭാവന ചെയ്തതാണ്. ഇതേ കാലയളവിൽ സ്വകാര്യമേഖലയിൽ ആരംഭിച്ച് മണമ്പൂർ മുളയിൽ കോണത്തുവീട്ടിൽ ശ്രീ. എൻ. നാരായണപിള്ള 1948 കാലഘട്ടത്തിൽ സർക്കാരിന് വിട്ടുകൊടുത്ത വിദ്യാലയമാണ് മണമ്പൂർ ഗവൺമെന്റ് യു.പി. സ്കൂൾ. നാട്ടുകാരുടെയും പഞ്ചായത്തിന്റെയും സഹായ സഹകരണത്തോടെ 1982–83 കാലഘട്ടത്തിൽ പ്രസ്തുത സ്ക്കൂൾ ഡ.ജ.ട. ആക്കി ഉയർത്തി. വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ അദ്ധ്യാപക–രക്ഷാകർത്തൃ സമിതി നടത്തുന്ന പഞ്ചായത്തിലെ ഏക പ്രീ–പ്രൈമറി സ്ക്കൂൾ മണമ്പൂർ U.P.S. നോട് ചേർന്ന് പ്രവർത്തിക്കുന്നു. സ്വകാര്യമേഖലയിൽ ആരംഭിച്ച് സർക്കാരിന് വിട്ടുകൊടുത്ത മറ്റൊരു വിദ്യാലയമാണ് കുളമുട്ടം ഗവ: എൽ.പി.സ്ക്കൂൾ Family Planning Association of India 1995ൽ വാലാംകോണം തൊട്ടിക്കല്ലിൽ സ്ഥാപിച്ച ഒരു ബാലവാടി പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ 3 ട്യൂട്ടോറിയൽ കോളേജുകൾ 2 ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ 2 നൃത്ത വിദ്യാലയങ്ങൾ മതപഠന ശാലകൾ എന്നിവയും ഇവിടെ പ്രവർത്തിക്കുന്നു. സാങ്കേതിക- ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം പട്ടികയിൽ കൊടു

| വിദ്യാലയ വിവരങ്ങൾ | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | |
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | Govt. H.S. കവലയൂർ | സർക്കാർ | 859 | 866 | 725 | 9 | 48 | 57 |
| 2 | Govt. U.P.S. മണമ്പൂർ | സർക്കാർ | 319 | 303 | 622 | 6 | 9 | 15 |
| 3 | P.T.M. U.P.S. ചെഞ്ചേരി ക്കോണം | പ്രൈവറ്റ് എയിഡറ്റ് | 76 | 78 | 154 | 0 | 8 | 8 |
| 4 | Govt. L.P.S. കുളമുട്ടം | സർക്കാർ | 101 | 71 | 172 | 1 | 5 | 6 |
| 5 | R.M.L.P.S. മണനാക്ക് | പ്രൈവറ്റ് എയിഡറ്റ് | 127 | 137 | 264 | 1 | 8 | 9 |
| 6 | പ്രീ-പ്രൈമറി സ്ക്കൂൾ U.P.S. മണമ്പൂർ | P.T.A. | 14 | 18 | 32 | 0 | 1 | 1 |
| 7 | സദനത്തിൽ നേഴ്സറിസ്ക്കൂൾ നേഴ്സറി | പ്രൈവറ്റ് അൺ എയിഡഡ് | 78 | 81 | 159 | 0 | 7 | 7 |
| | L.P.S. | അംഗീകാരമില്ല | 45 | 38 | 83 | 1 | 5 | 6 |
| 8 | C.S.I നെഴ്സറി സ്ക്കൂൾ പെരുങ്കുളം. | C.S.I. സഭ | 16 | 17 | 33 | 0 | 1 | 1 |
| 9 | ബാലവാടി (തൊട്ടിക്കല്ല്) | Family Planning Association of India | 14 | 17 | 31 | 0 | 2 | 2 |
| 10 | ബാലവാടി, കവലയൂർ | Family Planning Association of India | 11 | 19 | 30 | 0 | 2 | 2 |

ത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തതിർത്തിയിൽപ്പെട്ട നല്ലൊരു ശതമാനം കുട്ടികൾ സമീപ പഞ്ചായത്തുകളിലോ മുനിസിപ്പാലിറ്റിയിലോ സ്ഥിതി ചെയ്യുന്ന വിദ്യാലങ്ങളിലാണ് പഠിക്കുന്നത്. സാമ്പത്തിക ഭദ്രതയുള്ള വീടുകളിൽ നിന്നും കുട്ടികൾ വളരെയകലെയുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പഠിക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലെ കണക്ക് പരിശോധിച്ചാൽ മിക്ക വിദ്യാലയങ്ങളിലും കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. ജനന നിരക്കിലുള്ള കുറവ്, പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളോടുള്ള മനോഭാവം, ഇംഗ്ലീഷ് മീഡിയം ഭ്രമം ഇവയൊക്കെ ഇതിന്റെ കാരണങ്ങളാണെന്ന് കാണാം.

പഞ്ചായത്തിലെ 10 വാർഡുകളിൽ ഒന്ന്, മൂന്ന്, ആറ് പത്ത് എന്നിവയിൽ മാത്രമെ പ്രാഥമിക വിദ്യാഭ്യാസ സൗകര്യമുള്ളൂ. ബാക്കിയുള്ള വാർഡുകളിലെ കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസത്തിന് പോലും മറ്റ് പഞ്ചായത്തിലെ വിദ്യാലയങ്ങളെ വരെ ആശ്രയിക്കേണ്ടി വരുന്നു. ആയതിനാൽ ഈ 4 വാർഡുകളൊഴിച്ച് ബാക്കിയുള്ളവയിൽ

## വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലാബ് | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ/പൈപ്പ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | Govt. H.S. കവലയൂർ | 2ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട്. | ഉണ്ട് | ഉണ്ട് |
| 2. | Govt. U.P.S.മണമ്പൂർ | 50 സെന്റ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 3. | P.T.M. U.P.S. ചെഞ്ചേരിക്കോണം | 1ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 4. | Govt. L.P.S. കുളമുട്ടം | 47 സെന്റ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 5. | R.M.L.P.S. മണനാക്ക് | 1ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 6. | സദനത്തിൽ നെഴ്സറി സ്ക്കൂൾ | 25 സെന്റ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7. | പ്രീ–പ്രൈമറി സ്ക്കൂൾ, U.P.S. മണമ്പൂർ | | | | മണമ്പൂർ Govt. U.P.S. നോട് അനുബന്ധിച്ചത്. | | | | | | | |

നിന്നും പ്രാഥമിക വിദ്യാഭ്യാസ സൗകര്യം ഉണ്ടാകണമെന്നാവശ്യം ഉന്നയിച്ചിട്ടുണ്ട്.

**സ്ക്കൂളുകളിലേക്കുള്ള ശരാശരി യാത്രാ ദൂരം**

| സ്ക്കൂൾ - ഇനം | ശരാശരി ദൂരം കി.മീ. | പരമാവധി ദൂരം കി.മീ. |
|---|---|---|
| 1. ലോവർ പ്രൈമറി സ്ക്കൂൾ | 1.5 | 4.0 |
| 2. അപ്പർ പ്രൈമറി സ്ക്കൂൾ | 1.5 | 4.0 |
| 3. ഹൈസ്ക്കൂൾ | 2.5 | 5.0 |

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠന നിലവാരം കുറഞ്ഞു വരുന്നതായി കാണുന്നു. ഇതെക്കുറിച്ച് നടത്തിയ പഠനത്തിൽ 40 ശത മാനത്തോളം വിദ്യാർത്ഥികൾ പ്രതീക്ഷിത മിനിമം നിലവാരത്തിലും താഴെയാണെന്ന് കാണാം. ഭൗതിക സാഹചര്യങ്ങളുടെ അപ ര്യാപ്തത, പാഠപുസ്തകങ്ങളുടെ അശാസ്ത്രീയത, ബന്ധപ്പെട്ടവരുടെ ആത്മാർത്ഥക്കുറവ്, അനാകർഷകമായ വിദ്യാലയാന്തരീക്ഷം എന്നിവയാകാം ഇതിനു കാരണം. കവലയൂർ ഗവ: ഹൈസ്ക്കൂളിലെ ഏതാനും വർഷത്തെ S.S.L.C. വിജയ ശതമാനം ചുവടെ കൊടുക്കുന്നു

| വിജയ ശതമാനം വർഷം | H.S. കവലയൂർ വിജയശതമാനം |
|---|---|
| 1991–92 | 30 |
| 1992–93 | 36 |
| 1993–94 | 34 |
| 1994–95 | 50 |
| 1995–96 | 34 |

വിദ്യാലയ സർവ്വെയിലെ വിവരങ്ങൾ വെളിപ്പെടുത്തുന്നത്, പഞ്ചായത്തിലെ അധ്യാപകരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നാണ്. 109 ൽ 91 പേർ. മൂന്ന് വിദ്യാലയങ്ങൾക്ക് വൈദ്യുതി കണക്ഷൻ ഇല്ല. കളിസ്ഥലം, ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ എന്നിവ മിക്ക വിദ്യാലയങ്ങളിലും ലഭ്യമല്ല. ഭൂരിഭാഗവും ഭൗതിക സൗകര്യങ്ങൾ കുറഞ്ഞ വിദ്യാലയങ്ങളാണ്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ കവലയൂർ ഗവ.ഹൈസ്ക്കൂളിൽ വിജയ ശതമാനം താരതമ്യേന കുറവാണ്. സ്ക്കൂളിൽ നടത്തിവന്നിരുന്ന നോട്ടുബുക്കു നിർമ്മാണം നിർത്തി വച്ചിരിക്കുന്നു.
2. മണമ്പൂർ ഗവ. LPS, UP സ്ക്കൂളാക്കി ഉയർത്തിയപ്പോൾ സ്ഥലം അക്വയർ ചെയ്യുന്നതിന് 15,000 രൂപ തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ അടച്ചിട്ടുണ്ട്. നാളിതുവരെ നടപടിയൊന്നും നടന്നിട്ടില്ല. കെട്ടിടം, സ്ഥലം, ഫർണിച്ചർഎന്നിവയുടെ അപര്യാപ്തത സ്ക്കൂൾ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു.
3. ഒന്ന്, മൂന്ന്, ആറ്, പത്ത് എന്നീ വാർഡുകളൊഴിച്ച് മറ്റുള്ളവയിൽ പ്രാഥമിക വിദ്യാലയങ്ങളില്ല.
4. ഭൂരിഭാഗം സ്ക്കൂളുകളിലേയും ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.
5. നഗരങ്ങളിലെ ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്ക് പോകുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ പൊതു വിദ്യാലയങ്ങളിൽ ഡിവിഷൻ കുറവ് ഉണ്ടാകുന്നു.
6. സ്ക്കൂൾ വിദ്യാർത്ഥികളിലെ നിരക്ഷരത ഇപ്പോഴും നിലനിർത്തുന്നു.
7. പഞ്ചായത്തിലെ മൂന്ന് വിദ്യാലയങ്ങളിൽ ഇപ്പോഴും വൈദ്യുതി കണക്ഷനില്ല.
8. പഞ്ചായത്തിനകത്ത് ഒരു സാങ്കേതിക വിദ്യാലയം പോലും ഇല്ല.
9. അനൗപചാരിക വിദ്യാഭ്യാസത്തിനു വേണ്ടി ആസൂത്രിത പരിപാടികളൊന്നും നടപ്പാക്കുന്നില്ല.
10. കലാ-കായിക വിദ്യാഭ്യാസത്തിന് വേണ്ടത്ര സൗകര്യങ്ങൾ പഞ്ചായത്തിലില്ല.

11. അധ്യാപകർക്ക് നൽകുന്ന ഇൻസർവ്വീസ് കോഴ്സുകളുടെ അപര്യാപ്തത

12. അംഗനവാടികളോടനുബന്ധിച്ചും വിദ്യാലയങ്ങളോടനുബന്ധിച്ചും നടത്തുന്ന ശിശുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.

13. പ്രീ–പ്രൈമറി വിദ്യാഭ്യാസത്തിനു നിലനിൽക്കുന്ന അശാസ്ത്രീയത.

14. അധ്യാപകരിൽ സ്ത്രീകളുടെ എണ്ണം കൂടുതലായതിനാൽ പാഠ്യേതര പ്രവർത്തനങ്ങൾക്ക് പ്രാധാന്യം ലഭിക്കായ്ക.

15. PTA കളുടേയും പൊതുജനങ്ങളുടേയും ഇടപെടലുകളിലുള്ള പങ്കാളിത്തക്കുറവ്.

16. ചില വീടുകളിലെ പഠന സാഹചര്യങ്ങളുടെ അപര്യാപ്തത.

17. പരീക്ഷാ വിജയം മാത്രം ലക്ഷ്യമാക്കുന്ന രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും വികലമായ കാഴ്ചപ്പാട്

18. പ്രാദേശിക ഭരണകൂടങ്ങൾക്ക് വിദ്യാഭ്യാസകാര്യങ്ങളിൽ ഇടപെടാനുള്ള അവസരമില്ലായ്മ.

19. വിദ്യാഭ്യാസത്തിൽ തൊഴിൽ പരിശീലനങ്ങൾക്ക് പങ്കില്ലായ്മ.

വിദ്യാഭ്യാസ മേഖലയിൽ ഈ ഗ്രാമം നേരിടുന്ന വികസന വെല്ലുവിളികൾ പരിഹരിക്കുന്നതിനുള്ള സാധ്യതകളാണ് ഇനി ആരായേണ്ടത്. ഇതിൽ ചില പ്രശ്നങ്ങൾ സംസ്ഥാന വ്യാപകമായി നിലനില്ക്കുന്നവയാണ്. പൊതുവിദ്യാഭ്യാസത്തിന്റെ നിലനില്പിനെ ത്തന്നെ ചോദ്യം ചെയ്യുന്നതും, സ്വകാര്യമേഖലയെ പരമാവധി പ്രോത്സാഹിപ്പിക്കുന്നതുമായ ഗവൺമെന്റിന്റെ നീക്കമാണ് അതിലൊന്ന്. ഇതു ചെറുക്കുന്നതോടൊപ്പം തന്നെ പൊതുവിദ്യാലയങ്ങളിലെ പഠനബോധന പ്രവർത്തനങ്ങളിൽ ഫലപ്രദമായ ജനകീയ ഇടപെടലുകൾ ആവശ്യമാണ്. ഇത്തരം ജനകീയ ഇടപെടലുകൾ കൊണ്ടേ പൊതു വിദ്യാഭ്യാസം മെച്ചപ്പെടുത്താനും സ്വകാര്യമേഖലയിലേക്കുള്ള ഒഴുക്ക് തടസ്സപ്പെടുത്താനും സാധ്യമാകൂ. അതിനായുള്ള പരിഹാര നിർദ്ദേശങ്ങൾക്കാണ് മുൻതൂക്കം കൊടുക്കുന്നത്.

ഈ ഗ്രാമപഞ്ചായത്തിന്റെ രണ്ടും മൂന്നും നാലും വാർഡുകളിലുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുന്നു. ഈ മൂന്ന് വാർഡുകളുടെയും അതിർത്തിയിൽ ഒരു പ്രാഥമിക വിദ്യാലയം സ്ഥാപിക്കുകയാണെങ്കിൽ ഈ ഗ്രാമപഞ്ചായത്തിലെ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ നിലവിലുള്ള അവസ്ഥ പരിഹരിക്കാവുന്നതാണ്. സംസ്ഥാന സർക്കാരിന്റെ സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ എന്ന വകുപ്പിൽ പൊതു വിദ്യാഭ്യാസ ഡയറക്ട്രേറ്റ് മുഖാന്തിരം എൽ.പി. യു.പി. സ്ക്കൂളുകൾ നിർമ്മിക്കാനാവശ്യമായ ഒരു പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം സ്ക്കൂൾ നിർമ്മിക്കുകയാണെങ്കിൽ നാട്ടുകാരുടെ സഹായസഹകരണങ്ങൾ നിർലോഭം ലഭിക്കുന്നതാണ്.

ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന മണമ്പൂർ ഗവ. UPS സ്ഥല പരിമിതിമൂലം വീർപ്പുമുട്ടുന്നു. 1983 ൽ 15000 രൂപ സ്ഥലം അക്വയർ ചെയ്യുന്നതിലേക്കായി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ അടച്ചിട്ടുണ്ട്. സ്ഥലം അക്വയർ ചെയ്ത് സ്ക്കൂളിന്റെ സ്ഥല പരിമിതി പരിഹരിക്കേണ്ടതാണ്.

VII–ാം വാർഡിൽ ഒരു പ്രാഥമിക വിദ്യാലയം സ്ഥാപിക്കാനുള്ള സാധ്യതയും പരിഗണിക്കേണ്ടതാണ്.

കവലയൂർ HS ൽ പ്രവർത്തിച്ചിരുന്ന ഒരു നോട്ടുബുക്ക് നിർമ്മാണ യൂണിറ്റ് മുടങ്ങി കിടക്കുന്നു. PTA യുടെ നേതൃത്വത്തിൽ അത് പ്രവർത്തിപ്പിക്കാനാവശ്യമായ ഒരു നടപടി ഉണ്ടാകേണ്ടതാണ്. മണമ്പൂർ ഗവ. U.P.S ൽ പ്രവർത്തിക്കുന്ന സൊസൈറ്റിയുടേയും ജാഅയുടെയും നേതൃത്വത്തിൽ കുട്ടികൾക്ക് നോട്ട്ബുക്ക് നിർമ്മാണ ബുക്ക് ബയന്റിംഗ് എന്നിവയ്ക്ക് പരിശീലനം നൽകാവുന്നതാണ്.

നഗര പ്രദേശങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവാഹം നിയന്ത്രിക്കുവാൻ കോത്താരി കമ്മീഷന്റെ അയൽപക്ക സ്ക്കൂൾ സമ്പ്രദായത്തെപ്പറ്റി ബോധവൽക്കരണം നടത്തുകയും അതിന് വേണ്ടിയുള്ള ജനകീയ സമ്മർദ്ദം രൂപപ്പെടുത്തുകയും വേണം.

അപര്യാപ്തമായ പഠന സാഹചര്യങ്ങളിൽനിന്നും വരുന്ന കുട്ടികളെ കണ്ടെത്തുവാനും അതിനു പരിഹാരം തേടുവാനും പഞ്ചായത്ത് വിദ്യാലയസമിതികൾക്ക് കഴിയണം. വിദ്യാഭ്യാസത്തിന്റെ ശരിയായ ലക്ഷ്യത്തെ സംബന്ധിച്ച് ബോധവൽക്കരണവും ഈ സമിതി നിർവ്വഹിക്കേണ്ടതാണ്.

ഒഴിവുകാലങ്ങളിൽ പഠനകാര്യത്തിൽ പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേകം പരിശീലനങ്ങൾ – കളി, പാട്ട്, അഭിനയം എന്നിവയിലൂടെ പഠനം പാല്പായസമാക്കുന്ന പരിപാടികൾ നൽകേണ്ടതാണ്.

സ്ക്കൂൾ തലത്തിൽ സാഹിത്യസമാജങ്ങളും അക്ഷരശ്ലോക സമിതികളും രൂപീകരിക്കുകയും പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയുടെ നേതൃത്വത്തിൽ ആകർഷകമായ കലാമത്സരങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്.

ക്ലാസ്സടിസ്ഥാനത്തിലുള്ള കയ്യെഴുത്ത്മാസികാ നിർമ്മാണം, കുട്ടികൾക്ക് വായിക്കാൻ പറ്റുന്ന പുസ്തകങ്ങളും ബാലമാസികകളും തെരെഞ്ഞെടുത്ത് നല്കുക, സ്ക്കൂളുകൾക്ക് തൊട്ടടുത്തുള്ള ഗ്രന്ഥശാല സന്ദർശനവും ഉപയോഗപ്പെടുത്തലും എന്നിവ നടത്തണം. ആർട്സ് ക്ലബ്ബ് സയൻസ് ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ്, ക്രീയേറ്റീവ് കോർണർ എന്നിവ സംഘടിപ്പിച്ച് കാര്യക്ഷമമാക്കണം.

ബാലോത്സവങ്ങളും സഹവാസ ക്യാമ്പുകളും സംഘടിപ്പിച്ച് കുട്ടികളിലെ കൂട്ടായ്മയും വ്യക്തിത്വവികസനവും സാധ്യമാക്കാവുന്നതാണ്.

വയോജന വിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും ഗ്രാമത്തിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാകേണ്ടതാണ്. പല ഗ്രാമസഭകളിൽ നിന്നും ഈ ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. പ്രത്യേകിച്ച് കോളനികൾ കേന്ദ്രീകരിച്ച് ഇത് ഉണ്ടാകേണ്ടതാണ്. തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ തൊഴിൽ കേന്ദ്രങ്ങളായാൽ മാത്രമെ അവിടേക്ക് പഠിതാക്കളെ ആകർഷിക്കാൻ സാധിക്കൂ. കരകൗശല ഉല്പന്നങ്ങളും മറ്റും നിർമ്മിക്കാൻ വൈദഗ്ധ്യമുള്ള പ്രായ

വിദ്യാലയങ്ങളിലെ നല്ല അന്തരീക്ഷം നിലനിർത്താൻ സമൂഹം വിദ്യാലയത്തെ ഏറ്റെടുക്കേണ്ടതുണ്ട്. സമൂഹത്തിന്റെ കൂട്ടായ ആവശ്യമാണ് വിദ്യാഭ്യാസം എന്ന ബോധം ജനങ്ങളിൽ ഉണ്ടാക്കുകയും ജനകീയ വിദ്യാഭ്യാസ സമിതികൾ നിലവിൽ വരികയും വേണം.

സ്ക്കൂൾ കോംപ്ലക്സുകൾ, വിദ്യാജ്യോതി തുടങ്ങിയ പരിപാടികൾ ഇതിന് സഹായകമാണ്. ഇതിനുപുറമേ പഞ്ചായത്തുതലത്തിലും വാർഡുതലത്തിലും ജനകീയ വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കേണ്ടതുണ്ട്. ജനപ്രതിനിധികൾ, പി.ടി.എ. പ്രതിനിധികൾ അധ്യാപക സംഘടനാ പ്രതിനിധികൾ, സന്നദ്ധ സംഘടനാപ്രവർത്തകർ, റിട്ടയേർഡ് അധ്യാപകർ എന്നിവർ അടങ്ങുന്ന പഞ്ചായത്തുതല വിദ്യാഭ്യാസ സമിതിയും വാർഡുതലവിദ്യാഭ്യാസ സമിതികളും രൂപീകരിക്കണം. സ്ക്കൂളുകളിലെ പാഠ്യേതര പ്രവർത്തനങ്ങൾ, സ്ക്കൂളുകളിലെ നിരക്ഷരതാ നിർമ്മാർജ്ജനം, ഭൗതീകസാഹചര്യങ്ങളുടെ മെച്ചപ്പെടുത്തൽ, തൊഴിൽ പരിശീലനം, പുതിയ പഠനതന്ത്രങ്ങൾ ആവിഷ്കരിക്കൽ, ടീച്ചിംഗ് ഷെഡ്യൂളുകൾ രൂപപ്പെടുത്തൽ, ബോധനരീതികളിലും മൂല്യ നിർണ്ണയത്തിലും പുത്തൻ രീതികൾ ആവിഷ്കരിക്കൽ, ശാസ്ത്രസാഹിത്യ പരിഷത്തിന്റെ വിജ്ഞാനോത്സവ മോണിറ്ററിങ് എന്നിവ ഈ ജനകീയ സമിതികൾക്ക് ചെയ്യാവുന്നതാണ്. സ്ക്കൂളുകളിലെ ജാഅകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ജനകീയ സമിതികളായിരിക്കണം ഇത്. പഞ്ചായത്തിലെ വിദ്യാഭ്യാസ കാര്യങ്ങളിൽ താല്പര്യവും വൈദഗ്ധ്യവുമുള്ളവരെ കണ്ടെത്തി ഇത്തരം സമിതികൾ സമ്പന്നമാക്കണം.

ശിശുവിദ്യാലയങ്ങളിൽ മാതൃസമിതികൾ രൂപീകരിച്ച് – (ഇത് മറ്റ് വിദ്യാലയങ്ങളിലും ആകാം) – ബോധവൽക്കരണം നടത്തേണ്ടതാണ്. അഞ്ചുവയസ്സിനു താഴെയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിച്ച് ശരിയായ ധാരണ നൽകുവാനുള്ള സംവിധാനം പഞ്ചായത്തു വിദ്യാഭ്യാസ സമിതിയിലുണ്ടാകണം.

മായ നിരക്ഷരുടെ വൈദഗ്ധ്യം ഈ കേന്ദ്ര ങ്ങളെ കേന്ദ്രീകരിച്ച് പ്രയോജനപ്പെടുത്താനും, ഗ്രാമീണ ഉല്പന്നങ്ങൾ നിർമ്മിക്കുവാനും, തൊഴിൽ പരിശീലനങ്ങൾ നൽകുവാനും, അതുവഴി സാക്ഷരതാ പ്രവർത്തനങ്ങളെ സജീവമാക്കുന്നതിന് ഉതകുന്ന തരത്തിൽ ഇതിന് ഒരു സംവിധാനം ഉണ്ടാകേണ്ടതാണ്.

കവലയൂർ H.S.ലെ കുട്ടികളിൽ തൊഴിൽ താല്പര്യം വളർത്തി എടുക്കുവാനായി പഞ്ചായത്തിനകത്തുള്ള വെൽഡിംങ് വർക്ക്ഷാപ്പ്, ഫോട്ടോ സ്റ്റുഡിയോ, പ്രസ്സ്, ഇലക്ട്രിക്കൽ ഷോപ്പ്, ഫർണിച്ചർ ഷോപ്പ്, നെയ്ത്ത്ശാല എന്നിവടങ്ങളുമായി കുട്ടികളെ ബന്ധപ്പെടുത്താം. ഈ സ്ഥാപനങ്ങളിലെ വിദഗ്ധരെ സ്ക്കൂളിൽ ക്ഷണിച്ചുവരുത്തുക. കുട്ടികളെ പണിസ്ഥലത്ത് കൊണ്ടുപോവുക എന്നിവയും ചെയ്യാം.

# കൃഷിയും ജലസേചനവും

കാർഷിക മേഖലയായിരുന്ന മണമ്പൂർ പഞ്ചായത്തിന്റെ നല്ലൊരു ശതമാനം പ്രദേശങ്ങളിലും ഈ നൂറ്റാണ്ടിന്റെ ആരംഭദിശയിൽ കൃഷി വ്യാപിച്ചിരുന്നു. കൃഷിഭൂമി പ്രധാനമായും ബ്രാഹ്മണരുടേയും അമ്പലവാസികളുടേയും അവരുടെ ആശ്രിതരുടേയും കൈകളിലായിരുന്നു. ധവിശദവിവരങ്ങൾ റിപ്പോർട്ടിന്റെ ആമുഖത്തിൽ കൊടുത്തിട്ടുണ്ട്.പ ഭൂനിയമം പ്രാബല്യത്തിൽ വന്നതിന്റെ ഫലമായി ബ്രഹ്മസ്വവും ദേവസ്വവും പണ്ടാരം വകയുമായിരുന്ന ഭൂമികളിൽ കുടിപ്പാർത്തിരുന്ന സാധാരണക്കാർക്ക് ഭൂമി ലഭിക്കുകയുണ്ടായി. ഇത് കാർഷികമേഖലയുടെ ഉത്പാദനവും കാര്യക്ഷമതയും വർദ്ധിപ്പിച്ചു. എന്നാൽ പിൽക്കാലത്ത് ഈ അവസ്ഥയ്ക്ക് മാറ്റം വന്നു. കാർഷികവൃത്തിയോട് ആഭിമുഖ്യമില്ലാത്ത ഒരു കാഴ്ചപ്പാട് കേരളത്തിൽ പൊതുവേ വളർന്ന് വന്നതിന്റെ ഫലമായി ഈ ഗ്രാമത്തേയും ബാധിക്കുകയുണ്ടായി. പഴയ കാർഷിക അവസ്ഥയെപ്പറ്റി സെറ്റിൽമെന്റ് രേഖകളൊന്നും ലഭ്യമല്ലാത്തിനാൽ വസ്തുനിഷ്ഠകണക്കുകൾ രേഖപ്പെടുത്തുക സാദ്ധ്യമല്ല. അതുകൊണ്ട് വർത്തമാനകാലത്തിലെ ഈ ഗ്രാമത്തിന്റെ കാർഷിക മേഖലയുടെ ചിത്രം നമുക്ക് പരിശോധിക്കാം.

ഈ ഗ്രാമപഞ്ചായത്തിനെ ഭൂപ്രകൃതിയനുസരിച്ച് നാലായി തിരിക്കാമെന്ന് മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. അവ മൊത്തം ഭൂമിയുടെ എത്ര ശതമാനത്തോളം വരുമെന്നും നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. മൊത്തം കൃഷിഭൂമിയായി ഈ ഗ്രാമത്തിൽ ഇന്ന് ഉപയോഗപ്പെടുന്നത് 1336 ഹെക്ടർ ഭൂമിയാണ്. അതിൽ കരഭൂമി 1237.5 ഹെക്ടറും വയൽ 294 ഹെക്ടറും ആണ്. ഇതിനുപുറമേ പാറക്കെട്ടുകളും കായലും റോഡും ഇൾപ്പെടെ 179.45 ഹെക്ടർ തരിശുഭൂമിയുണ്ട്. പത്തു വാർഡുകളിലായി തിരിച്ചിരിക്കുന്ന ഈ ഗ്രാമപഞ്ചായത്തിലെ രണ്ട്, മൂന്ന്, നാല്, അഞ്ച്, ഏഴ്, എട്ട്, ഒൻപത് എന്നീ വാർഡുകൾ ചെറുതും വലുതുമായ കുന്നുകളാലും ചെറിയ പാറക്കെട്ടുകളാലും നിറഞ്ഞിരിക്കുന്നു. ഒന്നാം വാർഡ് ഏറെക്കുറെ നിരപ്പുള്ളതും കിഴക്കോട്ട് ചരിഞ്ഞതുമാണ്. ഢക, ത എന്നീ വാർഡുകൾ വലിയ കുന്നുകളൊന്നുമില്ലാത്ത പ്രദേശങ്ങളാണ്. കാർഷികമേഖലയാണ് ഈ ഗ്രാമമെങ്കിലും 5% കുടുംബങ്ങൾ പോലും ഇവിടെ കൃഷിയെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്നവരില്ല. പഞ്ചായത്തിലെ മുഖ്യവിളകളെക്കുറിച്ച് ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിക്കുക.

പ്രധാന വിളകൾ

| വിള | വിസ്തീർണം | മൊത്തം ഉത്പാദനം | ഉല്പാദനം ഹെക്ടറിൽ |
|---|---|---|---|
| തെങ്ങ് | 655 ഹെക്ടർ | 34,38,750 തേങ്ങ | 5250 |
| നെല്ല് | 130 ഹെക്ടർ | 292.5 ടൺ | 2250 kg |
| മരച്ചീനി | 254 ഹെക്ടർ | 240.5 ടൺ | 9470 kg |
| കശുമാവ് | 70 ഹെക്ടർ | 59.5 ടൺ | 850 kg |
| കുരുമുളക് | 48 ഹെക്ടർ | 240.5 ടൺ | 9470 kg |
| റബ്ബർ | 45 ഹെക്ടർ | | |
| വാഴ | 37 ഹെക്ടർ | 351.5 ടൺ | 9500 kg |
| പയർ | 20 ഹെക്ടർ | 14.7 ടൺ | 1000 kg |
| പച്ചക്കറി | 10 ഹെക്ടർ | | |
| മാവ് | 10 ഹെക്ടർ | | |
| പ്ലാവ് | 10 ഹെക്ടർ | 11.28 ടൺ | 235 kg |
| കമുക് | 10 ഹെക്ടർ | | |
| എള്ള് | 2 ഹെക്ടർ | 0.7 | 350 kg |
| തേക്ക് | 5 ഹെക്ടർ | | |
| മാഞ്ചിയം | 5 ഹെക്ടർ | | |
| പലവക | 25 ഹെക്ടർ | | |

പഞ്ചായത്തിലെ മുഖ്യകൃഷി നെല്ലാണെങ്കിലും മൊത്തം കൃഷിയോഗ്യമായ ഭൂമിയുടെ 10% ത്തിനു താഴെ മാത്രമേ നെല്ല് കൃഷിചെയ്യുന്നുള്ളൂ. ഉല്പാദനക്ഷമതയാകട്ടെ ദേശീയ ശരാശരിയെക്കാളും കൂടുതലാണ്. എന്നാൽ ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ ഇതു വളരെ പരിമിതം തന്നെയാണ്. നെൽപ്പാടങ്ങൾ നികത്തി തെങ്ങും വാഴയും മരിച്ചീനിയും നടുന്ന പ്രവണത കഴിഞ്ഞ കുറേ വർഷങ്ങളായി വർദ്ധിച്ചുവരുന്നു. മുണ്ടപ്പള്ളിക്കോണം, കവലയൂർ ഏലായ് ഇങ്ങനെ പരിപൂർണ്ണമായി നികത്തപ്പെട്ടു. പൂവത്തുമല, പനയറക്കോണം, കടമ്പ്രക്കോണം, മുണ്ടയിൽ കോണം, നടുവാരം എന്നീ ഏലാകൾ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി ഒഴുകുന്ന തോട്ടയ്ക്കാട് മൂങ്ങോട് തോടും പടിഞ്ഞാറ് ഭാഗത്തുകൂടി ഒഴുകുന്ന പടിഞ്ഞോറ്റേലായിൽ തോടുമാണ് പ്രധാനമായ ജലസ്രോതസ്സുകൾ. മണൽ കലർന്ന പശിമരാശിമണ്ണും കളിമണ്ണ് കലർന്ന മണ്ണുമാണ് പാടശേഖരങ്ങളിൽ കാണുന്നത്.

കഴിഞ്ഞ അഞ്ച് പതിറ്റാണ്ടുകളിൽ വളപ്രയോഗത്തിലും കൃഷിരീതികളിലും വിളവിനിയോഗത്തിലും എല്ലാം വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. പഴയകാലത്ത് ചേറാടി മംഗലാപുരം, മുക്കൂടൻ, ഓര് വെള്ള, അറുവാൻവെള്ള, ഓവുമുണ്ടൻ തുടങ്ങിയ വിത്തുകളായിരുന്നു നെൽകൃഷിക്കായി ഉപയോഗിച്ചിരുന്നതെങ്കിൽ പവിഴം, ഭാരതി, ജയ, രോഹിണി, ജ്യോതി തുടങ്ങിയ സങ്കരയിനം വിത്തുകളാണ് ഇന്ന് ഉപയോഗിക്കുന്നത്. പച്ചില, ചാണകം തുടങ്ങിയ അടിവളങ്ങൾ പണ്ട് പ്രയോഗിച്ചിരുന്നു. ഇന്നാകട്ടെ ജൈവ

വളങ്ങളുടെ പ്രയോഗം കുറയുകയും രാസ വളപ്രയോഗം അമിതമായി വർദ്ധിക്കുകയും ചെയ്യും. കീടനാശിനി പ്രയോഗത്തിന്റെ കാര്യത്തിനും ഈ മാറ്റം പ്രകടമാണ്. താഴെകൊടുത്തിരിക്കുന്ന പട്ടിക ശ്രദ്ധിക്കുക,

| 1993–94 | | | 1994–95 | | | 1995–96 | | |
|---|---|---|---|---|---|---|---|---|
| രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 60 | 35 | 50 | 72 | 50 | 64 | 89 | 57 | 62 |

രണ്ട് പതിറ്റാണ്ടുകൾക്ക് മുമ്പ് പല ഏലാകളിലും മൂന്ന് പൂ കൃഷി ചെയ്തിരുന്നുവെങ്കിൽ ഇന്ന് ഇരിപ്പൂ ഒരുപ്പൂവുമായി മാറിയിട്ടുണ്ട്. അപൂർവ്വം ചിലയിടങ്ങളിൽ തരിശിടുകയും ചെയ്യുന്നു. മുൻപ് പല ഏലാകളിലും നല്ല ഫലഭൂയിഷ്ഠമായ കറുത്തമണ്ണായിരുന്നു. ഒരുതരം കറുത്ത അട്ട മിക്കവയലുകളിലും ഉണ്ടായിരുന്നു. പൊടിമീനുകളും, നത്തയ്ക്ക പോലുള്ള ചെറുജീവികളും ധാരാളം ഉണ്ടായിരുന്നു. ഞണ്ടളയാർന്ന വരമ്പുകൾ നമ്മുടെ ഏലാകൾക്ക് ഒരു പ്രത്യേകഭംഗി തന്നെ നൽകിയിരുന്നു. എന്നാൽ ഇന്ന് അതെല്ലാം അപ്രത്യക്ഷമായിരിക്കുന്നു. രാസവളവും കീടനാശിനിയും വളരെ വിലയേറിയ വസ്തുക്കളായി മാറി.

കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന നല്ലൊരുവിഭാഗം തൊഴിലാളികൾ കൂടുതൽ വേതനവും അംഗീകാരവും ലഭിക്കുന്ന കെട്ടിടനിർമ്മാണരംഗത്തേയ്ക്ക് മറ്റും പോയിത്തുടങ്ങിയതോടുകൂടി കൃഷിപ്പണിക്ക് ആളെക്കിട്ടാതായി. അമിതമായ കൂലിക്കൂടുതലും ഈ മേഖലനേരിടുന്ന ഒരു ഭീഷണിയാണ്. നെൽകൃഷി ലാഭകരമല്ലാതായ സാഹ്യചര്യത്തിലാണ് പലരും പാടം നികത്തി തെങ്ങുവയ്ക്കാൻ തുടങ്ങിയത്.

മൊത്തം കൃഷിയോഗ്യമായ ഭൂമിയുടെ 48 ശതമാനം സ്ഥലത്താണ് നാളികേരകൃഷിനടത്തുന്നത്. പഞ്ചായത്തിന്റെ ശരാശരി ഉല്പാദനം ഹെക്ടറിന് 5250 ആണ്. കേരളത്തിലെ ശരാശരി ഉല്പാദനം സംസ്ഥാന ശരാശരി 6000 മാണ്. നമ്മുടേത് ദേശീയ ശരാശരിയേക്കാളും താഴെയാണന്നുസാരം. മണ്ടചീയൽ, കാറ്റുവീഴ്ച തുടങ്ങിയ ധാരാളം രോഗങ്ങൾ നാളികേര കൃഷിക്കാർ ഇന്നഭിമുഖീകരിക്കുന്നുണ്ട്. തെങ്ങുകയറ്റക്കാരുടെ ദൗർലഭ്യമാണ് ഈ മേഖല അഭിമുഖീകരിക്കുന്ന സുപ്രധാനമായ മറ്റൊരുപ്രശ്നം. കരപ്രദേശത്ത് ഒരു കാലത്ത് വളരെയധികം കൃഷിചെയ്തിരുന്ന ഒരു വിളയായിരുന്നു മരിച്ചീനി. തൊഴിലാളികളുടെയും ഇടത്തരക്കാരുടേയും ഒരു പ്രധാനഭക്ഷണമായിരുന്ന മരിച്ചീനികൃഷിയും ഇന്ന് ഭീഷണി നേരിടുന്നുണ്ട്. കേരളീയരുടെ ഭക്ഷണക്രമത്തിൽ വന്നമാറ്റവും കീടശല്യവും നാണ്യവിളകളുടെ വ്യാപനവും കൂലികൂടുതലുമാണ് ഈ കൃഷിയുടെ ശോഷണത്തിനുകാരണം പരമ്പരാഗതമായി കൃഷിചെയ്തിരുന്ന ഇനങ്ങളായിരുന്നു ഉണ്ടക്കണ്ണൻ, കയ്യാലചാടി, കരുമറവൻ, വളമുട്ടൻ, കാന്താരിപ്പടർപ്പൻ, ആനക്കൊമ്പൻ തുടങ്ങിയവയ്ക്കുപകരം പുതിയ ഇനങ്ങളാണ് ഇന്ന് കൃഷിചെയ്തുവരുന്നത്. വാഴകൃഷിയുടെ കാര്യത്തിൽ ഉല്പാദനക്ഷമത തീരെകുറവാണ്. ഏത്തൻ, ഞാലിപ്പൂവൻ, പാളയംകോടൻ, റോബെസ്റ്റാ, പൂവൻ, കപ്പ, ചാരക്കാളി, മൊന്തൻ എന്നീ ഇനങ്ങളാണ് പ്രധാനമായും കൃഷിചെയ്തു വരുന്നത്. വാഴയ്ക്ക് രോഗകീടബാധ ധാരളമായി കണ്ടുവരുന്നുണ്ട്. മാവ് പ്ലാവ്, തുടങ്ങിയ ഫലവൃക്ഷങ്ങളുടെ കൃഷിയും ഫലപ്രദമോ സ്വയംപര്യാപ്തമോ അല്ല. മാവിന് പൂക്കാലത്തുണ്ടാകുന്ന കീടബാധയ്ക്ക് ഫലപ്രദമായ പ്രതിരോധനടപടികൾ സ്വീകരിക്കാൻ കഴിയാത്തതിനാൽ ഉത്പാദനക്ഷമത വളരെക്കുറവാണ്. ഗാർഹികാവശ്യത്തിനും ഇന്ധനാവശ്യങ്ങൾക്കും വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്ന പ്രവണത വർദ്ധിച്ചതും ഫലവൃക്ഷങ്ങളുടെ വ്യാപനത്തെ തടഞ്ഞിട്ടുണ്ട്. കുരുമുളക് കൃഷിയുണ്ടെങ്കിലും നല്ല ഇനങ്ങളല്ല കൃഷിചെയ്യുന്നത്. ശാസ്ത്രീയമോ സംഘടിതമോ ആയ ഒരു സ്വഭാവത്തിലുമല്ല കൃഷിനടക്കുന്നത് പയർ, എള്ള്, പച്ചക്കറി എന്നിവയുടെ കൃഷിയിലും വലിയ കുറവുണ്ട്. ഒരു

കാലത്ത് വ്യാപകമായി കൃഷിചെയ്തിരുന്ന കൂവരക്, മുതിര എന്നിവയുടെ കൃഷി ഇന്ന് അസ്തമിച്ചുകഴിഞ്ഞിരിക്കുന്നു.

കശുമാവ് കൃഷി ഈ ഗ്രാമത്തിലെ നല്ലൊരുവരുമാനമാർഗ്ഗമായിരുന്നു. എന്നാൽ കശുമാവ് കൃഷിചെയ്തിരുന്ന നല്ലൊരു ശതമാനം പ്രദേശങ്ങൾ കെട്ടിട നിർമ്മാണത്തിനുവേണ്ടിയും റബ്ബർകൃഷിക്കുവേണ്ടിയും തെങ്ങുകൃഷിക്കുവേണ്ടിയും മാറ്റിയിരിക്കുന്നു. ഉള്ള കൃഷിയാകട്ടെ ശാസ്ത്രീയമായ രീതിയിലുമല്ല. വിറകിനുവേണ്ടിയും കശുമാവ് വ്യാപകമായി മുറിക്കുന്നുണ്ട്. ഈ പഞ്ചായത്തിന്റെ രണ്ട്, എട്ട് എന്നീ വാർഡുകളിലെ കുന്നിൻപ്രദേശങ്ങളിലും ചരിവുകളിലും ചിലയിടങ്ങളിലായി റബ്ബറും കൃഷിചെയ്തുവരുന്നുണ്ട്. തേക്ക്, മാഞ്ചിയം, കമുക്, എന്നിവയും അപൂർവ്വമായി കൃഷിചെയ്തുവരുന്നു.

കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചവരുടെ എണ്ണം ഈ പഞ്ചായത്തിൽ വളരെകുറവാണെന്ന് മുൻപ് സൂചിപ്പിച്ചുവല്ലോ. വിശദവിവരങ്ങൾക്ക് താഴെകൊടുത്തിരിക്കുന്ന പട്ടിക പരിശോധിക്കുക.

| വൻകിടകർഷകൻ (2ഹെക്ടറിനുമുകളിൽ) | ചെറുകിടകർഷകൻ (12 ഹെക്ടർ) | നാമമാത്രകർഷകൻ 1ഹെക്ടറിനുതാഴെ | ആകെ |
|---|---|---|---|
| 4 | 456 | 4154 | 4614 |

(അവലംബംകൃഷിഭവൻ രേഖകൾ)

കാർഷികയന്ത്രങ്ങളുടെ കാര്യത്തിൽ ഗ്രാമത്തിന്റെ നിലവിലുള്ള അവസ്ഥ താഴെപ്പറയുന്ന പട്ടിക പരിശോധിച്ചാൽ ബോധ്യമാകും.

ഈ പഞ്ചായത്തിലെ രണ്ടു പ്രധാനതോടുകളിലായി നിർമ്മിച്ചിട്ടുള്ള അഞ്ചു ക്രോസ്ബാറുകളും ഉപയോഗപ്രദമല്ല. ചെക്കുഡാമുകൾ ഒന്നുംതന്നെയില്ല. ജലസേചനാവശ്യത്തിനുള്ള പ്രധാന ജലസ്രോതസ്സുകളുടെ പട്ടിക ശ്രദ്ധിക്കുക.

| തോടുകൾ | | ക്രോസ് ബാറുകൾ | പൊതു കുളങ്ങൾ | പൊതു കിണറുകൾ | കുഴൽ കിണർ | ജലസേചനത്തിനുള്ളത് | |
|---|---|---|---|---|---|---|---|
| വലുത് | ചെറുത് | | | | | കുളം | കിണർ |
| `2 | 25 | 5 | 14 | 36 | 9 | 5 | ഇല്ല |

(അവലംബംകൃഷിഭവൻ രേഖകൾ)

**ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങൾ**

ഒന്നാം വാർഡിൽ നെൽകൃഷിചെയ്യുന്ന 250 ഏക്കർ സ്ഥലം 475 പേരുടെ കയ്യിലും രണ്ടാം വാർഡിലെ 75 ഏക്കർ നിലം 250 പേരുടെ കയ്യിലും IV-ാം വാർഡിലെ 55 ഏക്കർ നിലം 148 പേരുടെ കയ്യിലും V-ാം വാർഡിലെ 15 ഏക്കർ നിലം 45 പേരുടെ കയ്യിലും VIII-ാം വാർഡിലെ 10 ഏക്കർ നിലം 250 പേരുടെ കയ്യിലും X-ാം വാർഡിലെ 200 ഏക്കർ നിലം 325 പേരുടെ കയ്യിലും ആണ്. മറ്റു വാർഡുകളിലെ നെൽകൃഷിയുടെ അവസ്ഥയും ഇതുതന്നെയാണ്. നെൽകൃഷി നഷ്ടത്തിലാകാനുള്ള ഒരു കാരണം ഇതുതന്നെയാണ്.

ആയിരം നാളികേരം ഉല്പാദിപ്പിക്കുവാൻ ആയിരം രൂപയോളം ചെലവാകുന്നു. എന്നാൽ 2500 രൂപയിൽ കൂടുതൽ ആയിരം നാളികേരത്തിന് വില ലഭിക്കുന്നില്ല. കൊപ്രാസംഭരണം പഞ്ചായത്തിൽ സ്വകാര്യമേഖലയിലാണ്. കാർഷിക ബാങ്കു

**കാർഷികോപകരണങ്ങൾ**

| ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | മറ്റുള്ളവ | |
|---|---|---|---|---|---|---|
| ട്രാക്ടർ | ട്രില്ലർ | നാടൻകലപ്പ | റോക്ക്സ്പെയർ | നാപ്സ്റ്റക്ക്സ്പെയർ | തെങ്ങുകയറ്റു യന്ത്രം | പോർട്ടബിൾ പമ്പുസെറ്റ് |
| 1 | 3 | 36 | 6 | 18 | 2 | 2 |

(അവലംബംകൃഷിഭവൻ രേഖകൾ)

കളിലൂടെയോ സഹകരണ സംവിധാനത്തിലൂടെയോ, കൊപ്ര സംഭരിക്കുന്നില്ല. മണമ്പൂർ സഹകരണസംഘം ഈ കാര്യത്തിൽ തികഞ്ഞ അലംഭാവം കാട്ടുന്നു.

കേരഫെഡ് അഫിലിയേറ്റ് ചെയ്തിട്ടുള്ള മണമ്പൂർ പ്രാഥമിക സഹകരണസംഘം സബ്സിഡി വളം കൃത്യമായും കൃഷിക്കാർക്ക് നൽകാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നില്ല. കൃഷിക്കാർക്ക് ചെയ്തു കൊടുക്കാവുന്ന സേവനങ്ങളും വായ്പകളും പോലും കൃത്യമായും സഹകരണസംഘത്തിൽ നിന്നും ലഭിക്കുന്നില്ല.

തെങ്ങ്, വാഴ, കുരുമുളക്, പച്ചക്കറി, ഫലവൃക്ഷങ്ങൾ എന്നിവയുടെ നല്ലയിനം നടീൽ വസ്തുക്കൾ പഞ്ചായത്തിൽ ലഭ്യമല്ല. ഇത് ഈ വിളകളുടെ ഉല്പാദനക്ഷമത കുറയ്ക്കുന്നു. കൃഷിപ്പണിക്ക് പൊതുവേ എല്ലാ ഏലായിലും പണിക്കാരെക്കിട്ടാറില്ല. അതുകൊണ്ടുതന്നെ കൃഷിച്ചെലവ് വർദ്ധിക്കുന്നു. കാർഷികവൃത്തിയിൽ കുടുംബത്തിന്റെ പങ്കാളിത്തവും കുറഞ്ഞിട്ടുണ്ട്. പുതിയ തലമുറയിൽ വെള്ളക്കോളർ ജോലിയോട് മാത്രം താല്പര്യംവളരുന്നു. കായികാധ്വാനത്തിന് പൊതുവേ പുതിയ തലമുറയിൽ താല്പര്യം കുറവുണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനവും ഇതിന് പിന്നിലുണ്ട്. ശാസ്ത്രീയമായി മണ്ണു പരിശോധിക്കാനുള്ള സംവിധാനങ്ങളൊന്നും തന്നെ പഞ്ചായത്തിലില്ല. തെങ്ങ് കൃഷിക്ക് പര്യപ്തമായ വിളപ്രയോഗം മണ്ണുപരിശോധനയിലൂടെ നടത്തിയാൽ ഉൽപാദനം വർദ്ധിപ്പിക്കാവുന്നതാണ്.

പഞ്ചായത്തിന്റെ പലഭാഗങ്ങളിലേയും ഏലാകൾ തെങ്ങുനടുവാനായി നികത്തിയിട്ടുള്ള സ്ഥലങ്ങൾ മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. കെട്ടിടനിർമ്മാണത്തിന് വേണ്ടിയും ഈ പ്രവണത തുടരുന്നുണ്ട്.

പഞ്ചായത്തിലെ കാർഷികയന്ത്രോപകരണങ്ങളുടെ അവസ്ഥ മുൻപ് നൽകിയിട്ടുള്ള പട്ടിക പരിശോധിച്ചാൽ ബോധ്യമാകും. ഭൂമിയുടെ തുണ്ടുതുണ്ടായ അവസ്ഥ യന്ത്രവല്ക്കരണത്തിന് തടസ്സമായി നിൽക്കുന്നുണ്ട്. തെങ്ങുകയറ്റത്തിന് ആളെ കിട്ടാനില്ലാത്ത അവസ്ഥയിൽ യന്ത്രവല്ക്കരണം സഹായകമാണ്. നിലം ഉഴാനും ഒരുക്കാനുമുള്ള യന്ത്രങ്ങൾ മാത്രമല്ല മരുന്നു തളിക്കാനും മണ്ണുപരിശോധിക്കാനുമുള്ള സംവിധാനങ്ങളും കുറവാണ്. പഞ്ചായത്തിലെ കൃഷിഭവൻ പഞ്ചായത്തിന്റെ ഒറ്റപ്പെട്ട ഒരുകോണിലാണ് അതിന്റെ സേവനം അതുകൊണ്ടുതന്നെ പലർക്കും പ്രയോജനപ്പെടുന്നില്ല. കൃഷിഭവന്റെ സേവനങ്ങളെപ്പറ്റിയുള്ള ധാരണയും പലകൃഷിക്കാരിലുമില്ല.

മിക്കവാറും വാർഡുകളിൽ തെങ്ങിന് കാറ്റുവീഴ്ച രോഗം ബാധിച്ചിട്ടുണ്ട്. കാറ്റുവീഴ്ച വന്ന തെങ്ങുമുറിക്കാൻ സബ്സിഡി നൽകുന്നുണ്ടെങ്കിലും അത് എല്ലാപേർക്കും ലഭിക്കുന്നില്ല.

പഞ്ചായത്തിലെ പ്രധാനപ്പെട്ട രണ്ടുതോടുകളാണല്ലോ ജലസേചനാവശ്യത്തിന് പ്രയോജനപ്പെടുന്നത് (ജലസേചന സംവിധാനങ്ങളുടെ പട്ടിക നോക്കുക) അവ തോട്ടയ്ക്കാട് മൂങ്ങോട് തോടും പടിഞ്ഞാറ്റേലായിൽ തോടുമാണ്. ഇവയുടെ കൈവഴികളായ കൊച്ചുകൊച്ചു തോടുകൾ വേറെയുമുണ്ട്. ഇതിനുപുറമേ മണമ്പൂര് ഏലായിലെ തലക്കുളങ്ങളായ വാഴാംകോട്ടു കുളവും മാടൻകുളവും ഇലഞ്ഞിമനക്കോണം ഏലായിൽ ഇലഞ്ഞിമനക്കോണം ചിറയും, കടമ്പ്രക്കോണം ഏലായിൽ ആലുംമൂട്ടിൽ കുളവും പടിഞ്ഞാറ്റേലായിൽ വെമ്പാലവട്ടം കുളവും ചിറവിളക്കുളവും, പണയിൽക്കുളവും തെഞ്ചേരിക്കോണം ഏലായിൽ സ്ഥിതിചെയ്യുന്ന ഈഴക്കോട്ടുകോണം കുളവും കരിമ്പുവിള ഭാഗത്തുള്ള കുളവും നല്ല ജലലഭ്യതയുള്ള കുളങ്ങളാണ്. ഇതിൽ കവലയൂർ, കുറട്ടുമൂല, വാളക്കാട്ടുവിള, വാഴാംകോട്, ചിറവിള എന്നീ തലക്കുളങ്ങളിൽ പമ്പും, പമ്പ്ഹൗസും ഉണ്ട്. പക്ഷെ പ്രവർത്തനരഹിതമാണ്. കുളങ്ങളോടനുബന്ധിച്ച് ചിലയിടങ്ങളിൽ കെട്ടിയെടുത്ത കൈത്തോടുകളുമുണ്ട്. കെട്ടിയെടുത്തതും കെട്ടിയെടുക്കാത്തതുമായ കൈത്തോടുകളെല്ലാം തന്നെ വെള്ളം ഒഴുക്കിവിടാൻ പറ്റാത്തവിധത്തിൽ ഉപയോഗശൂന്യമായിട്ടുണ്ട്.

വാഴാംകോട്ട് കുളം, ഇലഞ്ഞിമനക്കോണം കുളം. പണയിൽകുളം എന്നിവ ഉപയോഗശൂന്യമായിക്കിടക്കുന്നു. മണ്ണടിഞ്ഞും സൈഡ് തകർന്നും കിടക്കുന്ന കുളങ്ങളുമുണ്ട്. തോടുകളിലെ ക്രോസ് ബാറുകളെക്കുറിച്ച് മുൻപ് സൂചിപ്പിച്ചിട്ടുണ്ടല്ലോ. അവയിലൊന്നും തന്നെ പലകയിടാറില്ല. അതുകൊണ്ടുതന്നെ മഴക്കാലത്ത് നിറയുന്ന വെള്ളം അപ്പാടെ ഒഴുകിപ്പോകുന്നു. മുഖ്യതോടുകളിൽ വേനൽകാലത്ത് വെള്ളമില്ലാത്തതുകൊണ്ടുതന്നെ കൈത്തോടുകളും വരളുന്നു. ഇതുമൂലം മണമ്പൂര് കവലയൂർ ഏലായിൽ വേനൽകാലത്ത് നെൽകൃഷി സാധ്യമല്ല. പച്ചക്കറികൃഷി പോലും അസാധ്യമായിരിക്കുന്നു.

ഗുണമേന്മയുള്ള വിത്തുകളും നടീൽ വസ്തുക്കളും പഞ്ചായത്തിൽ ലഭ്യമല്ല. കുരുമുളക്, വാഴ, പച്ചക്കറി, ഫലവൃക്ഷങ്ങൾ എന്നിവയുടെ കാര്യത്തിൽ ഇതുമൂലം ഉല്പാദനക്ഷമത കുറവാണ്. തെങ്ങിന്റെ കാര്യത്തിലും ഈ പ്രശ്നമുണ്ട്.

രാസവളപ്രയോഗത്തിലെ അനിയന്ത്രിതത്വവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ചെടികൾക്കാവശ്യമായ അടിസ്ഥാന മൂലകങ്ങളിൽ ചിലത് രാസവളപ്രയോഗത്തിലൂടെ കിട്ടുമെങ്കിലും മണ്ണിന് വളരാനുതകുന്ന മൂലകങ്ങൾ എത്തിച്ചുകൊടുക്കുന്ന സൂക്ഷ്മജീവികൾ അനിയന്ത്രിതമായ രാസവളപ്രയോഗത്തിലൂടെ നശിക്കുന്നുണ്ട്. ഇതുമൂലം മണ്ണ് മരിക്കുന്നു. അമിതമായ കീടനാശിനി പ്രയോഗം മൂലം മണ്ണിന്റെ ഘടന നിലനിർത്തുന്ന സൂക്ഷ്മജീവികളും മിത്രപ്രാണികളും നശിക്കുന്നു. ഇതുമൂലം കീടബാധ പെരുകുന്നുണ്ട്. പച്ചക്കറിയുല്പാദനത്തിലും മറ്റും സ്വീകരിക്കുന്ന ഇന പുത്തൻ മുറ മനുഷ്യന് ഭീഷണിയായിത്തീരുന്നു. ഫലവൃക്ഷങ്ങളിൽ, മാവ്, പേര തുടങ്ങിയവയിൽ ഉണ്ടാകുന്ന കീടബാധയ്ക്ക് ഫലപ്രദമായ നിവാരണ മാർഗ്ഗങ്ങളൊന്നും നിലവിലില്ല. ഇതുമൂലം ഉണ്ടാകുന്ന നഷ്ടം ഇനിയും കണക്കാക്കിയിട്ടില്ല. കൃഷി ചെയ്യാതെ ഭൂമി തരിശ്ശിടുന്ന സ്വഭാവം ചിലയിടങ്ങളിൽ കാണുന്നുണ്ട്. ഇതു കരപ്രദേശങ്ങളിലാണ് അധികം കാണുന്നത്. പച്ചക്കറി, പൂവ്, കൂൺ എന്നിവയുടെ കൃഷി ഈ പഞ്ചായത്തിൽ അധികമായില്ല.

കവലയൂർ പാടശേഖര കമ്മിറ്റി, മണമ്പൂർ പാടശേഖര കമ്മിറ്റി എന്നിവ നിലനില്ക്കുന്ന പാടശേഖര കമ്മിറ്റികളാണ്. മണമ്പൂർ കേര കർഷക സംഘം എന്ന ഒരു സംഘവും, ഈ രംഗത്തെ ജനകീയസമിതികളാണ്. എന്നാൽ ഇവയിലെ പങ്കാളിത്തം നാമമാത്രവും സേവനങ്ങളെപ്പറ്റി കൃഷിക്കാർക്ക് വേണ്ട അവബോധവുമില്ല.

കൃഷിഭവനിൽ നിന്നും ലഭിക്കുന്ന സബ്സിഡിയിൽ അധികവും കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നില്ല. നടപ്പുവർഷത്തിൽ മണമ്പൂർ കൃഷിഭവനിൽ നിന്നും വിതരണം ചെയ്ത സബ്സിഡികളെപറ്റിയുള്ള വിവരങ്ങൾ താഴെ പട്ടിക ശ്രദ്ധിക്കുക.

സബ്സിഡിയായി കൊടുത്ത പണം വിഭാവനം ചെയ്ത വിളകൾക്കും വിളപരിപാലന സംവിധാനങ്ങൾക്കും വിനിയോഗിച്ചിരുന്നെങ്കിൽ ഉല്പാദനക്ഷമത കൂടുമായിരുന്നു. സബ്സിഡികൾ വഴിമാറി ഉപയോഗിക്കുന്നുവെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

**സാധ്യതകൾ**

നെൽകൃഷിയുടെ ഉല്പാദനം വർധിപ്പിക്കേണ്ടത് ഒരനിവാര്യത തന്നെയാണ്. അതിനായി ജനപങ്കാളിത്തത്തോടെയുള്ള ഒരു സംവിധാനം ഉണ്ടാകേണ്ടതാണ്. നാലവിൽ നാലു പാടശേഖര കമ്മിറ്റികൾ ഈ ഗ്രാമപഞ്ചായത്തിലുണ്ട്. അവ നിർജ്ജീവമാണ്. പഞ്ചായത്ത് തലത്തിൽ അവയെ ശക്തിപ്പെടുത്താനുള്ള ഒരു ജനകീയ സംവിധാനത്തെക്കുറിച്ച് ആലോചിക്കാം. ജനപ്രതിനിധികൾ, കൃഷിക്കാർ, കൃഷിഭവൻ, മൃഗസംരക്ഷണവകുപ്പ്, ചെറുകിട ജലസേച നവകുപ്പ് എന്നിവയുടെ പങ്കാളിത്തമുള്ള ഒരു സമിതിയായിരിക്കണം ഇത്. ഈ സമിതിയുടെ കീഴിലായിരിക്കണം പാടശേഖരസമിതികൾ പ്രവർത്തിക്കേണ്ടത്. വളപ്രയോഗം, നിലമൊരുക്കൽ, ജലസേചനം, കീടനിയന്ത്രണം,

| ക്രമനമ്പർ | നെൽകൃഷിക്കുള്ള സബ്സിഡി | കൃഷിക്കാരുടെ എണ്ണം | ചെലവായതുക | റിമാർക്ക് |
|---|---|---|---|---|
| I | സുഗന്ധവിളവികസന പദ്ധതി പ്രകാരം | | | |
| | a) ഇഞ്ചികൃഷിക്ക് | 4 | 2000.00 | |
| | b) സ്പ്രെയറിനുള്ള സബ്സിഡി | 1 | 750.00 | |
| | c) മഞ്ഞൾ കൃഷി | 4 | 1200.00 | |
| | d) കുരുമുളക് കൃഷി | 6 | 3000.00 | |
| II | പട്ടികജാതി/പട്ടികവർഗ്ഗ വികസന പദ്ധതി | | | |
| | a) കിണറിനുള്ള സബ്സിഡി | 6 | 15,000.00 | |
| | b) വാഴകൃഷി | 47 | 15,096.00 | |
| | c) ഇഞ്ചികൃഷി | 11 | 2,500.00 | |
| | c) തെങ്ങുകൃഷി | 42 | 3,600.00 | |
| III | സമഗ്ര നാളികേര വികസന പദ്ധതി | | | |
| | 1) സ്പ്രെയറിനുള്ള സബ്സിഡി | 3 | 3,000.00 | |
| | 2) കിണറിനുള്ള സബ്സിഡി | 23 | 5,7500.00 | |
| | 3) പമ്പ് സെറ്റിനുള്ള സബ്സിഡി | 17 | 4,2500.00 | |
| IV | ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽ നല്കുന്ന പദ്ധതി | | | |
| | a) സ്പ്രെയറിനുള്ള സബ്സിഡി | 1 | 3150.00 | |
| | b) തേനിച്ച വളർത്തൽ | 1 | 1000.00 | |

യന്ത്രവല്ക്കരണം തൊഴിലാളികളെ കണ്ടെത്തലും കൈമാറലും എല്ലാം ഈ സമിതി ചെയ്യേണ്ടതാണ്. നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി എന്നിവയുടെയെല്ലാം കൃഷി ഈ സമിതിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും ആവേണ്ടതാണ്.

ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താനായി ജനകീയ സംരംഭങ്ങളുണ്ടാകേണ്ടതാണ്. സന്നദ്ധപ്രവർത്തനത്തിലൂടെ പല ചിറകളും തോടുകളും വൃത്തിയാക്കാവുന്നതാണ്. പമ്പ്ഹൗസും പമ്പും സ്ഥിതിചെയ്യുന്ന തലക്കുളങ്ങളെക്കുറിച്ച് മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്.

അവ പ്രവർത്തനക്ഷമമാക്കാനുള്ള ശ്രമം ഉണ്ടാകണം. നല്ല ജല ലഭ്യതയുള്ള ഈതല ക്കുളങ്ങളിലെ ജലസേചന സംവിധാനങ്ങൾ മെച്ചപ്പെടുത്തി അതാത് ഏലാകളിൽ ജലമെത്തിക്കാമെങ്കിൽ ഇരിപ്പൂകൃഷി പലയിടങ്ങളിലും മൂപ്പൂവാക്കാം. അല്ലെങ്കിൽ ഈ ജലം ഉപയോഗിച്ച് വയലുകളിലും മറ്റും പച്ചക്കറിയും പയറുവർഗ്ഗങ്ങളും കൃഷിചെയ്യാം. സഹകരണസംഘം, കൃഷിഭവൻ എന്നിവയിലൂടെ കൃഷിക്കാർക്കായി നൽകുന്ന ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാക്കാനും, അവ കാർഷികാവശ്യങ്ങൾക്കായിത്തന്നെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താനും പഞ്ചായത്ത് തലത്തിൽ നിലവിൽവരുന്ന ജനകീയ സമിതികൾക്ക് കഴിയണം. പഞ്ചായത്തിലെ മുഖ്യതോടായ തോട്ടയ്ക്കാട് മൂങ്ങോട് തോടിൽ സ്ഥാപിച്ചിട്ടുള്ള ക്രോസ്ബാറുകൾ ഇപ്പോൾ നിലവിലില്ല. അവ പുനസ്ഥാപിക്കാനും തോടിന്റെ വ്യത്യസ്ത പ്രവാഹഘട്ടങ്ങളിൽ സന്നദ്ധപ്രവർത്തനങ്ങളിലൂടെയും മറ്റും തടയിണകൾ നിർമ്മിക്കാനും കഴിയണം. അങ്ങനെയാണെങ്കിൽ വേനൽക്കാലങ്ങളിൽ കൈത്തോടുകളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുവാനും സമീപത്തുള്ള പാടശേഖരങ്ങളിലേയും കരപ്രദേശങ്ങളിലേയും നനവ് നിലനിർത്താനും സാധിക്കും.

തെങ്ങുകൃഷിക്കായി പഞ്ചായത്തുതലത്തിൽ നിലനിൽക്കുന്ന കേരകർഷകസംഘം കൂടുതൽ ജനപങ്കാളിത്തത്തോടെ പുനക്രമീകരിക്കണം. മണ്ണിന്റെ രാസപരിശോധന ശാസ്ത്രീയമായി നടത്തുവാനും തെങ്ങിൻതോപ്പുകൾ നനയ്ക്കുവാനും ഇടവിളകൃഷി പ്രോത്സാഹിപ്പിക്കാനുമുള്ള സംരംഭങ്ങൾ ഈ സമിതി ചെയ്യേണ്ടതാണ്. കൃഷിഭവനിലൂടെ നടപ്പാകുന്ന ജലസേചന പദ്ധതികൾ നടപ്പാക്കി, ഇടവിളകൃഷി പ്രോത്സാഹിപ്പിച്ചാൽ തെങ്ങിനുവേണ്ടി ചിലവാക്കുന്ന അധികച്ചെലവ് ഇടവിളകൃഷിയിലൂടെ നികത്താവുന്നതാണ്.

പച്ചിലവളങ്ങൾക്കായി പാടശേഖര സമിതിയുടെ നേതൃത്വത്തിൽ വരമ്പുകളിലോ പാടത്തിന്റെ അതിർത്തികളിലോ തരിശുഭൂമികളിലോ, വേഗം വളരുന്ന ശീമക്കൊന്നപോലുള്ള മരങ്ങൾ നട്ടുപിടിപ്പിക്കാം. ഇവ മണ്ണുസംരക്ഷണത്തിന് അനുയോജ്യമാക്കി എടുക്കുകയും ചെയ്യാം. ജൈവവളങ്ങൾ നിർമ്മിക്കാനുള്ള സംരംഭങ്ങളും പാടശേഖരസമിതികൾക്ക് കൂട്ടായി ചെയ്യാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ജനകീയ സമിതിക്ക് കീഴിലോ, പാടശേഖരസമിതിക്ക് കീഴിലോ വിത്തും നടീൽ വസ്തുക്കളും ഉത്പാദിപ്പിച്ച് വിതരണം നടത്താനുള്ള ശ്രമങ്ങളും നടത്തേണ്ടതാണ്.

ഈ ഗ്രാമത്തിന്റെ കൃഷി യോഗ്യമായ ഭൂമിയുടെ 35% ചരിഞ്ഞ പ്രദേശങ്ങളാണല്ലോ അവിടെ മണ്ണുസംരക്ഷണത്തിനനുയോജ്യമായ വിളവിതരണത്തിൽ ശ്രദ്ധിക്കേണ്ടതാണ്. വെള്ളം തടഞ്ഞുനിർത്താനുതകുന്ന ബണ്ടുകൾ നിർമ്മിച്ച് അതിൽ മൾബറിച്ചെടികൾ നട്ടുവളർത്താനും അതുവഴി പട്ടുനൂൽകൃഷി വ്യാപിപ്പിക്കുവാനും കഴിയും. ബണ്ടുകളിലും കയ്യാലകളിലും പുല്ല് വച്ചുപിടിപ്പിച്ച് കന്നുകാലിവളർത്തലിനും ജൈവവള ഉല്പാദനത്തിനും മണ്ണുസംരക്ഷണത്തിനും പ്രയോജനപ്പെടുത്താവുന്നതാണ്.

രാസവള കീടനാശിനി പ്രയോഗത്തിന് നിയന്ത്രണണം ഏർപ്പെടുത്താനും അതിന്റെ ദോഷഫലങ്ങളെപ്പറ്റി ബോധവൽക്കരിക്കാനുമുള്ള സംവിധാനങ്ങൾ പഞ്ചായത്തുതലത്തിൽ ഉണ്ടാകണം. മിത്രപ്രാണികളെപ്പറ്റിയും, ജൈവകീടനാശിനി നിർമ്മാണത്തെക്കുറിച്ചും ജീവാണുവളങ്ങളെക്കുറിച്ചുമുള്ള ബോധവല്ക്കരണങ്ങൾ ഉണ്ടാകണം.

അടുത്ത അഞ്ചുവർഷത്തിനുള്ളിൽ പച്ചക്കറികൃഷികളിൽ സ്വയം പര്യാപ്തത നേടാനായുള്ള ഒരു ജനകീയ സംരംഭം ഉണ്ടാക്കാവുന്നതാണ്. പഞ്ചായത്തുതലത്തിൽ ഇതിനായി ഒരു ജനകീയ പച്ചക്കറിസമിതി നിലവിൽവരണം. ജനപ്രതിനിധികളും. കൃഷിഭവൻ, അംഗൻവാടി, ആരോഗ്യസ്ഥാപനങ്ങൾ, സ്കൂളുകൾ മഹിളാസമാജങ്ങൾ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയിലെ പ്രവർത്തകർ അംഗങ്ങളാകാം. വാർഡുകളിലും ഇത്തരം സമിതികൾ നിലവിൽ വരണം.

ഓരോ വാർഡിലുമുള്ള വീട്ടമ്മമാരെയും കൃഷിക്കാരെയും ചെറുഗ്രൂപ്പുകളായിതിരിച്ച് അവർക്കായി നല്ല നടീൽ വസ്തുക്കളും നാടൻകൃഷിരീതികളും നൽകാവുന്നതാണ്. നിരന്തരമായ നിരീക്ഷണങ്ങളിലൂടെയും മറ്റും ഈ പ്രവർത്തനങ്ങളുടെ സജീവത നില നിർത്തേണ്ടതാണ്. ഓരോ ചെറുഗ്രൂപ്പു കൾക്കും ഒന്നോ രണ്ടോപേർക്ക് ചുമതലകൾ വീതിച്ചു നൽകാവുന്നതാണ്. ഇതിനുപുറമേ പൊതുസ്ഥലങ്ങളിൽ സംഘകൃഷി നടത്തു വാൻ താല്പര്യമുള്ള സന്നദ്ധസംഘടനകളെ കണ്ടെത്തണം. അവയുടെ കൂട്ടായ പ്രവർത്ത നത്തിൽ സംഘകൃഷി നടത്താം. അവരെ പ്രോത്സാഹപ്പിക്കുന്നതിന് ആകർഷകമായ പ്രോത്സാഹനങ്ങളും സംഘടിപ്പിക്കാം. വയ ലുകളിൽ മൂന്നാംവിളയായി പാടശേഖരസമി തികളുടെ നേതൃത്വത്തിൽ പച്ചക്കറി കൃഷി നടത്താവുന്നതാണ്. തൊഴിലില്ലാത്ത ചെറു പ്പക്കാർക്ക് പാടശേഖരങ്ങൾ പാട്ടത്തിനെ ടുത്തും ഇതു ചെയ്യാവുന്നതാണ്. വേണ്ടസ ഹായങ്ങളും പ്രോത്സാഹനവും പഞ്ചായത്ത് തലത്തിൽ നിലവിൽ വരുന്ന ജനകീയ സമി തിയിൽനിന്ന് ഉണ്ടാകണമെന്ന് മാത്രം.

ഇങ്ങനെയുണ്ടാകുന്ന അധികവിളവിപ ണനം നടത്താനുള്ള സംവിധാനങ്ങളും പഞ്ചായത്തിനകത്ത് തന്നെ ഉണ്ടാകേണ്ട താണ്. പച്ചക്കറികൃഷിക്കുവേണ്ടി രൂപം കൊള്ളുന്ന ജനകീയസമിതിയുടെ നേതൃത്വ ത്തിൽ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ഒന്നോ രണ്ടോ കേന്ദ്രങ്ങളിൽ വിപണനകേന്ദ്രങ്ങൾ തുറക്കാവുന്നതാണ്. കൃഷിക്കാരിൽ നിന്നും ന്യായവിലയ്ക്ക് പച്ചക്കറിവാങ്ങി ഉപഭോക്താ ക്കൾ നൃയവിലയ്ക്ക് അവ എത്തിക്കുവാൻ ഈ സംവിധാനത്തിന് കഴിയും. നിരന്തരനി രീക്ഷണവും വിലയിരുത്തലും ഉണ്ടെങ്കിൽ ഈ സംരംഭം വഴി ഒരുവിധം നമ്മുടെ പച്ച ക്കറി ആവശ്യം പരിഹരിക്കാവുന്നതാണ്. ശാസ്ത്രസാഹിത്യപരിഷത് എന്ന സംഘടന ഇപ്പോൾ ഈ രംഗത്ത് നടത്തിവരുന്ന സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

തെങ്ങ്, മാവ് തുടങ്ങിയവയുടെ പൂങ്കുല കളിൽ ബാധിക്കുന്ന നിസ്സാരരോഗങ്ങളുടെ ഫലമായി ഉല്പാദനത്തിലുണ്ടാകുന്ന നഷ്ടം വളരെ വലുതാണ്. ഇത് പരിഹരിക്കാൻ ഒരു സംവിധാനം ഉണ്ടാകേണ്ടതാണ്. ഓരോ വാർഡിൽനിന്നും ഒന്നോ രണ്ടോ പേരെ തെര ഞ്ഞെടുത്ത് അവർക്ക് വേണ്ടപരിശീലനം നൽകിയാൽ (ഇവർ കൃഷിക്കാരോ സാമൂഹ്യ പ്രവർത്തകരോ ആവാം) അവരെ ഉപയോ ഗിച്ച് അതാത് പ്രദേശത്തെ ഇത്തരം പ്രശ്ന ങ്ങൾ പരിഹരിക്കാവുന്നതാണ്. ഇത്തരം കൃഷിമെക്കാനിക്കുകൾ ഓരോ പ്രദേശത്തും ഉണ്ടാകേണ്ടതാണ്. ശാസ്ത്രസാഹിത്യ പരി ഷത് ഇപ്പോൾ നടപ്പാക്കിവരുന്ന 'കൃഷിമിത്രം' പോലുള്ള പരിപാടി മാതൃകയാക്കാം. കാർഷിക സമിതികൾക്കോ, പഞ്ചായത്ത് സമിതികൾക്കോ ഇവരുടെ സേവനത്തെ ചിട്ട പ്പെടുത്താവുന്നതാണ്.

നല്ലയിനം വിത്തുകൾ നടീൽ വസ്തുക്കൾ എന്നിവയുടെ ഉല്പാദനത്തിന്, ഗ്രന്ഥശാല കൾ, സാംസ്ക്കാരിക സംഘടനകൾ, മഹി ളാസമാജങ്ങൾ, തുടർവിദ്യാഭ്യാസകേന്ദ്രങ്ങൾ എന്നിവയിലെ പ്രവർത്തകർക്കായി നടപ്പുപ ദ്ധതികൾ പ്രയോജനപ്പെടുത്തി ചില പദ്ധതി കൾ നടപ്പാക്കാവുന്നതാണ്. പാടശേഖരക്ക മ്മിറ്റികളുടെ നേതൃത്വത്തിലും ഇത് ചെയ്യാ വുന്നതാണ്.

മഹിളാസമാജങ്ങളും അംഗനവാടികളും കേന്ദ്രീകരിച്ച് തൊഴിലില്ലാത്ത ധാരാളം യുവ തികളെ സംഘടിപ്പിക്കാവുന്നതാണ്. ഇവർക്ക് കൂൺകൃഷി, പുഷ്പകൃഷി, ഔഷധസസ്യ കൃഷി എന്നിവയ്ക്കുവേണ്ട പദ്ധതികളും ആവാം. പഴങ്ങളും ഫലങ്ങളും സംസ്ക്കരി ക്കുന്ന സംരംഭങ്ങളുമാകാം. വനിതാ സഹ കരണസംഘങ്ങളെ ഇതിന്റെ മേൽനോട്ടം ഏല്പ്പിക്കാവുന്നതാണ്. ചില നടപ്പു പദ്ധതി കൾ കേന്ദ്രസഹായം വിദാനം ചെയ്തിട്ടു ള്ളവഇതിനായി പ്രയോജനപ്പെടുത്താം.

ഈ ഗ്രാമത്തിലെ തീരപ്രദേശങ്ങളായ മൂങ്ങോട്, വെട്ടുകാട്, വൻകടവ്, കുളമുട്ടം എന്നിവിടങ്ങളിൽ ലഭ്യമായ ചകിരിച്ചോറും, ചില കുളങ്ങളിലും പാടങ്ങളിലും ധാരാള മായി കണ്ടുവരുന്ന ആഫ്രിക്കൻ പായലും ഉപയോഗിച്ച് ബയോടെക്നോളജിയിലൂടെ

ജൈവവളം, ഉല്പാദിപ്പിച്ചെടുക്കാനുള്ള സാധ്യതയുണ്ട്. കേരളകാർഷിക സർവകലാശാലയുടെ സേവനം ഇതിനായി തേടാവുന്നതാണ്.

ഭക്ഷ്യവിളകൾ കൃഷിചെയ്യുന്നവരെ സഹായിക്കുവാനായി നാണ്യവിളകൾ കൃഷിചെയ്യുന്നവരിൽ നിന്ന് ഒരു ചെറിയ ശതമാനം സെസ്സ് പിരിക്കാനും അത് സബ്സിഡിയായി ഭക്ഷ്യവിള കർഷകർക്ക് നൽകാനുമുള്ള സംസ്ഥാനാടിസ്ഥാനത്തിലുള്ള ഒരു നിയമനിർമ്മാണത്തിന് വേണ്ട ജനകീയ സമ്മർദ്ദവും രൂപപ്പെടുത്തേണ്ടതാണ്.

മണ്ണിലെ ഈർപ്പം നിലനിർത്താനും മണ്ണൊലിപ്പ് തടയാനും വനവൽക്കരണംപോലുള്ള സംരംഭങ്ങളും വേണ്ടതാണ്. സർക്കാർ സ്ഥാപനങ്ങളിലെ ഒഴിഞ്ഞ പ്രദേശങ്ങളിലും തരിശ്ഭൂമികളിലും വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കേണ്ടതാണ്. വിറകിന് മാത്രമുള്ള വൃക്ഷങ്ങൾ എന്നനില മാറി, തടിക്കും, ഫലങ്ങൾക്കുമുള്ള വൃക്ഷങ്ങളും നടാവുന്നതാണ്. റോഡരുകുകളും ഇതിനായി ഉപയോഗിക്കാം. അതാത് പ്രദേശങ്ങളിലെ സംഘടനകളേയോ ജനകീയസമിതികളേയോ ഇവയുടെ സംരക്ഷണച്ചുമതല ഏല്പ്പിക്കാം. ആദായത്തിന്റെ ഒരു വിഹിതം സംരക്ഷണച്ചുമതലവഹിക്കുന്നവർക്ക് നൽകാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

കൃഷിത്തൊഴിലുകളോടും കാർഷികവൃത്തിയോടും താല്പര്യം വളർത്തി എടുക്കുവാൻ പഞ്ചായത്ത് തലത്തിൽ വിളവെടുപ്പ് മത്സരങ്ങളും, കാർഷികമത്സരങ്ങളും സംഘടിപ്പിക്കാം. സ്കൂളുകളിൽ പച്ചക്കറി ക്ലബ്ബുകൾ (നടപ്പുപദ്ധതി വിപുലപ്പെടുത്തി, മോണിറ്ററിംഗ് ശക്തിപ്പെടുത്തിയാൽ ഇത് നല്ലസംരംഭമാണ്) രൂപീകരിക്കാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ പഞ്ചായത്തിനുള്ളിലുള്ള സംഘടനകളിലും കലാകായികമേളകൾ സംഘടിപ്പിക്കുമ്പോൾ, തെങ്ങുകയറ്റമത്സരം, കിളയിൽ മത്സരം, കൊയ്ത്ത് മത്സരം, മരമടിമത്സരം എന്നിവസംഘടിപ്പിക്കാവുന്നതാണ്. കാർഷികവിഷയങ്ങളെ കേന്ദ്രമാക്കിയു ള്ള പ്രസംഗമത്സരങ്ങൾ, ക്വിസ്മത്സരങ്ങൾ എന്നിവയും സംഘടിപ്പിക്കാം. നല്ല അടുക്കളത്തോട്ടം, നല്ല സ്കൂൾ പച്ചക്കറിത്തോട്ടം, നല്ല സംഘകൃഷിത്തോട്ടം, നല്ല പാടശേഖരസമിതി, കേരകർഷകസമിതി, നല്ല കാർഷികപ്രവർത്തകൻ എന്നിവരെ കണ്ടെത്തി ആദരിക്കാവുന്നതാണ്. പഞ്ചായത്തടിസ്ഥാനത്തിൽ വിളിച്ചുകൂട്ടുന്ന വിപുലമായ കാർഷിക കൺവെൻഷനുകളായിരിക്കണം ഇതിനുള്ള വേദി.

# മൃഗസംരക്ഷണം

കാർഷിക ഗ്രാമമായ മണമ്പൂരിൽ കൃഷിയുടെ അവിഭാജ്യഘടകമായിരുന്നു കന്നുകാലിവളർത്തൽ. ഉഴവുമാടുകളെന്ന നിലയിലും വണ്ടി വലിക്കുന്നതിനും പാലുല്പാദിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവളങ്ങളുടെ മുഖ്യസ്രോതസ്സും കന്നുകാലികളായിരുന്നു. കാലിവളർത്തൽ മുഖ്യതൊഴിലാക്കിയ പല കുടംബങ്ങളും ഇവിടെയുണ്ടായിരുന്നു. കാലി മേയ്ക്കാനുള്ള സ്ഥലം ഈ ഗ്രാമത്തിന്റെ പല ഭാഗത്തുമുണ്ടായിരുന്നു. പുൽപ്രാദേശങ്ങൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും മറ്റു കൃഷികൾക്ക് ഉപയോഗിച്ചു തുടങ്ങിയതോടെ മേച്ചിൽ സ്ഥലങ്ങൾ ചുരുങ്ങി വന്നു.

പശു, കാള, എരുമ, പോത്ത്, ആട് എന്നിവയാണ് ഇവിടെ വളർത്തിയിരുന്ന പ്രധാന മൃഗങ്ങൾ. വളർത്തു പക്ഷികളിൽ കോഴികൾ കൂടാതെ മുഖ്യതൊഴിലായി താറാവിനെ വളർത്തുന്ന കുടുംബങ്ങളും ഉണ്ടായിരുന്നു.

**വളർത്തു മൃഗങ്ങളും പക്ഷികളും**

| | 1987 | 1996 |
|---|---|---|
| പശു (സങ്കരയിനം) | 1969 | 2372 |
| കാള (സങ്കരയിനം) | 206 | 256 |
| പശു (നാടൻ) | 1073 | 950 |
| കാള (നാടൻ) | 247 | 205 |
| കിടാരികൾ (സങ്കരയിനം) | 1228 | 1736 |
| കിടാരികൾ (നാടൻ) | 644 | 520 |
| എരുമ | 38 | 51 |
| പോത്ത് | 23 | 30 |
| കിടാരികൾ | 21 | 25 |
| ആട് (പെൺ) | 1815 | 2115 |
| ആട് (ആൺ) | 611 | 824 |
| ചെമ്മരിയാട് | 1 | 2 |
| പന്നി | 30 | 80 |
| പട്ടി | 1060 | 1520 |
| കോഴി (നാടൻ) | 10248 | 13245 |
| കോഴി (സങ്കരയിനം) | 361 | 5076 |
| താറാവ് | 212 | 448 |

അവലംബം: ലൈവ് സ്റ്റോക്ക് സെൻസസ്.

കഴിഞ്ഞ കുറെ വർഷങ്ങളിൽ വളർത്തു മൃഗ സംഖ്യയിൽ വലിയ മാറ്റം സംഭവിച്ചിരിക്കുന്നു. നാടൻ പശുക്കളുടെ എണ്ണം കുറഞ്ഞു വരുന്നു. ഇന്നുള്ള പശുക്കളിൽ 60 ശതമാനവും സങ്കരയിനത്തിൽപ്പെട്ടവയാണ്. കാള വണ്ടി ഇന്ന് ഒരു ഓർമ്മയായി മാറിക്കഴിഞ്ഞു. അതുപോലെ കലപ്പയുടെ ഉപയോഗവും കുറഞ്ഞുവരുന്നു. നെൽക്കൃഷി കുറഞ്ഞതുകാരണം കാർഷികവൃത്തിയിൽ മൃഗങ്ങളുടെ ഉപയോഗവും കുറഞ്ഞു വരുന്നതായി കാണാം.

മണമ്പൂർ പഞ്ചായത്തിൽ 1996ൽ പ്രവർത്തനം ആരംഭിച്ച മൃഗാശുപത്രിയും 1990ൽ തുടങ്ങിയ രണ്ടു ഉപകേന്ദ്രങ്ങളുമുണ്ട്. ഉപകേന്ദ്രങ്ങളിൽ കന്നുകാലികളെ കൊണ്ടുവന്ന് ഗർഭധാരണം നടത്തുന്നതിനും വന്ധ്യത പരിശോധിക്കുന്നതിനുമുള്ള സൗകര്യമുണ്ട്. കൂടാതെ കന്നുക്കുട്ടികളുടെ ജനനവും രജിസ്റ്റർ ചെയ്തുവരുന്നു. ഈയിടെ ആരംഭിച്ച മൃഗാശുപത്രിയിൽ പ്രതിരോധ കുത്തിവയ്പ്പുകൾ സൗജന്യനിരക്കിൽ ചെയ്യാനുള്ള സൗകര്യവുമുണ്ട്.

മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടു ഒട്ടനവധി സ്വകാര്യ സംരംഭങ്ങൾ മണമ്പൂർ പഞ്ചായത്തിൽ ഈ അടുത്ത കാലങ്ങളിൽ രൂപംകൊണ്ടിട്ടുണ്ട്. പത്തിലധികം ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ നിലവിലുണ്ട്. അതിനോടനുബന്ധിച്ച് കോൾഡ് സ്റ്റോറേജുകളും നിലവിലുണ്ട്.

മണമ്പൂർ പഞ്ചായത്തിൽ അപ്കോസ് മോഡലിൽ മൂന്ന് സംഘങ്ങൾ നിലവിലുണ്ട്. ഒരോ സംഘത്തിലും രാവിലേയും വൈകുന്നേരവുമായി ഏകദേശം 700 ലിറ്ററോളം പാൽ ശേഖരിച്ചു വരുന്നു. പാൽ ഉല്പാദകർക്ക് മിൽമ വഴി കന്നുകാലിതീറ്റ നൽകി വരുന്നു. ക്ഷീരസംഘങ്ങളുടെ ആഭിമുഖ്യത്തിൽ പാൽ ഉല്പന്നവിപണന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

പ്രത്യേകം കന്നുക്കുട്ടി പരിപാലനപദ്ധതി പ്രകാരം തെരഞ്ഞെടുത്ത കർഷകർക്ക് ഒരു പഞ്ചായത്തിൽ ഒരു സൊസൈറ്റി എന്ന രീതിയിൽ കന്നുക്കുട്ടികളെ ഇൻഷ്വർ ചെയ്തു രജിസ്ട്രേഷൻ നടത്തി സംഘത്തിൽ നിന്നും കാലിത്തീറ്റ സബ്സിഡി ഇനത്തിൽ നൽകി വരുന്നു.

കന്നുകാലി വളർത്തുകാർ നേരിടുന്ന പ്രധാന പ്രശ്നം കാലി വളർത്തൽ ലാഭകരമല്ലാത്തതാണ്. കാലിത്തീറ്റയുടെ വിലവർദ്ധന പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം മേച്ചിൽ സ്ഥലങ്ങളുടെ അഭാവം പച്ചില ലഭിക്കാനുള്ള ബുദ്ധിമുട്ട് എന്നിവ ഈ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. ഇതിന് പുറമേ ഉല്പാദകന് ന്യായമായ പാൽ വില ലഭിക്കായ്മ ഉപഭോക്താവിന് ന്യായമായ വിലയ്ക്കു പാൽ ലഭിക്കായ്മ. വിപണനരംഗത്തെ അപര്യാപ്തത ഭാരിച്ച ചികിത്സാച്ചെലവ് ഇൻഷുറൻസ് പരിരക്ഷയുടെ അപര്യാപ്തത ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്. തീറ്റപ്പുൽക്കൃഷിയുടെ അപര്യാപ്തത. കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള കോഴി, കാട, മുയൽ, താറാവ്, പന്നി, തേനീച്ച എന്നിവയുടെ ദൗർലഭ്യം. അശാസ്ത്രീയമായ മാംസോല്പാദന രീതികൾ അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്ത മൃഗാശുപത്രികളുടെയും ഉപകേന്ദ്രങ്ങളുടെയും അവസ്ഥ. പട്ടിപിടുത്തക്കാരെ സമയത്തു കിട്ടാത്തതിനാലും കിട്ടിയാലും അവരുടെ പ്രവർത്തനം തൃപ്തികരമല്ലാത്തതിനാലും പേപ്പട്ടിശല്യവും അനുഭവപ്പെടുന്നുണ്ട്.

### നടപ്പുപദ്ധതികളും പോരായ്മകളും

**1. പ്രത്യേക കന്നുക്കുട്ടി പരിപാലന പരിപാടി**

ഈ പരിപാടിയുടെ ആനുകൂല്യം ഒരു വിഭാഗം കർഷകർക്ക് മാത്രമേ ഇപ്പോൾ ലഭ്യമാകുന്നുള്ളു.

**2. പേവിഷനിയന്ത്രണ പദ്ധതി**

പ്രതിരോധകുത്തിവയ്പ്പ് ഇപ്പോൾ നിർബന്ധമല്ല.

**3. കാലിരോഗനിയന്ത്രണ പദ്ധതി**

പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും എല്ലാ കർഷകർക്കും ഉപയോഗപ്പെടുന്നില്ല.

**4. ആടുവളർത്തൽ പദ്ധതി**

നല്ലയിനം ആട്ടിൻകുട്ടികൾ ലഭ്യമല്ല. പച്ചിലത്തീറ്റയുടെ ദൗർലഭ്യമുണ്ട്.

**5. ഊർജ്ജിത പന്നി വളർത്തൽ പദ്ധതി**

പന്നിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യമുണ്ട്. ഇപ്പോൾ സർക്കാർ ഫാമുകളിൽ മാത്രമേ ലഭ്യമാകുന്നുള്ളു.

**6. ഇറച്ചിക്കോഴി വളർത്തൽ പദ്ധതി**

കോഴിക്കുഞ്ഞുങ്ങളുടെ അഭാവവും കോഴിത്തീറ്റയുടെ അഭാവവും അമിതവിലയും.

**സാദ്ധ്യതകൾ**

പ്രാദേശികമായി ലഭിക്കുന്ന തവിട് തേങ്ങാപ്പിണ്ണാക്ക്, ചക്കക്കുരു, മത്സ്യാവശിഷ്ടങ്ങൾ, കൊന്നയില എന്നീ അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ചു സഹകരണാടിസ്ഥാനത്തിൽ തീറ്റ നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കുക.

പഞ്ചായത്തിൽ ലഭ്യമായ പുറംമ്പോക്കു സ്ഥലങ്ങളിലും സ്വകാര്യ വ്യക്തികളുടെ തെങ്ങുകൃഷി നടത്തുന്ന സ്ഥലങ്ങളിൽ തീറ്റപ്പുല്ല് കൃഷി നടത്തക്ക രീതിയിൽ കൃഷി ഡിപ്പാർട്ട്മെന്റ് വഴി പുല്ല് വിത്ത് ലഭ്യമാക്കുക.

സഹകരണാടിസ്ഥാനത്തിൽ പാൽ ശേഖരിക്കാനും വിതരണം നടത്തുവാനുമുള്ള സൗകര്യം ഉണ്ടാക്കുക വഴി നിലവിലിരിക്കുന്ന കാർഷികസംഘത്തിൽ നിന്നും ഉള്ള വായ്പ്പാ സൗകര്യം ഉദാരമാക്കുക

മൃഗാശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക.

പഞ്ചായത്തുതലത്തിൽ കന്നുകാലികൾക്ക് ഇൻഷുറൻസ് പരിരക്ഷ നടപ്പിലാക്കുക.

വർഗ്ഗോദ്ധാരണത്തിന് വേണ്ടി 500 പശുക്കൾക്ക് ഒന്ന് എന്ന തോതിൽ കൃത്രിമ ബീജ സങ്കലനകേന്ദ്രങ്ങൾ ആരംഭിക്കുക.

ശാസ്ത്രീയമായ രീതിയിലുള്ള അറവുശാലകൾ സ്ഥാപിക്കുകയും ശുദ്ധമായ മാംസ വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുക വഴി മൃഗസംരക്ഷണ മേഖലയിൽ സ്ത്രീ പങ്കാളിത്തം ഉറപ്പു വരുത്തുക.

മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് വികസന സമിതി രൂപികരിക്കുകയും ആധുനിക സൗകര്യങ്ങൾ മൃഗാശുപത്രിയിൽ ലഭ്യമാക്കുകയും ചെയ്യുക.

സമഗ്ര പേവിഷ നിയന്ത്രണ നയം ഉണ്ടാക്കുകയും പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കൾക്കും പ്രതിരോധകുത്തിവയ്പ്പ് നൽകുകയും ലൈസൻസിംഗ് നിർബന്ധമാക്കുകയും ചെയ്യുക.

ജനപ്രതിനിധികൾ സന്നദ്ധസംഘടനാ പ്രതിനിധികൾ മൃഗസംരക്ഷണവകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഒരു ജനകീയ സമിതിയുടെ നേതൃത്വത്തിൽ സമഗ്രമായ ഒരു കന്നുകാലി സെൻസസ് എടുത്ത് ക്ഷീരോല്പാദനം, രോഗബാധ, വിപണനം, തീറ്റലഭ്യത, എന്നിവയെ സംബന്ധിച്ച യഥാർത്ഥ ചിത്രം മനസ്സിലാക്കുകയും പരിഹാര പരിപാടികൾ ആസൂത്രണം ചെയ്തു അവലോകനവും നിരീക്ഷണവും ഈ സമിതികളെ ഏല്പിക്കേണ്ടതുമാണ്. കാരണം മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണയൂണിറ്റ് തീറ്റ പുൽകൃഷി തുടങ്ങിയ പല നടപ്പു പദ്ധികളുടെയും ആനുകൂല്യം വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താത്ത ഒരു സാഹചര്യം നിലവിലുണ്ട്. അവ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നോ എന്നുള്ള നിരീക്ഷണവും വേണ്ട ബോധവത്കരണവും ഈ സമിതികളുടെ ചുമതലയിൽപ്പെടുത്തണം

മൃഗപരിപാലനത്തോടൊപ്പം കൃഷി, കോഴി വളർത്തൽ, താറാവുവളർത്തൽ എന്നിവ സംയോജിപ്പിച്ച് ലഭ്യമായ കൃഷിസ്ഥലം പൂർണ്ണമായും ഉപയോഗപ്പെടുത്താവുന്ന സമ്മിശ്രമൃഗപരിപാലനരീതികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

ഊർജ്ജത്തിനായി ചെറിയ ഗോബർഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കാവുന്നതാണ്.

സ്വകാര്യമേഖലയിൽ മുട്ടവിരിയൽകേന്ദ്രങ്ങളും കോഴിവളർത്തൽ യൂണിറ്റുകളും

പ്രോത്സാഹിപ്പിച്ച് ഗുണമേന്മയുള്ള കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ചും ന്യായവിലയ്ക്ക് ഗ്രാമപ്രദേശങ്ങളിൽ എത്തിക്കുന്ന ഒരു പദ്ധതി നിലവിലുണ്ട്. നടപ്പു വർഷം 15 ലക്ഷം രൂപാ നീക്കിവച്ച ഈ പദ്ധതി വിപുലമാക്കി സഹകരണാടിസ്ഥാനത്തിൽ വ്യാപിപ്പിച്ചാൽ ഗ്രാമങ്ങളിലെ തൊഴിൽരഹിത ചെറുപ്പക്കാർക്ക് തൊഴിലും കൃഷിക്കാർക്ക് സൗകര്യമാകും. മാംസോല്പാദനം ലക്ഷ്യംവച്ച് കാളക്കുട്ടി വളർത്തൽ സംരംഭവും ഇതിലുണ്ട്. മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തു തലത്തിൽ നിലവിൽ വരുന്ന ജനകീയസമിതിയുടെ കീഴിൽ സഹകരണ സംരംഭമായി ഇത്തരം യൂണിറ്റോ, യൂണിറ്റുകളോ തുടങ്ങാവുന്നതാണ്.

ധനകാര്യസ്ഥാപനങ്ങൾ വഴി കന്നുകാലി വളർത്തൽ കർഷകർക്ക് സബ്സിഡി വഴി കന്നുകാലികളെ ലഭ്യമാക്കാനുള്ള ഏർപ്പാടുണ്ടാകേണ്ടതാണ്.

# മത്സ്യബന്ധനം

പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിലൂടെ ഒഴുകുന്ന 6300 മീറ്റർ തോടുകൾ, 14 കുളങ്ങൾ, മൂങ്ങോട് കായലിന്റെ ഏതാനും ഭാഗങ്ങൾ ഇത്രയും ആണ് പഞ്ചായത്തിലെ ഉപരിതല ജലസ്രോതസുകൾ. ഇവയിൽ മൂങ്ങോട്ട് കായലിന്റെ ഭാഗങ്ങളിലാണ് മത്സ്യബന്ധനം പ്രവർത്തനം നടക്കുന്നത്.

മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയ 25 കുടുംബങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഇവയിൽ ആർക്കം തന്നെ ആധുനിക രീതിയിലുള്ള മത്സ്യബന്ധന ഉപകരണങ്ങൾ ഇല്ല. പ്രധാനമായി ലഭിക്കുന്ന മത്സ്യം കരിമീൻ, മാല, കൊഞ്ച്, ഞണ്ട്, കക്ക, സിലോപിയ എന്നിവയാണ് ഉൾനാടൻ മത്സ്യബന്ധന സാദ്ധ്യതകൾ തീരെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല കൂടുതൽ കുളങ്ങളും 10 സെന്റിന് താഴെ വിസ്തീർണ്ണമുള്ളവയാണ് മറ്റ് ചിലത് പൊതുകുളങ്ങളാണ്. തോടുകൾ ആണെങ്കിൽ വേനൽക്കാലത്ത് വെള്ളം വറ്റുന്നവയാണ്. പരമ്പരാഗതമായരീതിയിലോ, ശാസ്ത്രീയമായ രീതിയിലോ മത്സ്യകൃഷി ആരംഭിച്ചിട്ടില്ല. മത്സ്യ വിപണനത്തിനുള്ള പൊതു സംവിധാനങ്ങൾ താരതമ്യേന കുറവാണ് മത്സ്യവിപണനം കൂടുതലും സ്ത്രീ തൊഴിലാളികൾ തലചുമടായിട്ടാണ് നടത്തുന്നത്.

### ഗ്രാമസഭയിൽ ഉയർന്നപ്രശ്നങ്ങൾ

1. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് മത്സ്യബന്ധന ഉപകരങ്ങൾ വാങ്ങുന്നതിന് സഹായ ധനങ്ങൾ ലഭിക്കുന്നില്ല.
2. കായലുകളിൽ മത്സ്യബന്ധനം നടത്തുന്ന ഭാഗങ്ങളിൽ തൊണ്ടഴുക്കുന്നത് കൊണ്ട് മത്സ്യരോഗം വ്യാപിക്കുന്നു.
3. മത്സ്യതൊഴിലാളികൾക്ക് വാർദ്ധക്യകാല പെൻഷൻ കിട്ടാൻ ബുദ്ധിമുട്ടനുഭവിക്കുന്നു.
4. കായലിൽ നീർവാളം (നഞ്ച്) കലക്കി വിടുന്നു.
5. കായൽ തീരങ്ങളിൽ നിയന്ത്രണങ്ങൾ ഇല്ലാതെ കെട്ടിടങ്ങളും ടാങ്കുകളും നിർമ്മിക്കുന്നു.

### പരിഹാര നിർദ്ദേശങ്ങൾ

1. മത്സ്യബന്ധനം നടത്തുന്നതിനുള്ള വള്ളം, വല എന്നിവ വാങ്ങുന്നതിന് ബാങ്കുകൾ വഴി ദീർഘകാല വായ്പകൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വായ്പകൾക്ക് സബ്സിഡി അനുവദിക്കുകയും ചെയ്യുക.
2. മത്സ്യരോഗം തടയുന്നതിന് തൊണ്ടഴുക്കൽ വട്ടങ്ങളിലാക്കുക.
3. മത്സ്യതൊഴിലാളികൾക്കുള്ള പെൻഷൻ പഞ്ചായത്ത് വഴി ലഭ്യമാക്കുക.
4. പെൻഷൻ തുക വർദ്ധിപ്പിക്കുക.
5. കായലിൽ നീർവാളം (നഞ്ച്) കലക്കാതിരിക്കാൻ നിയമം ഉണ്ടാകണം.
6. കായലിൽ നിന്നും ഉദ്ദേശം 100 മീറ്ററിനകത്ത് കെട്ടിടങ്ങളോ ടാങ്കുകളോ നിർമ്മി

ക്കാതിരിക്കാൻ നടപടി ഉണ്ടാകേണ്ട താണ്.

പൊതുകുളങ്ങൾ മത്സ്യകൃഷിക്ക് വേണ്ടി ഗ്രൂപ്പുകൾക്ക് നൽകുക. 'നാട്ടിൻകുളം' പദ്ധതി പരിശോധിക്കേണ്ടതാണ്, കുളമുട്ടത്തെ പഞ്ചായത്ത് കുളം വാഴാംകോട്ട്കോണം കുളം, മാടൻകുളം, എന്നിവ നാട്ടിൻകുളം പദ്ധതിക്കായി തെരഞ്ഞെടുക്കാവുന്നതാണ്. മത്സ്യത്തൊഴിലാളികൾക്കായി ധാരാളം ക്ഷേമപദ്ധതികളും ആനുകൂല്യങ്ങളും നിലവിലുണ്ട്. അവയൊന്നും ഫലപ്രദമല്ല. ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ് തുടങ്ങിയവ മുഖേന നടപ്പാക്കുന്ന ഈ പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പാക്കേണ്ടതാണ് ശരിയായ ബോധവൽക്കരണം ഈ വിഷയങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഈ ഗ്രാമപഞ്ചായത്തിലെ പത്ത് വാർഡുകളിലായി ഏകദേശം 3664 പേർ പട്ടികജാതിക്കാരാണ്. (91-ലെ സെൻസസു പ്രകാരം ആകെ ജനസംഖ്യ 20575 ആണ്. ആകെ ജനസംഖ്യയുടെ 18 ശതമാനത്തോളം വരും ഈ ഗ്രാമത്തിലെ പട്ടികജാതിക്കാരുടെ എണ്ണം. ഗ്രാമത്തിലെ പട്ടികജാതിക്കാരായവരിൽ ഭൂരിഭാഗവും കോളനികളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. അപൂർവ്വം ആളുകളേ മറ്റുള്ള പ്രദേശങ്ങളിൽ പാർക്കുന്നുള്ളൂ. ആകെ ഈ ഗ്രാമപഞ്ചായത്തിൽ ഏഴു കോളനികൾ ഉണ്ട്. കോളനികളെപ്പറ്റിയും അവയുടെ ഭൗതിക സാഹചര്യങ്ങളെപ്പറ്റിയും താഴെയുള്ള പട്ടിക ശ്രദ്ധിക്കുക.

**കോളനികളിലെ ഭൗതിക സാഹചര്യം**
(അവലംബം ഗ്രാമസഭാറിപ്പോർട്ട്)

| വാർഡ് | കോളനികളുട എണ്ണം | പേര് | വീടില്ലാത്തവർ | കുടിവെള്ളം ഇല്ലാത്തവർ | കക്കൂസ് ഇല്ലാത്തവർ | വൈദ്യുതി ഇല്ലാത്തവർ |
|---|---|---|---|---|---|---|
| I | ഇല്ല | 50 ഹരജൻ കുടുംബങ്ങൾ | 20 | 25 | 31 | കണക്കില്ല |
| II | 2 | വാളക്കോട്, കോടൻവിള | ധാരാളം | 100 | 58 | കണക്കില്ല |
| III | ഇല്ല | 65 ഓളം കടുംബങ്ങൾ | 45 | 36 | 30 | കണക്കില്ല |
| IV | 2 | ഭാസ്കർകോളനി പത്തുകളം കോളനി | ധാരാളം | കണക്കില്ല | കണക്കില്ല | കണക്കില്ല |
| V | 1 | പുലിയിക്കുന്ന് | 51 | കണക്കില്ല | കണക്കില്ല | കണക്കില്ല |
| VI | ഇല്ല | 15 കടുംബങ്ങൾ മാത്രം | 38 | കണക്കില്ല | കണക്കില്ല | കണക്കില്ല |
| VII | 1 | ലക്ഷംവീട് കോളനി | 26 | 39 | 30 | കണക്കില്ല |
| VIII | ഇല്ല | 40 ഓളം കടംബങ്ങൾ | 29 | – | – | കണക്കില്ല |
| IX | 1 | പെരുംകുളം മിഷ്യൻ കോളനി | 68 | 50 | 46 | കണക്കില്ല |
| V | ഇല്ല | 22 കുടുംബങ്ങൾ മാത്രം | 8 | 10 | 4 | 7 |

..ളനികളിലെ ഭൗതികസാ..പര്യത്തെ പ്പറ്റി ഒരു ഏകദേശ ധാരണ ഈ പട്ടിക പരി ശോധിച്ചാൽ കിട്ടും. ഇതിനു പുറമേ തൊഴി ലില്ലായ്മ, നിരക്ഷരത, ദാരിദ്ര്യം, ഭൂമിയില്ലായ്മ തുടങ്ങിയ പല പ്രശ്നങ്ങളും കോളനികളിൽ നിലനിൽക്കുന്നുണ്ട് എന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ കാണിക്കുന്നു. കാർഷിക മേഖ ലയിലും കയർമേഖലയിലും ക്വാറികളിലും ആണ് ബഹുഭൂരിപക്ഷം പട്ടികജാതിക്കാരും പണിയെടുക്കുന്നത്. ദാരിദ്ര്യരേഖയ്ക്കു താഴെ സ്ഥിതിചെയ്യുന്ന കുടുംബങ്ങളാണ് ഈ വിഭാ ഗത്തിൽ ഏറെയും.

ഈ ഗ്രാമത്തിലെ ഏറ്റവും കൂടുതൽ പട്ടി കജാതിക്കാർ വസിക്കുന്നത് ix-ാം വാർഡിൽ ആണ്. ഇവിടെയുള്ള രണ്ടു കോളനികളും ഐ.എച്ച്.ഡി.പി. യാണ്. i-ാം വാർഡിൽ തോപ്പുവിളയിൽ ഒറ്റൂർ പഞ്ചായത്തിലെ കോള നിയുടെ ഭാഗമായി 20ഓളം പട്ടികജാതികുടും ബങ്ങളുണ്ട്. മറ്റു കോളനികളില്ലാത്ത വാർഡു കളിലും പട്ടികജാതി കുടുംബങ്ങളുണ്ട്. ഏറ്റവും കുറഞ്ഞ പട്ടികജാതി കുടുംബങ്ങൾ ഉള്ളത് vi-ാം വർഡിലാണ് 2 കുടുംബങ്ങൾ. x-ാം വാർഡിൽ 15 കുടുംബങ്ങൾ മാത്രമേ യുള്ളൂ.

പല പട്ടികജാതി കോളനികളിലും നിരക്ഷ രതയുള്ളപ്പോൾ തന്നെ ഇവരുടെ കുട്ടികളുടെ നിരക്ഷരതയും വളരെ കൂടുതലാണ്. സ്കൂളു കൾക്കുള്ളിലെ നിരക്ഷരരിൽ നല്ലൊരു ശത മാനം ഈ വിഭാഗത്തിൽ പെടുന്ന കുട്ടിക ളാണ്. കൊഴിഞ്ഞുപോകുന്ന കുട്ടികളിലധി കവും ഈ വിഭാഗത്തിൽ പെട്ടതുതന്നെ. രക്ഷ കർത്താക്കൾക്കിടയിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള അറിവില്ലായ്മയും, ദാരിദ്ര്യവുമാണ് ഈ കൊഴിഞ്ഞുപോക്കിന് കാരണം. ഇവരുടെ സാമൂഹിക പദവി ഏറെ യൊന്നും മെച്ചപ്പെട്ടിട്ടില്ല. പണ്ടൊക്കെ തീണ്ടാ പ്പാടകലത്തു മാറ്റി നിർത്തിയിരുന്ന ഇവർക്ക് ഇന്ന് അത്ര അവഗണന മറ്റു വിഭാഗങ്ങളിൽ നിന്നും നേരിടുന്നില്ല. എങ്കിലും ഇവരുടെ വീടു കളിൽ നിന്നും മറ്റുള്ളവർ ഭക്ഷണം കഴിക്കു ന്നത് അപൂർവ്വമാണ്. ചില സംഘടനകളിൽ ഇവരുടെ പ്രവർത്തനസാന്നിദ്ധ്യമുണ്ട്. ബി.ഡി.സി.എൽ, സിദ്ധനാർ സർവ്വീസ് സൊസൈറ്റി, അധഃകൃത ലീഗ് എന്നിവ ഉദാ ഹരണങ്ങൾ.

കർഷകത്തൊഴിലാളി പെൻഷൻ പോലുള്ള സാമൂഹിക ക്ഷേമ പെൻഷനുകൾ അർഹരായ പലർക്കും കിട്ടുന്നില്ലെന്നു പരാതിയുണ്ട്. പല തരത്തിലുള്ള ചൂഷണങ്ങൾക്കും ഇവർ വിധേ യരാകുന്നുണ്ട്. വിദ്യാഭ്യാസത്തിലെ പിന്നോ ക്കാവസ്ഥമൂലം പലതരം അന്ധവിശ്വാസ ങ്ങൾക്കും ഇവർ അടിമകളാണ്. വൃദ്ധജനങ്ങ ളുടെ സംരക്ഷണത്തിന് ഫലപ്രദമായ സംവി ധാനങ്ങളൊന്നും തന്നെ ഇവരുടെ ഇടയിൽ ഇല്ല. കോളനികളിലെ അടിസ്ഥാന സൗകര്യ ങ്ങളിലെ അപര്യാപ്തതയോടൊപ്പം തന്നെ പല കോളനികളിലുമുള്ള കുട്ടികൾക്കും അമ്മ മാർക്കും, അവശ്യം വേണ്ട ആരോഗ്യരക്ഷാ സംവിധാനങ്ങളില്ല. അംഗനവാടികളോ ബാല വാടികളോ ഇല്ല. തൊഴിലെടുക്കുന്ന അമ്മ മാർക്ക് കുട്ടികളെ സുരക്ഷിതമായി പാർപ്പിക്കാ നുള്ള സംവിധാനമില്ല. പോഷകാഹാരക്കുറ വുമൂലമുണ്ടാകുന്ന ചില രോഗങ്ങൾക്ക് ഗർഭി ണികളായ സ്ത്രീകളും മുലയൂട്ടുന്ന അമ്മ മാരും കുട്ടികളും അടിമകളാകുന്നു.

**സാധ്യതകൾ**

ഈ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ 20% ൽ അധികം പട്ടികജാതിക്കാരായതിനാൽ പദ്ധതിവിഹിതത്തിന്റെ 20% അവർക്കായി നീക്കിവെക്കാനുള്ള നടപടി ഉണ്ടാകേണ്ട താണ്.

സാമൂഹിക ക്ഷേമത്തിൽ മുൻപ് സൂചിപ്പി ച്ചതുപോലെ പട്ടികജാതിക്കാർക്കായി നടപ്പാ ക്കുന്ന പദ്ധതികളുടെ ഗുണഭോക്താക്കൾ അവരുതന്നെയാണെന്ന് ഉറപ്പുവരുത്തേണ്ട തുണ്ട്. ഈ നിലയിൽ ജെ. ആർ. വൈ പോലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേ ണ്ടതാണ്.

പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാനാ വശ്യങ്ങൾ നിറവേറ്റാനുതകുന്ന പദ്ധതികൾക്ക് മുൻഗണനനൽകി നടപ്പാക്കേണ്ടതാണ്.

ജനപങ്കാളിത്തം വിഭാവനം ചെയ്യുന്നതും കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതുമായ പദ്ധതികളാണ് ആസൂത്രണം ചെയ്യേണ്ടത്. ഐ.ആർ.ഡി.പി., ഡി. ഡബ്ല്യു. സി. ആർ. എ. തുടങ്ങിയവയുടെ വിഹിതം വർദ്ധിപ്പിക്കുവാനും അതിൽ ഒരു നിശ്ചിതവിഹിതം ഈ വിഭാഗങ്ങളിലുള്ളവർക്ക് നീക്കിവയ്ക്കാനുമുള്ള പദ്ധതികൾ ഉണ്ടായിരിക്കണം.

നടപ്പു പദ്ധതികളെപ്പറ്റി ബോധവത്ക്കരിക്കുവാനും അതിന്റെ ഗുണഫലങ്ങൾ ജനവിഭാഗങ്ങളിൽ ഫലപ്രദമായി എത്തിക്കാനും ഉതകുന്ന സംവിധാനങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ഉണ്ടാകേണ്ടതാണ്. സാമൂഹിക ക്ഷേമത്തിൽ നിർദ്ദേശിച്ച കാര്യങ്ങൾ ഇവിടെയും സാധ്യമാണ്.

സംയോജിത ഭവനനിർമ്മാണ പദ്ധതി ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി എന്നിവയുടെ പ്രയോജനം ഉപയോഗപ്പെടുത്തി ഈ വിഭാഗക്കാരുടെ പാർപ്പിടപ്രശ്നം പരിഹരിക്കാമോ എന്നു പരിശോധിക്കേണ്ടതാണ്. ജനകീയസമിതികളിലൂടെ ഉരുത്തിരിയുന്ന സന്നദ്ധ പ്രവർത്തനവും വിഭവസമാഹരണവും ഈ പദ്ധതികളുടെ നിർവ്വഹണത്തിനായി ഉപയോഗിക്കാവുന്നതാണ്.

ചികിത്സയ്ക്കും, മക്കളുടെ വിവാഹത്തിനും വിദ്യാഭ്യാസത്തിനുമെല്ലാം ധാരാളം പദ്ധതികൾ പട്ടികജാതിക്ഷേമ വകുപ്പിൻകീഴിൽ നിലവിലുണ്ട്. ഇവയുടെ ആനുകൂല്യം വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താനുള്ള സംവിധാനങ്ങൾ ഉണ്ടാകണം.

പല പട്ടികജാതി കോളനികളിലും അംഗനവാടികളോ പ്രീപ്രൈമറികളോ ഇല്ല. ഇതി[illegible]

നിലവിലുള്ള ചില പദ്ധതികളുടെ പരിഹ[illegible]ണ്. പട്ടികജാതി വിദ്യാർത്ഥികൾക്ക് [illegible] പട്ടികജാതിവിക[illegible]ള്ള പദ്ധതി ഉപയോഗിച്ച് [illegible] പോലുള്ള സ്ഥലങ്ങളിൽ [illegible]ങ്ങാം. പട്ടികജാതിയിൽപ്പെട്ട പല തൊഴിലാളികളും പലതരത്തിലുള്ള കരകൗശല ഉല്പന്നങ്ങളുടെ നിർമ്മാണത്തിൽ വൈദഗ്ദ്ധ്യം നേടിയവരാണ്. ഇവരുൾപ്പെട്ടതായ ഒരു സഹകരണസംഘം രൂപീകരിക്കുകയാണെങ്കിൽ (പല ഗ്രാമസഭകളിൽ നിന്നും നിർദ്ദേശങ്ങൾ ഉണ്ട്.) ഇത് ഒരു ചെറുകിട വ്യവസായ സംരംഭമായി ഉയർത്താം. പട്ടികജാതി വികസനത്തിനുള്ള ഗ്രാന്റ്, പട്ടികജാതി വ്യവസായ സംരംഭകർക്കുള്ള ഗ്രാന്റ്/വായ്പ എന്നിവ ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. ഖാദി ചെറുകിടവ്യവസായ മേഖലയിലെ ഗ്രാന്റുകളും പ്രയോജനപ്പെടുത്താവുന്നതാണ്.

പട്ടികജാതി മേഖലകളിലെ നിരക്ഷരതാനിർമ്മാർജ്ജനത്തെ സംബന്ധിച്ച് വിദ്യാഭ്യാസമേഖലയുടെ ചർച്ചയിൽ സൂചിപ്പിച്ചിട്ടുണ്ട്. തുടർ വിദ്യാഭ്യാസകേന്ദ്രങ്ങൾ തുറക്കുകയും അവ തൊഴിൽ കേന്ദ്രങ്ങളാക്കി നിലനിർത്തുകയും വേണം. പട്ടികജാതി വിഭാഗങ്ങളിലെ സ്കൂൾ കുട്ടികളിലെ നിരക്ഷരതാനിർമ്മാർജ്ജനത്തിന് വിദ്യാഭ്യാസ മേഖലയിൽ ചർച്ച ചെയ്ത പ്രശ്നങ്ങൾ ഇവിടെയും ബാധകമാണ്. മോശപ്പെട്ട പഠനസാഹചര്യങ്ങളിൽ നിന്നും വരുന്ന ഈ വിഭാഗങ്ങളിലെ കുട്ടികളുടെ ഗാർഹിക പഠനസാഹചര്യം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളും ഉണ്ടാകേണ്ടതാണ്.

# കുടിവെള്ളവും പൊതുജനാരോഗ്യവും

മണമ്പൂർ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ 4120 വീടുകളിൽ 3650നും സ്വന്തമായി കിണർ ഉണ്ട്. ബാക്കിയുള്ളവരാണ് മറ്റുള്ളവരുടെ കിണറുകളേയും പൊതുജലവിതരണ സംവിധാനത്തേയും (പൊതുകിണർ, ടാപ്പുകൾ, കുഴൽകിണർ) ആശ്രയിക്കുന്നത്. കുടുവെള്ളത്തിനുള്ള ക്ഷാമം പഞ്ചായത്തിലെ ഏതാണ്ട് എല്ലാ ഭാഗങ്ങളിലും അനുഭവപ്പെടുന്നുണ്ട്.

താഴെകൊടുത്തിരിക്കുന്ന പട്ടിക ശ്രദ്ധിക്കുക

| വാർഡ് | ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ | നിലവിലുള്ള പൊതുജല വിതരണ സംവിധാനങ്ങൾ | | | ഉപയോഗപ്പെടുത്താവുന്ന ശുദ്ധജല സ്രോതസ്സുകൾ |
|---|---|---|---|---|---|
| | | പൊതു കിണർ | കുഴൽ കിണർ | പൈപ്പുവെള്ളം | |
| I | ഏതാണ് എല്ലാ സ്ഥലങ്ങളിലും | ഇല്ല | ഇല്ല | ടാപ്പുണ്ട്, വെള്ളമില്ല | ചിറകർക്കോണം വാഴാകോട്ടുകോണം |
| II | വാളക്കോട്ടുഹരിജൻ കോളനി മുളയിൽകോണം മരുതൻമല | | ഇല്ല | ഇല്ല | മാടൻകുളം, നീരുവ |
| III | മയിലാടും പാറ, വലിയ | ഇല്ല | 2 | | |
| IV | ഭാസ്കർ കോളനി, പന്തുകളം ലക്ഷം വീട് കോളനി, കുര്യാത്തി | 6 | | 10 വർഷം മുമ്പ് സ്ഥാപിച്ച പൈപ്പ് ലൈൻ ഉണ്ട്, വെള്ളമില്ല | ഈഴക്കോട്ടുകോണം ചിറ, ചിറയിൽ ചിറ |
| V | മൂങ്ങോട്ട് കോട്ടപ്പുറം പാർത്തുകോണം കവലയൂർ | 2 | 2 | ലൈൻ ഉണ്ട് വെള്ളമില്ല | കവലയൂർ, വെൺ പാലോട്ടു ചിറവിള പടിപ്പുര വീട്ടിൽ-കോണത്തുകുളം |
| VI | മിക്കഭാഗങ്ങളിൽ | 2 | 3 | പൊതുടാപ്പുണ്ട് | കൊമ്പന്റെ വാതുക്കൽ |
| VII | ശങ്കരൻമുക്ക് മടവിളാകം | 2 | 3 | മഞ്ഞിപ്പുഴ മഠം സ്കീം പ്രവർത്തന രഹിതം | ക്ഷേത്രക്കുളം |
| VIII | കൊടിതൂക്കികുന്ന് കൊററട്ടുമൂല | 3 | | പൈപ്പുണ്ട് വെള്ളമില്ല | മഠത്തിച്ചിറ പുളിയിക്കച്ചിറ |
| IX | മിഷൻ കോളനി | 1 | | കീഴററിങ്ങൽ ജല സേചന പദ്ധതി വെള്ളമില്ല | |
| X | മിക്ക സ്ഥലങ്ങളിലും | 4 | | കുളമുട്ടം വാട്ടർ സപ്ലൈ സ്കീം | പഞ്ചായത്തു കുളം |

മുകളിൽ കൊടുത്തിട്ടുള്ള പട്ടിക പരിശോധിച്ചാൽ ചില വാർഡുകളിലെ ചില പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണെന്നു ബോധ്യമാകും. 2–ാം വാർഡിൽ വാളക്കോട്ടു മല ഹരിജൻകോളനി പ്രദേശത്തു പാറമൂലം കിണറുകഴിക്കാൻ സാധ്യമല്ല. 8–ാം വാർഡിൽ കൊടിതൂക്കികുന്ന് ഉയർന്ന പ്രദേശമായതിനാൽ അവിടെയും കിണർകിളിക്കുക അസാധ്യമാണ്. പഞ്ചായത്തിലെ പ്രധാനപ്പെട്ട രണ്ട് മിനി ശുദ്ധജലപദ്ധതികളാണ് കുളമുട്ടം പദ്ധതിയും മണമ്പൂർ പദ്ധതിയും രണ്ടും വളരെ പരിമിതമായി മാത്രമേ ഉപയോഗപ്പെടുന്നുള്ളൂ. ചില ഇടങ്ങളിൽ ടാപ്പുകളുടെ തകരാറുമൂലം വിലയേറിയ കുടിവെള്ളം നഷ്ടമാകുന്നുണ്ട്. പല ടാപ്പുകളിലും സ്ഥാപിച്ചതുമുതൽ ഇന്നുവരെ ഒരുതുള്ളി വെള്ളം പോലും എത്തിയിട്ടില്ല. കുഴൽകിണറുകൾ പരിമിതവും ഉപയോഗ യോഗ്യവും അല്ലാതായി തീർന്നിരിക്കുന്നു. പഞ്ചായത്തുകിണറുകൾ യഥാസമയം വൃത്തിയാക്കാത്തതിനാൽ ഉപയോഗശൂന്യവും ചിലതെല്ലാം മലിനവുമാണ്. കീഴാറ്റിങ്ങൽ ജലസേചനപദ്ധതിയുടെ ഭാഗമായ പൈപ്പുലൈനുകൾ 4, 8, 9 എന്നീ വാർഡുകളിൽ ഉള്ളുവെങ്കിലും വെള്ളം ലഭ്യമല്ല. സ്വകാര്യ കിണറുകളിൽ നിന്നും ലഭിക്കുന്ന ശുദ്ധജലത്തിന്റെ ഗുണനിലവാരം പരീക്ഷിക്കുവാനോ നിലനിർത്തുവാനോ പര്യാപ്തമായ സംവിധാനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല.

**സാദ്ധ്യതകൾ**

ഈ ഗ്രാമത്തിന്റെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഒരു കൂട്ടായ ശ്രമം കൊണ്ടേ സാദ്ധ്യമാകൂമെന്നു പ്രശ്നത്തിന്റെ ഗൗരവം സൂചിപ്പിക്കുന്നു. ഇതിന് ജല സ്രോതസ്സുകൾ ജനങ്ങളുടെ കൂട്ടായ സംരക്ഷണത്തിലാവുകയും ജലലഭ്യത ഗുണനിലവാരം എന്നിവയുടെ ഉത്തരവാദിത്വം സമൂഹം ഏറ്റെടുക്കുകയും വേണം. ചുരുക്കത്തിൽ ജലവിതരണത്തിന് ഒരു ജനകീയ സ്വഭാവം വരണം. ഇതിന് പഞ്ചായത്ത് തലത്തിൽ ഒരു ജലസംരക്ഷണ സമിതി ഉണ്ടാകേണ്ടതാണ്. വാർഡ് തലത്തിലും ഇത്തരം സമിതികൾ നിലവിൽ വരണം.

വാർഡ്തലകമ്മറ്റികളുടെ ചെയർമാൻ വാർഡ്മെമ്പറും കൺവീനർ ഒരു വനിതയും ആയിരിക്കണം. 10–ൽ കൂടുതൽ അംഗങ്ങൾ ഇത്തരം വാർഡുതലജലസമിതികൾക്ക് ആവശ്യമില്ല. ഇതിൽ പകുതിയും സ്ത്രീകൾ ആയിരിക്കുകയും വേണം. ഇത്തരം സമിതികളുടെ കീഴിൽ ഓരോ ജലസ്രോതസ്സുകളും പ്രാദേശികമായി സംരക്ഷിക്കുന്ന ജനകീയ സംവിധാനങ്ങളും ഉണ്ടാകണം. ജനപ്രതിനിധികളും സന്നദ്ധസംഘടനാ പ്രതിനിധികളും പൊതുജനങ്ങളും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും അടങ്ങുന്ന സമിതികൾ ആയിരിക്കണം ഇവ. പഞ്ചായത്തിലെ മുഴുവൻ ജല സ്രോതസ്സുകളേയും കണ്ടെത്തുക, അവ ശാസ്ത്രീയമായി വികസിപ്പിച്ചു സംരക്ഷിക്കുക, ജലത്തിന്റെ ഗുണനിലവാരം നിലനിർത്തുക, പൊതുടാപ്പുകൾ യഥാസമയം അറ്റകുറ്റപ്പണിനടത്തുക, ശുചിത്വത്തെക്കുറിച്ചും ജലജന്യരോഗങ്ങളെക്കുറിച്ചുമുള്ള ബോധവൽക്കരണങ്ങൾ സംഘടിപ്പിക്കുക എന്നിവയെല്ലാം ഈ സമിതികൾ ചെയ്യേണ്ടതാണ്. ഈ സമിതികൾക്ക് പൊതുകിണറുകൾ സന്നദ്ധപ്രവർത്തനത്തിലൂടെ വൃത്തിയാക്കുവാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

ചില നടപ്പുസ്കീമുകളിലും പദ്ധതികളിലും ഉൾപ്പെടുത്തി ചിലഭാഗങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാമോ എന്ന് പരിശോധിക്കേണ്ടതാണ്. LIC, HUDCO എന്നീ സ്ഥാപനങ്ങളുടെ വായ്പ ഉപയോഗിച്ച് കേരള വാട്ടർ അതോറിറ്റി മുഖേന ഗ്രാമപഞ്ചായത്തുകളിൽ ഭാഗികമായി കമ്മീഷൻ ചെയ്ത പദ്ധതകളുടെ പൂർത്തീകരണം മെച്ചപ്പെടുത്തൽ വിപുലീകരണം എന്നിവയ്ക്കുവേണ്ടി നിലവിൽ സംസ്ഥാന ഗവൺമെന്റിന്റെ ഒരു പദ്ധതിയുണ്ട്. അതാത് പ്രദേശത്തെ ജനങ്ങളുടെ–ഗുണഭോക്താക്കളുടെ സഹകരണവും മൂലധനസ്വരൂപണവും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഈ സ്കീം അനുസരിച്ച് കുളമുട്ടം, മണമ്പൂർ പദ്ധതികൾ പുനരാസൂത്രണം ചെയ്താൽ VI–ാം വാർഡിലേയും, X–ാം വാർഡിലേയും ചിലഭാഗങ്ങളിൽ വെള്ളമെത്തിക്കാൻ കഴിയും. X–ാം വാർഡിലുള്ള പഞ്ചായത്തുകുളത്തെ

മുഖ്യ ജലസ്രോതസ്സായി ഉപയോഗിച്ചു ഈ പദ്ധതിക്ക് ഉപയോഗിക്കാവുന്നതാണ്.

IV-ാം വാർഡിൽ ഭാസ്ക്കർ കോളനി, പതുകളം കോളനി, ലക്ഷംവീട് കോളനി എന്നിവിടങ്ങളിൽ ആറുമാസക്കാലം രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്. ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിയുടെ ഭാഗമായി പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കുവേണ്ടിയുള്ള പ്രത്യേക കുടിവെള്ള പദ്ധതിപ്രകാരം 3000 ത്തിനും 4000 ത്തിനും ഉടയിൽ വരുന്ന പട്ടികജാതി-പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടെ ആവാസകേന്ദ്രങ്ങളിൽ കുടിവെള്ളമെത്തിക്കുവാൻ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഒരു പദ്ധതിയുണ്ട്. IV-ാം വാർഡിലെ ഈഴക്കോട്ടു കോണം ചിറ, ചിറയിൽചിറ എന്നീ ശുദ്ധജല സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ഈ പദ്ധതിയിൻ കീഴിൽ മേൽപ്പറഞ്ഞ കോളനികളിൽ ശുദ്ധജലമെത്തിക്കാൻ ശ്രമിക്കേണ്ടതാണ്. വാമനപുരം പദ്ധതിയുടെ പേരിൽ സ്ഥാപിച്ചിരിക്കുന്ന Water Tap കളും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. പൊതുജനങ്ങളുടെ സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്.

ഗ്രാമീണ ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി നെതർലാൻഡ് ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന ഒരു പദ്ധതിയുണ്ട്. Socio Economic Unit ന്റെ കീഴിൽ പ്രാദേശിക ജനകീയ സമിതികളാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 85% സഹായം നെതർലാൻഡ് ഗവൺമെന്റ് നൽകും. 15% പൊതുജനങ്ങളിൽ നിന്നും സ്വരൂപിക്കേണ്ടതാണ്.

പഞ്ചായത്തിൽ II-ാം വാർഡിലുള്ള മുളയിൻകോണം പ്രദേശത്തുള്ള മാടൻകുളത്തിലെ വെള്ളം ഉപയോഗപ്പെടുത്തി ഈ പദ്ധതി അനുസരിച്ച് ഒരു മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കാവുന്നതാണ്. V, VI, VII വാർഡുകളിലും പൊതുജനപങ്കാളിത്തം കൂടി വിഭാവനം ചെയ്യുന്ന ഈ പദ്ധതി ഉപയോഗിച്ച് ജലലഭ്യത ഉറപ്പുവരുത്താം.

പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമായ കൊടിതൂക്കിക്കുന്നിൽ ജലമെത്തിക്കുവാനുമുള്ള ഒരു സംവിധാനവും ഉണ്ടാകേണ്ടതാണ്. മടത്തിച്ചിറ, പുളിയിക്കച്ചിറ ശുദ്ധജല സ്രോതസ്സുകളും സന്നദ്ധപ്രവർത്തനവും പൊതുജനങ്ങളിൽ നിന്നുള്ള സാമ്പത്തിക സമാഹരണവും ഇതിനായി ഉപയോഗിക്കാം.

വാളക്കോട്ടുമല ഹരിജൻ മേഖലയിൽ, മലയുടെ താഴ്വാരത്തുള്ള ജലസ്രോതസ്സ് ശാസ്ത്രീയമായി വികസിപ്പിച്ച് ഉപയോഗിക്കാവുന്നതാണ്. III-ാം വാർഡിൽ മൈലാടുംപാറയിലും വലിയവിള ഞാറവിളപ്രദേശങ്ങളിലേയും കുടിവെള്ളക്ഷാമം വാമനപുരം പദ്ധതിയുമായി ബന്ധപ്പെടുത്തിയും, ഈ പ്രദേശങ്ങളിലുള്ള ഉറവകൾ വികസിപ്പിച്ചും പരിഹരിക്കാം.

നമ്മുടെ ഗ്രാമത്തിലെ ഉറവകൾ കണ്ടെത്തി അവശാസ്ത്രീയമായി വികസിപ്പിക്കുന്ന ഒരു സംരംഭം കൂടി ഇത്തരുണത്തിൽ ചെയ്യേണ്ടതാണ്. ഉറവകൾ ശാസ്ത്രീയമായി സംരക്ഷിച്ച് വികസിപ്പിക്കാത്തതുമൂലം പല ഉറവകളുടെയും ജലലഭ്യത ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ഒന്നാം വാർഡിലെ കോണത്ത് വീട്ടിൽ വാതുക്കലും, വാഴാംകോട്ടുകോണത്തുമുള്ള രണ്ട് കുളിക്കുളങ്ങളുടെ ഇപ്പോളത്തെ അവസ്ഥ ഇതിന് ഉദാഹരണമാണ്. അവയുടെ ഉറവക്കണ്ണ് കെട്ടിയടച്ചതുമൂലം വേനൽക്കാലത്ത് വെള്ളം വറ്റിപ്പോകുന്നു. ഉറവക്കണ്ണ് കണ്ടെത്തി ആ ഭാഗം കെട്ടിയടയ്ക്കാതെ പാറയടുക്കി, ബാക്കി മൂന്നുഭാഗങ്ങളും കെട്ടിയെടുത്ത് വികസിപ്പിക്കുന്ന ശാസ്ത്രീയമായ ഉറവസംരക്ഷണ സംവിധാനം ഉണ്ടാവുകയാണെങ്കിൽ ഈ ഗ്രാമത്തിന്റെ പല ഭാഗങ്ങളിലും വേനൽക്കാലത്ത് കുടിയ്ക്കാനും കുളിയ്ക്കാനും പരിമിതമായെങ്കിലും ജലമെത്തിക്കുവാൻ നമുക്ക് കഴിയും. അതിന് പര്യാപ്തമാകുന്ന തരത്തിൽ ഉറവകൾ കണ്ടെത്തിവികസിപ്പിക്കേണ്ടതുണ്ട്. പഴകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്ന സംഘടന ഈ കാര്യത്തിൽ ഒരു നവീന മാതൃത വികസനപ്പിച്ചിട്ടുണ്ട്. അവരുടെ സേവനം നമുക്ക് തേടാവുന്നതാണ്.

IX-ാം വാർഡിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമത്തിന് കീഴാറ്റിങ്ങൽ ജലസേചന

പദ്ധതി വികസിപ്പിച്ചും നിലവിലുള്ള പൊതുകിണർ നന്നാക്കിയും പുതുതായി പൊതുകിണർ കുഴിച്ചും (സ്ഥലം വാഗ്ദാനം ചെയ്തിട്ടുണ്ട്) കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. ഈ ഗ്രാമപഞ്ചായത്തിലൂടെ ഒഴുകുന്ന തോട്ടയ്ക്കാട് മൂങ്ങോട് തോടിന്റെ വിവിധഭാഗങ്ങളിൽ ചെറുതടയിണകൾ തീർത്താൽ, വേനൽക്കാലത്ത് സമീപത്തുള്ള കിണറുകളിലെ ജലനിരപ്പ് ഉയർത്താവുന്നതാണ്. പ്രാദേശികമായി ലഭിക്കുന്ന പാഴ് വസ്തുക്കളും (കപ്പത്തണ്ട്, വാഴത്തണ്ട് പോലുള്ളവ) സന്നദ്ധപ്രവർത്തനവും ഇതിനായി വിനിയോഗിക്കാവുന്നതാണ്. പഞ്ചായത്തുതല ജലസംരക്ഷണസമിതിയുടെ നേതൃത്വത്തിലായിരിക്കണം ഇതെല്ലാം നടത്തേണ്ടത്.

11-ാം വാർഡിലെ മരുതൻമലയുടെ അടിവാരത്തുള്ള നീരുറവ വികസിപ്പിച്ച് മുകളിൽ ടാങ്ക് കെട്ടി ആ പ്രദേശത്ത് കുടിവെള്ളം എത്തിക്കാവുന്നതാണ്.

മൈലാടുംപാറ, മാടൻവിള ഭാഗത്തുള്ള നീരുറവ വികസിപ്പിച്ച് മുകളിൽ ശേഖരിച്ച് പറങ്കിവാംവിള, ആയാംവിള പ്രദേശത്ത് വെള്ളമെത്തിക്കാവുന്നതാണ്.

മടവിളാകം പ്രദേശത്ത് ഒരു കുഴൽകിണർ കുഴിച്ചാൽ ഏഴാം വാർഡിലെ മുപ്പതോളം കുടുംബങ്ങൾക്ക് ജലമെത്തിക്കാൻ കഴിയും.

# പൊതുജനാരോഗ്യം

കാവുകളാലും കുളങ്ങളാലും സമ്പന്നമായ ഈ ഗ്രാമത്തിൽ ആയുർവേദവും സംസ്കൃതവും ഗുസ്തിയും മർമ്മാണിയുമെല്ലാം ഒരു കാലത്ത് കൈകോർത്ത് പിടിച്ച് നിലനിന്നിരുന്നു. വൈദ്യന്മാരുടെ നാടായിരുന്ന ഈ ഗ്രാമം. സംസ്കൃതപാരമ്പര്യത്തിൽ നിന്നാവാം. ആയുർവേദത്തിന് ഈ പ്രാധാന്യം ലഭിച്ചത്. ഈഴവ വൈദ്യന്മാരായിരുന്നു അധികവും. രാമകൃഷ്ണൻ വൈദ്യൻ, ശിവാനന്ദൻ വൈദ്യൻ, ദാമോദരൻ വൈദ്യൻ, രാജാക്കം വൈദ്യൻ, രാമൻപിള്ള വൈദ്യൻ എന്നിങ്ങനെ പോകുന്നു പഴയ വൈദ്യന്മാരുടെ പട്ടിക. വേലുപിള്ള ആശാൻ, പരമു സന്യാസി, കേശവൻകുട്ടി സ്വാമി, പുളിക്കൽ രാഘവൻ ഫയൽവാൻ, കേശവൻ ഫയൽവാൻ, ഭാർഗ്ഗവൻ ഫയൽവാൻ, സുകുമാരൻ ഫയൽവാൻ എന്നിങ്ങനെ പോകുന്നു ഗുസ്തിക്കാരുടെ നിര ഇവരിൽ പലരും ഒന്നാന്തരം മർമ്മാണി വൈദ്യന്മാരായിരുന്നുവത്രെ. ഈ നൂറ്റാണ്ടിന്റെ പകുതിവരെ ഈ വൈദ്യന്മാരായിരുന്നു ഗ്രാമത്തിന്റെ ആരോഗ്യാവശ്യങ്ങൾ നിറവേറ്റിയിരുന്നത്. അറുപതുകളിലാണ് സർക്കാറിന്റെ വകയായ ആരോഗ്യസേവനം ഈ ഗ്രാമത്തിലേയ്ക്കെത്തുന്നത്. മണച്ചൂർ ജ.ഒ.ഇ.യുടെ രംഗപ്രവേശത്തിന് പിന്നിൽ ഈ ഗ്രാമത്തിലെ പലരും അനുഭവിച്ചിട്ടുള്ള ത്യാഗം ശ്രദ്ധേയമാണ്. സ്ഥലം നൽകിയതും കെട്ടിട നിർമ്മാണത്തിന് പണം പിരിയ്ക്കാൻ വിദേശങ്ങളിൽ നടത്തിയ ശ്രമങ്ങളുമെല്ലാം സ്മരണീയങ്ങളാണ്.

1962–ൽ സ്ഥാപിച്ചതും ഏഴാം വാർഡിൽ സ്ഥിതിചെയ്യുന്നതുമായ ഒരു പ്രൈമറി ഹെൽത്ത് സെന്ററും മൂന്ന്, എട്ട്, പത്ത് എന്നീ വാർഡുകളിലായി സ്ഥിതിചെയ്യുന്ന മൂന്ന് സബ്സെന്ററുകളും പത്താം വാർഡിലെ ആയുർവേദ ആശുപത്രിയുമാണ് ഇന്ന് ഈ ഗ്രാമത്തിലെ പ്രധാനപ്പെട്ട ഔദ്യോഗിക ആരോഗ്യസ്ഥാപനങ്ങൾ. ഇതിന് പുറമേ കടുവയിൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ഹോസ്പിറ്റലും പത്താം വാർഡിൽ സ്ഥിതി ചെയ്യുന്ന ജനതാ ക്ലിനിക്കും നാഗാർജ്ജുനാ ഫാർമസിയുടെ ഒരു ഏജൻസിയുമുണ്ട്.

പഞ്ചായത്തിലെ പൊതുമരണ നിരക്ക് 4.87 ഉം പൊതു ജനനനിരക്ക് 11.08 ഉം ആണ്. സംസ്ഥാന പൊതു മരണ നിരക്ക് 5.9 ഉം പൊതു ജനനനിരക്ക് 17 ഉം ആണ്. സംസ്ഥാന ശരാശരിയേക്കാൾ ഈ ഗ്രാമത്തിന്റെ ജനന മരണനിരക്കുകൾ താഴ്ന്നിരിക്കുന്നു വെന്നത് ശ്രദ്ധേയമാണ്. മാതൃമരണ നിരക്കും ശിശുമരണനിരക്കും യഥാക്രമം 2.8 ഉം 1.9 ഉം ആണ്. രോഗങ്ങളിൽ അധികവും പകർച്ചവ്യാധികളാണ്. അതിൽതന്നെ ജലജന്യരോഗങ്ങളും വായൂജന്യ രോഗങ്ങളുമാണ് അധികം താഴെക്കൊടുത്തിരിക്കുന്ന പട്ടിക ശ്രദ്ധിക്കുക.

## പകർച്ച വ്യാധികൾ

| വർഷം | ജനജന്യരോഗങ്ങൾ | /വായൂജന്യം | /പ്രാണിജന്യം | മറ്റുള്ളവ |
|---|---|---|---|---|
| 93–94 | 857 | 216 | 19 | 2340 |
| 94–95 | 860 | 310 | 15 | 2259 |
| 95–96 | 622 | 420 | 28 | 2465 |

പട്ടിക പരിശോധിച്ചാൽ പകർച്ചവ്യാധിക ളിൽ ജലജന്യ രോഗങ്ങൾക്കുള്ള മുൻകൈ മനസ്സിലാകും. എന്നാൽ പകർച്ചവ്യാധികളേ ക്കാൾ മറ്റുള്ള രോഗങ്ങൾ ഗ്രാമ ത്തിൽ വർധിക്കുന്നതായും കാണാം. പ്രാഥമികാ അംഗ്യ കേന്ദ്രത്തിലെ കഴിഞ്ഞ വർഷത്തെ സ്ഥായി രോഗങ്ങളുടെ കണക്ക് പരിശോധിച്ചാൽ ഇത് ബോധ്യ മാകും.

### സ്ഥായി രോഗബാധിതർ

| | | |
|---|---|---|
| രക്തസമ്മർദ്ദം | – | 260 |
| പ്രമേഹം | – | 220 |
| ഹോദ്രോഹം | – | 171 |
| കാൻസർ | – | 18 |
| കുഷ്ഠം | – | 0 |
| ക്ഷയം | – | 8 |

ഈ പട്ടിക ശ്രദ്ധിച്ചാൽ സ്ഥായീരോഗങ്ങ ളിൽ പലതും പുതിയ ജീവിതക്രമത്തിന്റെ ഫല മായുണ്ടായ രോഗങ്ങളാണെന്ന് കാണാൻ കഴിയും. ഇതിന് പുറമേ ചെങ്കണ്ണ് കോളറപോ ലുള്ള സീസണൽ രോഗങ്ങളും ചില ഭാഗങ്ങ ളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. രണ്ടിൽ കൂടുതൽ കുട്ടികളുള്ള അമ്മമാർ പഞ്ചായത്തിൽ താര തമ്യേന കുറവാണ്. ഒരു വയസ്സിൽ താഴെ പ്രായമുള്ള 95% കുട്ടികളും പ്രതിരോധകുത്തി വയ്പുകൾക്ക് വിധേയരായിട്ടുണ്ട്. എന്നാൽ കുട്ടികളിലെ പോഷണനിലവാരം ചില പ്രദേ ശങ്ങളിൽ വളരെ കുറവാണ്. പ്രത്യേകിച്ച് കോളനി പ്രദേശങ്ങളിലും ദാരിദ്രരേഖയ്ക്ക് താഴെയുള്ള ജനങ്ങൾ പാർക്കുന്ന പ്രദേശങ്ങ ളിലും.

പഞ്ചായത്തിലുള്ള സ്ത്രീകളുടെ വിവാഹ പ്രായം വളരെ ഉയർന്നതാണ്. താഴെകൊടു ത്തിരിക്കുന്ന പട്ടിക പരിശോധിക്കുക.

### സ്ത്രീ ദമ്പതികളുടെ പ്രായഘടന

| ആകെ ജന സംഖ്യ | 15–19 | 20–24 | 25–29 | 30–34 | 35–39 | 40–44 | 45ന് മുക ളിൽ |
|---|---|---|---|---|---|---|---|
| 20575 | 724 | 3926 | 3292 | 4682 | 3730 | 1753 | 2468 |

കഴിഞ്ഞ ചില വർഷങ്ങളായി സ്ത്രീകളുടെ വിവാഹ പ്രായത്തിൽ നേരിയ കുറവ് സംഭ വിച്ചിട്ടുണ്ട്. ഗൾഫ് പണത്തിന്റെ സ്വാധീനം ഇതിന് പിന്നിലുണ്ടാവാം.

ഈ ഗ്രാമപഞ്ചായത്തിലെ ഔദ്യോഗിക ആരോഗ്യരക്ഷാച്ചെലവ് ജനസംഖ്യാനുപാതി കമായി വളരെ പരിമിതമാണെന്ന് പ്രൈമറി ഹെൽത്ത് സെന്ററിലെ കണക്കുകൾ സൂചിപ്പി ക്കുന്നു. പ്രൈമറി ഹെൽത്ത് സെന്ററിനെ ആശ്രയിക്കുന്ന നല്ലൊരു ശതമാനം ജന ങ്ങൾക്കും അവിടെ നിന്നും വേണ്ടത് ലഭിക്കു ന്നില്ലെന്നതിന് അവിടുത്തെ രേഖകൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു. താഴെപ്പറയുന്ന പട്ടിക പരിശോധിക്കുക. മണമ്പൂർ P.H.Cയിലെ ഇൻപേഷ്യന്റ് ഔട്ട് പെഷ്യന്റ് രോഗികളുടെ വിവരം

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യന്റ് എണ്ണം |
|---|---|---|
| 92–93 | 91 | 22533 |
| 93–94 | 102 | 23336 |
| 94–95 | 106 | 24338 |
| 95–96 | 118 | 25117 |

കുടിവെള്ളമില്ലായ്മയും രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ലായ്മയും വേണ്ടത്ര ആരോഗ്യ പ്രവർത്തകരുടെ അഭാവവും പ്രാഥമികാരോഗ്യ കേന്ദ്രം ജനങ്ങൾക്ക് ഉപയോഗപ്രദമല്ലാതാക്കിത്തീർക്കുന്നു. വാർഷിക അറ്റകുറ്റപ്പണികൾ നടത്താത്തതും ഈ ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നു. സബ്സെന്ററുകളും ഗ്രാമവാസികൾക്ക് വേണ്ടരീതിയിൽ പ്രയോജനപ്പെടുന്നില്ല. ഈ ഗ്രാമത്തിലെ ix–ാം വാർഡിലുള്ളവർ തങ്ങളുടെ ആരോഗ്യാവശ്യങ്ങൾക്കായി വക്കം – കീഴാറ്റിങ്ങൽ ജ.ഒ.ഇയെയും ആലംകോട് ഭാഗങ്ങളിലുള്ളവർ ആറ്റിങ്ങലിലെ സ്വകാര്യ ആശുപത്രികളെയുമാണ് ആശ്രയിക്കുന്നത്.

സ്വകാര്യ ആശുപത്രികളിലെ സേവനങ്ങളും നിലവാരമുള്ളവയല്ല. ഏറെ ചെലവേറിയതുമാണ്. അനാവശ്യമായ പരിശോധനാക്രമങ്ങളും അശാസ്ത്രീയമായ രോഗനിർണ്ണയ സമ്പ്രദായങ്ങളും അനാവശ്യ മരുന്നുകളുടെ ദുരുപയോഗവും സ്വകാര്യമേഖല കേന്ദ്രമാക്കി നിലനില്ക്കുന്നുണ്ട്.

ഈ ഗ്രാമത്തിലെ ശുദ്ധജന ലഭ്യതയെയും കുടിവെള്ളക്ഷാമത്തെയും പരിഹാര നിർദ്ദേശങ്ങളെയും പറ്റി കുടിവെള്ളം എന്ന ഭാഗത്ത് പരാമർശിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ 69% വീടുകൾക്കും സ്വന്തമായി കക്കൂസുണ്ട് എന്നാൽ പട്ടികജാതി കോളനികളിലും, ദാരിദ്ര്യരേഖയ്ക്ക് താഴെ താമസിക്കുന്നവരുടെ വീടുകളിലും കക്കൂസില്ലാത്ത അവസ്ഥയുണ്ട്. പട്ടികജാതി കോളനികളിൽ നിലവിലുള്ള കക്കൂസുകളിൽ പലതും ഉപയോഗശൂന്യമായും സ്ഥിതി ചെയ്യുന്നുണ്ട്.

വാർഡ് തലത്തിൽ ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം പട്ടിക പരിശോധിച്ചാൽ ബോധ്യമാകും മാലിന്യങ്ങൾ – ഖരമാലിന്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാത്തതുമൂലം ധാരാളം ആരോഗ്യപ്രശ്നങ്ങൾ സംജാതമാകുന്നുണ്ട്. അടുക്കളയിലെ വീട്ടമ്മമാരുടെ "പുകവലി' പുകശല്യമുള്ള അടുപ്പു

**കക്കൂസുകളെ സംബന്ധിക്കുന്ന വിവരം**

(അവലംബം – വില്ലേജ് എക്റ്റൻഷൻ ഓഫീസ്)

| വാർഡ് | സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം IRDP– സർവ്വേ പ്രകാരം | വിവിധ പദ്ധതികളിലായി അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992ന് ശേഷം) | പൂർത്തികരിച്ചവയുടെ എണ്ണം | ഇനികക്കൂസുകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| I | 90 | 31 | 28 | 59 |
| II | 80 | 26 | 24 | 54 |
| III | 48 | 16 | 14 | 32 |
| IV | 57 | 20 | 16 | 37 |
| V | 60 | 19 | 17 | 41 |
| VI | 63 | 18 | 15 | 45 |
| VII | 17 | 6 | 4 | 11 |
| VIII | 74 | 24 | 21 | 50 |
| IX | 75 | 25 | 22 | 50 |
| X | 34 | 11 | 10 | 23 |

കളുടെ ഉപയോഗം മൂലമുണ്ടാകുന്നവ – വലിയൊരു ആരോഗ്യ പ്രശ്നമാണ്. ആരോഗ്യത്തെ സംബന്ധിച്ച ശരിയായ ബോധവല്ക്കരണത്തിന്റെ അഭാവവും ഭക്ഷണകാര്യങ്ങളിൽ കാട്ടുന്ന ശ്രദ്ധയില്ലായ്മയും ഹോട്ടലുകളിലെയും ബേക്കറികളിലെയും ശുചിത്വക്കുറവും പ്രശ്നങ്ങളാണ്.

**സാധ്യതകൾ**

ആരോഗ്യ രംഗത്തെ ഗ്രാമത്തിന്റെ പ്രശ്നങ്ങൾ കൂട്ടായ ശ്രമത്തിലൂടെയേ പരിഹരിക്കാനാവൂ. നിലവിലുള്ള P.H.C യെയും സബ്സെന്ററുകളെയും ശക്തിപ്പെടുത്തിക്കൊണ്ടു മാത്രമേ ഇത് സാധ്യമാകൂ. വ്യത്യസ്ത വൈദ്യശാസ്ത്ര മേഖലകളെയും പൊതുസ്വകാര്യ മേഖലകളെയും സേവനങ്ങളെയും ഏകോപിപ്പിക്കുന്ന ഒരു പ്രവർത്തനമായിരിക്കണം ഈ രംഗത്ത് ഉണ്ടാകേണ്ടത് ഇതിനായി പഞ്ചായത്തിൽ വിപുലമായ ഒരു ആരോഗ്യകൺവെൻഷൻ വിളിച്ചു കൂട്ടേണ്ടതാണ്. ജനപ്രതിനിധികളും, ഡോക്ടർമാരും ആരോഗ്യ പ്രവർത്തകരും, അധ്യാപകരും, സന്നദ്ധ സംഘടനാ പ്രതിനിധികളും പൊതുജനങ്ങളും പങ്കെടുക്കുന്ന ഈ കൺവെൻഷനിൽ വച്ച് ഒരു പഞ്ചായത്ത് തല ആരോഗ്യ സമിതി നിലവിൽ വരേണ്ടതാണ്. പ്രൈമറി ഹെൽത്ത് സെന്റർ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഈ സമിതിയ്ക്ക് പലകാര്യങ്ങളും ചെയ്യാൻ സാധിക്കും. വിപുലമായ ഒരു ആരോഗ്യസർവ്വേയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങൾ തിട്ടപ്പെടുത്താനുള്ള ശ്രമമുണ്ടാകണം. രോഗപ്രതിരോധ പ്രവർത്തനങ്ങൾ, രക്തഗ്രൂപ്പ് നിർണ്ണയവും രക്തദാനവും, ബോധവല്ക്കരണം വിദ്യാലയങ്ങൾ ആശുപത്രികൾ, റോഡുകൾ കവലകൾ, മാർക്കറ്റുകൾ എന്നിവ ശുചീകരിക്കൽ കമ്പോസ്റ്റ് നിർമ്മാണം, സ്ക്കൂളുകളിൽ ഹെൽത്ത് ക്ലബ്ബ് രൂപീകരണം, പ്രഥമ ശുശ്രൂഷാ ക്ലാസ്സുകൾ എന്നിവ ഈ സമിതിയുടെ നേതൃത്വത്തിൽ ചെയ്യാവുന്നതാണ്. പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ആരോഗ്യരക്ഷാച്ചെലവുകളെ സംബന്ധിച്ച നിരീക്ഷണവും – ഔഷധങ്ങളുടെയും ഉപകരണങ്ങളുടെയും വാങ്ങലും ഉപയോഗവും – ഈ സമിതികൾക്ക് ചെയ്യാവുന്നതാണ്. അങ്ങനെ ഗ്രാമത്തിന്റെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന ഒരു കേന്ദ്രമാക്കി പ്രാഥമികാരോഗ്യകേന്ദ്രത്തെ മാറ്റിയെടുക്കണം. നിലവിലുള്ള മണമ്പൂര് ജഒഇയുടെ പരിമിതികൾ നേരത്തെ സൂചിപ്പിച്ചുവല്ലോ. ഈ അവസ്ഥ അടിയന്തിരമായി മാറണം എന്ന ആവശ്യം ഗ്രാമസഭകളിൽ നിന്നും വന്നിട്ടുണ്ട്. 24 മണിക്കൂറും കുടിവെള്ളമെത്തിക്കാനുള്ള സംവിധാനവും രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളും അവിടെ ഉണ്ടാകേണ്ടതാണ്. ജനസംഖ്യാനുപാതികമായി ഇതിനെ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമെ ഈ ഗ്രാമത്തിൽ നിന്നും ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഈ ഗ്രാമത്തിൽ നിന്നു തന്നെയുണ്ടാകൂ. മെഡിക്കൽ കോളജുകൾ തുടങ്ങാനുള്ള ശ്രമത്തേക്കാൾ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ മെച്ചപ്പെടുത്താനുള്ള ശ്രമം ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. ഇപ്പോൾ സബ്സെന്ററുകളില്ലാത്ത പല വാർഡുകളിലും അതു വേണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. നിലവിലുള്ള സബ്സെന്ററുകളുടെ പ്രവർത്തന സമയം ദീർഘിപ്പിക്കണമെന്നും ഡോക്ടറുടെ സേവനം ലഭ്യമാക്കണമെന്നുമുള്ള ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ഇവ പരിഗണിക്കപ്പെടേണ്ടതാണ്.

ചില നടപ്പു പദ്ധതികൾ –സന്നദ്ധ പ്രവർത്തന വിഭാവനം ചെയ്യുന്നവ – ഉപയോഗപ്പെടുത്തി ഇതിൽ ചിലത് ചെയ്യാവുന്നതാണ്.

കേന്ദ്രഗ്രാമീണ ശുചിത്വ പരിപാടിയിൽ കീഴിൽ സ്ത്രീകൾക്കായി സാനിറ്റേഷൻ കോംപ്ലക്സുകൾ നിർമ്മിക്കുക എന്ന ഒരു പദ്ധതി പ്രകാരം സ്ത്രീകൾക്കായുള്ള ആശുപത്രി വാർഡുകൾ നിർമ്മിക്കുന്നു. ഒരു നടപ്പു സ്ക്കീമുണ്ട്. പരമാവധി നിർമ്മാണച്ചെലവ് 20,000/ രൂപയായി നിജപ്പെടുത്തിയിരിക്കുന്ന ഈ സ്ക്കീമിന്റെ 70% സർക്കാർ വിഹിതമാണ്. പഞ്ചായത്തിൽ രൂപം കൊടുക്കുന്ന ജനകീയ

സമിതികൾക്ക് സന്നദ്ധപ്രവർത്തനത്തിലൂടെയും, പ്രാദേശിക വിഭവസമാഹരണത്തിലൂടെയും ഈ പദ്ധതി പ്രയോജനപ്പെടുത്താനാവും J.R.Y. വിഹിതവും ഇതിന് വേണ്ടി ഉപയോഗിക്കാനാവുമോ എന്ന് പരിശോധിക്കേണ്ടതാണ്. ഗ്രാമസഭകളിൽ നിന്നും സന്നദ്ധപ്രവർത്തനം വാഗ്ദാനം ചെയ്തിട്ടുള്ളതിനാൽ കോളനികൾ കേന്ദ്രീകരിച്ച് ഇത് ചെയ്യാവുന്നതാണ്

ആയുർവേദ ഡിസ്പെൻസറികൾ മെച്ചപ്പെടുത്തുന്നതിനും പുതിയവ തുറക്കുന്നതിനും ആയുർവേദ ഡയറക്ട്രേറ്റ് മുഖാന്തിരം ഒരു പദ്ധതി നടപ്പിലുണ്ട്. ഈ പദ്ധതി പ്രകാരം പത്താം വാർഡിൽ സ്ഥിതി ചെയ്യുന്ന ആയുർവേദ ഡിസ്പെൻസറി മെച്ചപ്പെടുത്താൻ പറ്റുമോ എന്ന് നോക്കേണ്ടതാണ്. ഡിസ്പെൻസറിക്കോ, പഞ്ചായത്തുതലത്തിൽ രൂപം കൊടുക്കുന്ന സമിതിയ്ക്കോ ഇത് ചെയ്യാൻ പറ്റുമോ എന്ന് നോക്കേണ്ടതാണ്.

ഒരു ഹോമിയോ ഡിസ്പെൻസറി വേണമെന്ന ആവശ്യം പലവാർഡുകളിൽനിന്നും ഉയർന്നുവന്നിരിക്കുന്നു. നാലാം വാർഡിലുള്ളവർ ഇതിന്റെ നടത്തിപ്പിന് വേണ്ടി വരുന്ന വാടകക്കെട്ടിടവും ഉപകരണങ്ങളും പ്രാദേശികമായി സ്വരൂപിക്കാം എന്ന് വാഗ്ദാനം ചെയ്തിട്ടുമുണ്ട്.

ഗ്രാമീണ ഹോമിയോ ഡിസ്പെൻസറികൾ മെച്ചപ്പെടുത്തുന്നതിനും പുതിയവ തുറക്കുന്നതിനുമുള്ള ഒരു പദ്ധതി നിലവിലുണ്ട്. ഹോമിയോ ഡയറക്ട്രേറ്റ് മുഖാന്തിരം നടപ്പാക്കുന്ന ഈ പദ്ധതിയിൻ കീഴിൽ മുകളിൽ സൂചിപ്പിച്ച ആവശ്യം നിറവേറ്റാനാകുമോ എന്ന് പരിശോധിക്കേണ്ടതാണ്.

കക്കൂസ് നിർമാണത്തിന് പഞ്ചായത്തിൽ ഒരു ദീർഘകാല പദ്ധതി ആസൂത്രണം ചെയ്യേണ്ടതാണ് ചെലവ് കുറഞ്ഞ രീതിയിൽ ജനപങ്കാളിത്തത്തോടെ കക്കൂസുകൾ നിർമ്മിക്കാനുള്ള സംരംഭങ്ങൾ ഉണ്ടാകണം. പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള ഇമ്മാതിരി ചില സംരംഭങ്ങളിൽ നാമമാത്രമായ പങ്കാളിത്തമേ ഇപ്പോൾ ഉള്ളൂ. അവ ഒഴിവാക്കാനും, വിപുലമായ ജനപങ്കാളിത്തമുറപ്പിക്കാനുമുള്ള ശ്രമമുണ്ടാകണം. സോഷ്യോ – ഇക്കണോമിക് യൂണിറ്റിന്റെ സേവനം ഇതിന്നായി പ്രയോജനപ്പെടുത്താവുന്നതാണ്. കക്കൂസുകളുടെ ഉപയോഗത്തെക്കുറിച്ചുള്ള ബോധവല്ക്കരണവും വേണ്ടതാണ്.

ചപ്പുചവറുകൾ നിർമ്മാർജ്ജനം ചെയ്യാനുള്ള വിപുലമായ സംരംഭങ്ങളും വേണ്ടതാണ്. പല വാർഡുകളിലും കൊതുക്, ഈച്ച തുടങ്ങി. പ്രാണികളുടെ ഉപദ്രവമുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ ഏറ്റെടുത്ത ഗ്രീൻസിറ്റി – ക്ലീൻസിറ്റിപോലുള്ള പരിപാടികൾ ആവാം. ജനപങ്കാളിത്തം ഉറപ്പാക്കുന്ന ഒരു സമഗ്ര ശുചീകരണ പരിപാടി ഗ്രാമം ഏറ്റെടുക്കേണ്ടതാണ്. നിലവിലുള്ള ചില പദ്ധതികളുടെ പ്രയോജനവും ഇതിന്നായി ഉപയോഗിക്കാം.

കേന്ദ്രഗ്രാമീണ ശുചിത്വ പരിപാടിയിൻകീഴിൽ ബോധവല്ക്കരണം – പരിശീലനം എന്നിവ ലക്ഷ്യം വയ്ക്കുന്ന ഒരു പദ്ധതി നിലവിലുണ്ട്. ചെലവ് കുറഞ്ഞ കക്കൂസുകൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്ന പരിപാടിയും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾ വഴി നടപ്പാക്കുന്നതും ഈ പദ്ധതിയുടെ ബോധവല്ക്കരണങ്ങൾക്കായി ജ.ഒ.ഇ സോഷ്യോ ഇക്കണോമിക് യൂണിറ്റ് എന്നിവയുടെ ദൃശ്യശ്രാവ്യ മാധ്യമങ്ങളും ഉപയോഗിക്കാം.

പഞ്ചായത്തിന്നകത്തെ രണ്ട് മാർക്കറ്റുകളിലെ മാലിന്യങ്ങൾ നിർമ്മാജ്ജനം ചെയ്യാനുള്ള നടപടികളും വേണ്ടതാണ്. ഖരമാലിന്യങ്ങൾ ശേഖരിച്ച് ജൈവവളമോ ബയോഗ്യാസോ ആക്കി മാറ്റാവുന്ന ശ്രമങ്ങളും ഈ സമ്പൂർണ്ണ ശുചീകരണ പരിപാടിയുടെ ഭാഗമായി നടത്താവുന്നതാണ്. പൊതുസ്ഥലങ്ങളിലും മാർക്കറ്റുകളിലും വേസ്റ്റ് ബിൻ സ്ഥാപിച്ച് ചവറുകൾ ശേഖരിച്ച് സംസ്ക്കരിക്കാവുന്നതാണ്.

നമ്മുടെ കാലാവസ്ഥയ്ക്കും മനുഷ്യ പ്രകൃതിയ്ക്കും ജീവിതാവസ്ഥയ്ക്കും അനുയോജ്യമായ ഭക്ഷണ വസ്ത്രധാരണ ശീലങ്ങൾ

വളർത്തി എടുക്കാനുള്ള ശ്രമങ്ങളും ഉണ്ടാകേണ്ടതാണ്. നമ്മുടെ നാട്ടിലുണ്ടാകുന്ന വിഭവങ്ങൾ – നമ്മൾ ഉല്പാദിപ്പിക്കുന്നവ – കൂടുതൽ നമുക്ക് അനുയോജ്യമാകും എന്ന ബോധം വളർത്തണം ഭക്ഷണത്തിന് വേണ്ടി വിലപിക്കുന്ന ദുർവ്യയങ്ങൾ ഒഴിവാക്കുവാനും, കൂടുതൽ ഗുണമേന്മ ഉറപ്പുവരുത്താനും കഴിയണം പരമ്പരാഗത വൈദ്യശാസ്ത്ര മേഖലകളെയും ആ രംഗത്ത് ഇന്ന് ജീവിച്ചിരിക്കുന്നവരെയും നിലനിർത്താനും ആദരിക്കുവാനും അവയുടെ സേവനം വിപുലപ്പെടുത്താനുമുള്ള ശ്രമങ്ങളുണ്ടാകണം.

പഞ്ചായത്ത് അതിർത്തിയിലുള്ള സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളുടെ മേൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ആശുപത്രികൾ ലാബ്രട്ടറികൾ എന്നിവയ്ക്ക് ലൈസൻസ് നൽകുന്ന വേളയിൽ, അവയിലെ ജീവനക്കാരുടെ യോഗ്യത ഉറപ്പുവരുത്താനും. പരിശോധനാഫീസ് നിശ്ചയിക്കൽ, നൽകുന്ന ഫീസിന് രസീത് നൽകൽ എന്നിവ കർശനപ്പെടുത്തുവാനും ശ്രമിക്കണം. ഹോട്ടലുകൾക്ക് ലൈസൻസ് നൽകുമ്പോൾ അവയിലെ ശുചിത്വ സംവിധാനങ്ങൾ ഉറപ്പുവരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

# വനിതക്ഷേമം

മണമ്പൂർ ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യയിൽ 52.8% സ്ത്രീകളാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ ഇത് 51.5% ആണ്. മൊത്തം ജനസംഖ്യയിൽ 1000 പുരുഷന്മാർക്ക് 1110 സ്ത്രീകൾ വരും. ഇത് നമ്മുടെ സംസ്ഥാന ശരാശരിയെക്കാൾ കൂടുതലാണ്. മൊത്തം 4126

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്ക് പട്ടികയിൽ കൊടുത്തിട്ടുണ്ട്. പുരുഷന്മാരുടെ തൊഴിൽ പങ്കാളിത്തം 42.4% വരുമ്പോൾ സ്ത്രീകളുടേത് 14.2% മാത്രമാണ്. സ്ത്രീ തൊഴിലാളികളിൽ കൂടുതലും ഭാഗീക തൊഴിലുകളിൽ ഏർപ്പെടുന്നവരാണ്.

| തൊഴിൽമേഖല | പുരുഷൻ | സ്ത്രീ |
|---|---|---|
| കർഷകർ | 749 | 174 |
| കർഷകതൊഴിലാളി | 1294 | 608 |
| മൃഗസംരക്ഷണം-മത്സ്യബന്ധനം | 143 | 13 |
| ഖനനം | 65 | 22 |
| കുടിൽവ്യവസായം | 84 | 87 |
| വ്യാപാരവും വ്യവസായവും | 450 | 30 |
| കെട്ടിടനിർമ്മാണം | 249 | 20 |
| ഗതാഗതം-വാർത്താവിനിമയം | 308 | 33 |
| മറ്റുള്ളവ | 441 | 197 |
| ആകെ | 4138 | 1603 |

കുടുംബങ്ങളിൽ 400 ഓളം കുടുംബങ്ങൾ വനിതകളുടെ നിയന്ത്രണത്തിലുള്ളവയാണ്.

സാക്ഷരതയുടെ കാര്യത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കുറവാണ്. ആകെയുള്ള 10863 സ്ത്രീകളിൽ 7187 പേർ സാക്ഷരരാണ്. വിദ്യാലയങ്ങളിൽ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികൾക്ക് സമമോ കൂടുതലോ ആണ്. രോഗാതുരതയുടെ കാര്യത്തിൽ സ്ത്രീകളുടെ അവസ്ഥ വളരെ മോശമാണ്.

പഞ്ചായത്തിലെ പരമ്പരാഗതവ്യവസായങ്ങളിലെ കയർ, കൈത്തറിമേഖലയിൽ സ്ത്രീകളുടെ എണ്ണം വളരെ കുറഞ്ഞുവരുന്നുണ്ട്. കൃഷിപ്പണിയിൽ ഇന്ന് തൊഴിലെടുക്കാൻ സ്ത്രീകളെ കിട്ടാത്ത അവസ്ഥയാണ്. കയർമേഖലയിൽ കയർപിരിപ്പ് സ്ത്രീകൾ മാത്രം ചെയ്യുന്ന പണിയായതിനാൽ ആ മേഖലയിൽ കുറച്ചധികം സ്ത്രീകൾ പണിയെടുക്കുന്നുണ്ട്. അദ്ധ്യാപകരുടെ എണ്ണം പരിശോധിച്ചുനോക്കിയാൽ ഏറിയ പങ്കും വനിതകളാണെന്നു കാണാം.

തൊഴിലില്ലാത്തവരുടെ എണ്ണത്തിൽ വനിതകളുടെ എണ്ണം കൂടുതലാണ്. മിക്കവാറും സ്ത്രികൾ വീട്ടുജോലികളിൽ ഒതുങ്ങികൂടുകയാണ്. വളരെക്കുറച്ച് വനിതകൾ കാലി വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയ പണികളിൽ ഏർപ്പെടുന്നുണ്ട്.

വിധവാ പെൻഷൻ ലഭിക്കുന്നവരെക്കുറിച്ചും മറ്റും വിശദമായി സാമൂഹ്യക്ഷേമ വിഭാഗത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പരിശോധിച്ച് മനസ്സിലാക്കണം. അങ്കണവാടികളിൽ നിലവിൽ അംഗനമാർ ഇല്ലാത്ത അവസ്ഥയാണ്. ഇത് വെറും പ്രാഥമിക വിദ്യാഭ്യാസകേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇവയെ സംബന്ധിച്ച് വിവരങ്ങളും സാമൂഹ്യക്ഷേമവിഭാഗത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉണഇഞഅ യൂണിറ്റുകളുടെ പ്രവർത്തനത്തെ പറ്റിയും സാമൂഹ്യക്ഷേമ വിഭാഗത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരിശോധിക്കണം.

പൊതുപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ വനികളുടെ പങ്കാളിത്തം വളരെകുറവാണ്. പഞ്ചായത്ത് രാജ് നിയമത്തിലൂടെ തിരഞ്ഞെടുപ്പ് നടന്നതിനുശേഷം പൊതുപ്രവർത്തനരംഗത്ത് വനിതകളുടെ മുന്നോട്ട് വരവ് ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിലെ ജനപ്രതിനിധികളിൽ 4 പേർ വനിതകളാണ്. ബഹുജനസംഘടനകളുടെ ഭാരവാഹികളിൽ ഏകദേശം 10 ഓളം പേർ വനിതകളാണ്. വനിതകളുടേത് മാത്രമായിട്ടുള്ള 4 തൊഴിൽ സ്ഥാപനങ്ങൾ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്നുണ്ട്. പൊതുപ്രവർത്തനരംഗത്ത് സ്ത്രീകൾ കടന്നുവരുന്നതിന് തടസ്സമായി നിൽക്കുന്ന പ്രധാന കാരണങ്ങളായി ഉയർന്നുവന്നിട്ടുള്ളതിൽ ഒന്ന് സ്ത്രീകളോടുള്ള പൊതുസമീപനത്തിന്റെ വൈകല്യമാണ് മറ്റൊന്ന് സ്ത്രീകൾക്ക് വീട്ടുജോലിയുടെ കൂടുതൽ മൂലം പൊതുരംഗത്തേക്ക് വരുവാൻ കഴിയുന്നില്ല എന്നുള്ളതാണ് പഞ്ചായത്തിൽ നിരവധി മഹിളാസമാജങ്ങൾ ഉണ്ടെങ്കിലും പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. കൈരളി മഹിളാസമാജത്തിന്റെ കീഴിൽ ഒരു ക്രഷും വനിതാ സഹകരണസംഘവും പ്രവർത്തിക്കുന്നുണ്ട്.

സ്ത്രീധനത്തിന്റെ പേരിൽ പീഢനമനുഭവിക്കുന്ന സ്ത്രികൾ വളരെ കൂടുതലായില്ലെങ്കിലും നാമമാത്രമായി അനുഭവപ്പെടുന്നുണ്ട്. സ്ത്രീകളോടുള്ള അക്രമപ്രവണത ചിലയിടങ്ങളിൽ ദൃശ്യമാകുന്നുണ്ട്. അശ്ലീല പോസ്റ്ററുകളുടെ പ്രചരണം പഞ്ചായത്തതിർത്തിയിൽ കുറവാണ്.

വനിതാക്ഷേമരംഗത്തെ പ്രശ്നങ്ങളെ പരിശോധിച്ചാൽ ഏറ്റവും പ്രധാനം സ്ത്രീകളുടെ തൊഴിലില്ലായ്മയാണ്. അഭ്യസ്തവിദ്യരായ നിരവധി യുവതികൾ തൊഴിലില്ലാത്തവരായുണ്ട്. കാർഷിക മേഖലയിലെ മുരടിപ്പ് മൂലം കർഷകതൊഴിലാളി സ്ത്രീകളുടെ തൊഴിലവസരം കുറയുന്നു. പ്രൈമറി ഹെൽത്തുസെന്റുകളിൽ സ്ത്രീകൾക്ക് മതിയായ പരിഗണനരഹിതമായി കിടക്കുന്ന ശങ്കരൻമുക്കിലെ മഹിളാസമാജം പുനരുദ്ധരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. തൊഴിൽമേഖലയിൽ സ്ത്രീകളോടുള്ള നാനാവിധ വിവേചനങ്ങൾ. പൊതുരംഗത്ത് സ്ത്രീകളുടെ അദൃശ്യത. സ്ത്രീധനസമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. സ്ത്രീകൾക്ക് പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളില്ലായ്മ. എന്നീ പ്രശ്നങ്ങളെല്ലാം നിലവിലിരിക്കുന്നുണ്ട്. സ്ത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളുടെ അപര്യാപ്തത. മത്സ്യതൊഴിലാളികുടുംബങ്ങളിലും ചില പ്രത്യേക മതങ്ങളിലും പ്രായപൂർത്തിയാകുന്നതിന് മുമ്പ് പെൺകുട്ടികളെ വിവാഹം കഴിപ്പിക്കുന്നു. മഹിളാസമാജങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനമില്ലായ്മ. ഇവയെല്ലാം വനിതാരംഗത്തെ പ്രശ്നങ്ങളായി അനുഭവപ്പെടുന്നതാണ്. കാലിത്തീറ്റ ദൗർലഭ്യം മൂലം കന്നുകാലി സംരക്ഷണം എന്നീ മേഖലകളിൽ സ്ത്രീ ദൗർലഭ്യം കുറയുന്നു.

വനിതാരംഗത്തെ പ്രശ്നങ്ങൾക്കുള്ള സാധ്യതകളാണ് ഇനി പറയുന്നത്.

1. വനിതാരംഗത്തെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും 'ഒരു വനിതാ കൗൺസിലിംഗ് സെന്റർ' പഞ്ചായത്തടിസ്ഥാനത്തിൽ സ്ഥാപിക്കണം. ഈ സമിതി

വനിതകൾക്കു നേരെയുള്ള അതിക്രമങ്ങൾ സ്ത്രീധനപീഡനം, മറ്റ് കടന്നാക്രമണങ്ങൾ എന്നിവ പരിഹരിക്കുന്നതിന് വേണ്ട പരിപാടികൾ നടപ്പാക്കണം. അശ്ലീല ചിത്രങ്ങളുടെ നിർമ്മാർജ്ജനവും സമിതി ചെയ്യണം. ഈ സമിതിയിൽ ജനപ്രതിനിധികൾ, മഹിളാ സംഘടനാ പ്രവർത്തകർ, അങ്കണവാടിയുടേയോ, മഹിളാസമാജങ്ങളുടേയോ ഭാരവാഹികൾ എന്നിവരുൾപ്പെടണം. വനിതകൾക്ക് ആയിരിക്കണം സമിതിയിൽ ഭൂരിപക്ഷം.

2. കാർഷിക മേഖല പരിപോഷപ്പെടുത്തി കാർഷികവൃത്തിയിലേക്ക് സ്ത്രീ തൊഴിലാളികളെ കൊണ്ടുവരാവുന്നതാണ്. കന്നുകാലി സംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കാലിത്തീറ്റ ദൗർലഭ്യം പരിഹരിക്കപ്പെടേണ്ടതുണ്ട്. അതിനുവേണ്ട കാലിത്തീറ്റകൾ സഹകരണസംഘങ്ങൾ വഴി ആവശ്യാനുസരണം വിതരണം ചെയ്യാവുന്നതാണ്.

3. പരമ്പരാഗതത്തൊഴിലാളികളുടെ തൊഴിൽ വരുമാനം, വിദ്യാഭ്യാസപദവി, സാമൂഹികമായ അവസ്ഥ ഇവയുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ വികസനപദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്.

4. മഹിളാ സമാജങ്ങളുടേയും അങ്കണവാടികളുടേയും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ സാധ്യതകൾ റിപ്പോർട്ടിന്റെ സാമൂഹ്യക്ഷേമവിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് ഇവിടെയും പ്രസക്തമാണ്.

5. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ തടയുന്നതിന് ആവശ്യമായ നിയമങ്ങൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്. പോസ്റ്ററുകൾ പഞ്ചായത്ത് അതിർത്തിയിൽ ഒട്ടിക്കുന്നതിന് പഞ്ചായത്ത് അംഗീകാരം ഉണ്ടാകണമെന്ന നിയമം ഉണ്ടാകേണ്ടതുണ്ട്.

6. പരമ്പരാഗത വ്യവസായങ്ങളിൽ സാങ്കേതിക നവീകരണമുണ്ടാകുമ്പോൾ സ്ത്രീകൾക്ക് മുൻഗണന നല്കേണ്ടതാണ്.

7. പൊതുസ്ഥലങ്ങളിൽ സ്ഥലങ്ങളിൽ സ്ത്രീകളുടെ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തണം.

8. സ്ത്രീകൾ നാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ടതുണ്ട്.

9. സ്ത്രീകൾക്കിടയിൽ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും അവരെ സാമൂഹിക ഉത്പാദനമേഖലകളിൽ പങ്കാളികളാക്കുകയും ചെയ്യുന്നതിനുതകുന്ന CDS (കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി) രൂപീകരിക്കേണ്ടതുണ്ട്. ഇതിലൂടെ അനൗപചാരിക ബാങ്കിംഗ് സമ്പ്രദായത്തിലൂടെ സ്ത്രീകൾക്ക് സ്വയം തൊഴിലിനാവശ്യമായ വായ്പകൾ കണ്ടെത്താനും അയൽക്കൂട്ടത്തിലും വാർഡുതലത്തിലുമുള്ള തൊഴിൽ സംരംഭങ്ങൾക്ക് മൂലധനനിക്ഷേപം കണ്ടെത്താനും ഈ സംവിധാനം സഹായിക്കുന്നു.

20 മുതൽ 40 വരെ കുടുംബങ്ങളിലെ ഓരോ വനിത ഉൾപ്പെടുന്ന അയൽക്കൂട്ടങ്ങൾ, അയൽക്കൂട്ടപ്രതിനിധികൾ ഉൾപ്പെടുന്ന ഏര്യാ ഡെവലപ്പ്മെന്റ് സൊസൈറ്റികൾ (ADS) നഗരസഭാതലത്തിൽ പ്രവർത്തിക്കുന്ന CDSR ഇങ്ങനെയാണിതിന്റെ സംഘടനാ സംവിധാനം.

10. സ്ത്രീകളെ പൊതുരംഗത്തേക്കു കൊണ്ടുവരുന്നതിന്റെ ഭാഗമായി പഞ്ചായത്തു സമിതികളുടെ കീഴിലോ വിവിധ മഹിളാ സമാജങ്ങളുടെ നേതൃത്വത്തിലോ സ്ത്രീകൾക്കായുള്ള പ്രത്യേക നേതൃത്വപരിശീലനങ്ങൾ നടപ്പിൽ വരുത്തേണ്ടതുണ്ട്. അതുപോലെ തന്നെ സാമൂഹ്യ അനാചാരങ്ങൾക്കെതിരെയുള്ള ബോധവൽക്കരണവും നടക്കേണ്ടതുണ്ട്.

11. പഞ്ചായത്തിന്റെ വിവിധ വാർഡുകൾ കേന്ദ്രീകരിച്ച് മെഴുകുതിരി നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, തയ്യൽ പരിശീലനം, എംബ്രോയിഡറി, റെഡിമെയ്ഡ്സെന്റർ എന്നിവയ്ക്ക് വേണ്ടിയുള്ള വനിതാ സഹകരണസംഘങ്ങൾ ലഭ്യമാക്കിയാൽ തൊഴിൽ പ്രശ്നങ്ങൾക്ക് ചെറിയൊരു പരിഹാരമാകും.

12. നിർദ്ധന യുവതികളെ വിവാഹം കഴിപ്പിച്ചയയ്ക്കുന്നതിനുവേണ്ടിയുള്ള സാമ്പത്തികസഹായം പഞ്ചായത്തുസമിതികൾ മുഖേന യുണ്ടാകണം.

13. പ്രവർത്തനം മുടങ്ങികിടക്കുന്ന മഹിളാസമാജങ്ങളെ പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്.

14. പ്രായപൂർത്തിയാകാതെ വിവാഹം കഴിപ്പിക്കുന്നത് കുറ്റകരവും കുട്ടിയുടെ ആരോഗ്യത്തെ ബാധിക്കുന്നതുമാണെന്നുള്ള ബോധം സ്ത്രീകളിൽ വളർത്തുന്നതിനു വേണ്ടി ബോധവൽക്കരണം നടത്തണം.

15. ധാരാളം ഗ്രാമീണ വായനശാലകൾ നിലവിലുണ്ടെങ്കിലും അവിടേക്ക് കടന്ന് വന്ന് പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിൽ സ്ത്രികൾ വളരെ പിന്നിലാണ്. ആയതിനാൽ സ്ത്രീകൾക്ക് മാത്രമായി ഒരു വായനശാലയോ, സഞ്ചരിക്കുന്ന വായനശാലയോ, സ്ത്രീകളുടെ കലാ സാംസ്കാരികസംഘടനയോ ആരംഭിച്ചാൽ അത് സ്ത്രീകളുടെ സാംസ്കാരിക പ്രവർത്തനങ്ങളിലെ ദൃശ്യതയ്ക്ക് കാരണമാകും.

# വ്യവസായവും അനുബന്ധമേഖലയും

വ്യവസായം:- ഈ ഗ്രാമത്തിന്റെ പരമ്പരാഗത വ്യവസായങ്ങളായിരുന്ന കയർ, കൈത്തറി വ്യവസായങ്ങൾ ഒരു കാലത്ത് ഗ്രാമീണരുടെ മുഖ്യ ഉപജീവനോപാധിയായിരുന്നു. എന്നാൽ കൈത്തറി ഏതാണ്ട് പൂർണ്ണമായും ഇന്ന് നശിച്ചിരിക്കുന്നു. ഇപ്പോഴും നിലനിൽക്കുന്നത് കയർ വ്യവസായമാണ്. അതും വളരെച്ചുരുങ്ങിയിരിക്കുന്നു. വ്യവസായമേഖലയിൽ ഇന്ന് ഈ ഗ്രാമത്തിന്റെ അവസ്ഥ വളരെ ശോചനീയംതന്നെയാണ്. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഈ ഗ്രാമത്തിലില്ല. സഹകരണമേഖലയിൽ കയർ, കൈത്തറി(വളരെ പരിമിതം) ക്ഷീരോല്പാദനം എന്നീ ചെറുകിട യൂണിറ്റുകളുണ്ട്. കയറിനേയും കൈത്തറിയേയും രോഗഗ്രസ്ത യൂണിറ്റുകളിൽപെടുത്താം. കയർ വ്യവസായ യൂണിറ്റുകളും 10 H.Pയ്ക്കു താഴെ പവർ ഉള്ള ഫ്ളവർ മില്ലുകളും വെൽഡിംഗ് യൂണിറ്റുകളും ഉണ്ട്. (ഫ്ളവർ മില്ല്-17, തടിമില്ല്-2, വെൽഡിംഗ് യൂണിറ്റ്-4, സോഡാഫാക്ടറി-1, ചകിരി-3, Ice Sweet-2)

പ്രധാനമയും മൂന്ന് കയർവ്യവസായ സഹകരണയൂണിറ്റുകളാണ് ഉള്ളത്. ഇത് പഞ്ചായത്തിന്റെ VI, X വാർഡുകളിലായി പ്രവർത്തിക്കുന്നു. ഇതിൽ വെട്ടുകാട് യൂണിറ്റിൽ യന്ത്രവൽകൃത കയർ പിരിയൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 100 യന്ത്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 15 റാട്ടുകളിൽ (കൈപിരി യൂണിറ്റ്) അൻപതോളം ആൾക്കാർ പണിയെടുക്കുന്നു. സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് ഏകദേശം 250-ഓളം പേർ പണിയെടുക്കുന്നു. പഞ്ചായത്തിന്റെ തെക്കേയറ്റത്തു സ്ഥിതിചെയ്യുന്ന ഈ യൂണിറ്റിൽ പഞ്ചായത്തിന്റെ എല്ലാഭാഗത്തുനിന്നും കാൽനടയായി വന്ന് പണിയെടുക്കുന്നു. ഈ യൂണിറ്റിൽ 100യന്ത്രങ്ങൾ പ്രവർത്തിക്കുന്നതിനുള്ള വോൾട്ടേജ് ലഭിക്കുന്നില്ല. വോൾട്ടേജ് ആവശ്യമായ തോതിലുണ്ടായാൽ ഇരട്ടി ആൾക്കാർക്ക് (2 ഷിഫ്റ്റായി) ജോലി ലഭിക്കാൻ കഴിയും.

കവലയൂർ വ്യവസായ സഹകരണസംഘത്തിൽ ഏകദേശം ഇരുന്നൂറോളം തൊഴിലാളികൾ പണിയെടുക്കുന്നു. റാട്ടുകൾ ഉപയോഗിച്ചാണ് കയർ പിരിക്കുന്നത്. ആവശ്യത്തിന് വേണ്ട തൊഴിലാളികളെ ഈ മേഖലയിൽ ലഭിക്കുന്നില്ല. കാരണം മറ്റു മേഖലകളെ അപേക്ഷിച്ച് ഈ മേഖലയിൽ കൂലി വളരെ കുറവാണ്. ഈ മേഖലയിൽ ഉല്പാദിപ്പിക്കുന്നത് പ്രസിദ്ധമായ അഞ്ചുതെങ്ങ് കയറാണ്.

പൂവത്തുമൂല സഹകരണസംഘം ഉണ്ടെങ്കിലും കയർ ഉല്പാദനം വളരെ കുറച്ചുമാത്രമേ നടക്കുന്നുള്ളൂ. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. അഞ്ചോളം സ്വകാര്യ ചെറുകിട കയർവ്യവസായ യൂണിറ്റുകളിലായി 150-ഓളം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്.

കയർ മേഖലയിലെ പൊതുപ്രശ്നങ്ങളിൽ പ്രധാനം കയർപിരിമാത്രമേ നടക്കുന്നുള്ളൂവെന്നതാണ്. മറ്റു അനുബന്ധ യൂണിറ്റുകൾ

പഞ്ചായത്ത് മേഖലയിൽ ഇല്ല. ഉല്പാദിപ്പിക്കുന്ന കയറുകൾ കൊല്ലം, ആലപ്പുഴ, കൊച്ചി എന്നീകേന്ദ്രങ്ങളിലേയ്ക്ക് കയറ്റി അയക്കുന്നു.

**ക്ഷീരോല്പാദനം**

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന മൂന്ന് ക്ഷീരോല്പാദക യൂണിറ്റുകളും സ്വകാര്യമേഖലയിൽ ഒരു സംഭരണ വിപണനയൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. ഈ മൂന്ന് സഹകരണയൂണിറ്റുകൾ 'മിൽമ' യുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. മണമ്പൂർ വെസ്റ്റ് ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ കീഴിൽ രണ്ട് വിപണന സെന്ററുകൾ ഉണ്ട്.

ചില്ലിംഗ് പ്ലാന്റ് ഇല്ലാത്തതുകൊണ്ട് വാഹനതടസ്സം (ബന്ദുകളും സമരങ്ങളും) ഉണ്ടായാൽ സംഭരിക്കുന്ന പാൽ യഥാസ്ഥാനങ്ങളിൽ എത്തിക്കുവാൻ കഴിയാതെ വരികയും സംഘത്തിനു വലിയ നഷ്ടം സംഭവിക്കുകയും ചെയ്യുന്നു.

ഈ രംഗത്ത് 3, 4, 5, 6, 7, 10 എന്നീ വാർഡുകളിലാണ് പ്രവർത്തന മേഖല പരിമിതപ്പെടുത്തിയിരിക്കുന്നത്. ബാക്കിയുള്ള 1, 2, 8, 9 എന്നീ വാർഡുകൾക്കും കൂടി പ്രയോജനപ്പെടത്തക്കവിധത്തിൽ കുറഞ്ഞത് രണ്ട് സഹകരണസംഘങ്ങൾ ഏങ്കിലും രൂപീകരിച്ച് പ്രവർത്തിക്കാനുള്ള ഈ നടപടികൾ കൈക്കൊള്ളേണ്ടതാണ്. കന്നുകാലി കൃഷി നമ്മുടെ പഞ്ചായത്തിൽ നല്ലൊരു വിഭാഗം ജനതയുടെ ജീവിതോപാധിയാണ്. അതുകൊണ്ട് ഉള്ള സംഘങ്ങളിൽ കൂടുതൽ അംഗങ്ങളെ ചേർത്ത് വിപുലീകരിക്കാനുള്ള നടപടികളും കൈക്കൊള്ളേണ്ടതുണ്ട്.

**കൈത്തറി**

കൈത്തറി മേഖലയിൽ സഹകരണ സംഘം ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന ഹെഡ് ഓഫീസ് ഒറ്റൂർ ആണെങ്കിലും ഉല്പാദന യൂണിറ്റ് നമ്മുടെ പഞ്ചായത്തിലാണ്. ഉല്പാദന യൂണിറ്റിൽ 9 തറികളിലായി 9 പേർ പണിയെടുക്കുന്നു. സംഘത്തിന്റെ കീഴിൽ 50-ഓളം തറികൾ കുടിൽ വ്യവസായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. നെയ്ത്തിനാവശ്യമായ അസംസ്കൃത വസ്തുകൾ സംഘം മുഖേന വിതരണംചെയ്തുവരുന്നു. ഉല്പന്നങ്ങൾ സംഘം തന്നെ സ്വീകരിച്ചുവരുന്നു സംഘത്തിന്റെ കീഴിലുള്ള രണ്ട് വിപണനയൂണിറ്റും നമ്മുടെ പഞ്ചായത്തിലുണ്ട്.

കൈത്തറി മേഖല നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. അസംസ്കൃത വസ്തുവായ നൂലിന് ദൗർലഭ്യം അനുഭവപ്പെടുന്നു. റിബേറ്റ് തുക വർഷങ്ങളിലായി മുടങ്ങിക്കിടക്കുന്നതിനാൽ പ്രവർത്തന മൂലധനത്തിൽ കുറവ് വരുന്നു. കൂലി കുറവുമൂലം പുതിയ ആൾക്കാർ വരുന്നതുമില്ല. ഉള്ളവർതന്നെ മറ്റുമേഖലകളിലേയ്ക്ക് മാറിപ്പോകുന്നു.

**ചെറുകിട വ്യവസായം**

10.H.Pയ്ക്ക് താഴെ പവർ സപ്ലെയുള്ള 30-ഓളം ചെറുകിട സ്വകാര്യ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

പുതിയ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിന് പ്രധാന പ്രതിബന്ധമായി നിൽക്കുന്നത് പവർ സപ്ലെ കിട്ടാനുള്ള കാലതാമസം ലൈസൻസ് സംബന്ധമായ പേപ്പറുകൾ കിട്ടാനുള്ള കാലതാമസം ബാങ്ക്ലോണുകൾക്കുള്ള കാലതാമസം വിദഗ്ധതൊഴിലാളികളെ കിട്ടുന്നതിനുള്ള ദൗർലഭ്യം തൊഴിലാളികൾക്കർഹമായ കൂലിനൽകാൻ കഴിയാതിരിക്കുക. പരിശീലനകേന്ദ്രങ്ങളുടെ കുറവ് എന്നിവയാണ്.

**ആവശ്യങ്ങൾ**

ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുള്ള വ്യവസായികാവശ്യങ്ങൾക്കുള്ള പൊതുപട്ടിക താഴെക്കൊടുക്കുന്നു.

1. സഹകരണമേഖലയിൽ റെഡിമെയ്ഡ് വസ്ത്രനിർമാണ യൂണിറ്റ്
2. മെഴുകുതിരി, തീപ്പെട്ടി നിർമ്മാണ യൂണിറ്റ്
3. കശുവണ്ടി വ്യവസായ യൂണിറ്റ്
4. നാളികേര സംഭരണ സംസ്കരണ വിപണന യൂണിറ്റ്.

5. ബീഡി നിർമ്മാണ യൂണിറ്റ്

6. കൈത്തറി നെയ്ത്ത് യൂണിറ്റ്

7. കളിമണ്ണ് വ്യവസായ യൂണിറ്റ്.

### പരിഹാര മാർഗ്ഗങ്ങൾ

നമ്മുടെ നാട്ടിൽ വികസനോന്മുഖമായ പല പരിപാടികളും കഴിഞ്ഞകാലങ്ങളിൽ നടന്നിട്ടുണ്ടെന്നുള്ളത് വാസ്തവമാണ്. പക്ഷെ വ്യാവസായികമായി നമ്മുടെ ഗ്രാമം (പഞ്ചായത്ത്) ഒട്ടും മുൻപോട്ടു പോയിട്ടില്ലയെന്നുള്ളത് സത്യവുമാണ്. അതിനുള്ള തെളിവാണല്ലോ ഈ റിപ്പോർട്ടിൽ തന്നെ കാണുന്ന നാടിന്റെ ആവശ്യങ്ങളുടെ ബാഹുല്യം. രാജ്യത്തിന്റേയും നമ്മുടെ സ്റ്റേറ്റിന്റേയും നാനാഭാഗത്തും വ്യവസായികമായി വളർച്ച വ്യപിച്ചപ്പോഴും നമ്മുടെ ഗ്രാമം അതൊന്നു മറിയാതെയോ, അറിഞ്ഞെന്നു നടിക്കാതെയോ കഴിഞ്ഞു. ഇങ്ങനെ മുമ്പോട്ടുപോയാൽ നമ്മുടെ ഗ്രാമത്തിന് ഒരിക്കലും പുരോഗതി ഉണ്ടാകില്ല. ഇതിൽ നിന്നും മോചനം നേടാനുള്ള പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ നാനാവിധ അഭിവൃദ്ധിക്കുപറ്റിയ ചില വ്യാവസായിക സംരംഭങ്ങൾക്കുള്ള നിർദേശങ്ങൾ ചുവടെ ചേർക്കുന്നു. ഈ സംരംഭങ്ങൾ നേരിടാവുന്ന വളരെ പ്രശ്നങ്ങൾ ഉണ്ട്. അതിനെ മറികടക്കാനുള്ള മാർഗ്ഗങ്ങളും കണ്ടെത്തുന്നുണ്ട്. പഞ്ചായത്തുതലവ്യവസായ വൽക്കരണം നേരിടാവുന്ന ചില പ്രധാന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉല്പാദന സാദ്ധ്യതകളെ പറ്റിയുള്ള അറിവില്ലായ്മ.
2. സ്ഥിതിവിവരകണക്കുകളുടെ അഭാവം.
3. പദ്ധതികളും അനുയോജ്യമായ സ്കീമുകളും തിരഞ്ഞെടുക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അഭാവം.
4. എല്ലാ സർക്കാർ സംവിധാനങ്ങളുടേയും നിയന്ത്രണ മനോഭാവവും പ്രോത്സാഹനകരമായ സമീപനത്തിന്റെ അഭാവം.
5. വിപണനാസ്യതമായ രീതിയിൽ ഉല്പാദനങ്ങളുടെ ഗുണമേന്മരൂപകല്പന, ഉല്പാദനക്ഷമത എന്നിവയിൽ മാറ്റങ്ങൾ വരുത്താനുള്ള കെല്പില്ലായ്മ.
6. സാമൂഹ്യമായ പ്രശ്നങ്ങൾ.
7. സർക്കാർ ഉദ്യോഗത്തിനു വേണ്ടിയുള്ള അഭിവാഞ്ജ.
8. സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള താല്പര്യമില്ലായ്മ.
9. വ്യവസായ സംരംഭങ്ങൾക്ക് ഉതകുന്ന വിദ്യഭ്യാസരീതിയുടെ അഭാവം.
10. വിജയികളായ സംരംഭകരുമായുള്ള ഇടപെടലുകളുടെ അഭാവം.
11. വിപണി കണ്ടുപിടിക്കാനുള്ള കഴിവ് കുറവ്.

നാം നമ്മുടെ പഞ്ചായത്തിൽ വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുംമ്പോൾ മേൽ വിവരിച്ച വിവരങ്ങൾക്ക് ആദ്യം പരിഹാരം കണ്ടെത്തണം. അതിനായി നമ്മുടെ പഞ്ചായത്തുതലത്തിൽ ഒരു വ്യാവസായിക വികസന സമിതി രൂപീകരിക്കണം. ഈ സമിതിയിൽ ജനപ്രതിനിധികൾ, വ്യവസായികൾ, ഉദ്യോഗസ്ഥർ (വ്യവസായം, ഗ്രാമ വികസനം, വൈദ്യുതി, ബാങ്കിംഗ് എന്നിവയിലെ) എന്നിവർ ഉൾക്കൊള്ളുന്ന 10 പേരിൽ താഴെയുള്ളവരായിരിക്കണം. പ്രാദേശിക വ്യവസായിക സംരംഭങ്ങൾക്ക് പ്രോത്സാഹനം നല്കുക എന്നതായിരിക്കണം ഈ സമിതിയുടെ പ്രധാനലക്ഷ്യം. ദീർഘ വീക്ഷണത്തോടുകൂടിയുള്ള അത്തരം ഒരു നേതൃത്വം മൂലം പഞ്ചായത്തുകൾ തമ്മിൽ നൽകുകയും കൊടുക്കുകയും അടിസ്ഥാനത്തിലുള്ള ഒരു ആരോഗ്യപരമായ മത്സരം ഉണ്ടാകേണ്ടതുണ്ട്. മേല്പറഞ്ഞ സമിതിയുടെ ചുമതലയിൽ താഴെപറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തണം.

1. വ്യവസായസംരഭങ്ങൾക്ക് വ്യക്തമായ നിർദ്ദേശങ്ങളും ഉപദേശങ്ങളുംകൊടുക്കുന്നതിന് പറ്റിയ വിധത്തിൽ പരിചയസമ്പന്നരായ ഉപദേശകരെ ആഫീസ് സമയത്ത് കാണത്തക്ക പരിപാടി ആവിഷ്കരിക്കുക.
2. വ്യവസായ സംരംഭകർക്ക് ആവശ്യമായ പരിശീലനം നല്കുക.

3. സംരംഭകർക്ക് ആവശ്യമായ ഭൂമി വ്യവസായത്തിന് പറ്റിയസ്ഥലത്ത് ലഭിക്കാനുള്ള വഴികൾ കണ്ടെത്തി വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുക.

4. അസംസ്കൃത വസ്തുകൾ ലഭിക്കാനുള്ള നിർദ്ദേശങ്ങൾ നല്കുക.

5. സംരംഭകർക്ക് സാമ്പത്തിക സഹായങ്ങൾക്ക് വേണ്ട സഹകരണം ബാങ്കിംഗ് മേഖലയിൽ നിന്ന് ലഭ്യമാക്കാൻ സഹായിക്കുക.

6. വിപണനസൗകര്യങ്ങളെപ്പറ്റി സംരംഭകരെ ബോധ്യപ്പെടുത്തുക.

7. വിദേശപണത്തെ നമ്മുടെ നാട്ടിലെ വ്യവസായ സംരംഭങ്ങൾക്കായി ഉപയോഗിക്കാൻ സഹായിക്കുന്ന വിധത്തിൽ പഞ്ചായത്തിലെ വിദേശികളായിട്ടുള്ളവരെ സംഘടിപ്പിക്കുക.

II. നമ്മുടെ പഞ്ചായത്തിന്റെ കീഴിൽ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഏർപ്പെടുത്തുക:- നമ്മുടെ പഞ്ചായത്തിൽ അഭ്യസ്തവിദ്യരും അല്ലാത്തവരുമായ വളരെയധികം സ്ത്രീപുരുഷൻമാർ തൊഴിലില്ലാത്തവരായി ഉണ്ട്. പലജോലികളും പ്രവൃത്തി പരിചയം ഉള്ളവരും അവരിൽ ഏതെല്ലാം തൊഴിലിന് എത്രപേരുണ്ടെന്ന് മൊത്തം എത്രപേർ തൊഴിൽ രഹിതർ ആണെന്നും അതിൽതന്നെ സ്ത്രീകളെത്ര, പുരുഷന്മാരെത്രയെന്നുള്ള കണക്ക് ഇന്ന് ലഭ്യമല്ല. അതുകൊണ്ട് ഇങ്ങനെയുള്ള ഒരു എക്സ്ചേഞ്ച് തുടങ്ങിയാൽ ഏതെല്ലാം മേഖലയിൽ എത്രപേരുണ്ടെന്നും അതിൽ തന്നെ പ്രവൃത്തി പരിചയം ഉള്ളവർ എത്രയെന്നും, അഭ്യസ്ത വിദ്യരും അല്ലാത്തവരും എത്രയെന്നും സ്ത്രീകളും പുരുഷന്മാരും എത്രയെന്നുംമുള്ള കണക്ക് കിട്ടുന്നതാണ്. പേര്, പൂർണ്ണമേൽവിലാസം, വിദ്യാഭ്യാസയോഗ്യത, പരിശീലനം അഥവാ തൊഴിൽ പരിചയം, ഏതുമേഖലയിലാണ് താല്പര്യം എന്നീകാര്യങ്ങൾ അടങ്ങുന്ന വിധത്തിലായിരിക്കണം രജിസ്റ്റർ ചെയ്യേണ്ടത്.

കക. നമ്മുടെ തനതായ പ്രകൃതി വിഭവങ്ങൾ ഉപയോഗിച്ചുള്ള ചില വ്യവസായയൂണിറ്റുകൾ തുടങ്ങാനുള്ള സാധ്യതകൾ.

i. ഈ പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും നാളികേരം സുലഭമാണ്. സ്വകാര്യ മേഖലയിൽ പലരും നാളികേര സംഭരണരംഗത്ത് പ്രവർത്തിക്കുന്നു. നാളികേര കർഷകരെ ഒരു പരിധിവരെ ചൂഷണത്തിൽ നിന്നും രക്ഷിക്കാൻ സഹകരണാടിസ്ഥാനത്തിൽ ഒരു നാളികേര സംഭരണ സംസ്കരണ വിപണനയൂണിറ്റ് രൂപികരിച്ച് പ്രവർത്തനം തുടങ്ങിയാൽ വിജയിക്കാനുള്ള എല്ലാ സാധ്യതകളും ഉണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ മേൽ വിവരിച്ച പോലെ ഒരു സംഘം രൂപികരിച്ച് സംഭരണത്തിനും വിപണനത്തിനും വാർഡുതോറും സംവിധാനം ഉണ്ടാക്കി പ്രവർത്തനം തുടങ്ങിയാൽ അതുമായി ബന്ധപ്പെട്ട് കുറച്ചധികം പേർക്ക് തൊഴിൽ അവസരം ഉണ്ടാകാനും, കേരകർഷകർക്ക് മെച്ചമായ വിലകിട്ടാനും വഴിയുണ്ടാക്കുന്നു. മറ്റൊന്ന് ഇതിന്റെ അനുബന്ധ വ്യവസായ യൂണിറ്റുകളാണ്.

Iv അനുബന്ധ വ്യവസായങ്ങൾ

a. തൊണ്ടു അഴുക്കുന്നതിന് പറ്റിയ കായലോരങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ മുതൽകൂട്ടാണ് (പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖല) ഈ സൗകര്യം ഉപയോഗിച്ച് കയറുല്പന്നമേഖല വിപുലീകരിക്കാനുള്ള ഒരു വഴികൂടിയാകും നാളികേരയൂണിറ്റ്. നമ്മുടെ പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലുള്ള തൊണ്ട് ശേഖരിക്കാതെ ഉണങ്ങിപ്പോകുന്ന അവസ്ഥയാണ് ഇന്നുള്ളത്. നാളികേരയൂണിറ്റിന്റെ ശാഖ എല്ലാ വാർഡിലും പ്രവർത്തിച്ചുതുടങ്ങിയാൽ സംഭരിക്കുന്ന നാളികേരത്തിന്റെ തൊണ്ട് കൃത്യമായും ശേഖരിച്ച് ഒന്നുകിൽ സഹകരണസംഘങ്ങൾക്ക് കൊടുക്കുവാനോ നാളികേര യൂണിറ്റിന് സ്വന്തമായ അഴുക്കാനോ കഴിയും.

b. പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിലും തൊട്ടടുത്തുള്ള പഞ്ചായത്തുകളിലും റബ്ബർ പാല്, റബ്ബർ ഷീറ്റ്, റബ്ബർ തടി

എന്നിവ സുലഭമായി ലഭിക്കുന്നു. ഇവ (റബ്ബർ പാല്, ഷീറ്റ്, തടി) എന്നിവ മൂന്നും ചേർത്ത് റബ്ബർ സോൾ, ഫാം റബ്ബർ, പ്ലൈവുഡ് എന്നിവ ഉണ്ടാക്കുന്ന ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്. വിപണനസാധ്യത വളരെ കൂടുതലാണ്. ഗുണ നിലവാരം ഉറപ്പുവരുത്തണം.

c. ചകിരിനാരും റബ്ബർകൊണ്ടു നിർമ്മിക്കാവുന്ന ഒന്നാണ് ഫാം റബ്ബർ. ഇതും മേൽപറഞ്ഞ യൂണിറ്റിൽ നിർമ്മിക്കാവുന്നതാണ്. അതുപോലെ അഴുക്കുതൊണ്ടിൽ നിന്ന് ലഭിക്കുന്ന ചേറും റബ്ബറും ഉപയോഗിച്ച് ഫാം റബ്ബർ പോലുള്ള പലതും നിർമ്മിക്കാം. ഇവയെക്കെല്ലാം വിപണന സാധ്യത കൂടുതലാണ്. കൂടാതെ നിരവധിപേർക്ക് തൊഴിൽ സാധ്യതയുണ്ട്.

d. നാളികേരയൂണിറ്റിന്റെ അനുബന്ധ യൂണിറ്റായി തുടങ്ങാവുന്ന ഒന്നാണ് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്. നാളികേരത്തിൽനിന്നും കിട്ടുന്ന പിണ്ണാക്കും, നമ്മുടെ പഞ്ചായത്തിൽ ലഭിക്കുന്ന ചക്കക്കുരു, മരിച്ചീനി. തവിട്. ചീഞ്ഞ മത്സ്യം എന്നിവ ഉപയോഗിച്ച് നല്ല ഗുണനിലമാരമുള്ള ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് തുടങ്ങാനുള്ള സാധ്യതയുണ്ട്. വിപണന സാധ്യത ഇതിനു വിപുലമാണ്.

e. ചകിരിചേറ് ഉപയോഗിച്ച് വളം നിർമ്മിക്കാനുള്ള യൂണിറ്റും വളർത്തിയെടുക്കാവുന്നതാണ്.

f. നമ്മുടെ നാട്ടിലെ കയർ ഉപയോഗിച്ച് തുടങ്ങാവുന്ന മറ്റൊരു സംരംഭമാണ് 'മാറ്റ് ആന്റ് മാറ്റിംഗ്സ്'. ഇവിടെ നിർമ്മിക്കുന്ന കയർ ഉപയോഗിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റാണിത്.

III. വസ്ത്ര നിർമ്മാണ യൂണിറ്റ്

റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക്, വിശേഷിച്ച് സ്ത്രീകളുടേയും കുട്ടികളുടേയും വസ്ത്രങ്ങൾക്ക്, വിപണന സാധ്യതയുണ്ട്. തുന്നൽ പണിയറിയാവുന്ന സ്ത്രീ പുരുഷൻമാർ ധാരാളമായി പഞ്ചായത്തിലുണ്ട്. ഈ പ്രത്യേകത കണക്കിലെടുത്ത് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു റെഡിമെയ്ഡ് നിർമ്മാണ വിപണനയൂണിറ്റ് തിടങ്ങിയാൽ വിജയ സാദ്ധ്യതയേറെയുള്ളതാണ്. ഈ യൂണിറ്റിന്റെ കീഴിൽ എല്ലാ വാർഡിലും ഒരോ ചെറു നിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. തുണിയും ഡിസൈനും നൽകിയാൽ കുടിവ്യവസായരൂപത്തിലും നിർമ്മാണം നടത്താം. ഇതിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടത് ഇതിന്റെ വിപണനത്തിന് അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ വിപണന സെന്ററുകൾ തുറക്കാവുന്നതാണ്. ഇത് സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്.

IV. ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റ്.

കെട്ടിടനിർമ്മാണം പഞ്ചായത്തിന്റെ വ്യാപകമായി നടക്കുന്നുണ്ട്. നല്ല ഗുണനിലവാരമുള്ള ഹോളോബ്രിക്സ് യൂണിറ്റ് ആരംഭിക്കണം. ഇത് സഹകരണമേഖലയിലോ പഞ്ചായത്തിന്റെ കീഴിലോ ആയിരിക്കണം.

V. കാർഷികോപകരണ നിർമ്മാണ-വിപണനയൂണിറ്റ്.

കാർഷിക രംഗത്തേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ (കുന്താലി, മൺവെട്ടി, പിക്കാസ്, വെട്ടുകത്തി, ലരേ.) ഗുണമേന്മ ഉറപ്പുവരുത്തി നിർമ്മിക്കുന്ന ഒരു കേന്ദ്രം സഹകരണ മേഖലയിൽ തുടങ്ങിയാൽ ഈ മേഖലയിൽ വൈദഗ്ധ്യമുള്ള ധാരാളം പേരുണ്ട്.

VI. വെട്ടുകാട് കയർ വ്യവസായ സഹകരണ സംഘത്തിൽ ഊർജത്തിന്റെ അപര്യാപ്ത പരിഹരിച്ച് രണ്ടു ഷിഫ്റ്റ് ആരംഭിക്കണം.

VII. പൂവത്തുമൂല സഹകരണസംഘം തൃപ്തികരമായി പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ ആരംഭിക്കണം.

VIII. പരമ്പരാഗത വ്യവസായങ്ങളുടെ കൂലി വർദ്ധിപ്പിക്കണം.

# ഗതാഗതം

നമ്മുടെ പഞ്ചായത്തിൽ പ്രധാന ഗതാഗതമാർഗ്ഗം റോഡ് ഗതാഗതമാണെങ്കിലും ജലഗതാഗതവും നാമമാത്രമായി നടക്കുന്നുണ്ട്. പണ്ട് കാലത്ത് ഇവിടത്തെ കയറുല്പന്നങ്ങളും മറ്റും ആലപ്പുഴയ്ക്കും മറ്റും തീരദേശ ജലഗതാഗതമാർഗ്ഗം കൊണ്ടുപോയിരുന്നു. ഇന്നും കുളമുട്ടം കടവിൽ സർവ്വീസ് വള്ളങ്ങൾ ഉണ്ട്. കയർ വ്യവസായത്തിനാവശ്യമായ തൊണ്ട് ചകിരി എന്നിവ പഞ്ചായത്തിന്റെ അടുത്ത പ്രദേശങ്ങളായ മുടിയക്കോട്, അകത്തുമുറി, വക്കം എന്നിവിടങ്ങളിലേക്ക് ജലമാർഗ്ഗം കൊണ്ടു പോകുന്നുണ്ട്.

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ സാമാന്യം മെച്ചപ്പെട്ട റോഡു ശൃംഖലയുണ്ട്. എന്നാൽ ചില ഉയർന്ന പ്രദേശങ്ങളിലെ ഗതാഗതസൗകര്യം ഇനിയും വർദ്ധിപ്പിക്കേണ്ടതായുണ്ട്. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 67.407 കി.മീ. ആണ്. ഇതിൽ 40.300 കി.മീ. റോഡ് ടാർ ചെയ്തിട്ടുള്ളു. പഞ്ചായത്തിനു കീഴിലുള്ള റോഡ് ദൈർഘ്യം 34.600 ആണ്. ഇതിൽ 15.800 കി.മീ. മാത്രമാണ് ടാർ ചെയ്തത്. പഞ്ചായത്തിന്റെ 3, 2 വാർഡുകളിലൂടെ ഏകദേശം 3$^1$/2 കി.മീ. ദേശീയപാതയാണ്. പഞ്ചായത്തിൽ ആകെ 21 കി.മീ. ജണ്ടഉ റോഡുകളുമുണ്ട്.

റോഡുകളുടെ സ്ഥിതി വിവരകണക്കുകളുടെ യഥാർത്ഥ സ്വഭാവം പഞ്ചായത്തു റോഡു രജിസ്റ്ററിൽ നിന്നും ശേഖരിക്കാൻ കഴിയുന്ന വിധത്തിലല്ല. ഗ്രാമസഭാ ചർച്ചകളിലൂടെയാണ് ഒരു പരിധിവരെയെങ്കിലും റോഡുകളുടെ വിവരം ശേഖരിക്കാൻ കഴിഞ്ഞത്. അതിൽ തന്നെ പല റോഡിന്റേയും നീളവും വീതിയും ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. കിട്ടിയടത്തോളം വിവിരങ്ങൾ ശേഖരിച്ചുകൊണ്ട് നിലവിലുള്ള ഗതാഗത സൗകര്യങ്ങളും, അവയുടെ പൊതുസ്ഥിതിയും ഗതാഗത ആവശ്യങ്ങളും പട്ടികപ്പെടുത്തിയിട്ടുണ്ട്. ഈ പട്ടികയിൽ നിലവിലുള്ള എല്ലാ റോഡുകളും വന്നിട്ടില്ല. ഗ്രാമസഭയിൽ വികസനാവശ്യങ്ങൾ ആവശ്യപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ നിലവിലുള്ളവയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.

ജലഗതാഗതത്തിന്റെ അവസ്ഥ പഞ്ചായത്തിന് പരിതാപകരമാണ്. നേരത്തെ നിലവിലിരുന്ന പല ബോട്ട് സർവ്വീസുകളും നിർത്തിയിരിക്കുകയാണ്. കുളമുട്ടം-വക്കം, കുളമുട്ടം-അകത്തുമുറിയിലേക്ക് സർവ്വീസുകൾ നേരത്തെ നിലവിലിരുന്നു. നമ്മുടെ പഞ്ചായത്തിന്റെ തന്നെ സാംസ്കാരിക രംഗത്തെ തന്നെ മാറ്റം വരുത്തുവാൻ ജലഗതാഗത മാർഗ്ഗത്തിന് കഴിയും. പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശങ്ങൾ മുഴുവൻ കായലോരങ്ങളാണ്. ജലഗതാഗതത്തെ വികസിപ്പിക്കുന്നതിനുള്ള ഒരു പ്രവർത്തനവും പഞ്ചായത്തു സമിതികൾ ചെയ്യാറില്ല. കടത്തുവള്ളം തുഴയുന്നതിന് ജീവനക്കാരുണ്ടെങ്കിലും സർവ്വിസ് കാര്യമായി നടത്താറില്ല.

പഞ്ചായത്ത് അതിർത്തിയിൽ പ്രധാനപ്പെട്ട 4 ടാക്സിസ്റ്റാൻഡുകളാണ് നിലവിലുള്ളത്. കവലയൂർ, മണമ്പൂർ ആശു. ജംഗ്ഷൻ, ആയാംകോണം, ചാത്തമ്പറ എന്നിവിടങ്ങളി

ലാണ്. ടാക്സിസ്റ്റാൻഡുകൾ എല്ലാം സ്ഥല സൗകര്യങ്ങളില്ലാതെ പ്രതിസന്ധിയിലാണ്. നിലവിൽ റോഡുകളിലെ നടപ്പാതയിലാണ് ടാക്സികൾ പാർക്ക് ചെയ്തിരിക്കുന്നത്. ടാക്സിസ്റ്റാൻഡുകളെ സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു.

| ടാക്സിസ്റ്റാന്റിന്റെ പേര് | കാറുകളുടെ എണ്ണം | Private കാറുകളുടെ എണ്ണം | ആട്ടോ പിക്അപ് | ടെമ്പോ ലോറി | ആട്ടോ റിക്ഷ |
|---|---|---|---|---|---|
| കവലയൂർ | 15 | 3 | 2 | 4 | 25 |
| മണാമ്പൂർ | 10 | – | 3 | 3 | 30 |
| ചാത്തമ്പറ | 11 | – | 2 | 2 | 24 |
| ആയാംകോണം | – | – | – | – | 14 |

| വാർഡ് | നിലവിലുള്ള റോഡുകൾ | നീളം | വീതി | റോഡുകളുടെ അവസ്ഥ | റോഡുകൾ ആവശ്യമുള്ള പ്രദേശങ്ങൾ | സന്നദ്ധ പ്രവർത്തനം വിഭാവനം ചെയ്തിട്ടുണ്ടോ?/ഇല്ലയോ |
|---|---|---|---|---|---|---|
| I | പന്തടിവിള-കള്ളിക്കാട്ടുമഠം റോഡ് | 850 മീ | 3 മീ | സഞ്ചാരയോഗ്യമല്ല | | |
| | പന്തടിവിള-തൊടിയിൽ റോഡ് | 500 മീ | 3.5മീ | സഞ്ചാരയോഗ്യമല്ല | നീറുവിള-ചിറ്റൂർക്കോണം | |
| | മാടൻനട-ഉദിയൻകോട് | 1000മീ | 4 മീ | സഞ്ചാരയോഗ്യമല്ല | നീറുവിള-പാലോട്ടുകോണം | സന്നദ്ധപ്രവർത്തനമുണ്ട് |
| | തൊട്ടിക്കല്ല്-എള്ളുവിള കടക്കഞ്ചേരി | 300 മീ | 5 മീ | മണ്ണൊലിപ്പ് | | |
| | നീറുവിള-മംഗലത്തകുന്ന് | 750 മീ | 3.5മീ | സഞ്ചാരയോഗ്യമല്ല | | |
| | നീറുവിള-ചിറ്റൂർക്കോണം ഇടവഴി | 150 മീ | - | ഇടുങ്ങിയതും കുഴിഞ്ഞതും | | |
| | മണമ്പൂർ-കവലയൂർ | 5000മീ | 8 മീ | കോളർ കുഴിഞ്ഞുപോയി | | |
| | തൊട്ടിക്കല്ല്-കോണത്തു റോഡ് | 950 മീ | 5 മീ | ടാർ ചെയ്തിട്ടില്ല | | |
| I I | പുത്തകോട് പാലം | | | പൊളിഞ്ഞുപോയി | ഖാദിബോർഡ്- കടുവായിൽ പള്ളി NH | |
| | തോട്ടയ്ക്കാട്-കുറ്റിക്കാട് | | | ഗതാഗതയോഗ്യമല്ല | മലയ്ക്കാട്- ഒന്നാം വാർഡ് | ഉണ്ട് |
| | പാലറ-മണക്കാട് | | | ടാർ ചെയ്തിട്ടില്ല. NH-ൽ നിന്നും ഉയർന്നു കിടക്കുന്നു | മുല്ലപ്പള്ളിക്കോണം- സുബ്രഹ്മണ്യസ്വാമി ക്ഷേത്രം | ഉണ്ട് |
| I I I | വലിയവിള-പാറക്കെട്ട് റോഡ് | | | ഓടയില്ല മെറ്റലിംഗും ടാറും | തൊട്ടിക്കല്ല്-പന്തുകളം റോഡ് | |
| | പറങ്കിമാൻവിള- ആലപ്പാട്ടുറോഡ് | | | മെറ്റലിംഗും ടാറിംഗും ഇല്ല | പാലറ-അവന്തുരുത്തുമഠം റോഡ് | |
| | ഗ്രാമസേവക ഓഫീസ്- ഇടത്തററോഡ് | | | മെറ്റലിംഗും ടാറിംഗും ഇല്ല | പ്ലാപ്പള്ളിക്കോണം- കാവുവിള റോഡ് | |
| | പറങ്കിമാംവിള-കൈപ്പേറ്റിൽ റോഡ് | | | മെറ്റലിംഗും ടാറിംഗും ഇല്ല | പയ്യിക്കോണം-ഹരിജൻ കോളനി റോഡ് | |

| വാർഡ് | നിലവിലുള്ള റോഡുകൾ | നീളം | വീതി | റോഡുകളുടെ അവസ്ഥ | റോഡുകൾ ആവശ്യമുള്ള പ്രദേശങ്ങൾ | സന്നദ്ധ പ്രവർത്തനം വിഭാവനം ചെയ്തിട്ടുണ്ടോ?/ഇല്ലയോ |
|---|---|---|---|---|---|---|
| | കരിമ്പുവിള-തെഞ്ചേരി ക്കോണം റോഡ് | | | ടാറിംഗ് ഇല്ല | | |
| | ചാത്തമ്പറ-മണമ്പൂർ റോഡ് | | | ഒരു കിലോമീറ്റർ എത്തു-ന്നിടത്ത് കലുങ്കില്ല, കോളറില്ല | | |
| | ഗ്രാമസേവത ഓഫീസ്-കാവുവിള റോഡ് | | | മെറ്റലിംഗും, ടാറിംഗും ഇല്ല, കലുങ്കില്ല | | |
| | പറങ്കിമാംവിള-പുത്തൻ കോട് റോഡ് | | | ടാറില്ല, കോളറില്ല | | |
| | മണിയൻക്കോട്-ബാലവാടി | | | മെറ്റലിംഗും ടാറിംഗും ഇല്ല | | |
| | ഹരിജൻ സെറ്റിൽമെന്റ് കോളനി റോഡ് | | | | | |
| | കോട്ടൂർ ഇടവഴി | | | വീതിയുമില്ല ഓടയും ഇല്ല | | |
| | ഒറ്റപ്ലാമൂട് ഇടവഴി | | | കലുങ്കില്ല, മണ്ണൊലിപ്പുണ്ട് | | |
| IV | കടമ്പ്രക്കോണം | | | | | |
| | കാറ്റാടിമുക്ക് സർക്കിൾ റോഡ് | | | പല ഭാഗങ്ങളും ഇടിഞ്ഞു കിടക്കുന്നു | തൊട്ടിക്കല്ല് അവന്തുരുത്ത് മഠം റോഡ് | |
| | പാക്കട പാറക്കെട്ടിൽ റോഡ് | | | ഗതാഗതയോഗ്യമല്ല | കരിമ്പുവിള ചെക്കാലി ക്കോണം റോഡ് | |
| | കാട്ടുവിള മൻവഴി റോഡ് | | | ഗതാഗതയോഗ്യമല്ല | പന്തുകളം ഹരിജൻ കോളനി വലിയവിള റോഡ് | |
| | MLA റോഡ് | | | പലയിടത്തും ടാർ ഇളകിക്കിടക്കുന്നു | | |
| | അമ്പലത്തും പണ വളവൂർ കോണം റോഡ് | | | ടാറിംഗ് ഇല്ല | തൊട്ടിക്കല്ല് പന്തുകളം വലിയവിള റോഡ് | |
| | ഇടുപിടിക്കൽ പാലത്തിന്റെ പടിഞ്ഞാറെ ഭാഗത്തുള്ള നടപ്പാത | | | ഗതാഗതയോഗ്യമല്ല | | |

| വാർഡ് | നിലവിലുള്ള റോഡുകൾ | നീളം | വീതി | റോഡുകളുടെ അവസ്ഥ | റോഡുകൾ ആവശ്യമുള്ള പ്രദേശങ്ങൾ | സന്നദ്ധ പ്രവർത്തനം വിഭാവനം ചെയ്തിട്ടുണ്ടോ?/ഇല്ലയോ |
|---|---|---|---|---|---|---|
| V | പാർത്തുകോണം മുരിക്കരവാരം ഹരിജൻ കോളനി പണയിൽ റോഡ് | | | വശവും ഇടിഞ്ഞുകിടക്കുന്നു. ടാറിംഗ് നടത്തിയിട്ടില്ല | വാണിയന്റെ വിള ആറ്റുവീട്ടിൽകോണം വഴി ചീമ്പാട്ടിപണ കടകം പള്ളി റോഡ് | ശ്രമദാനം ഉണ്ട് |
| | കുരുവിള ചെറുവിളക്കുളം റോഡ് | | | ഗതാഗതയോഗ്യമല്ല | കടകംപള്ളി-പുന്നക്കുഴി ചീമ്പാടുകോണം | ഉണ്ട് |
| | വടക്കേവിള അമ്മൻ കോവിൽ റോഡ് | | | ഗതാഗതയോഗ്യമല്ല | പുലിക്കുന്നിൽ നിന്ന് ഒറ്റൂർ വാവറ റോഡിലേക്കുള്ള റോഡ് | ഉണ്ട് |
| | കോട്ടപ്പുറം പുന്നക്കുഴി റോഡ് | | | സഞ്ചാരയോഗ്യമല്ല | മൂങ്ങോട്-മഞ്ചാടിവിള റോഡ് | ഉണ്ട് |
| | | | | | ആറ്റുവീട്ടിൽ കോണം-കണ്ണങ്കര | ഉണ്ട് |
| | | | | | കവലയൂർ ചന്ത-കോട്ടപ്പുറം റോഡ് | ഉണ്ട് |
| | | | | | പള്ളിയത്ത് വാതുക്കൽ മുരിക്കരവാരം | |
| | | | | | മുരിക്കരവാരം നമ്പ്യാർ മംഗലം റോഡ് | ഉണ്ട് |
| | | | | | കവലയൂർ പള്ളിക്കുടം മുക്ക് കണിയാം വിളാകം റോഡ് | |
| | | | | | കോട്ടപ്പുറം കുന്നിൽ വാതുക്കൽ | |
| | | | | | പാർത്തുകോണം-മീമ്പാട്ടുപണ | |
| VI | കവലയൂർ ചന്ത-കീഴേടം റോഡ് | | | ടാറിംഗ് ഇല്ല | | ഉണ്ട് |
| | മഠവിളാകം റോഡ് | | | ടാറിംഗ് ഇല്ല | വെട്ടൂകാട്-കുളമുട്ടം തീരദേശപാത | |

| വാർഡ് | നിലവിലുള്ള റോഡുകൾ | നീളം | വീതി | റോഡുകളുടെ അവസ്ഥ | റോഡുകൾ ആവശ്യമുള്ള പ്രദേശങ്ങൾ | സന്നദ്ധ പ്രവർത്തനം വിഭാവനം ചെയ്തിട്ടുണ്ടോ?/ഇല്ലയോ |
|---|---|---|---|---|---|---|
| | കല്ലറവീട്-കുളിക്കടവ് റോഡ് | | | സഞ്ചാരയോഗ്യമല്ല | | |
| | കൊണ്ടോടിക്കൽ റോഡ് | | | സഞ്ചാരയോഗ്യമല്ല | | |
| | കുന്നത്ത് റോഡ് | | | സഞ്ചാരയോഗ്യമല്ല | | |
| | കുന്നുവിള പണയിൽ റോഡ് | | | സഞ്ചാരയോഗ്യമല്ല | | |
| VII | ശങ്കരൻമുക്ക് കാരൂർകോണം | | | ടാറിംഗ് ഇല്ല, സൈസ് വാൻ ഇല്ല | അമ്പലത്തുംപണ-MLA റോഡ് (ഇടവഴി) | |
| | ആശുപത്രിമുക്ക്-വാളക്കോട്ടു | | | ടാറിംഗ് ഇല്ല | PHCയുടെ പുറക് വശത്തേക്കുള്ള റോഡ് | |
| | മണമ്പൂർ ക്ഷേത്രം റോഡ് | | | | | |
| | കുഴിവിള-കണ്ണങ്കര റോഡ് | | | സൈഡ്വാറും ടാറിംഗും ഇല്ല | മണമ്പൂർ PHC മുതൽ കാരൂർ ഏലായ് | |
| | അമ്പലത്തും പണ പമ്പ് ഹൗസ് റോഡ് | | | ഗതാഗതയോഗ്യമല്ല | | |
| | ഗുരുനഗർ അമ്പലത്തും പണ റോഡ് | | | അമ്പലത്തു പണ ഭാഗത്ത് കലിങ്ങില്ല | | |
| VIII | കവലയൂർ മാടപ്പള്ളിക്കോണം പെരുങ്കുളം റോഡ് | | | ഗതാഗതയോഗ്യമല്ല | പനയറക്കോണം കൊററുമൂല റോഡ് | ഉണ്ട് |
| | പെരുങ്കുളം സ്കൂൾ-കണ്ണങ്കര റോഡ് | | | ഗതാഗതയോഗ്യമല്ല | കണ്ണങ്കര പാലാംകോണം റോഡ് | ശ്രമദാനവും സാമ്പത്തികവും |
| | കൊടുതൂക്കിൽകുന്ന്-മാടപ്പള്ളിക്കോണം റോഡ് | | | പുന്നയ്ക്കാട്ട്കോണം ടാറിംഗ് ഇല്ല | പനയറക്കോണം റോഡ് | ഉണ്ട് |
| | തൊപ്പിച്ചന്ത ആലുംമൂട് റോഡ് | | | ഗതാഗതയോഗ്യമല്ല | പനയറക്കോണം കവലയൂർ H.S. റോഡ് | |
| | മുട്ടുകോണം-കണ്ണങ്കര റോഡ് | | | ഗതാഗതയോഗ്യമല്ല | | |
| | മംഗലത്ത്-കണ്ണങ്കര-കടമ്പ്രക്കോണം | | | ഗതാഗതയോഗ്യമല്ല | | |
| | തൊപ്പിച്ചന്ത കൊറടുമൂല | | | പാലം ഇല്ല | | |

| വാർഡ് | നിലവിലുള്ള റോഡുകൾ | നീളം | വീതി | റോഡുകളുടെ അവസ്ഥ | റോഡുകൾ ആവശ്യമുള്ള പ്രദേശങ്ങൾ | സന്നദ്ധ പ്രവർത്തനം വിഭാവനം ചെയ്തിട്ടുണ്ടോ?/ഇല്ലയോ |
|---|---|---|---|---|---|---|
| IX | മഹിളാസമാജം-കുഴിവാള കോണം | | | ടാറിംഗ് ഇല്ല | വിളയിൽ-മെയിൻ റോഡിലേക്ക് റോഡ് | ഉണ്ട് |
| | മിഷൻ കോളനി-മണനാക്ക് | | | സഞ്ചാരയോഗ്യമല്ല | | |
| | പെരുങ്കുളം-മാടപ്പള്ളിക്കോണം | | | ഗതാഗതയോഗ്യമല്ല | | |
| | പെരുങ്കുളം-പാറയിൽക്കട | | | ഗതാഗതയോഗ്യമല്ല | | |
| | മിഷൻ കോളനി-മാടൻകാവ് | | | ഗതാഗതയോഗ്യമല്ല | | |
| | മഹിളാസമാജം-കിഴേക്കോണം | | | ഗതാഗതയോഗ്യമല്ല | | ഉണ്ട് |
| | പെരുങ്കുളം കോളനി-മലവിളഹെസു മനനാക്ക് റോഡ് | | | ഗതാഗതയോഗ്യമല്ല | | |
| ത | കുളമുട്ടം പള്ളി-വൻകടവ് | 800 മീ | 4 മീ | സൈഡുവാൾകെട്ടി മെറ്റൽ ടാർ ചെയ്യണം | | |
| | വില്ലേജ് ഓഫീസ് റോഡ് | 450 മീ | 4.5മീ | മെറ്റൽ ടാർ ചെയ്തില്ല | | |
| | കുളമുട്ടം ലക്ഷം വീട് റോഡ് | 560 മീ | 4 മീ | സൈഡ് വാൾ ഇല്ല ടാർ ചെയ്തില്ല | | |
| | കാഞ്ഞിരത്തിൽ ക്ഷേത്രം റോഡ് | 500 മീ | 4 മീ | സൈഡ് വാൾ ഇല്ല ടാർ ചെയ്തില്ല | | |
| | പൂവത്തിവിള റോഡ് | 600 മീ | 3.5 മീ | സൈഡ് വാൾ ഇല്ല ടാർ ചെയ്തില്ല | | |
| | കുളവരമ്പ് റോഡ് | 200 മീ | 4 മീ | മെറ്റൽ ടാർ ചെയ്തില്ല | | |
| | കാരോട്ട് മൂല റോഡ് | 300 മീ | 4 മീ | സൈഡ് വാൾ ഇല്ല | | |
| | കുളമുട്ടം കടവ് റോഡ് | 600 മീ | 4 മീ | സൈഡ് വാൾ ഇല്ല മെറ്റൽ ടാർ ചെയ്തില്ല | | |
| | റജിലാ മെമ്മോറിയൽ LPS റോഡ് | 300 മീ | 6 മീ | കലുങ്ക് ഇല്ല-മെറ്റൽ ടാർ ചെയ്തില്ല | | |
| | കുളമുട്ടം പള്ളികാമരാജ് റോഡ് | 300 മീ | 3.5 മീ | മെറ്റൽ ടാർ ചെയ്തില്ല | | |
| | കുളത്തിൽ ഏലാതടം | | | ജനപങ്കാളിത്തത്തോടെ ശ്രമദാനമായി വീതികൂട്ടി പഞ്ചായത്തുതടമായി മാറ്റുക | | ജനപങ്കാളിത്തമുണ്ട് |

### നിലവിലുള്ള വികസന പ്രശ്നങ്ങൾ

ചില വാർഡുകളിൽ വേണ്ടത്ര റോഡ് സൗകര്യമില്ല. അതിനെ സംബന്ധിച്ച വിശദ വിവരങ്ങൾ ആമുഖ പട്ടികയിൽ കൊടുത്തിട്ടുണ്ട്. റോഡുകൾ നിർമ്മിക്കുന്നതിന് വേണ്ട പൊതുജന പങ്കാളിത്തം പല റോഡുകളിൽ വാഗ്ദാനം ചെയ്തിട്ടുണ്ട്. നിലവിലുള്ള റോഡുകളുടെ ഗ്രാമസഭകളിൽ നിന്ന് കിട്ടിയ വിവരം അനുസരിച്ച് റോഡുകളുടെ അവസ്ഥ വളരെ മോശമാണ്. മിക്കവാറും റോഡുകളിൽ ഓടകളില്ല. ഓടകളില്ലാത്തതുമൂലം മഴക്കാലം ആകുമ്പോൾ റോഡിന് കുറുകെ വെള്ളം ഒഴുകി റോഡ് സഞ്ചാരയോഗ്യമല്ലാതാകുന്നു. ടാറിംഗ് നടത്തിയിട്ടുള്ള പല റോഡുകളും ടാറിംഗ് ഇളകി ഗതാഗതയോഗ്യമല്ലാതായി തീർന്നിരിക്കുന്നു. സമയാസമയങ്ങളിൽ മെയിന്റനൻസ് നടത്താത്തു മൂലം പല റോഡുകളിൽ തന്നെ വീതി കുറവാണ്. പല റോഡുകളുടേയും സൈഡ് വാറുകൾ ഇടിഞ്ഞ്കിടക്കുന്നവയോ ഇല്ലാത്തവയോ ആണ്.

കടത്തുവള്ളങ്ങൾ അടുക്കാൻ ജെട്ടി സൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്. നേരത്തെയുണ്ടായിരുന്നു കടത്തുസർവ്വീസുകൾ പുനരാരംഭിക്കേണ്ടതുണ്ട്.

പഞ്ചായത്തിന്റെ പല ഭാഗത്തുനിന്നും ബസ് സർവ്വീസുകളുടെ അപര്യാപ്തതയുണ്ട്. അത് പരിഹരിക്കേണ്ടതുണ്ട്.

മഴക്കാലത്തും മറ്റും കയറി നില്ക്കാൻ പറ്റിയ ബസ് സ്റ്റോപ്പ്ഷെൽറ്ററുകളോ, വെയിറ്റിംഗ്ഷെഡ്ഡോ പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം.

പഞ്ചായത്തിലെ പ്രധാനമായ ഒരു ഗതാഗത പ്രശ്നമാണ് പുത്തൻകോട് പാലത്തെ സംബന്ധിച്ചത്. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയുടെ പ്രധാനമായ ഗതാഗതമാർഗ്ഗമായിരുന്ന പാലം തകർന്നിട്ട് വർഷങ്ങളായി. ഇതുമൂലം ധാരാളം ആൾക്കാർക്ക് ഗതാഗത ബുദ്ധിമുട്ടനുഭവപ്പെടുന്നു.

### സാധ്യതകൾ

ഗതാഗതത്തെ സംബന്ധിച്ച് വന്നിട്ടുള്ള പ്രശ്നങ്ങളെ വിശദീകരിച്ചല്ലോ? ഇത് പരിഹരിക്കുന്നതിനുള്ള സാധ്യതകളാണിനി ആരായേണ്ടത്.

റോഡുകളുടെ സമഗ്രമായ വികസനത്തിന് ഒരു ജനകീയ ഇടപെടൽ അത്യാവശ്യമാണ്. വിവിധ ഗ്രാമസഭകളിൽ നിന്ന് അതിനാവശ്യമായ ജനകീയ പിന്തുണ വാഗ്ദാനവും ചെയ്തിട്ടുണ്ട്

പഞ്ചായത്തിൽ അത്യാവശ്യം വേണ്ട റോഡുകളെ പട്ടിക തിട്ടപ്പെടുത്തുകയും അവ നിർമ്മിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനും സംരക്ഷിക്കുന്നതിനും ജനകീയ വികസന സമിതി രൂപീകരിക്കണം. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ ഈ സമിതിയുടെ കീഴിൽ പ്രാദേശിക റോഡ് വികസന-സംരക്ഷണ ജനകീയ സമിതികൾ രൂപീകരിക്കണം. ഈ സമിതികൾക്ക് അതാത് പ്രദേശത്തെ റോഡുകളുടെ സംരക്ഷണ-വികസന ചുമതലകൾ നല്കേണ്ടതാണ്.

നിർമ്മിക്കാൻ തീരുമാനിക്കുന്ന റോഡുകളുടെ പണി ഈ ജനകീയ സമിതികളുടെ നേതൃത്വത്തിൽ തന്നെ നടത്തണം.

പഞ്ചായത്തിലെ റോഡുകൾക്ക് ഓടകൾ നിർമ്മിക്കണം. ഈ പ്രവർത്തനത്തിനാവശ്യമായ ജനപങ്കാളിത്തം ഉറപ്പുവരുത്തണം. ഇതിന് സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സ്പോൺസർഷിപ്പ് സ്വീകരിക്കാവുന്നതാണ്.

ഗ്രാമസഭകളിൽ നിന്നുയർന്നുവന്നിട്ടുള്ള മറ്റു വികസനാവശ്യങ്ങൾ മുൻഗണനാക്രമത്തിൽ നടപ്പിൽ വരുത്തേണ്ടതുണ്ട്. പുത്തൻകോട് പാലം പുനർനിർമ്മിക്കേണ്ടതുണ്ട്.

കുളമുട്ടത്തുനിന്നും വക്കത്തേയ്ക്കും അകത്തുമറിയിലേക്കും ബോട്ട് സർവ്വീസുകൾ പുനരാരംഭിക്കേണ്ടതുണ്ട്. തിരുവനന്തപുരം, ആലപ്പുഴ ജലഗതാഗതം പുനരുജ്ജീവിപ്പിച്ചാൽ ഒരു പരിധി വരെ നമ്മുടെ ജലഗതാഗതത്തെ വികസിപ്പിക്കാൻ കഴിയും.

പ്രധാന ബസ്റ്റോപ്പുകളായ മണമ്പൂർ ജംഗ്ഷൻ, കവലയൂർ, ചാത്തമ്പറ എന്നിവിടങ്ങളിൽ സമയബന്ധിതമായും ഷെൽറ്ററിംഗ് ഉൾപ്പെടെയുള്ള വെയിറ്റിംഗ് ഷെഡ് നിർമ്മിക്കേണ്ടതുണ്ട്.

# സാംസ്കാരിക രംഗം

അമ്പലങ്ങളും, പള്ളികളും, മദ്രസകളും, കാവുകളും, കുളങ്ങളും ധാരാളം ഉള്ള ഗ്രാമമാണ് മണമ്പൂർ. ഇതിനുപുറമേ അനേകം കലാകായിക സംഘടനകളും ഗ്രന്ഥശാലകളുമുണ്ട്. കേരളത്തിൽ പൊതുവേ നിലനിന്നിരുന്നതുപോലെ ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ഈ ഗ്രമത്തിലേയും സാസ്കാരിക പ്രവർത്തനം ഏറെക്കുറെ ബ്രാഹ്മണരുടെ നേതൃത്വത്തിൽ ആയിരുന്നുവെന്നുതന്നെ പറയാം. മഠങ്ങളും ക്ഷേത്രങ്ങളും കേന്ദ്രീകരിച്ച് കൂത്ത്, കൂടിയാട്ടം, ഓട്ടംതുള്ളൽ, കഥകളി എന്നീ കലാപ്രകടനങ്ങൾ നടത്തിയിരുന്നു. ഈ പഞ്ചായത്തിലെ പ്രധാന ക്ഷേത്രങ്ങളായ മണമ്പൂര്, കവലയൂര് എന്നവിടങ്ങളിൽ വർഷംതോറും ഉത്സവം നടത്തിവരുകയും വലിയൊരു ജനവിഭാഗത്തെ ആകർഷിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇവിടത്തെ ഹൈന്ദവ ക്ഷേത്രങ്ങളിൽ ഉത്സവപരിപാടികളിൽ പങ്കെടുക്കുവാൻ അന്യമതസ്തർക്ക് അനുവാദമില്ലായിരുന്നു. മാത്രവുമല്ല ക്ഷേത്രപ്രവേശന വിളംബരം ഉണ്ടായിട്ടുപോലും സ്വാതന്ത്ര്യം കിട്ടി വർഷങ്ങൾ കഴിഞ്ഞതിനുശേഷമാണ് പട്ടികജാതിയിൽപ്പെട്ടവർക്ക് ക്ഷേത്രപ്രവേശനം ലഭിച്ചത്. 1977-ൽ പഞ്ചായത്ത് പുനഃർവിഭജനം നടക്കുന്നതുവരെ മൂങ്ങോട് സെന്റ് സെബാസ്റ്റ്യൻ ചർച്ച് ഈ പഞ്ചായത്തിലായിരുന്നു. ദിവസങ്ങൾ നീണ്ടുനിൽക്കുന്ന ഉത്സവങ്ങൾ ഇവിടെ നടന്നിരുന്നു. എല്ലാ ജാതിമതവിഭാഗങ്ങളിലും പെട്ട ആളുകൾ പരിപാടി ആസ്വദിക്കാൻ എത്തിയിരുന്നു.

ഇവിടത്തെ ജനസംഖ്യയിൽ കൂടുതലും ഹിന്ദുക്കളാണ്. അതിൽതന്നെ 17.8% പട്ടികജാതിയിൽ പെട്ടവരാണ്. ജാതിവ്യവസ്ഥ ഇവിടെ നിലവിലുണ്ടായിരുന്നു. എന്നാൽ ജാതിവ്യവസ്ഥയുടെ പേരിൽ എന്തെങ്കിലും വിദ്വേഷമോ, സംഘട്ടനങ്ങളോ ഉണ്ടായിരുന്നില്ല. മുസ്ലീം സമുദായത്തിൽപ്പെട്ടവർ ഇവിടെ ന്യൂനപക്ഷമാണെങ്കിലും കുളമുട്ടം, പാലാംകോണം, കടുവായിൽ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് കൂടുതലും. ക്രിസ്തു മതത്തിൽപെട്ടവർ നാമമാത്രമായിട്ടേയുള്ളൂ.

ഭൂവിനിയോഗത്തെപ്പറ്റിയാണെങ്കിൽ ഭൂമിയുടെ സിംഹഭാഗവും ബ്രാഹ്മണർ, നായൻമാർ. മറ്റു സമുദയങ്ങളിലെ ഒരു ചെറു വിഭാഗക്കാർ എന്നിവരുടെ കൈകളിലായിരുന്നു. എന്നാൽ ഭൂരിപക്ഷം പേരും നാമമാത്ര ഭൂവുടമകളോ ഭൂരഹിതരോ ആയിരുന്നു. ഭൂപരിഷ്ക്കരണ നിയമം നടപ്പിൽ വരികയും, കുടികിടപ്പവകാശം സ്ഥാപിച്ചുകിട്ടുകയും ചെയ്തതിനുശേഷമാണ് പട്ടികജാതിയിൽപ്പെട്ട ഒരു വലിയ വിഭാഗം തുണ്ടുഭൂമിയുടെ ഉടമസ്ഥരായത്. പട്ടികജാതിക്കാർ കൂടുതലായി പാർക്കുന്ന പ്രദേശമായ മലവിളയിൽ ഈശ്വരൻ എന്നൊരാളിന്റെ നേതൃത്വത്തിൽ ഒരു സാസ്കാരികരംഗം പ്രവർത്തിച്ചിരുന്നു. കമ്പടിക്കളി, താനായിവട്ടം, തിരുവാതിര, കാക്കാരിശിനാടകം, പടയണി, എന്നീകലാരൂപങ്ങൾ ഈ സമിതിയുടെ നേതൃത്വത്തിൽ അവതരിപ്പിച്ചിരുന്നു. "ശ്രീഹരിചന്ദ്ര' എന്ന നാടകം അനവധി സദസുകളിൽ അവതരിപ്പിച്ചിരുന്നു.

ഈ പ്രദേശങ്ങളിൽ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി ഗോപാലൻ വാധ്യാർ, ബാപ്പൂട്ടി എന്നിവരുടെ നേതൃത്വത്തിൽ നില ത്തെഴുത്ത് പഠിപ്പിച്ചിരുന്നു. ഇവ കൂടാതെ മണ മ്പൂർ, കുറട്ടുമൂല എന്നിവിടങ്ങളിൽ നിശാ പാഠ ശാലകളും പ്രവർത്തിച്ചിരുന്നു.

സ്വാതന്ത്ര്യ സമ്പാദനത്തിനുമുമ്പുതന്നെ മണമ്പൂർ കേന്ദ്രമാക്കി സേവാസമിതി എന്ന ഒരു സാസ്കാരിക സമിതി പ്രവർത്തിച്ചിരുന്നു. കവലയൂർ കേന്ദ്രമാക്കി വൈ. എം. സി. എ. എന്ന കലാസമിതി സ്വാതന്ത്ര്യാനന്തര കാല ഘട്ടത്തിൽ രൂപമെടുത്തിരുന്നു. കൂടാതെ കലാ പോഷിണി എന്ന ഒരു സമിതിയും പ്രവർത്തി ച്ചിരുന്നു. ഈ സമിതികളെല്ലാം ഈ പഞ്ചായ ത്തിലെ സംസ്ക്കാരിക രംഗത്ത് വലിയ മാറ്റ ങ്ങൾ വരുത്തിയിട്ടുണ്ട്.

1943–ൽ നീറുവിള കേന്ദ്രീകരിച്ച് രൂപം കൊണ്ട ഒരു സാംസ്കാരിക കേന്ദ്രമാണ് ആർട്ടിസ്റ്റ് രാജാരവിവർമ ഗ്രന്ഥശാല. മുല്ലപ്പ ള്ളിക്കോണത്ത് ശ്രീരാമൻ നാരായണപിള്ള സംഭാവന ചെയ്തസ്ഥലത്ത് കിളിമാനൂർ കൊട്ടാരത്തിന്റെ സഹായത്താൽ നിർമ്മിച്ച ഗ്രന്ഥശാലയാണ് ഇത്. ഈ ഗ്രന്ഥശാലയിൽ മുമ്പ് "സംഗമം' എന്ന കൈയെഴുത്ത് മാസി കയുണ്ടായിരുന്നു. ഇത് വികസിച്ചതാണ് ഇന്നത്തെ "ഇന്ന്' എന്ന ഇൻലാന്റ് മാസിക. ഈ മാസികയുടെ പിന്നിൽ ഉയർന്നുവന്ന എഴുത്തികാരനാണ് മണമ്പൂർ രാജൻ ബാബു. മഹാകവി കുട്ടമത്ത് അവാർഡ് നേടിയ ഇദ്ദേഹം അനേകം കവിതാസമാഹാരങ്ങളു ടേയും, മിനികഥകളുടെയും കർത്താവാണ്. "ആ' ഗ്രേഡിൽ എത്തിനിൽക്കുന്ന ഈ ഗ്രന്ഥ ശാലയിൽ ഇന്ന് 6675 പുസ്തകങ്ങളുണ്ട്. ഈ വായനശാല കേന്ദ്രീകരിച്ച് സാക്ഷരതാ പ്രവർത്തനങ്ങൾ, സെമിനാറുകൾ, ചർച്ചകൾ, കലാകായിക മത്സരങ്ങൾ എന്നിവ നടത്തിവ രുന്നു. സാംസ്കാരിക രംഗത്ത് കാര്യമായ സംഭാവന ഈ കേന്ദ്രത്തിൽ നിന്നും നൽകി വരുന്നു. തദ്ദേശവാസികളുടെയും വിദേശ മല യാളികളുടേയും സഹായത്താൽ വാങ്ങിയ ഒരു ഠ.ഢ. സെറ്റ് ഈ ഗ്രന്ഥശാലയിൽ ഉണ്ട്.

കവലയൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന വൈ. എം. സി. എ. ഗ്രന്ഥശാല 1952–ൽ ആരം ഭിച്ചതാണ്. 4300–ൽപ്പരം പുസ്തകങ്ങൾ ഇവി ടെയുണ്ട്. 1051 അംഗങ്ങൾ ഉള്ളതിൽ 151 സ്ത്രീകളാണ്. മുൻകാലങ്ങളിൽ വർഷം തോറും ഈ പ്രദേശത്തെ കലാപ്രതിഭകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നാടകങ്ങളും കലാപരിപാടികളും അവതരിപ്പിച്ചിരുന്നു. അങ്ങനെ ഈ പ്രദേശത്ത് കലാകായിക രംഗത്ത് ഒരു ഉണർവുണ്ടാക്കുവാൻ ഈ കലാ സമിതികൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ കുറഞ്ഞ കാലങ്ങളായി കലാകായികരംഗങ്ങ ളിൽ ഒരു നിർജ്ജീവാസസ്ഥ നിഴലിച്ചുകാ ണുന്നു. പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് സ്ഥാപിച്ച ഒരു T.V. സെറ്റ് ഈ വായനശാല യിൽ പ്രവർത്തിക്കുന്നു.

1971–ൽ ആരംഭിച്ച കണ്ണങ്കര നവഭാരത് വായനശാലയിൽ 1600 പുസ്തകങ്ങൾ ഉണ്ട്. 165 ആംഗങ്ങളുള്ളതിൽ 25 സ്ത്രീകളാണ്. ഈ ഗ്രന്ഥശാലയുടെ നേതൃത്വത്തിലും കലാ കായിക മത്സരങ്ങൾ നടത്തിവരുന്നു. അന്ത രിച്ച ശ്രീ. C.M. കൃഷ്ണൻ നായരുടെ നേതൃ ത്വത്തിൽ ഒരു പിടിചെറുപ്പക്കാരുടെ ശ്രമഫല മായി, ശ്രീമതിമാർ ഓമനയമ്മയും, ജാനകിയ മ്മയും സംഭാവനചെയ്ത രണ്ട് സെന്റ് സ്ഥലത്ത് മൺക്കട്ട ചുമര് തിരിച്ച് ഓലമേഞ്ഞ കെട്ടിടത്തിൽ ആരംഭിച്ച ഒരു വായനശാല ഇന്ന് തദ്ദേശ വാസികളുടെ ശ്രമഫലമായി കോൺഗ്രീറ്റ് മേൽകൂരയോട് കൂടിയ ഒരു കെട്ടി ടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തു വക T.V. ഇവിടെ ഉണ്ട്. സാക്ഷരാപ്രവർത്ത നങ്ങളിൽ ഇതിലെ പ്രവർത്തകർ സജീവമായി പങ്കെടുത്തിരുന്നു.

1968–ൽ ചാത്തമ്പറ പറങ്കിമാംവിള കേന്ദ്ര മാക്കി സ്വരാജ് വായനശാല എന്ന പേരിൽ ഒരു സാംസ്കാരിക കേന്ദ്രം പ്രവർത്തിച്ചി രുന്നു. വാടകകെട്ടിടത്തിൽ മാറി മാറി. പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം പുസ്തക ങ്ങളെല്ലാം നഷ്ടപ്പെട്ട് പ്രവർത്തന രഹിതമാണ്.

സർക്കാറിന്റെ 11 ഇന പരിപാടികൾ ഉൾപ്പെ ടുത്തി നിർമ്മിച്ച സാംസ്കാരിക നിലയം

ഗ്രന്ഥശാലയായി പ്രവർത്തിക്കുന്നില്ല. എന്നാൽ എതാനും യുവാക്കളുടെ ശ്രമഫലമായി പ്രസ്തുത സാംസ്കാരിക നിലയത്തിന് കുറെ പുസ്തകങ്ങൾ സംഭരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തുവക T.V.സെറ്റ് ഇവിടെ പ്രവർത്തിക്കുന്നു. സാക്ഷരതാപ്രവർത്തനത്തിൽ ഇവിടെയുള്ളവർ പ്രവർത്തിക്കുന്നുണ്ട്. ഈ സാംസ്കാരിക നിലയത്തിൽ ആകെ 114 അംഗങ്ങൾ ഉണ്ട്. ഇതിൽ 9പേർ സ്ത്രീകളാണ്. ഇവിടെ കായിക മത്സരങ്ങൾ നടക്കുന്നുണ്ട്.

1982-ൽ ആരംഭിച്ച V-ാം വാർഡിലെ നാലുമുക്കിൽ സ്ഥിതിചെയ്യുന്ന ഫിനിക്സ് ഗ്രന്ഥശാലയിൽ 1755 പുസ്തങ്ങളുണ്ട്. 200-ൽ പരം അംഗങ്ങളുള്ളതിന്റെ 110പേർ സ്ത്രീകളാംണ്. നാല് ദിനപത്രങ്ങളും മാസികകളും വാരികകളും എന്നിവ ഗ്രന്ഥശാലിയിൽ വരുത്തുന്നുണ്ട്. ഈ പുസ്തകങ്ങളും പത്രങ്ങളും നാട്ടുകാരുടെ സംഭാവനയാണ്. സാക്ഷരതാ പ്രവർത്തനത്തിലും ഇതിലെ പ്രവർത്തകർ പങ്കെടുത്തിരുന്നു. ഇതോടനുബന്ധച്ച് ഒരു ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബും പ്രവർത്തിക്കുന്നുണ്ട്. ഇവിടെ കലാ കായിക മത്സരങ്ങൾ നടത്തുന്നതുകൂടാതെ ഢക-ാം വാർഡിൽ പാർത്തുകോണം കേന്ദ്രമാക്കി വിവേക് പൗരസമിതിയും, കോട്ടപ്പുറം 'പാറപുറം' പൗരസമിതുയും പ്രവർത്തിക്കുന്നു. പാർത്തുകോത്തും മുരിക്കരവാരത്തും പഞ്ചായത്തുവക T.V. കിയോസ്ക്കുകൾ പ്രവർത്തിക്കുന്നു. മേൽപ്പഞ്ഞ ഗ്രന്ഥശാല വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

പുത്തൻകോട് പൊതുജനങ്ങളുടെ പ്രവർത്തനഫലമായി പ്രവർത്തിച്ചിരുന്ന വാനശാല ഇന്ന് നിർജ്ജീവാവസ്ഥയിലാണ്.

ശ്രീമാൻ വിശ്വനാഥൻ ടൈലറുടെ ഓർമ്മക്കായി വിശ്വ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് എന്ന ഒരു സ്ഥാപനം മണമ്പൂർ ഗുരുനഗർ കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്നു. ഇതോടൊപ്പം 'ഈഡൻസ്' എന്ന ക്രിക്കറ്റ് ക്ലബ്ബും ഉണ്ട്. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ കലാകായിക മത്സരങ്ങൾ സംഘടിപ്പിച്ചുവരുന്നു.

പത്തടിവിളയിൽ ജയകേരളം ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് പ്രവർത്തിക്കുന്നു. എല്ലാ വർഷവും കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും ഈ പ്രദേശത്തെ കലാപ്രതിഭകളെ കണ്ടെത്തുകയും പ്രോഹാത്സിപ്പിക്കുകയും ചെയ്യുന്നു. പഞ്ചായത്തുവക T.V ഇവിടെ ഉണ്ട്.

നീറുവിള കേന്ദ്രീകരിച്ച് നവകേരളം ആർട്സ് ആന്റ് സ്പോർട്സ് അസോസിയേഷൻ എന്ന ഒരു സമിതി വളരെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കായികരംഗത്ത് അഭിരുചിയുള്ളവരെ കണ്ടെത്തി പ്രോഹാത്സനവും പരിശീലനവും വിവിധഭാഗങ്ങളിൽ നിന്നും പ്രഗത്ഭരായ പങ്കെടുപ്പിച്ച് മത്സരം നടത്താറുണ്ട്.

കുളമുട്ടത്ത് പ്രവർത്തിക്കുന്ന ഒരു കലാകായിക സമിതിയാണ് യംഗ് ചലഞ്ചേഴ്സ് ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബ്, മറ്റൊന്ന് Y.M.A.C. ഇവ രണ്ടും കായിക കലാ പ്രതിഭകൾക്ക് പ്രോത്സാഹനം നൽകിവരുന്നു.

തിരുവന്തപുരം ജില്ലയിലെ മുസ്ലീം ആരാധനാലയങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് കടുവായിൽ ജുമാ മസ്ജിദ്. ഇവിടെ എല്ലാ മതവിഭാഗത്തിലും പെട്ടവർ എത്താറുണ്ട്. രണ്ട്, മൂന്ന്, നാല്, എട്ട്, ഒമ്പത്, പത്ത് എന്നീ വാർഡുകളിൽ മുസ്ലീം ദേവാലയങ്ങളോ, നമസ്കാര പള്ളികളോ നിലവിലുണ്ട്. ഇവിടെയൊക്കെ ജനങ്ങളുടെ സാംസ്കാരിക നിലവാരത്തെ ഉയർത്തുക, മത സൗഹാർദ്ദം വളർത്തുക എന്ന ലക്ഷ്യം മുൻനിർത്തികൊണ്ടുള്ള മത പ്രസംഗ പരമ്പര നടത്താറുണ്ട്.

ഈ പഞ്ചായത്തിലെ ഒമ്പതാംവാർഡിൽ മുസ്ലീം പള്ളി, ക്രിസ്തീയ പള്ളി, ഹിന്ദുക്കളുടെ ചെറുക്ഷേത്രങ്ങൾ, കാവുകൾ എന്നിവ അടുത്തടുത്തായി മതസൗഹാർദ്ദത്തിന്റെ പ്രതീകങ്ങളായി നിലകൊള്ളുന്നു.

ഈ പഞ്ചായത്തിലെ സാക്ഷരതാ നിരക്ക് 72 ശതമാനമാണെങ്കിലും കഴിഞ്ഞ 25 വർഷകാലത്തെ പത്രങ്ങളുടെ വരിക്കാരെ സംബന്ധിച്ചിടത്തോളം കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഏകദേശം 15 ശതമാനം വീടുകളി

ലേയ്ക്ക് പത്രം വരുത്താറുള്ളൂവെങ്കിലും 40 ശതമാനത്തോളം ആളുകൾ ദിനപത്രങ്ങൾ വായിക്കാറുണ്ട്. ദിനപത്രങ്ങൾ വായിക്കുന്നവ രിലുപരി ആഴ്ചപ്പതിപ്പുകളോ മാസികകളോ വായിക്കുന്നുണ്ട്. ദിനപ്പത്രങ്ങളിൽ പ്രധാന മായി വായിക്കുന്നവ കേരളകൗമദി, മാതൃഭൂമി, മലയാള മനോരമ, മംഗളം, മാധ്യമം, ദേശാഭി മാനി എന്നിവയാണ്. ചുരുക്കം വീടുകളിൽ ഇന്ത്യൻ എക്സ്പ്രസ്, ദി ഹിന്ദു എന്നീ ഇംഗ്ലീഷ് പത്രങ്ങളും വരുത്താറുണ്ട്. ആഴ്ച പ്പതിപ്പുകളിൽ പ്രധാനമായി വായിക്കാറുള്ളത് മംഗളം, മലയാള മനോരമ, കലാകൗമദി, ഇന്ത്യാ ടുഡേ എന്നിവയാണ്. ഇതൊക്കെയാ ണെങ്കിലും ഗുണമേന്മയുള്ള പ്രസിദ്ധീകരണ ങ്ങൾ വായിക്കുന്നവരുടെ എണ്ണം ആശാവഹ മായി ഉയരുന്നില്ല.

ടെലിഫോൺ ഇന്ന് ഏകദേശം പത്തുശത ക്കുന്നവരുടെ എണ്ണം ആശാവഹമല്ല. ഇല ക്ട്രോണിക് മാധ്യമങ്ങൾ സംസ്ക്കാരത്തി ന്റേയും പുരോഗതിയുടേയും ഉരകല്ലാണെന്ന് പറയുമെങ്കിലും സമ്മിശ്രമാറ്റങ്ങളാണ് ജനങ്ങ ളിലുണ്ടാക്കിയിരിക്കുന്നത്. ചെറുപ്പക്കാരു ടേയും, കുട്ടികളുടേയും ഇടയിൽ ടി. വി. യിൽ കൂടി പ്രക്ഷേപണം ചെയ്തുവരുന്ന ക്രിക്കറ്റ് മത്സരം വളരെയധികം സ്വാധീനം ചെലുത്തി വരുന്നു. ഇന്ന് നമ്മുടെ പഞ്ചായത്തിൽ ഏക ദേശം ഇരുപതോളം വീഡിയോ ലൈബ്രറി കൾ പ്രവർത്തിക്കുന്നു. അതായത് വായനശാ ലകളുടെ ഇരട്ടി. ഇതിൽ നിന്നും മനസ്സിലാ ക്കാൻ കഴിയുന്നത് ജനങ്ങൾക്ക് ഇലക്ട്രോ ണിക് മാധ്യമങ്ങളോടുള്ള ഭ്രമം അഭൂതപൂർവ്വ മായി വർദ്ധിച്ചിരിക്കുന്നുവെന്നാണ്. നാല് കേബിൾ ടി.വി. നെറ്റ് വർക്കുകൾ ഈ പഞ്ചാ യത്തിൽ പ്രവർത്തിക്കുന്നു.

നിലവിലുള്ള ഗ്രന്ഥശാലകളുടെ വിവരങ്ങൾ

| പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | മറ്റ് അനുബന്ധപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|
| ആർട്ടിസ്റ്റ് രാജാരവി വർമ്മ ഗ്രന്ഥശാല | 1943 | ബി | 6775 | 530 | 10 | സാക്ഷരത ബാലവേദി സഞ്ചരിക്കുന്ന ലൈബ്രറി |
| വൈ.എം.എ. കവലയൂർ | 1952 | സി | 4300 | 400 | 6 | – |
| കണ്ണങ്കര നവഭാരത് | 1971 | ഡി | 1600 | 125 | 3 | – |
| ഫീനിക്സ് ഗ്രന്ഥശാല | 1982 | | 1755 | 230 | 14 | – |

മാനം വീടുകളിലുണ്ട്. പഞ്ചായത്തുവക ടി.വി. എല്ലാ വാർഡുകളിലും സ്ഥാപിച്ചിട്ടുണ്ട്. ഏക ദേശം 75% പേർ ടി.വി. പ്രേക്ഷകരാണ്. എന്നാൽ ഇവരിൽ വലിയൊരുശതമാനം ചിത്രഗീതം, സീരിയലുകൾ, സിനിമകൾ എന്നിവ മാത്രം ആസ്വദിക്കുന്നവരാണ്. വിജ്ഞാനപ്രദമായ പ്രക്ഷേപണങ്ങൾ ശ്രവി

കായികപരിശീലനം ശരീരത്തെ ശക്തമാ ക്കുന്നതോടൊപ്പം ദൃഢചിത്തതയും ധൈര്യവും സംഘപ്രവർത്തന മനസ്ഥിതിയും വ്യക്തികളിൽ സൃഷ്ടിക്കുന്നതിന് സഹായി ക്കുന്ന ഇച്ഛാശക്തിയുള്ള, ആത്മവിശ്വാസ മുള്ള, അരോഗദൃഢഗാത്രരായ ഒരു ജനതയെ വാർത്തെടുക്കലാണ് പ്രബുദ്ധമായ കായികസം

സ്ക്കാരത്തിന്റെ കടമ. ബഹുജനാടിത്തറയുള്ള ഒരു കായിക സംസ്ക്കാരസൃഷ്ടിക്ക് സഹായകരമായ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ നടക്കുന്നുണ്ടോയെന്ന് പിരശോധിക്കേണ്ടതാണ്. പഞ്ചായത്തുരാജ് നിയമത്തിൽ സ്കൂളുകളിൽ കായികാധ്വാന സംസ്ക്കാരം അവതരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണെന്ന് പറയുന്നുണ്ട്. കൂടാതെ സ്റ്റേഡിയവും കളിസ്ഥലവും നിർമ്മിക്കുകയും പരിപാലിക്കുകയും കായിക വിനോദങ്ങളും കളികളും പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും പറയുന്നുണ്ട്. ഈ പഞ്ചായത്തിലെ കായികരംഗത്തെ പൊതുസ്ഥിതി പരിശോധിക്കുകയാണെങ്കിൽ കാര്യമായ ഒരു പുരോഗതിയും ഉണ്ടായി കാണുന്നില്ല.

ഇതിന് പല കാരണങ്ങളും ഉണ്ട്. പ്രധാനമായി കായിക പ്രതിഭകൾക്ക് പരിശീലനം നേടാനുള്ള പൊതു കളിസ്ഥലമോ, സ്വിമ്മിംഗ് പൂളോ ഈ പഞ്ചായത്തിലില്ല. മറ്റൊരു കാരണം ഈ പഞ്ചായത്തിലെ നിലവിലുള്ള സ്കൂളുകളിലൊന്നും തന്നെ ആവശ്യത്തിനുള്ള കളിസ്ഥലമില്ല. മാത്രവുമല്ല കുറഞ്ഞതോതിലെങ്കിലും കളിസ്ഥലമുള്ള സ്കൂളുകളിൽപ്പോലും കായികാഭ്യാസത്തിന് പ്രാധാന്യം നല്കിക്കാണുന്നില്ല.

ആണ്ടുതോറും ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന കേരളോത്സവത്തിനു പങ്കാളിത്തം കുറഞ്ഞുവരുന്നു.

**പ്രശ്നങ്ങൾ**

ഗ്രന്ഥശാലകളിൽ നിന്നും പുസ്തകം വായിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം. വിവാഹാദി ചടങ്ങുകളുടെ വർധിച്ചുവരുന്ന ആർഭാടം. കായിക വിനോദ സൗകര്യങ്ങളുടെ അപര്യാപ്തത. തനതു കലകളുടെ നാശം. കലാസമിതികളും മറ്റും നേരിടുന്ന പ്രശ്നങ്ങൾ.

**സാദ്ധ്യതകൾ**

മേന്മയേറിയ കായിക സംസ്കാരം രൂപീകൃതമാകുന്നതുകൊണ്ട് സമൂഹത്തിനുണ്ടാകുന്ന ഗുണത്തെക്കുറിച്ച് വ്യാപകമായ ബോധവല്ക്കരണം നടത്തുക. ഏറ്റവും ചെറിയ ക്ലാസ്സു മുതൽ തന്നെ എല്ലാ വിദ്യാർത്ഥികളും എന്തെങ്കിലും തരത്തിലുള്ള കായികപ്രവർത്തനത്തിൽ നിർബന്ധമായും പങ്കെടുക്കണമെന്നതിന് വ്യവസ്ഥയുണ്ടാകണം.

എല്ലാ വിദ്യാലയങ്ങളിലും കളിസ്ഥലമോ തുറസ്സായ സ്ഥലമോ ഉണ്ടായിരിക്കണം. അദ്ധ്യാപകർ നിർബന്ധമായും ഒരു നിശ്ചിത സമയം പങ്കെടുക്കണം. ജനകീയ കമ്മിറ്റികളുടെ നേതൃത്വത്തിൽ ഗ്രാമീണതലത്തിൽ കായിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

സമൂഹവുമായി ബന്ധമുള്ള ഗ്രാമീണ കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുവാനുള്ള നടപടി ഉണ്ടാകണം. സ്കൂളുകളിൽ സ്പോർട്ട്സ് പാഠങ്ങൾ കൂടി ഉൾപ്പെടുത്തണം. ജലാശയങ്ങൾ ഉള്ള പ്രദേശങ്ങളിൽ നീന്തൽ, ഡൈവിംഗ്, വാട്ടർപോളോ എന്നീ ജലകേളികൾക്ക് പ്രോത്സാഹനം നൽകണം. ഗ്രാമത്തിൽ സൗകര്യമുള്ള സ്ഥലങ്ങളിൽ പൊതു കളിസ്ഥലങ്ങൾ ജനപങ്കാളിത്തത്തോടെ നിർമ്മിക്കാവുന്നതാണ്. അങ്ങനെ നിർമ്മിക്കപ്പെടുന്നവയുടെ സംരക്ഷണച്ചുമതല ജനകീയ കമ്മിറ്റിയെ ഏല്പിക്കേണ്ടതാണ്.

പഞ്ചായത്തുകൾ സംഘടിപ്പിക്കുന്ന കലാകായികമേളകളിൽ പങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു.

വായനാശീലം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ പുസ്തകം എത്തിച്ചുകൊടുക്കുന്ന സഞ്ചരിക്കുന്ന വായനശാല എന്ന പരിപാടി പരീക്ഷിച്ചുനോക്കാവുന്നതാണ്. വീഡിയോ ക്ലബ്ബുകൾ രൂപീകരിച്ച് ദൂരദർശനിലെ പരിപാടികളെക്കുറിച്ചുള്ള ചർച്ചകളും സെമിനാറുകളും നടത്താം. ഇതുവഴി നല്ല പരിപാടികൾ ആസ്വദിക്കാനുള്ള ഒരു മനോഭാവം വളർത്തിയെടുക്കാവുന്നതാണ്. ഇങ്ങനെ രൂപീകരിക്കുന്ന വീഡിയോ ക്ലബ്ബുകളിലൂടെ കലാമൂല്യമുള്ള വീഡിയോ ഫിലിമുകൾ പ്രദർശിപ്പിച്ചും ആരോഗ്യകരമായ ഒരു മാധ്യമ സംസ്ക്കാരം നിലനിർത്താവുന്നതാണ്. ഫിലിം സൊസൈറ്റികളിലൂടെയും ഫിലിം

ക്ലബ്ബുകളിലൂടെയും മേൽപ്പറഞ്ഞത് ചെയ്യാവു ന്നതാണ്.

പഞ്ചായത്തു തലത്തിൽ ഇതിനായി ഒരു ജനകീയ സംവിധാനമുണ്ടായാൽ സ്കൂളുക ളിലും ഗ്രന്ഥശാലകളിലും സാംസ്ക്കാരിക സംഘടനകളിലും നിലവാരമുള്ള ചലച്ചിത്ര ങ്ങളും വീഡിയോ ചിത്രങ്ങളും പ്രദർശിപ്പിക്കാ വുന്നതാണ്. ഈ സമിതിക്ക് പഞ്ചായത്തു തല ത്തിൽ ഫിലിം മേളകളും വീഡിയോ മേളകളും മാധ്യമസെമിനാറുകളും സംഘടിപ്പിക്കാവുന്ന താണ്. കലാകായിക രംഗത്ത് ഗ്രാമത്തിൽ ഇന്നു നിലനില്ക്കുന്ന പിന്നോക്കാവസ്ഥ പരി ഹരിക്കുവാൻ ജനപ്രതിനിധികളും കലാകാ യിക സംഘടനകളിലെ പ്രതിനിധികളും ഉൾപ്പെടുന്ന ജനകീയ കമ്മിറ്റികൾക്ക് കഴിയും. ഈ രംഗത്തെ പ്രശ്നങ്ങൾ നിരീക്ഷിക്കുകയും വിലയിരുത്തുകയും വേണ്ട പരിഹാരനടപടി കൾ സ്വീകരിക്കുകയും വേണം. പഞ്ചായത്തു തലത്തിൽ കലാകായിക പ്രതിഭകളെ കണ്ടെത്തി അവർക്കു വേണ്ട അധികപരിശീ ലനം നല്കാനുള്ള സംവിധാനവും ഈ സമി തിക്ക് ചെയ്യാവുന്നതാണ്. ഗ്രന്ഥശാലകളിൽ സഞ്ചരിക്കുന്ന കയ്യെഴുത്ത് മാസികകൾ രൂപ പ്പെടുത്തേണ്ടതാണ്. ഗ്രാമത്തിലെ ഗ്രാമീണ കലാകാരന്മാരേയും നാടൻ കലകളേയും കണ്ടെത്തി പരിപോഷിപ്പിക്കുവാനുള്ള ഒരു സംവിധാനവും ഉണ്ടാകേണ്ടതാണ്.

# വനം

ഏതാനും വർഷങ്ങൾക്കു മുമ്പുവരെ ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളും കാടായിരുന്നു. കാർഷികാവശ്യത്തിനും വീടു നിർമ്മാണത്തിനും വേണ്ടി അവയെല്ലാം വെട്ടിത്തെളിച്ചു. എന്നാൽ ഇനി ഏകദേശം 28 ഓളം കാവുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. വൈവിധ്യമാർന്ന സസ്യജാലങ്ങൾ ഇവിടെ കണ്ടുവരുന്നു. കാവുകളിലെ അപൂർവ്വമായ സസ്യങ്ങളെ കണ്ടെത്തി സംരക്ഷിക്കുകയാണെങ്കിൽ അതൊരു വലിയ നേട്ടം തന്നെയായിരിക്കും. നമ്മുടെ കാലാവസ്ഥയെ നിയന്ത്രിക്കുന്നതിലും നമുക്ക് അനുയോജ്യമായ ജീവിത സാഹചര്യം ഒരുക്കിത്തരുന്നതിലും സുപ്രധാന പങ്ക് വഹിക്കുന്ന കാവുകൾ-ചെറുവനങ്ങൾ-സംരക്ഷിക്കാനുള്ള പദ്ധതിയും നടപ്പാക്കേണ്ടതാണ്.

# പാർപ്പിടം

ആധുനികജീവിതത്തിൽ ഏറെ പരിശ്രമവും ശ്രദ്ധയും അർഹിക്കുന്ന ഒരു പ്രശ്നമാണ് 'എല്ലാ പേർക്കും പാർപ്പിടം' എന്നത്. വർദ്ധിച്ചുവരുന്ന നഗരവൽക്കരണവും അതിന്റെ പരിണതഫലങ്ങളും ഇക്കാലയളവിൽ പാർപ്പിടമാനേജ്മെന്റിന് പുതുയ ഭാവതലങ്ങൾ കൂട്ടിചേർത്തുകൊണ്ടിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ഭവനങ്ങളെ സംബന്ധിച്ച് 1991 ലെ സെൻസസ് പ്രകാരമുള്ള പട്ടിക താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ | പാർപ്പിടം | ആകെ |
|---|---|---|
| I | 539 | |
| II | 383 | |
| III | 429 | |
| IV | 468 | 4140 |
| V | 419 | |
| VI | 530 | |
| VII | 493 | |
| VIII | 494 | |
| IX | 385 | |

ഇവകുടാതെ IRDP ഭവന പദ്ധതിയുടെ കീഴിൽ വീടുകൾ അനുവദിച്ചവരുടെയും അനുവദിച്ചവരിൽ വീടുപൂർത്തീകരിച്ചവരുടെയും ഇനിയും പൂർത്തീകരിക്കാത്തവരുടേയും ഒരു പട്ടിക ഇതിനോടപ്പം ചേർക്കുന്നു. ഇതിലേക്കുള്ള രേഖകൾ VEO (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിൽ നിന്നുമാണ് ശേഖരിച്ചിട്ടുള്ളത്. 1992 ന് ശേഷം 166 വീടുകൾ അനുവദിച്ചിട്ടുണ്ട്. 1996 വരെ പൂർത്തീകരിച്ചവീടുകളുടെ എണ്ണം 162 ആണ്.

| വാർഡ് നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം | വിവിധ പരിപാടികളിലൂടെ അനുവദി | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ പൂർത്തികരിക്കാനുള്ളത് | ഇനിയും അനുവദിക്കുവാനുള്ള വീടുകൾ |
|---|---|---|---|---|---|
| I | 104 | 19 | 15 | 4 | 85 |
| II | 80 | 17 | 16 | 1 | 63 |
| III | 56 | 20 | 18 | 2 | 36 |
| IV | 74 | 19 | 17 | 2 | 55 |
| V | 91 | 17 | 16 | 1 | 74 |
| VI | 85 | 23 | 20 | 3 | 62 |
| VII | 14 | 6 | 4 | 2 | 8 |
| VIII | 118 | 26 | 25 | 1 | 92 |
| IX | 97 | 24 | 21 | 3 | 73 |
| X | 41 | 12 | 10 | 2 | 29 |

ഗ്രാമസഭകളിൽ നിന്ന് വിവിധ പാർപ്പിട ആവശ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ആവശ്യങ്ങൾ പട്ടികാരൂപത്തിൽ കൊടുക്കുന്നു.

| വാർഡ് | ആവശ്യമായവീടുകൾ |
|---|---|
| I | 105 |
| II | 110 |
| III | 115 |
| IV | 115 |
| V | 110 |
| VI | 150 |
| VII | 100 |
| VIII | 125 |
| IX | 200 |
| X | 100 |

ഹൗസിങ് സൊസൈറ്റികളുടെ പ്രവർത്തനം പഞ്ചായത്തിൽ ഇല്ലെന്നു തന്നെ പറയാം. ചിറയിൻകീഴ് താലൂക്ക് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഹൗസിങ് സൊസൈറ്റിയുണ്ടെങ്കിലും ഉപയോഗം പഞ്ചായത്തിൽ ഉണ്ടാകുന്നില്ല. ലക്ഷം വീട് കോളനികളിലേയും മറ്റ് കോളനികളിലേയും വീടുകൾ പലതും വാസയോഗ്യമല്ലാതായി തീർന്നിരിക്കന്നു. കാലാകാലങ്ങളിൽ കൃത്യമായ മെയിന്റെനസ് നടത്താത്തതുമൂലം മേൽക്കൂരയടക്കം പൊളിഞ്ഞുവീഴുന്ന സ്ഥിതിയിലാണ് വീടുകൾ. ചേരിപ്രദേശങ്ങളിലും പുറമ്പോക്കിലും താമസിക്കുന്നവരുടെ എണ്ണത്തിനെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭിച്ചിട്ടില്ല. കടത്തിണ്ണയിലും പുറമ്പോക്കിലുമായി ഏകദേശം 10 ന് താഴെയുള്ള ആൾക്കാരെയുള്ളൂവെന്നാണ് നിഗമനം. തമിഴ്നാട്ടിൽ നിന്നും വന്ന് പണിയെടുക്കുന്ന 100 ഓളം തൊഴിലാളികളുണ്ട്. അവരെല്ലാം കൂട്ടമായി ഒറ്റഷെൽറ്ററിൽ താമസിക്കുന്നു.

ഇന്നുപൊതുവേ കണ്ടുവരുന്ന കോൺക്രീറ്റ് കെട്ടിടങ്ങളോടുള്ള ഭ്രമം പഞ്ചായത്തിലും കൂടുതലാണ്. ഇതുമൂലം അമിതമായ ദുർവ്യയം ഉണ്ടാകുന്നു. അനാവശ്യമായ മോടിപിടിപ്പിക്കൽ സർവ്വസാധാരണമാണ്. ഈ രീതിയിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതുമൂലം നമ്മുടെ പഴയ വാസ്തുശില്പ രീതി തന്നെ നഷ്ടപ്പെടുന്നു. കെട്ടിടനിർമ്മാണ സാമഗ്രഹികൾക്ക് ഇന്ന് നമ്മുടെ പഞ്ചായത്തിൽ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. അതുമൂലം ഭവന നിർമ്മാണം പലഘട്ടങ്ങളിലും മുടങ്ങിപോകുന്നു. കെട്ടിടത്തേക്കാൾ മുമ്പേ ഇന്ന് കോമ്പൗണ്ട് കെട്ടുന്നതാണ് പതിവ്. ജൈവ വേലികൾ രംഗം വിട്ടനിലയിലാണ്. കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് മറ്റു രംഗങ്ങളെ അപേക്ഷിച്ച് കൂലി കൂടുതലാണ്. അതിനാൽ മറ്റ് മേഖലകളിൽ പണിയെടുത്തിരുന്നവരും ഇപ്പോൾ കെട്ടിടനിർമ്മാണത്തിലേക്ക് വന്നിരിക്കുന്നു. കൂലികളെ സംബന്ധിച്ച കൃത്യമായ നിരക്ക് ലഭ്യമല്ലെങ്കിലും പുരുഷന്മാർക്ക് സ്ത്രീകളെ അപേക്ഷിച്ച് കൂലികൂടുതലാണ്.

കോൺട്രാക്ട് സമ്പ്രദായം നിലവിൽ പഞ്ചായത്തിൽ വ്യപകമായിരിക്കുന്നു. ധാരാളം കൺസ്ട്രക്ഷൻ സ്ഥാപനങ്ങൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നു. ഇതാണ് നിലവിലുള്ള അവസ്ഥയെങ്കിൽ ചില വികസനപ്രശ്നങ്ങളാണ് ഇനിചേർക്കുന്നത്.

1. കെട്ടിടനിർമ്മാണ സാമഗ്രഹികളുടേയും ഭൂമിയുടേയും ദൗർലഭ്യവും വിലക്കയറ്റവും.
2. ഹൗസിങ് സൊസൈറ്റികളുടെ അഭാവം.
3. വായ്പകൾ ലഭ്യമാക്കാനുള്ള ബുദ്ധിമുട്ട്.
4. കോളനികളിൽ പശ്ചാത്തല സൗകര്യങ്ങളില്ലാത്ത അവസ്ഥ.
5. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിനുള്ള വിദഗ്ധരുടെ കുറവ്.
6. മതിലുകളുടെ ആധിക്യം മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ.

**സാധ്യതകൾ**

1. പഞ്ചായത്ത് അതിർത്തിയിൽ ഒരു ഹൗസിങ് സൊസൈറ്റി രൂപീകരിക്കേണ്ടതുണ്ട്.
2. ഭവന രഹിതർക്ക് ഭവനനിർമ്മാണത്തിനും അവയുടെ മോണിറ്ററിംഗിനും നേതൃത്വം കൊടുക്കുവാൻ ജനകീയ പാർപ്പിടസമിതി രൂപീകരിക്കണം. ഇത് പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിച്ച് ആവശ്യമായ ഭവന നിർമ്മാണം നടത്തേണ്ടതുണ്ട്.
3. കോളനി പ്രദേശങ്ങളിലെ വീടുകളിലെ അറ്റകുറ്റപണികൾ എത്രയും വേഗം പൂർത്തിയാകേണ്ടിയിരിക്കുന്നു. അതിന് നിലവിൽ സ്കീമുകളുണ്ട്.
4. ഭൂരഹിതർക്കും നിർദ്ധനർക്കും ഭവന നിർമ്മാണ പദ്ധതികളുടെ പല പരിപാടികളും നിലവിലുണ്ട്. അതുനടപ്പിൽ വരുത്തേണ്ടതുണ്ട്.

(1) **ഭൂരഹിതർക്കും നിർദ്ധനർക്കുമുള്ള പ്രത്യേക ഭവനനിർമ്മാണ പരിപാടികൾ:-** പഞ്ചായത്തിൽ സ്വന്തമായി വീടും അതിനോടു ബന്ധമുള്ള മറ്റത്യാവശ്യ സൗകര്യങ്ങളുമില്ലാത്തവരുടെ ഒരു പട്ടിക മുകളിൽ കൊടുത്തിട്ടുണ്ട്. അതിൽ സ്വന്ത

മായി ഭൂമി ഇല്ലാത്തവർ കൂടുതലുണ്ട്. അതുപോലെ ഇന്ന് സ്വന്തം വീടുള്ളവരിൽത്തന്നെ വീടിനോടനുബന്ധമായ മറ്റത്ത്യാവശ്യസൗകര്യങ്ങളുമുണ്ട്. ഇന്ന് നിലവിലുള്ള പല പദ്ധതികളുമുണ്ടെങ്കിലും മേൽപ്പറഞ്ഞ കുടുംബങ്ങൾക്ക് ഇന്നുവരെ ഈ അത്യാവശ്യസൗകര്യങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. ഇതുകൊണ്ടു തന്നെ സാമൂഹികമായ പല പ്രശ്നങ്ങളുമുണ്ട്. അതുകൊണ്ടു തന്നെ ഇന്ന് ഒരേ വീട്ടിൽ പല കുടുംബങ്ങൾ താമസിക്കുന്ന അവസ്ഥയുണ്ട്. ഇതെല്ലാം കണക്കിലെടുത്ത് നിലവിലുള്ള സ്കീമുകളിൽപ്പെടുത്തിയോ പുതിയ പദ്ധതി ഉണ്ടാക്കിയോ മുൻഗണനാക്രമത്തിൽ പാർപ്പിടപ്രശ്നം പരിഹരിക്കണം.

(2) ഇന്ന് നിലവിലുള്ള വീടുകളിൽ നല്ലൊരു ശതമാനം ചെറുതരം വീടുകളാണ്. അവയിൽത്തന്നെ ഓലമേഞ്ഞ വീടുകൾ കൂടുതലുണ്ട്. കാലാകാലങ്ങളിൽ ഓലമേയാനുള്ള സാമ്പത്തികശേഷിയില്ലാത്ത ദാരിദ്ര്യരേഖക്ക് താഴെയുള്ള എത്രയോ കുടുംബങ്ങളുണ്ട്. അങ്ങനെയുള്ളവരെ കണ്ടെത്തി ഇതിനാവശ്യമായ സാമ്പത്തിക സഹായം അത്യാവശ്യമായി ചെയ്തുകൊടുക്കണം.

(3) ലക്ഷംവീടുപോലുള്ള കോളനികളെ എല്ലാവീടുകളിലും അത്യാവശ്യസൗകര്യങ്ങൾ ഉപയോഗശൂന്യമായിരിക്കുന്നു. വീടുകളുടെ അവസ്ഥയും ഗുരുതരമാണ്. അടിയന്തിരമായി മേൽപ്പറഞ്ഞ അവസ്ഥ മാറ്റാനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കണം

(4) ഭവനനിർമ്മാണപദ്ധതികളിലൂടെ ഇന്ന് ലഭ്യമാകുന്ന പണം അപര്യാപ്തമാണ്. അതുകൊണ്ട് ഇന്നത്തെ നിർമ്മാണ ചിലവ് കണക്കിലെടുത്ത് ധനസഹായം ഉയർത്താനുള്ള നടപടികൾ ഉണ്ടാകണം

(5) ഭവനനിർമ്മാണ പദ്ധതിയിലൂടെ വരുന്ന ധനസഹായം ജനകീയ കമ്മറ്റികളിലൂടെ (ഹൗസിംഗ് സൊസൈറ്റികളിലൂടെ)വിനിയോഗിക്കാനുള്ള നടപടികളെടുക്കണം,

(6) ഭവനനിർമ്മാണത്തിന് ഒരു ജനകീയ കമ്മറ്റി പഞ്ചായത്തിന്റെ കീഴിൽ രൂപീകരിക്കുക(ഹൗസിംഗ് സൊസൈറ്റി) ഇതിന്റെ ഘടന വ്യക്തമായ രൂപം നല്കുക. ഇങ്ങനെ ഒരു ഹൗസിംഗ് സൊസൈറ്റി പഞ്ചായത്തിന്റെ കീഴിൽ തുടങ്ങിയാൽ സ്വകാര്യ വ്യക്തികളും നിർമ്മിക്കുന്ന വീടുകളും പ്ളാൻ അനുസരിച്ച് നിർമ്മിച്ചുകൊടുക്കാൻ സാധിക്കും. അങ്ങനെയായാൽ ഭവനനിർമാണരംഗത്ത് ഇന്നുള്ള പല ദുർവ്യയങ്ങളും ഒഴിവാക്കാൻ സാധിക്കും. മാത്രമല്ല നമ്മുടെ പഴയ വാസ്തു ശില്പ രീതിയിലുള്ള ഭവനങ്ങൾക്ക് പുതിയ രൂപവും ഭാവവും കൊടുത്ത് നമ്മുടെ പ്രകൃതിക്കു പറ്റിയ ഭവനങ്ങൾ നിർമ്മിക്കാനുള്ള പ്രേരണ ചെലുത്തുവാനും സാധിക്കും.

7. ഇന്നു നിലവിലുള്ള പല കോളനികളും ഭൗതീക സാഹചര്യം പരിമിതമാണ് (വൈദ്യുതി, കക്കൂസ്, വെള്ളം)

**പരിഹാര നിർദ്ദേശങ്ങൾ**

മേൽപറഞ്ഞകാര്യങ്ങൾക്കുള്ള ചില പരിഹാര നിർദ്ദേശങ്ങളാണ് താഴെകൊടുക്കുന്നത്.

I ഹൗസിംഗ് കോളനികളുടെ രൂപീകരണം.

ഇങ്ങനെ പഞ്ചായത്തിടസ്ഥാനത്തിൽ ആ സൊസൈറ്റി രൂപീകരിച്ചാൽ പഞ്ചായത്തിൽ വരുന്ന ഏതു തരം വീടു നിർമ്മാണവും ഏറ്റെടുത്തു നടത്താൻ സാധിക്കും. വിദഗ്ദ്ധരായ നിർമ്മാണ തൊഴിലാളികളെ ക്കൂടി ഉൾപ്പെടുത്തി ഇത്തരത്തിൽ സഹകരണാടിസ്ഥാനത്തിൽ രൂപീകരിച്ചാൽ അതു വിജയമായി നടത്താൻ സാധിക്കും. സാമ്പത്തിക ശേഷിയുള്ള നമ്മുടെ നാട്ടിലെ മറുനാടൻ മലയാളികളെക്കൂടെ ഉൾപ്പെടുത്തണം. അങ്ങിനെ ഉൾപ്പെടുത്തുമ്പോൾ അവർ മുതലിറക്കുന്ന മൂലധനത്തിന് വ്യക്തമായ ഉറപ്പും ന്യായമായ പലിശയും ഉറപ്പുവരുത്താനുള്ള സംവിധാനം കൂടെ ഉണ്ടാക്കണം. കെട്ടിടനിർമ്മാണരംഗത്തെ വിദഗ്ധരെക്കൂടെ ഉൾപ്പെടുത്തി

വേണം സൊസൈറ്റി രൂപീകരിക്കാൻ. ചില വുകുറഞ്ഞതും ഗുണമേന്മയുള്ള കെട്ടിട ങ്ങൾക്കും പഴയ രീതിയിലുള്ള വാസ്തു ശില്പാരീതിക്കും മുൻതൂക്കം കൊടു ത്തുള്ള കെട്ടിടനിർമ്മാണരീതി പ്രചരിപ്പി ക്കാനും ഇതുപകരിക്കും. ദുർവ്യായ ആളും കഴിവതും ഒഴിവാക്കാൻ സാധിക്കും.

II കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലകു റയ്ക്കാനുള്ള പദ്ധതി

കെട്ടിടനിർമ്മാണ രംഗത്തേക്കുവേണ്ട എല്ലാ സാമഗ്രികളും ലഭ്യമാക്കുന്ന വിധ ത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു സംഘം രൂപീകരിക്കണം. അതല്ലെങ്കിൽ ഇന്നുള്ള സഹകരണബാങ്കിന്റെ കീഴിൽ ഇത്തരമൊരു പ്രസ്ഥാനം തുടങ്ങാവുന്ന താണ്. ഇങ്ങനെ ഒരു സ്ഥാപനമുണ്ടായാൽ ഇന്നു നിലനിൽക്കുന്ന അമിതവില ഈടാ ക്കൽ കുറച്ച് കൊണ്ടുവരാൻ പ്രധാന മായും സാധിക്കും. മറ്റൊന്ന് ഈ രംഗത്ത് ഇന്ന് അനുഭവപ്പെടുന്ന സാധരണ ദൗർല്ലഭ്യം ഇല്ലാതാക്കാനും സാധിക്കുന്ന താണ്.

III. തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർത്താ നുള്ള പരിശീലന പരിപാടി നിരന്തരം നട ത്തുക. ഹൗസിംഗ് സൊസൈറ്റിയുടെ കീഴിൽ ഉത്തരവാദിത്വത്തോടെ ഇത്തരം പരിശീലനങ്ങളും ശില്പശാലകളും സംഘടിപ്പിക്കാവുന്നതാണ്. അങ്ങനെ പരിശീലനം സിദ്ധിച്ച ഒരു സംഘം തൊഴി ലാളികൾ ഉണ്ടെങ്കിൽ മറ്റ് പഞ്ചായത്തു കൾക്കും ആവശ്യമുണ്ടെങ്കിൽ ഇത്തരം വിദഗ്ധ തൊഴിലാളികളെ വിട്ടുകൊടുക്കാ വുന്നതും അങ്ങനെ നമ്മുടെ തൊഴിലില്ലാ യ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്താനും കഴിയും.

IV. ഭൂരഹിതർ നിർദ്ധനർക്കുള്ള ഭവന നിർമ്മാണ പദ്ധതി ത്വരിതപ്പെടുത്തുക.

ഈ വിഭാഗത്തിൽപ്പെട്ട ഭവന രഹിതന്മാ രുടെ ഒരു പട്ടിക മേൽകൊടുത്തിട്ടുണ്ട്. ഭൂമികൈവശമില്ലാത്തവരുടെ കൃത്യമായ കണക്കെടുത്ത് ഇത്തരക്കാർക്ക് ഭൂമിവാ ങ്ങാനുള്ള സംവിധാനം ഉണ്ടാക്കുകയോ പഞ്ചായത്തിൽ പുറമ്പോക്ക് ഭൂമിയുണ്ടെ ങ്കിൽ അവ കണ്ടെത്തി മേൽപ്പറഞ്ഞ വിഭാ ഗത്തിന് പതിച്ചുകൊടുക്കുകയോ ചെയ്യേ ണ്ടതാണ്. ഇതിൽ സാമ്പത്തിക സഹായം ചെയ്യുകയാണെങ്കിൽ ഇന്നത്തെ ഭൂമിവില കണക്കിലെടുത്തുള്ള സാമ്പത്തിക സഹായം ഉറപ്പുവരുത്തണം. അതുപോലെ വീടില്ലാത്ത വിഭാഗത്തിനും കക്കൂസ് മുത ലായ ഭൗതീക സൗകര്യങ്ങൾ ഇല്ലാത്ത വർക്കു അതിനുവേണ്ട സാമ്പത്തിക സഹായം ഇന്നത്തെ നിർമ്മാണചെല വിന്റെ അനുപാതത്തിൽ അനുവദിക്കാ നുള്ള നടപടികൾ ത്വരിതപ്പെടുത്തുക. നിലവിലുള്ള സ്കീമുകളിൽ നിന്നും അനു വദിക്കുന്ന സാമ്പത്തിക സഹായം ലഭ്യ മാക്കാൻ ഇന്ന് വളരെ ബുദ്ധിമുട്ടാണ്. ഗവൺമെന്റു ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെട്ട് അഭാവം ഇക്കാര്യത്തിൽ വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നു. അതു കൊണ്ട് ഇത്തരം സ്കീമുകൾക്കുള്ള ധന സഹായം അനുവദിക്കുന്നതിനും നടപ്പി ലാക്കുന്നതിനും ജനപ്രതിനിധികളും പൊതു പ്രവർത്തകരും അടങ്ങുന്ന ഒരു സംവിധാനം ഉണ്ടാക്കുന്നതായിരിക്കും നല്ലത്. അങ്ങനെയായാൽ ഇന്നുള്ള പല പരാതികൾക്കും പരിഹാരമുണ്ടാകും. മറ്റൊന്ന് താഴ്ന്ന വരുമാനക്കാർക്കായുള്ള പദ്ധതിയിൽപ്പെടുത്തി എല്ലാപേർക്കും വൈദ്യുതി നൽകാനുള്ള പരിപാടി ത്വരി തപ്പെടുത്തുക. ഇങ്ങനെ എല്ലാപേർക്കും ഭവനവും അതിനുള്ള ഭൗതികസൗകര്യങ്ങ ളുമായാൽ പല പ്രശ്നങ്ങൾക്കും പരിഹാ രമുണ്ടാകും. അതുപോലെ കോളനി കൾക്ക് സാംസ്കാരികമായ വളർച്ചക്കു വേണ്ട സൗകര്യങ്ങളും ഉണ്ടാകേണ്ടതുണ്ട്. ശാസ്ത്ര സാഹിത്യ പരിഷത്തുപോലെ യുള്ള സംഘടനയുടെ സഹായത്തോടെ യുള്ള പഠന ക്ളാസുകൾ പരിസര ശുചീ കരണ പദ്ധതി ക്ളാസുകൾ എന്നിവ നിര ന്തരം സംഘടിപ്പിക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കുക.

V ഈ രംഗത്ത് ഇന്നുള്ള ദുർവ്യയം നിരുത്സാഹപ്പെടുത്താനുള്ള പദ്ധതി :-

ഭവന നിർമ്മാണരംഗത്ത് അനാവശ്യമായ ചിലവുകൾ പലതും നടത്തുന്നുണ്ട്. ഈ ഒരു ദൗർബല്യം നിരുത്സാഹപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. അത്യാവശ്യ സുഖസൗകര്യങ്ങൾക്കും അപ്പുറം അനാവശ്യമായ ആഢംബരങ്ങൾക്കുവേണ്ടി ചെയ്യുന്ന ചിലവുകൾ കുറക്കാൻ വേണ്ട ഉപദേശങ്ങൾ കൊടുക്കാൻ (സംരംഭങ്ങൾക്ക്) വേണ്ട സംവിധാനം ഉണ്ടാക്കണം. ഇതിന് ഹൗസിംഗ് സൊസൈറ്റിയുടെ സഹകരണം ഉറപ്പുവരുത്താം. വീടിന്റെ പ്ളാൻ വരക്കുന്നതുമുതൽ ഈ ദുർവ്യയം തടയണമെങ്കിൽ അതുമുതൽ ഇന്നുള്ള അവസ്ഥ മാറ്റിയെടുക്കണം. അതിനായി സംരംഭകരെ ആകർഷിക്കുന്ന വിധത്തിലുള്ള ഒരു സംവിധാനം ഹൗസിംഗ് സൊസൈറ്റി നടപ്പിലാക്കണം. മറ്റൊന്ന് അത്യാവശ്യ സൗകര്യങ്ങളിൽ കവിഞ്ഞുള്ള ആഢംബരങ്ങളോടുകൂടിയതും നിലകളുള്ളതുമായ കെട്ടിടങ്ങൾക്ക് കൂടിയ നികുതി ഏർപ്പെടുത്തി ഈ രീതിയെ നിരുത്സാഹപ്പെടുത്താൻ ശ്രമിക്കണം.

V പരമ്പരാഗത വാസ്തുശില്പ മാതൃകകളുടെ സംരക്ഷണം.

നമ്മുടെ പഴയ വാസ്തുശില്പ മാതൃകയിലുള്ള വീടുകളിൽ ചൂട് അധികം അനുഭവപ്പെടുന്നില്ല. കാറ്റും വെളിച്ചവും അധികം കിട്ടുന്നു. അതുമൂലം തന്നെ ചൂടുകാലത്തുണ്ടാകുന്ന പല അസുഖങ്ങൾക്കും (അലർജി തുടങ്ങിയ) ഒരു പരിധിവരെ ശമനമുണ്ടാക്കാം. ചരിഞ്ഞ മച്ചുകളും തട്ടുകളുമുള്ളതു കൊണ്ട് നേരിട്ട് വീടിന്റെ മുകളിൽ ചൂടടിക്കുന്നില്ല. മച്ചിൽ നിന്നും കൂടുതൽ ഇറക്കമുള്ള മുകൾക്കൂരയായതിനാൽ ചുവരുകളിൽ ചൂട് കൂടുതൽ തട്ടാനുള്ള സാധ്യതയില്ല. ഇക്കാരണങ്ങളാൽ തന്നെ വീടിനകത്തുള്ള ചൂടിന് ശമനം കിട്ടുന്നു. മറ്റൊന്ന് നമ്മുടെ കാലാവസ്ഥക്ക് അനുയോജ്യമാണ്. ഇക്കാരണങ്ങളാൽ തന്നെ ഇത്തരം ഭവന നിർമ്മാണം വികസിപ്പിക്കേണ്ടതാണ്.

vi കെട്ടിട മെയിന്റനൻസ് (അറ്റകുറ്റപ്പണി)

കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ഇന്ന് വ്യക്തികളാണ് നിർവ്വഹിക്കപ്പെടുന്നത്. ഓരോ പണിക്കും ഓരോരുത്തരെ കണ്ടുപിടിക്കേണ്ട അവസ്ഥയാണിന്ന്. അതുകൊണ്ട് തന്നെ പല കാര്യങ്ങൾക്കും ആളെ സമയത്തുകിട്ടാത്ത അവസ്ഥയാണ്. ഇതിനെല്ലാം പരിഹാരം കാണാനുള്ള വഴി ഒന്നേയുള്ളു. ഇക്കാര്യത്തിനായി കെട്ടിട മെയിന്റനൻസ് സൊസൈറ്റി രൂപീകരിക്കുകയോ ഹൗസിംഗ് സൊസൈറ്റിയുടെ കീഴിൽ ഇക്കാര്യത്തിനായി ഒരു വിഭാഗം ഉണ്ടാക്കുകയോ ചെയ്യണം. ഇതിനായി ഈ വിഭാഗത്തിൽ വൈദഗ്ദ്ധ്യമുള്ള എല്ലാ വിഭാഗം തൊഴിലാളികളെയും (കൽപ്പണിക്കാർ, പെയിന്റർമാർ, മരപ്പണിക്കാർ, എലക്ട്രിഷ്യന്മാർ, പ്ളംബർമാർ മുതലായവർ) ഉൾപ്പെടുത്തിയിരിക്കണം. ഇതോടൊപ്പം വീട്ടുപകരണങ്ങൾ റിപ്പയർ ചെയ്യുന്നവരെ കൂടെ കൂടെ ഉൾപ്പെടുത്തുന്നത് നന്നായിരിക്കും. ഇത്തരം ഒരു സംഘം രൂപീകരിച്ചാൽ ഇന്നു നമ്മുടെ ജനത അനുഭവിക്കുന്ന ബുദ്ധിമുട്ടിന് ശമനമുണ്ടാകുന്നതോടൊപ്പം സംഘടിതാടിസ്ഥാനത്തിൽ ഒരു തൊഴിൽ മേഖല തുറക്കാനും സാധിക്കും. വിലപേശലിനും അതുമൂലം ഉണ്ടാകുന്ന സാമൂഹ്യ പ്രശ്നത്തിനും ഒരു പരിധിവരെ പരിഹാരം കണ്ടെത്താനും സാധിക്കുന്നു.

vii പുതിയ ആസൂത്രിത കോളനി

നമ്മുടെ പഞ്ചായത്തിൽ പുറമ്പോക്കു ഭൂമി ഉണ്ടെങ്കിൽ അവ കണ്ടെത്തി പുതിയ ഭവനനിർമ്മാണം നിർധന വിഭാഗങ്ങൾക്കു വേണ്ടി തുടങ്ങാനുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

viii ഇന്ന് വീടു നിർമ്മിച്ചാൽ ഉടൻ ചുറ്റിനും മതിൽകെട്ടി ഉയർത്തുന്ന ഒരു പ്രവണതയാണുള്ളത്. സിമന്റ് കെട്ടിടങ്ങൾ മൂലമുള്ള ചൂടിനോടൊപ്പം ഇത്തരം മതിലുകൾ

**സൃഷ്ടിക്കുന്ന അവസ്ഥ വളരെ കൂടുതലാണ്. ഇതിനുപകരം നമ്മുടെ മുൻകാലങ്ങളിലെ ജൈവവേലി പ്രചരിപ്പിക്കാൻ വേണ്ട ബോധവത്കരണം നടത്തണം. ഇത്തരം വേലികളായാൽ കൂടുതൽ കാറ്റ് കിട്ടുന്നു. ഇതുമൂലം ചൂടു കാലാവസ്ഥ**

യിലും നല്ല കാറ്റ് ലഭ്യമാവുന്നു. പിന്നെ ഈ ചെടികളിലും ഇലകളിലും നിന്നും കിട്ടുന്ന സുഖകരമായ വായു, ഇത്തരം ഹരിതവല്ക്കരണം നിമിത്തമുണ്ടാകുന്ന പരിതഃസ്ഥിതി സംരക്ഷണം ഇവയെല്ലാം ഇതിന്റെ ഗുണങ്ങളാണ്.

# സാമൂഹികക്ഷേമം

ഈ ഗ്രാമപഞ്ചായത്തിൽ പട്ടിണി വളരെ ക്കുറവാണ്. എന്നാൽ ദാരിദ്ര്യത്തിന്റെ അവസ്ഥ അങ്ങനെയല്ല. ദാരിദ്ര്യരേഖയ്ക്കു താഴെക്കഴി യുന്ന ധാരാളം കുടുംബങ്ങൾ ഈ ഗ്രാമ ത്തിലുണ്ട്. പട്ടികജാതിക്കാരുടെയിടയിലും അസംഘടിത തൊഴിൽ മേഖലകളിൽ പണി യെടുക്കുന്നവരുടെയിടയിലുമാണ് ദാരിദ്ര്യനി രക്ക് താരതമ്യേന കൂടുതലായി കാണുന്നത്. കഴിഞ്ഞ IRDP സർവ്വേപ്രകാരം ഈ ഗ്രാമപ ഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വരുടെ എണ്ണം വാർഡടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.

പട്ടികപ്രകാരം ഈ ഗ്രാമത്തിലെ 2192 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാ ണെന്ന് കാണാൻ കഴിയും ഇത് ഏതാണ്ട് പഞ്ചായത്തിലെ ജനസംഖ്യയുടെ 28–30 ശത മാനത്തോളം വരും. ദാരിദ്ര്യത്തിന്റെ അപ്രധാ നമല്ലാത്ത അവസ്ഥ ഇതിൽ നിന്നു തന്നെ

**പട്ടിക 1**

IRDP സർവ്വേ പ്രകാരം – ദാരിദ്ര്യ രേഖയ്ക്കു തഴെയുള്ളവരുടെ വിവരം

അവലംബം – VEO

| വാർഡ് നമ്പർ | സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതുവഴി ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ |
|---|---|---|---|---|---|
| I | 327 | 85 | 43 | 17 | 14 |
| II | 182 | 41 | 17 | 11 | 8 |
| III | 164 | 62 | 14 | 13 | 6 |
| IV | 197 | 106 | 15 | 13 | 11 |
| V | 203 | 52 | 19 | 11 | 9 |
| VI | 217 | 19 | 18 | 10 | 14 |
| VII | 56 | 19 | 5 | 3 | 1 |
| VIII | 283 | 91 | 26 | 20 | 14 |
| IX | 259 | 106 | 29 | 24 | 12 |
| X | 104 | 8 | 16 | 6 | 9 |

ബോധ്യപ്പെടും. നേരത്തെ സൂചിപ്പിച്ചതു പോലെ പട്ടികജാതി ആവാസകേന്ദ്രങ്ങളിലും, കെട്ടിടനിർമ്മാണം, പാറപൊട്ടിക്കൽ, കാർഷികമേഖല, റോഡുപണി, കയർ, കൈത്തറി തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്നവരുടെ ഇടയിലുമാണ് ദാരിദ്ര്യം കൂടുതലായി കാണുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, തുടങ്ങിയ രംഗങ്ങളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ നില്ക്കുന്ന വിഭാഗങ്ങളുടെ നില വളരെ മോശമാണെന്നും പഠനങ്ങൾ സൂചിപ്പിക്കുന്നു. കോളനികൾ കേന്ദ്രീകരിച്ചാകട്ടെ ദാരിദ്ര്യത്തിന്റെ ഈ വർദ്ധന മറ്റു പല സാമൂഹിക പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. കോളനികൾ കേന്ദ്രീകരിച്ച് കുറ്റവാസനകളും മറ്റ് സമൂഹ വിരുദ്ധ മനോഭാവങ്ങളും വളർന്നുവരുന്നതായി കാണാം. ജീവിതസാഹചര്യത്തിന്റെ നിലവാരത്തകർച്ചയാകാം ഇതിന് പിന്നിലുള്ളത്.

ദാരിദ്ര്യരേഖയ്ക്ക് താഴെനില്ക്കുന്നവരെ ഉയർത്താനായി പല പദ്ധതികളും സർക്കാർ നടപ്പാക്കുന്നുണ്ടെങ്കിലും അവയൊന്നും ഉദ്ദേശിച്ച ഫലം ചെയ്യുന്നില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 8-ാം പദ്ധതിയുടെ ഉദ്ദേശ്യം തന്നെ ദാരിദ്ര്യത്തെ നിർമ്മാർജ്ജനം ചെയ്യുക എന്നതായിരുന്നുവെങ്കിലും അത് ഫലപ്രദമാകുന്നില്ലെന്നാണ് അനുഭവങ്ങളും പഠനങ്ങളും സൂചിപ്പിക്കുന്നത്. IRDP, DWCRA, UBS എന്നീ പദ്ധതികളിലൂടെ സഹായധനം ലഭിക്കുന്നവരുടെ എണ്ണം തന്നെ വളരെ കുറവാണ്. മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിച്ചാൽ ഈ കാര്യം ബോധ്യപ്പെടും DWCRA പ്രകാരം കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടയിൽ ഈ ഗ്രാമപഞ്ചായത്തിൽ രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുക.

പട്ടിക 2

11.4 DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

അവലംബം – VEO

| വാർഡ് | തൊഴിൽസംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| I | | | | NIL |
| II | | | | NIL |
| III | | | | NIL |
| IV | | | | NIL |
| V | | | | NIL |
| VI | ഡയറി യൂണിറ്റ് | 1996 | 10 | ഈ വർഷം മുതൽ ആരംഭിക്കുന്നു |
| VII | പാറചിപ്സ് യൂണിറ്റ് | 1995 | 9 | പ്രവർത്തനം നടക്കുന്നു |
| VIII | | | | NIL |
| IX | പാറചിപ്സ് | 1993 | 10 | പ്രവർത്തനം നടക്കുന്നു |
| X | | | | |

കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ആകെ മൂന്ന് യൂണിറ്റുകൾ മാത്രമാണ് DWCR പദ്ധതി പ്രകാരം ഈ ഗ്രാമപഞ്ചായത്തിൽ തുടങ്ങിയത് ആകെ കൂടി 29 പേർക്കാണ്. അത് വഴി ഭാഗികമായി എങ്കിലും തൊഴിൽ ലഭിച്ചത്. സ്ത്രീകളുടെ ഇടയിലാണ് തൊഴിലില്ലായ്മ രൂക്ഷമായിട്ടുള്ളത് എന്ന് മുൻപ് നാം കണ്ടതാണ് എന്നാൽ സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുവാനായി നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ നാമമാത്രമായിപ്പോലും അവർക്ക് തൊഴിൽ നൽകാൻ പര്യാപ്തമാകുന്നില്ല.

ട്രൈസം തൊഴിൽ പരിശീലന പദ്ധതിയുടെ അവസ്ഥയും ഇതുതന്നെയാണ് താഴെ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിക്കുക

ആകെ 44 പേരാണ് ഈ പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നേടിയവർ അവരിൽ 26 പേർ മാത്രമാണ് അതുവഴി സ്വയം തൊഴിൽ കണ്ടെത്തിയത്. എന്നാൽ അത്

**പട്ടിക 3**

11.2. ട്രൈസം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനം വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| I | 1. ഇലക്ട്രിക്കൽ മെന്റനൻസ്<br>2. പ്ലംബിംഗ് | 4 | 3 | 1 |
| II | 1. പ്രിന്റിംഗ് & കമ്പൗസിംഗ്<br>2. റേഡിയോ റിപ്പയറിംഗ് | 3 | 2 | 1 |
| III | 1. പ്ലംബിംഗ്<br>2. ഇലക്ട്രിക്കൽ മെന്റനൻസ്<br>3. വയറിംഗ് | 5 | 3 | 1 |
| IV | 1. റേഡിയോ ഠഢ റിപ്പയറിംഗ്<br>2. ചൂരൽപ്പണി | 6 | 3 | 2 |
| V | 1. ചൂരൽപ്പണി<br>2. റേഡിയോ TV റിപ്പയറിംഗ്<br>3. ഇലക്ട്രിക്കൽ മെന്റനൻസ് | 8 | 5 | 2 |
| VI | 1. ഹാന്റ് ലൂവിംഗ്<br>2. ഇലക്ട്രിക്കൽ വയറിംഗ് | 4 | 2 | 2 |
| VII | 1. പൂന്തോട്ടകൃഷി<br>2. ഇലക്ട്രിക്കൽ വയറിഗ്<br>3. ഇലക്ട്രിക്കൽ മെയിന്റനൻസ് | | | |
| VIII | 1. പൂന്തോട്ടകൃഷി<br>2. ചൂരൽ | 3 | 2 | 1 |
| IX | 1. റേഡിയോ ഠ.ഢ റിപ്പയറിംഗ്<br>2. ഹെയർ ഡ്രസ്സിംഗ് | 2 | 2 | nil |
| X | 1. ഫ്രൂട്ട് ക്രോസ്പിംഗ്<br>2. ഇലക്ട്രിക്കൽമെന്റനൻസ് | 4 | 3 | 1 |

തന്നെ അവരുടെ ജീവിതാവസ്ഥയിൽ കാര്യമായ മാറ്റമുണ്ടാക്കുന്നവിധത്തിൽ ഉപയോഗപ്രദമായിട്ടില്ലെന്ന് പഠനങ്ങൾ തെളിയിക്കുന്നു. പരിശീലനം സിദ്ധിച്ച ഏതാണ്ട് പകുതിയോളം പേർക്ക് ഇത് ഒരു വിധത്തിലും പ്രയോജനപ്പെട്ടില്ലെന്നാണ് പട്ടിക സൂചിപ്പിക്കുന്നത്.

സാമൂഹ്യക്ഷേമ വകുപ്പുവഴിയും മറ്റും വിതരണം ചെയ്യുന്ന പെൻഷനുകളുടെ കണക്കെടുത്താൽ അത് അർഹതയുള്ളവരുടെ എണ്ണത്തിൽ നിന്നും എത്രയോ വ്യത്യസ്ഥമാണെന്ന് ബോധ്യമാകും.

**പെൻഷനുകൾ ലഭിക്കുന്നവർ**

| | | |
|---|---|---|
| അഹത്രി പെൻഷൻ | – | 1 |
| വിധവാ പെൻഷൻ | – | 78 |
| വികലാംഗപെൻഷൻ | – | 41 |
| വാർദ്ധക്യപെൻഷൻ | – | 45 |
| ക്ഷയരോഗപെൻഷൻ | – | 5 |
| ക്യാൻസർരോഗിപെൻഷൻ | – | 7 |
| കാർഷികതൊഴിലാളിപെൻഷൻ | – | 120 |

(അവലംബം– വില്ലേജ് ഓഫീസ് രേഖ)

മുകളിൽ സൂചിപ്പിച്ച വിവിധ വകുപ്പുകളിലുള്ള പെൻഷനർഹതയുള്ള ഈ ഗ്രമാപഞ്ചായത്തിൽ ധാരാളംപേരുണ്ടെന്നു ഗ്രാമസഭാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. എന്നാൽ അർഹതയില്ലാത്തചിലരും ചില പെൻഷനുകൾ വാങ്ങുന്നുണ്ട്. അർഹരായവരിൽ ഏതാണ്ട് 25% മാത്രമുള്ളപ്പോൾ സാമൂഹിക ക്ഷേമ പെൻഷനുകൾ ലഭിക്കുന്നുള്ളൂ.

സാമൂഹികക്ഷേമ വകുപ്പുവഴി നടപ്പാക്കി വരുന്ന വിവിധ സ്കീമുകളുടെ സഹായം ഈ ഗ്രമാത്തിൽ ആർക്കും തന്നെ പ്രയോജനപ്പെടുന്നില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

വികലാംഗർക്കുള്ള യാത്രാ ബത്ത, വിഗലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, വിഗലാംഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പ്:– തൊഴിൽ പരിശീലനത്തിലുള്ള സംസ്ഥാന സ്കോളർഷിപ്പ ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്–, തൊഴിൽ പരിശീലനത്തിലുള്ള കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് – വികലാംഗ സംരക്ഷിത ഭവനങ്ങൾക്കുള്ള സ്കോളർഷിപ്പ്–, വിഗലാംഗർക്ക് ആവശ്യമായ പ്രത്യേക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള കേന്ദ്രാവിഷികൃത പദ്ധതി, അന്ധരായ അഭിഭാഷകർക്കുള്ള ധനസഹായ പദ്ധതി, വാഹന ഉടമകളായ വികലാംഗർക്ക് പെട്രോൾ സബ്സിഡി ലഭിക്കുന്നതിനുള്ള പദ്ധതി, തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്റ്റൈപ്പന്റ് പദ്ധിത എന്നിങ്ങനെയുള്ള വിവധങ്ങായ പദ്ധതികളും അനുകൂല്യം ഈ ഗ്രാമപഞ്ചായത്തിലുള്ളവർക്കു ഏറെയൊന്നും ലഭിച്ചിട്ടില്ലെന്ന് അനൗപചാരിക കണക്കുകൾ സൂചിപ്പിക്കുന്നു.

സാമൂഹികക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 9 അങ്കണവാടികൾ പഞ്ചായത്തിലുണ്ട്. അവയിൽ ചിലതിന്റെ വിവരങ്ങൾ താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അംഗനവാടികളുടെ എണ്ണം ജനസംഖ്യാനുപാതികമായി അപര്യാപ്തമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പട്ടികജാതി ആവാസ മേഖലകളിലും ദാരിദ്ര്യരേഖയ്ക്ക് താഴെ താമസിക്കുന്നവർ താമസിക്കുന്ന പ്രദേശങ്ങളിലും പര്യാപ്തമായ തോതിൽ അംഗനവാടികളില്ല. ഉള്ള അംഗനവാടികളുടെ പ്രവർത്തനം തന്നെ തൃപ്തികരമല്ല.

**പ്രശ്നങ്ങൾ**

ദാരിദ്ര്യ നിർമ്മാർജന പദ്ധതികളിലൂടെ ഗ്രാമത്തിലെ ഒരു ചെറിയ വിഭാഗം ദരിദ്രജന സമൂഹത്തിന് മാത്രമേ രക്ഷപ്പെടാൻ കഴിഞ്ഞിട്ടുള്ളൂ. ശരിയായി ദരിദ്രജനങ്ങളെ കണ്ടെത്താനുള്ള ഒരു സംവിധാനം പഞ്ചായത്തിൽ ഇല്ല. അതുകൊണ്ടുതന്നെ അർഹരായവർ പലപ്പോഴും തഴയപ്പെടുകയും അനർഹരായവർ ആനുകൂല്യങ്ങൾ നേടിയെടുക്കുകയും ചെയ്യുന്നു. സാമ്പത്തികാനുകൂല്യങ്ങൾ ലഭിക്കുന്നതിൽ പലതരത്തിൽ അഴിമതിനടക്കുന്നുണ്ട്. ദരിദ്രജനങ്ങളിൽ പലർക്കും കാര്യങ്ങളെ സംബന്ധിച്ച് വേണ്ടത്ര അവബോധമി

# അംഗൻവാടികളെ സംബന്ധിച്ച വിവരങ്ങൾ

| W.VII | W.III | W.II | | |
|---|---|---|---|---|
| 2600 | | 1020 | 1 | വാർഡിലെ ആകെ ജനസംഖ്യ |
| 1050 | | 490 | 2 | പു " |
| 950 | | 530 | 3 | സ്ത്രീ " |
| 1 | | 2 | 4 | അംഗൻവാടിയുടെ എണ്ണം |
| 23 | | 26 | 5 | ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ |
| 18 | 50 | 35 | 6 | 1–2 |
| 28 | 68 | | 7 | 2–3 |
| 32 | 80 | 57 | 8 | 3–5 |
| 17 | 12 | 12 | 9 | വാർഡിലെ ഗർഭിണി കളുടെ എണ്ണം |
| 12 | | | 10 | പ്രത്യേകം പരിചരണം ലഭിക്കുന്നവർ |
| 17 | 20 | 14 | 11 | മുലയൂട്ടുന്ന അമ്മമാർ (6 മാസം വരെ പ്രായ മുള്ള കുട്ടികൾ) |
| | 10 | | 12 | കഴിഞ്ഞവർഷത്തിൽ ആകെ ജനനങ്ങൾ |
| 4 | 1 | | 13 | ചാപ്പിള്ള ജനനങ്ങൾ |
| 1 | 1 | | 14 | ഒരു വയസ്സിനു താഴെ പ്രായത്തിൽ മരിച്ച കുട്ടി കളുടെ എണ്ണം (95– 96) |
| 1 | 1 | | 15 | 1–3 വയസ്സുവരെ മരിച്ചകുട്ടികളുടെ എണ്ണം |
| | 5 | | 16 | 3–6 " |
| | 50 | | 17 | ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച വരുടെ എണ്ണം |
| 11 | 8 | 68 | 18 | മറ്റു മരണങ്ങളുടെ എണ്ണം |
| 35 | 10 | 45 | 19 | അനുപൂരക പോഷകാ ഹാരം ലഭിക്കുന്ന കുട്ടികളുടെഎണ്ണം |
| 10 | | 10 | 20 | അനുപൂരക പോഷകാ ഹാരം ലഭിക്കുന്ന മുലയൂട്ടു ന്ന അമ്മമാരുടെ എണ്ണം |
| 12 | | 8 | 21 | അനുപൂരക പോഷകാ ഹാരം ലഭിക്കുന്ന ഗർഭി ണികളുടെ എണ്ണം |

ല്ലാത്തതിനാൽ–ഇവരിൽ പലരും നിരക്ഷര രാണ്–പലതരത്തിൽ ഇവർ ചൂഷണങ്ങൾക്ക് വിധേയരാകുന്നുണ്ട്.

തങ്ങൾക്കായി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികളെപ്പറ്റി വേണ്ടത്ര ബോധമില്ല എന്നതാണ് മറ്റൊരു പ്രശ്നം. നിരക്ഷരത യിലും അജ്ഞതയിലും ആണ്ടുകിടക്കുന്ന ഈ ദരിദ്രജനവിഭാഗങ്ങളെ ഈ വിഷയത്തിൽ ബോധവല്ക്കരിക്കാൻ വേണ്ടത്ര സംവിധാന ങ്ങൾ ഗ്രാമത്തിൽ ഇല്ല.

യഥാസമയം ആനുകൂല്യങ്ങൾ കിട്ടാത്തതു കൊണ്ടുതന്നെ അവയുടെ പ്രയോജനം ഉദ്ദേ ശിച്ചരീതിയിൽ സിദ്ധിക്കുന്നില്ല. കർഷക ത്തൊഴിലാളിപെൻഷൻ, വിധവാപെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവയൊന്നും തന്നെ സമയാസമയങ്ങളിൽ കിട്ടുന്നില്ല. അഗ തികളായ പട്ടിണിപ്പാവങ്ങൾക്ക് ഇതുമൂലം പല ബുദ്ധിമുട്ടുകളും നേരിടുന്നു.

പാവപ്പെട്ടവരെ സഹായിക്കുന്ന കാര്യ ത്തിൽ ധനകാര്യസ്ഥാപനങ്ങൾ കാട്ടുന്ന താല്പര്യക്കുറവും ഈ മേഖല അഭിമുഖീക രിക്കുന്ന മറ്റൊരു പ്രശ്നമാണ്. പണം ലഭ്യമാ ക്കുന്നതിന് ബാങ്കുകൾ മുന്നോട്ട് വയ്ക്കുന്ന ഉപാധികൾ പലതും പാവപ്പെട്ടവർക്ക് ഉൾക്കൊ ള്ളാൻ കഴിയാത്തതാണ്.

**സാധ്യത**

സാമൂഹികക്ഷേമം മറ്റ് ഏതൊരു മേഖല യെക്കാളും പ്രാധാന്യം അർഹിക്കുന്നതാണ്. താഴെത്തട്ടിലുള്ളവർക്ക് ജീവിതത്തിനാവശ്യ മായ പ്രാഥമിക സൗകര്യങ്ങൾ എങ്കിലും എത്തിച്ചുകൊടുക്കുക എന്നതായിരിക്കണം നീതിപൂർവ്വമായി നിലനിൽക്കുന്ന ഏതൊരു ഭരണകൂടത്തിന്റെയും ലക്ഷ്യം. ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുക എന്ന ഉദ്ദേശ്യ ത്തോടെ ഇപ്പോൾ നടപ്പാക്കുന്ന പരിപാടികൾ വിജയപ്രദമാക്കുക എന്നതായിരിക്കണം നമ്മുടെ ആദ്യലക്ഷ്യം. ഒപ്പം പുതിയ സംരംഭ ങ്ങളിലൂടെ താഴെത്തട്ടിലുള്ളവർക്ക് കൂടുതൽ സഹായമെത്തിക്കുകയും വേണം. ഈ നില യിൽ നോക്കുമ്പോൾ നിലവിലിരിക്കുന്ന ദാരി ദ്ര്യനിർമ്മാർജ്ജന പദ്ധതികളുടെ നടത്തിപ്പിൽ ശക്തമായ ജനപങ്കാളിത്തം ആവശ്യമാണെന്ന് ബോധ്യമാകും. ഗ്രാമപഞ്ചായത്തുകൾക്ക് പല അധികാരങ്ങളും കൈമാറിയിട്ടുള്ള സാഹച ര്യത്തിൽ ഇത് സാധ്യമായ ഒരു കാര്യമാണ്. പഞ്ചായത്തിൽ നിലവിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ശരിയായ കണക്കെടുക്കാ നുള്ള ഒരു ശ്രമമാണ് ആദ്യം നടക്കേണ്ടത്. ഇത് ജനപങ്കാളിത്തത്തോടെയാവാം. അർഹ രായവരെ കണ്ടെത്തുന്നതിന് പിന്നിലും ആനു കൂല്യത്തിന്റെ മുൻഗണനാക്രമം നിശ്ചയിക്കു ന്നതിലുമെല്ലാം നീതിപൂർവ്വകമായ സാമൂഹിക തീരുമാനങ്ങളുണ്ടാകണം. ഏറ്റവും താഴെത്ത ട്ടിലുള്ളവർക്ക് ആദ്യപരിഗണന എന്നായിരി ക്കണം നമ്മുടെ ലക്ഷ്യം. ഗ്രാമസഭകളുടെ തീരുമാനങ്ങളിലൂടെ ഇത് ചെയ്യുന്നതാവും കൂടുതൽ ഫലപ്രദം.

IRDP ലിസ്റ്റ് പരിഗണിച്ച് അർഹരായവർക്ക് മുഴുവനും ആനുകൂല്യം ലഭ്യമാക്കാനുള്ള നട പടിയുണ്ടാകണം. ഇപ്പോൾത്തന്നെ ഉപയോ ഗപ്പെടുത്താത്ത പല ഇനത്തിലും ധാരാളം പണം പാഴായിപ്പോകുന്നുണ്ട്. പാവപ്പെട്ട വർക്ക് ഗുണം ചെയ്യുന്ന പദ്ധതികളെപ്പറ്റി മന സ്സിലാക്കുവാനും, അവർക്ക് അത് ലഭ്യമാക്കു ന്നതിന് വേണ്ട സഹായങ്ങൾ എത്തിക്കുന്ന തിനും പഞ്ചായത്ത് തലത്തിലും വാർഡുതല ത്തിലും ജനകീയ സമിതികൾ നിലവിൽ വരേ ണ്ടതാണ്. സന്നദ്ധ സംഘടനകൾ, ഗ്രന്ഥശാ ലകൾ എന്നിവയിലൂടെ ഇവയെപ്പറ്റിയുള്ള വിവരങ്ങൾ പൊതുജനങ്ങളെ ബോധ്യപ്പെടു ത്തേണ്ടതാണ്.

നിലവിൽ പാവപ്പെട്ടവർക്കായി നടപ്പാക്കി വരുന്ന പദ്ധതികൾ പലതും പാവപ്പെട്ടവരുടെ പേരിൽ മറ്റുപലർക്കും പ്രയോജനപ്പെടുന്ന പദ്ധതികളാണ് നടപ്പാക്കിവരുന്നത്. നെഹ്റു തൊഴിൽദാന പദ്ധതിതന്നെ ഇതിന് ഒരുദാഹ രണം. ഫലപ്രദമായ ഒരു ജനകീയ ഇടപെട ലുകളിലൂടെ പാവപ്പെട്ടവനായി നടപ്പാക്കുന്ന പദ്ധതികൾ പാവപ്പെട്ടവനുതന്നെ പ്രയോജന പ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതി നായി ദരിദ്രജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോള

നികളും മറ്റും കേന്ദ്രീകരിച്ച് ഈ പദ്ധതികൾ നടപ്പാക്കേണ്ടതാണ്. റോഡുകളും തോടുകളും നിർമ്മിക്കുന്നതിന് പകരം പാവപ്പെട്ട ജന ങ്ങൾക്ക് സ്ഥായിയായ വരുമാനം ലഭിക്കുന്ന പദ്ധതികൾ ആയിരിക്കണം ആസൂത്രണം ചെയ്തു നടപ്പാക്കേണ്ടത്. പാവപ്പെട്ടവർക്ക് വരുമാനം ഉണ്ടാക്കാൻ കഴിയുന്ന സംഘടിത മായ സ്വയംതൊഴിൽ പദ്ധതികൾക്കായിരി ക്കണം മുൻഗണന നൽകേണ്ടത്. ഇതിൽ തന്നെ സ്ത്രീകൾക്ക് മുൻഗണന നൽകുകയും ചെയ്യണം. റെഡിമേയ്ഡ് നിർമ്മാണം, ഭക്ഷ്യ സംസ്കരണനിർമ്മാണം, കാർഷികോല്പന സഹകരണം കൂൺകൃഷി, പൂകൃഷി, പച്ചക്കറി കൃഷി എന്നിവ കേന്ദ്രീകരിച്ച് ഇവ ചെയ്യാവു ന്നതാണ്.

പല ഗ്രാമ സഭകളിൽ നിന്നും ഇതിനുള്ള ആവശ്യങ്ങൾ ഉയർന്നിട്ടുണ്ട്. ചെറു ചെറു വനിതാ ഗ്രൂപ്പുകൾ വാർഡടിസ്ഥാനത്തിൽ രൂപികരിച്ച് ഇവയിൽ പല സംരംഭങ്ങളും തുട ങ്ങാമോ എന്ന് ആലോചിക്കേണ്ടതാണ്. ഈ ചെറുഗ്രൂപ്പുകളെയെല്ലാം നിയന്ത്രിക്കുന്ന പഞ്ചായത്തു തലത്തിൽ നിലനിൽക്കുന്ന ഒരു പൊതു സമിതിയും വേണ്ടതാണ്. വനിതാ വികസന കോർപ്പറേഷന്റെ കീഴിൽ നടപ്പാ ക്കുന്ന വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെ ത്താനുള്ള പദ്ധതി, സ്ത്രീ ജ്യോതി പദ്ധതി, വ്യവസായം തുടങ്ങുന്നതിനുള്ള സഹായം എന്നിവയും, സാമൂഹ്യക്ഷേമ ഉപദേശക ബോർഡിൻ കീഴിൽ നടപ്പാക്കിവരുന്ന ഗ്രാമീ ണസ്ത്രീകളുടെ ബോധവല്കരണ ക്യാമ്പു കൾ, പൊതുധനസഹായ പദ്ധതി എന്നിവയും ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.

ഗ്രാമത്തിലുള്ള അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായവരുടെ ഒരു കണക്ക് എടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ പരിശീലന പരിപാടികളും സ്വയം തൊഴിൽ സംരംഭങ്ങളും പുനരാസൂത്രണം ചെയ്യുകയും വേണം.

പരമ്പരാഗത തൊഴിൽ മേഖലയായ കയർ, കശുവണ്ടി, നെയ്ത് തുടങ്ങിയ മേഖലയിൽ പണിയെടുക്കുന്നവർ ഈ ഗ്രാമത്തിലുണ്ട്. അവരുടെ കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം ആരോഗ്യം എന്നിവ വളരെ പിന്നിലാണ്. ഇതു പരിഹരിക്കാനുള്ള പരി പാടികൾ ആസൂത്രണം ചെയ്യണം പരമ്പരാ ഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നില വിലുള്ള അനുകൂല്യങ്ങളെ പറ്റി ബോധ്യ വൽക്കരിക്കുകയും അവ അവർക്ക് എത്തിച്ചു കൊടുക്കാനുള്ള പൊതു സംവിധാനങ്ങളും കൂട്ടായ്മയിലൂടെ ഉണ്ടാകണം. കയർതൊഴിലാ ളിപെൻഷൻ, കാർഷികതൊഴിലാളിപെൻഷൻ, കൈത്തറിത്തൊഴിലാളിപെൻഷൻ, കശുവണ്ടി തൊഴിലാളിപെൻഷൻ, എന്നിവ വർദ്ധിപ്പിക്കാ നുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം തന്നെ ഇവ ഗ്രാമപഞ്ചായത്തിലൂടെ വിതരണം ചെയ്യപ്പെടണം. മറ്റു സാമൂഹികക്ഷേമ പെൻഷ നുകളും ഈ രീതിയിൽ പുനരാവിഷ്കരി ക്കണം.

കയർതൊഴിലാളിക്ഷേമനിധിയിൽ അംഗമാ യവരുടെ മക്കൾക്ക് വിവാഹത്തിനുള്ള ധന സഹായം കൈത്തറിത്തൊഴിലാളിക്ഷേമനിധി ബോർഡിൽ ആംഗമായവർക്കു വിട്ടുകൊടു ക്കുന്നതിനോ, നിർമ്മിക്കുന്നതിനോ അഡ്വാൻസ് നൽകുന്ന പദ്ധതി, രോഗചികി ത്സക്കുള്ള അഡ്വാൻസ്, മക്കളുടെ വിദ്യാഭ്യാ സത്തിനുവേണ്ടിയുള്ള ധനസഹായം, മക ളുടെ വിവാഹത്തിനുള്ള അഡ്വാൻസ് എന്നിവ നിലവിലുണ്ട്. ഇവ യഥാക്രമം തൊഴിലാളി കളെ ബോധ്യപ്പെടുത്തുവാനും ഇവയുടെ അനുകൂല്യം അവർക്ക് എത്തിച്ചുകൊടുക്കുവാ നുമുള്ള ശ്രമങ്ങളുണ്ടാകണം.

പട്ടികജാതി കോളനികളിൽ അടിസ്ഥാനാ വശ്യങ്ങൾ സൃഷ്ടിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകണം.

ധനകാര്യ സ്ഥാപനങ്ങൾ വായ്പയുടെ കാര്യത്തിൽ കാണിക്കുന്ന കടും പിടിത്തം ഇല്ലാതാകുവാനുള്ള നടപടികൾ ഉണ്ടാകേണ്ട താണ്.

ചെറുകിട വ്യവസായ സംരംഭങ്ങളോ ടൊപ്പം തന്നെ തൊഴിൽ പരിശീലനത്തിനു വേണ്ട പദ്ധിതകളും നടപ്പാക്കേണ്ടതാണ്. തയ്യൽ പരിശീലന കേന്ദ്രങ്ങളും മറ്റും വേണ

മെന്ന ആവശ്യം പലഗ്രാമ സഭകളിൽ നിന്നും വന്നിട്ടുണ്ട്.

DWCRA യുടെ കീഴിൽ വനിതകൾക്കായി അധികം യൂണിറ്റുകൾ തുടങ്ങാനുള്ള സംരംഭം ഉണ്ടാകണം. ഇവയുടെ പ്രവർത്തനം നിരീക്ഷിക്കുവാനും വേണ്ടനിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുവാനും പഞ്ചായത്തുതലത്തിൽ ഒരു സമിതി ഉണ്ടാകേണ്ടതാണ്.

അസംഘടിതമേഖലയിൽ പണിയെടുക്കുന്ന പാവപ്പെട്ടവരുടെ കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹാവശ്യത്തിനു വേണ്ടി എന്തെങ്കിലും തരത്തിലുള്ള ഒരു ധന സഹായപദ്ധിതി വേണമെന്ന ആവശ്യം ഗ്രമാസഭകളിൽനിന്നും വന്നിട്ടുണ്ട്. ഇത് പരിഗണിക്കപ്പെടേണ്ടതാണ്.

വൃദ്ധമന്ദിരങ്ങൾ വേണം എന്ന ആവശ്യം രണ്ട് വാർഡുകളിൽ നിന്നും വന്നിട്ടുണ്ട്. ഇതും പരിഗണിക്കപ്പെടേണ്ടതാണ്.

സാമൂഹ്യക്ഷേമ വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ സംബന്ധിച്ചും അവയുടെ സേവനങ്ങളെ സംബന്ധിച്ചും ശരിയായ ബോധം സാധാരണക്കാർക്കില്ല. ഇവയുടെ സേവനം മെച്ചപ്പെടുത്താനും വ്യാപിപ്പിക്കാനും ഒരോ വർഡിലേയും മെമ്പർ കൺവീനറായി ജനകീയ പദ്ധിതികൾ ഉണ്ടാകേണ്ടതാണ്. അങ്കണവാടികളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുവാനും, ശിശു വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കാത്തുസൂക്ഷിക്കുവാനും അമ്മമാരുടെയും കുട്ടികളുടേയും പോഷണനിലവാരം ഉയർത്തുവാനും ഈ സമിതികൾ ശ്രദ്ധിക്കേണ്ടതാണ്. സന്നദ്ധപ്രവർത്തനങ്ങളിലുടെ പല നടപ്പുപദ്ധതികളും പ്രയോജനപ്പെടുത്തി ജനകീയ സമിതികൾക്ക് അങ്കണവാടികളെ കുട്ടികളേയും അമ്മമാരുടേയും രക്ഷാകേന്ദ്രങ്ങളാക്കാവുന്നതാണ്. അങ്കണവാടികളല്ലാത്ത സ്ഥലങ്ങളിൽ അതാരംഭിക്കുവാനുള്ള അടിയന്തിര ശ്രമം വേണ്ടതാണ്. J.R.Y പദ്ധതിവിഹിതമോ, ഉപാധിരഹിതമോ ഇതിനായി ഉപയോഗിക്കാമോ എന്ന് അലോചിക്കേണ്ടതാണ്.

**കേരംസ് (കേരള ഗ്രാമവികസന വിപണന സംഘം)**

സ്വയം തൊഴിൽ ഗ്രൂപ്പുകൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ ശേഖരണം, വിതരണം, വിപണനം എന്നിവ ഉദ്ദേശിച്ച് നടപ്പാക്കുന്ന ഇ പദ്ധതിപ്രകാരം ഗ്രാമീണ ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം കൂടാതെ വിറ്റഴിക്കാവുന്നതാണ്. ഇതിന് സാധ്യത കൂടി പരിഗണിക്കപ്പെടേണ്ടതാണ്. ദാരിദ്ര്യ രേഖക്ക് താഴെ സ്ഥിതിചെയ്യുന്ന വരെ മാത്രം കേന്ദ്രീകരിച്ചു നടത്തേണ്ട പ്രത്യേക ആരോഗ്യ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം.

# സഹകരണം

ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സഹകരണമേഖലയ്ക്ക് അത്രയധികം വേരോട്ടും ലഭിച്ചിരുന്നില്ല. അതിനുള്ള കാരണങ്ങളിലൊന്നാകാം തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് കഴിഞ്ഞിരുന്നവരിൽ ഒരു വിഭാഗം സിംഗപ്പൂർ തുടങ്ങിയ വിദേശരാജ്യങ്ങളിൽ പോയിതൊഴിൽ തേടുകയും 1970 കളോട് കൂടി മറ്റൊരു വിഭാഗം അറബിരാജ്യങ്ങളിൽ ഭേദപ്പെട്ട ശമ്പളമുള്ള തൊഴിലുകളിലേർപ്പെടാനുള്ള സൗകര്യം ലഭിക്കുകയും ചെയ്തത്. അങ്ങനെ നല്ലൊരു വിഭാഗത്തിന് കൂട്ടായ്മയിൽ കൂടി തൊഴിലോ മറ്റ് ജീവിത സാഹചര്യങ്ങളോ ഉണ്ടാക്കേണ്ട ആവശ്യമില്ലാതായി.

മേൽപറഞ്ഞ സാഹചര്യങ്ങളൊക്കെ നിലനിൽക്കവേതന്നെ കൂട്ടായ്മയിൽ കൂടി കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങളെ കുറിച്ച് ബോധവാന്മരായിരുന്ന നല്ലൊരു വിഭാഗം കുടുംബങ്ങൾ ഇവിടെയുണ്ടായിരുന്നു. ഇവരിൽ ധരാളം പേർ പരമ്പരാഗതവ്യവസായങ്ങളായ കൈത്തറി നെയ്ത്ത്, കയർ, എന്നി വ്യവസായങ്ങളിൽ ഏർപ്പെട്ടിരുന്നു. എന്നാൽ കൈത്തറി നെയ്ത്തിൽ ഏർപ്പെച്ചിരുന്നവർക്ക് സ്വാതന്ത്ര്യാനന്തര കാലഘട്ടിത്തിന്റെ ആരംഭ ദിശയിൽ അസംസ്കൃത പദാർത്ഥമായ നൂല് ലഭിക്കുവാൻ വളരെ ബുദ്ധിമുട്ട് അനുഭവപ്പെട്ടു. എന്നാൽ ഈകാലത്ത് രജിസ്റ്റർ ചെയ്തചില സമിതികൾക്ക് നിയന്ത്രിതവിലയ്ക്ക് സർക്കാർ നൂൽകിവന്നിരുന്ന ഒരു സംവിധാനം നിലവിലിരുന്നു. ഈ സംവിധാനം പ്രയോജനപ്പെടുത്തുക എന്ന ഉദ്ദേശത്തോട് കൂടി അന്ന് കൈത്തറിനെയ്ത്തിൽ ഏർപ്പെട്ടിരുന്ന സ്വന്തമായി തറിയുള്ളവർചേർന്ന് നീറുവിളകേന്ദ്രമാക്കി സേവാസമതി എന്ന അമ്പത് അംഗങ്ങളുള്ള ഒരു സംഘം രൂപീകരിച്ച് രജിസ്റ്റർ ചെയ്യുകയുണ്ടായി. ഇതിനു മുൻകൈ എടുത്തവർ ശ്രീമാൻമാർ വേടൻവിള കൃഷ്ണൻ, രഘുനാഥൻ സാർ, ശിവനന്ദൻ വൈദ്യർ, വാസുദേവൻ എന്നിവരായിരുന്നു.

തുടർന്ന് ഈ സംഘത്തിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുകയും ഒരു ക്രെഡിറ്റ് സൊസൈറ്റിയായി മാറുകയും ചെയ്തു. പ്രധാനമായും ഈ പ്രദേശത്തെ കർഷകരെ സഹായിക്കുക എന്ന ഉദ്ദേശത്തോടെ കൂടി ഈ സംഘത്തിൻരെ പ്രവർത്തനം ശക്തിയാർജ്ജിച്ചു വന്നു. സ്വന്തമായി ഭൂമിയും കെട്ടിടവും സമ്പാദിക്കാൻ കഴിഞ്ഞു. ഈ സംഘത്തിൽ 6524 അംഗങ്ങളും 1215000 രൂപാ ഓഹരിമൂലധനവും ഉണ്ട്. കാർഷികേതരവുമായ വായ്പകൾ വളം, കീടനാശിനി എന്നിവയുടെ വില്പന, സ്വർണ്ണ പണയം, ചിട്ടികൾ, മൈനർ സേവിംഗ്, സ്ഥിര നിക്ഷേപം എന്നീ പ്രവർത്തനങ്ങൾ സംഘത്തിൽ നടത്തിവരുന്നു. എന്നാൽ അടുത്ത കാലത്തായി കൃഷിക്കാർക്കാവശ്യമുള്ള വളവും മറ്റും സമയത്ത് എടുത്ത് നൽകുന്നില്ലെന്നും കൃഷിയാവശ്യത്തിനുള്ള വായ്പയും ലഭിക്കുന്നില്ലെന്നും പരാതിയുണ്ട്.

1951 ൽ രീപീകരിക്കപ്പെട്ട ഒരു കയർ വ്യവസായ സഹകരണ സംഘം കുളമുട്ടത്തുണ്ടായിരുന്നു. ഇതിന്റെ ആദ്യകാല പ്രസിഡന്റ് ശ്രീ. പരവൂർ കെ.എം. ബഷീറും സെക്രട്ടറി ശ്രീ. ഹബീബ് മുഹമ്മദും ആയിരുന്നു. ഈ സംഘം 1955 മുതൽ 1958 വരെ ലാഭകരമായി

പ്രവർത്തിച്ചിരുന്നു. തുടർന്ന് നാശത്തിന്റെ പടുകുഴിയിലേക്ക് വീണുകൊണ്ടിരുന്ന ഈ സംഘത്തെ രക്ഷിക്കുന്നതിനു വേണ്ടി 1961 ൽ ഒരു റെക്ടിഫിക്കേഷൻ കമ്മിറ്റിയെ സർക്കാർ നോമിനേറ്റ് ചെയ്തെങ്കിലും ഈ സംഘത്തെ രക്ഷിക്കുന്നതിൽ വിജയിക്കുകയുണ്ടായില്ല. തുടർന്ന് 1961 ൽ ഈ സംഘം ലിക്വിഡേഷനു വിധേയമായി.

1956 ൽ കവലയൂർ കേന്ദ്രമാക്കി ഒരു കയർ വ്യവസായ സഹകരണ സംഘം രൂപം കൊണ്ടു. ഈ സംഘത്തിന് 10 ലക്ഷം രൂപ ഓഹരി മൂലധനവും ഉണ്ട്. സ്വന്തമായി ഭൂമിയും കെട്ടിടവുമുള്ള ഈ സംഘത്തിൽ 35 റാട്ടുകളായി 130 പേർ ജോലി ചെയ്തുവരുന്നു.

വെട്ടുകാട് കേന്ദ്രമായി 1979 ൽ ആരംഭിച്ച കയർ വ്യവസായ സഹകരണ സംഘത്തിന് 10 ലക്ഷം രൂപായുടെ ഓഹരി മൂലധനം ഉണ്ട്. ഇവിടെ 100 യന്ത്രവൽകൃത റാട്ടും 20 നാടൻ റാട്ടുകളും പ്രവർത്തിക്കുന്നു. 200 ഓളം തൊഴിലാളികൾ പണി ചെയ്യുന്നു. സ്വന്തമായി കെട്ടിടവും ഭൂമിയും ഉണ്ട്.

1991 ൽ പ്രവർത്തനം ആരംഭിച്ച പൂവത്തുമൂല കയർ വ്യവസായ സഹകരണ സംഘത്തിൽ 5 റാഡുകളിലായി 30 തൊഴിലാളികൾ പണിയെടുക്കുന്നു.

1995 ൽ പ്രവർത്തനം ആരംഭിത്ത കൈരളി മഹിളാസമാജത്തിനു കീഴിൽ പ്രവർത്തിക്കുന്ന വനിതാ സഹകരണസംഘത്തിൽ 99 അംഗങ്ങളും 5300 രൂപ ഓഹരി മൂലധനവും ഉണ്ട്. ബേക്കറി സാധനങ്ങളുടെ ഉല്പാദനം ആരംഭിച്ചെങ്കിലും ലാഭകരമായി തുടരാൻ കഴിഞ്ഞില്ല. ഇപ്പോൾ മറ്റു പ്രവർത്തനങ്ങൾ ഒന്നും തന്നെയില്ല.

1978, 1987, 1988 എന്നീ വർഷങ്ങളിലാരംഭിച്ച കുളമുട്ടം ക്ഷീരവ്യവസായ സഹകരണ സംഘം, മണമ്പൂർ വെസ്റ്റ്, മണമ്പൂർ ഈസ്റ്റ് എന്നീ ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ പാലിന്റെ ശേഖരവും വിപണനവും നടത്തിവരുന്നു. ഈ സംഘങ്ങളിൽ കൂടി ന്യായമായ വിലയ്ക്ക് കന്നുകാലി വളർത്തുന്നവർക്ക് കാലിത്തീറ്റ നല്കിവരുന്നു. കൂടാതെ കന്നുകാലികളുടെ വന്ധ്യത പരിശോധന, രോഗ പരിശോധന എന്നിവയും ഈ സംഘങ്ങളുടെ മേൽനോട്ടത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങളാണ്.

സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽനിന്നും ഒരതിർത്തിവരെയെങ്കിലും മുക്തി നേടുന്നതിനും കാർഷികോപകരണങ്ങൾ, വളം, കീടനാശിനി എന്നിവ ന്യായമായ വിലയ്ക്കും സമയത്തും ലഭിക്കുന്നതിനും വേണ്ടി രൂപീകൃതമായിട്ടുള്ള സഹകരണ സംഘങ്ങൾ ലക്ഷ്യം നേടുന്നതിൽ വിജയം വരിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

കവലയൂർ ഹൈസ്കൂൾ, മണമ്പൂർ യു.പി.എസ്സ് എന്നീ സ്കൂളുകളിൽ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കവലയൂർ സ്കൂളിനോടു അനുബന്ധിച്ചുള്ള സഹകരണ സംഘത്തിൽ നോട്ടുബുക്ക് നിർമ്മാണയുണിറ്റ് പ്രവർത്തിച്ചിരുന്നെങ്കിലും ഇപ്പോൾ പ്രവർത്തന രഹിതമാണ്.

നിലവിലിരിക്കുന്ന സഹകരണ സംഘങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടികയായി രൂപപ്പെടുത്തിയിരിക്കുന്നു.

| സഹകരണസംഘ പേര് | ഇപ്പോഴത്തെ അംഗങ്ങളുടെ എണ്ണം | ജീവനക്കാരുടെ എണ്ണം/തൊഴിലാളികളുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേൺ ഓവർ | സ്ഥാപിച്ച വർഷം | ലാഭത്തിലാണോ/ നഷ്ടത്തിലാണോ |
|---|---|---|---|---|---|---|
| കുളമുട്ടം ക്ഷീരവ്യവസായ സഹകരണസംഘം | 363 | 3 | 3630 | | 1978 | |
| കവലയൂർ കയർവ്യവസായ സഹകരണസംഘം | 448 | 132 | 6970.50 | | 1956 | |
| കവലയൂർ വനിത സഹകരണസംഘം | 99 | 1 | 5300 | | 1995 | |
| മണമ്പൂർ വെസ്റ്റ് ക്ഷീരോല്പാദന സഹകരണസംഘം | 450 | 2 | 2500 | | 1987 | |
| മണമ്പൂർ ഈസ്റ്റ് ക്ഷീരോല്പാദന സഹകരണസംഘം | 300 | 2 | 2500 | | 1988 | |
| മണമ്പൂർ സർവ്വീസ് സഹകരണബാങ്ക് | 6524 | 7 | 1215000 | | 1948 | |
| പൂവത്തുമൂലകയർസംഘം | 335 | 31 | 53774 | | 1992 | |
| വെട്ടുകാട് കയർ വ്യവസായ സഹകരണസംഘം | 273 | 200 | 100000 | | 1979 | |

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന പ്രശ്ന ങ്ങളാണ് താഴോട്ടു പ്രതിപാദിക്കുന്നത്. x-ാം വാർഡിൽ വനിതാ സഹകരണ സംഘം സ്ഥാപിച്ച് റെഡിമെയ്ഡ് സെന്ററും തൊഴിൽ പരിശീലനകേന്ദ്രവും ആരംഭിക്കണം. vi-ാം വാർഡ് കേന്ദ്രമാക്കി പാറത്തൊഴിലാളി സഹ കരണസംഘം ആരംഭിക്കണം. തൊട്ടിക്കല്ല് (iv-ാം വാർഡ്) കേന്ദ്രമാക്കി ക്ഷീരോല്പാദന സഹകരണസംഘം ആരംഭിക്കണം. ix-ാം വാർഡിൽ വനിതാ സഹകരണ സംഘം രൂപീ കരിച്ച് കാർഷികോത്പന്നങ്ങളുടെ ശേഖര ണവും വിപണനവും നടത്തുക.

### സഹകരണമേഖല നേരിടുന്ന പൊതുപ്ര ശ്നങ്ങൾ

1. മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ.

2. പുതിയ പ്രവർത്തനമേഖലയിലേക്കു കടന്നു കയറാനുള്ള ആത്മധൈര്യക്കുറവ്.

3. അമിതമായ എസ്റ്റാബ്ലിഷ്മെന്റ് ചെലവ്.

4. ദുർവ്യയം

5. സാങ്കേതിക നവീകരണത്തിന്റെ അഭാവം.

### സാധ്യതകൾ

1. അവിദഗ്ധതൊഴിലാളികളെ സംബന്ധി ച്ചിടത്തോളം തൊഴിൽ കിട്ടാത്ത ദിനങ്ങൾ ഉണ്ട്. അതുപോലെ തന്നെ തൊഴിൽ ഉടമ കൾക്ക് തൊഴിലാളകളെ കിട്ടാത്ത അവസ്ഥ യുമുണ്ട്. ഇതു പരിഹരിക്കുന്നതിനായി അവി ദഗ്ധതൊഴിലാളികളുടെ സഹകരണ സംഘം രൂപീകരിച്ചാൽ ന്യായമായ കൂലി നിശ്ചയിച്ചു കൊണ്ട് ആവശ്യമുള്ള തൊഴിലാളികളെ ആവ ശ്യക്കാർക്ക് വിതരണം ചെയ്യാൻ കഴിയും.

2. വീടുനിർമ്മാണ സാമഗ്രികളുടെ ഒരു ഉല്പാദനകേന്ദ്രം സഹകരണാടിസ്ഥാനത്തിൽ രൂപീകരിച്ചാൽ വീടു നിർമ്മാതാക്കൾക്കു വ്യാപാരികളുടെ ചൂഷണത്തിൽനിന്നു രക്ഷ നേടാവുന്നതാണ്.

3. കാർഷികസഹായ സഹകരണ സംഘ ങ്ങൾ രൂപീകരിച്ച് ഓരോ വീട്ടിലും പച്ചക്കറി ത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശ സഹായങ്ങൾ വീട്ടുകാർക്ക് നൽകാവുന്ന താണ്. അവർ ഒരു മാസം പച്ചക്കറി വാങ്ങു ന്നതിന്റെ ചെറിയ ഒരു അംശം സഹായിക്കു ന്നവർക്ക് നൽകിയാൽ സ്വന്തമായി പച്ചക്കറി ഉല്പാദിപ്പിച്ച് സാമ്പത്തിക ലാഭം ഉണ്ടാക്കാ മെന്നു മാത്രമല്ല ഗുണമേന്മയുള്ള ഉല്പന്ന ങ്ങൾ ഉല്പാദിപ്പിക്കാൻ കഴിയും.

4. സഹകരണസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യ വത്കരിക്കുകയും ജന റൽബോഡികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കു കയും ചെയ്താൽ ഒരതിർത്തിവരെ മാനേജു മെന്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ കഴിയും.

5. സോഷ്യൽ ആഡിറ്റിംഗ് സമ്പ്രദായം നില വിൽ വരേണ്ടതാണ്. ദുർവ്യയവും അഴിമ തിയും തടയാനും ഇതു സഹായകരമാവും.

6. ക്രെഡിറ്റ് സംഘങ്ങളിൽ അംഗങ്ങളുടെ ആവശ്യം അനുസരിച്ചുള്ള സ്കീമുകൾ തയ്യാ റാക്കി പ്രവർത്തിപഥത്തിൽ കൊണ്ടുവരുക.

7. സംഘത്തിന്റെ മേൽനോട്ടം വഹിക്കുന്ന വർക്ക് പ്രഫഷണൽ മാനേജുമെന്റ് പരിശീ ലനം നൽകേണ്ടതാണ്.

8. വനിതാ സഹകരണ സംഘം രൂപീക രിച്ച് തൊഴിൽ പരിശീലനം നൽകാവുന്ന താണ്. അതോടൊപ്പം തന്നെ ഉല്പ്പാദിതവ സ്തുക്കളുടെ വില്പ്പനയും നടത്തേണ്ടതാണ്.

9. നിലവിലിരിക്കുന്ന ക്ഷീരോല്പാദക സഹ കരണ സംഘങ്ങൾക്ക് വെളിയിൽ വരുന്ന പ്രദേശങ്ങൾ ഉൾക്കൊള്ളിച്ച് ക്ഷീരോല്പാദക സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.

10. പാറ ഒടപ്പ് മേഖലയിൽ ധാരാളം തൊഴി ലാളികൾ ജോലിചെയ്തുവരുന്നു. അവർക്ക് സുരക്ഷിതത്വം ജോലിസ്ഥിരതയും ഉറപ്പാക്ക ത്തക്ക രീതിയിൽ ഒരു പാറത്തൊഴിലാളി സഹ കരണ സംഘം രൂപീകരിക്കാവുന്നതാണ്.

11. നിലവിലിരിക്കുന്ന കവലയൂർ, മണമ്പൂർ സ്കൂൾ സഹകരണ സംഘങ്ങളുടെ നേതൃ ത്വത്തിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടു പിടിച്ച് അവർക്ക് ബുക്ക് ബൈന്റിംഗിലും നോട്ടുബുക്ക് നിർമ്മാണത്തിലും പരിശീലനം നൽകാവുന്നതാണ്.

# ഊർജ്ജം

ഊർജ്ജം എന്നു പറയുമ്പോൾ ആദ്യം ഓർമ്മയിലെത്തുന്നത് വൈദ്യുതിയാണല്ലോ, കല്ലമ്പലം ആറ്റിങ്ങൽ, വക്കം (കവലയൂർ) എന്നീ സെക്ഷനാഫീസുകളുടെ പരിധിയിലാണ് ഈ ഗ്രാമം സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിലെ ആകെ 8221 വീടുകളിൽ 4008 വീടുകൾക്കും 290 വ്യാപരസ്ഥാപനങ്ങൾക്കും വൈദ്യുതിലഭിച്ചിട്ടുണ്ട്. കാർഷികാവശ്യങ്ങൾക്കായി 36 പേർക്കും, വ്യാവസായികാവശ്യങ്ങൾക്കായി 29 പേർക്കും വൈദ്യൂതി ലഭിച്ചിട്ടുണ്ട്. വൈദ്യുതി ലൈൻ ഏറെക്കുറെ എല്ലാ ഭാഗങ്ങളിലും എത്തിയിട്ടുണ്ടെങ്കിലും ചിലയിടങ്ങളിൽ വൈദ്യുതീകരണം നടന്നിട്ടില്ല. സ്ട്രീറ്റ് ലൈറ്റുകൾ പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും ഇല്ലെന്നു തന്നെപറയാം. പഞ്ചായത്തിലോ ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസുകളിലോ ഇതിന്റെ കൃത്യമായ കണക്ക് അറിയാനുള്ള മാർഗ്ഗവും ഇല്ല.

പഞ്ചായത്തിലെ 80% വീടുകളിലും ഇന്ധനാവശ്യത്തിന് വിറകാണുപയോഗിക്കുന്നത്. അതിൽ 40% പേരും വിറക് വിലകൊടുത്തു വാങ്ങുന്ന ബാക്കിയുള്ളവർ ശേഖരിച്ചും അല്ലാതെയും സംഭരിക്കുന്നു. വിറകിന്റെ വില കഴിഞ്ഞ 10 വർഷങ്ങളായി കൂടിക്കൂടി വരുന്നു. ലഭ്യതയാകട്ടെ കുറയുകയും ചെയ്യുന്നു. ഇന്ധനക്ഷമതയുള്ള അടുപ്പുകൾ വളരെ അപൂർവ്വം ഗൃഹങ്ങളിൽ മാത്രമെയുള്ളു. പ്രഷർകുക്കർ ഉപയോഗിക്കുന്ന വരും കുറവാണ്. ഊർജ്ജാവശ്യങ്ങൾക്കായി മണ്ണെണ്ണ ഉപയോഗിക്കുന്ന വരും ഏറെയാണ്. വിളക്ക് കത്തിക്കാനും അടുപ്പു കത്തിക്കാനുമായി മണ്ണെണ്ണ ഉപയോഗിക്കുന്നവരാണ് അധികവും കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുവാനും ചിലർ മണ്ണെണ്ണയെ ആശ്രയിക്കുന്നു. റേഷൻകടകളിൽ നിന്നുമാണ് പ്രധാനമായും മണ്ണെണ്ണ ശേഖരിക്കുന്നത്. പ്രകൃതിവാതകവും ഊർജ്ജാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. ഘ.ജ.ഏ ഏജൻസികൾ വർക്കല, ആറ്റിങ്ങൾ എന്നിവടങ്ങളിലുണ്ട് അവിടെ നിന്നുമാണ് ഗ്യാസ് വാങ്ങുന്നത്. ബയോഗ്യാസ് പ്ലാന്റ് ഈ ഗ്രാമത്തിൽ വളരെ കുറച്ചു പേർക്കേയുള്ള. ഉള്ളതുപലതും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. പാരമ്പര്യേതര ഊർജ്ജസ്ത്രോതസ്സുകൾ ഒന്നുംതന്നെ ഈ ഗ്രാമത്തിൽ പ്രയോജനപ്പെടുത്തുന്നില്ല. സോളാർപാനലുകൾ ഈ പഞ്ചായത്തിൽ രണ്ടു വീടുകളിൽ മാത്രമേയുള്ളു, അ...ും വെറും 20० വൈദ്യുതി ഉല്പാദിപ്പിക്കുന്നവ.

**പ്രശ്നങ്ങൾ**

പഞ്ചായത്തുതലത്തിൽ ഊർജ്ജ ഉപഭോഗത്തെ സംബന്ധിച്ചും ഇന്ധനങ്ങളുടെയും മറ്റും ഊർജ്ജസ്ത്രോതസ്സുകളുടെ ലഭ്യതയെ സംബന്ധിച്ചും വളരെ പരിമിതമായ സ്ഥിതി വിവരക്കണക്കുകളേയുള്ളു.

വോൾട്ടേജ് ക്ഷാമം പഞ്ചായത്തിന്റെ മിക്കവാറും എല്ലാ ഭാഗങ്ങളിലും അനുഭവപ്പെടുന്നുണ്ട്.

ചില പ്രത്യേക പ്രദേശങ്ങളിൽ വൈദ്യുതി ഇനിയും എത്തിയിട്ടില്ല. ഉദാഹരണത്തിന്

വേടൻവിള, പയ്യൂർക്കോണം, കൊടിതൂക്കി ക്കുന്ന് വാളക്കോട്ടുമല, മണമ്പൂർ ജ.ഒ.ഇ.-യ്ക്ക് പിറകിലുള്ള പ്രദേശം എന്നിവി ടങ്ങളിലാണ് വൈദ്യുതി മുഖ്യമായും എത്താ ത്തത്.

ഗ്രാമത്തിൽ ഇനി അനൗപചാരിക കണ ക്കുകൾ പ്രകാരം 549 വീടുകൾക്ക് വൈദ്യുതി ആവശ്യമാണ്.

വൈദ്യുതി കണക്ഷന് തടസ്സമായി നില്ക്കുന്നത് സാങ്കേതിക തടസ്സങ്ങളാണ്.

തെരുവിളക്കുകൾ ഇല്ലാത്തതിനാൽ പലബു ദ്ധിമുട്ടുകളും ഗ്രാമവാസികൾക്ക് നേരിടുന്നു.

ഉള്ളലൈറ്റുകൾക്ക് ഷെയിഡില്ല.

ലൈനുകളിൽ വൃക്ഷക്കൊമ്പുകൾ തട്ടുക മൂലം പ്രസരണനഷ്ടം അധികമാകുന്നു.

സാമ്പത്തിക ശേഷിയുള്ളവർ സ്റ്റെപ്പ് ഡൗൺട്രാൻസ്ഫോർമറുകളും മറ്റും ഉപയോ ഗിച്ചു വൈദ്യുതിയുടെ ഉപഭോഗം വർദ്ധിപ്പി ക്കുന്നു.

ആഡംബരാവശ്യങ്ങൾക്കായി വൈദ്യുതി പാഴാക്കിക്കളയുന്നു.

വൈദ്യുതിയുടെ അമൂല്യതയെക്കുറിച്ചുള്ള അജ്ഞത.

വിറകിന് അടിക്കടിയുണ്ടാകുന്ന വില വർദ്ധന ദക്ഷതകൂടിയ അടുപ്പുകളെ സംബ ന്ധിച്ച അറിവില്ലായ്മ, കച്ചിപ്പെട്ടി, പ്രഷർകു ക്കർ എന്നിവയെ സംബന്ധിച്ച ശരിയായ അവ ബോധമില്ലായ്മ, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെയും അവ പ്രയോജനപ്പെ ടുത്തേണ്ട പ്രാധാന്യത്തെയും സംബന്ധിച്ച ധാരണയില്ലായ്മ ആവശ്യത്തിന് ഗ്യാസ് കണ ക്ഷൻ ലഭിക്കാനുള്ള സംവിധാനമില്ലായ്മ, ബയോഗ്യാസ് പ്ലാന്റുകളുടെ നിർമ്മാണ ത്തിലും ഉപയോഗത്തിലും കൂട്ടായ്മയ്ക്കുള്ള പ്രാധാന്യത്തെ സംബന്ധിച്ച് ധാരണയില്ലായ്മ എന്നിവയെല്ലാം ഈരംഗം നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

ഈ പ്രശ്നങ്ങൾ നിലനില്ക്കുമ്പോൾ തന്നെ ഗ്രാമസഭകളിൽ നിന്നും ഉയർന്ന വന്ന ആവശ്യങ്ങൾ നിറവേറ്റണ്ടതായിട്ടുമുണ്ട്.

വഴി വിളക്കുകൾക്ക് വേണ്ടി ഗ്രാമസഭക ളിൽ നിന്നും വന്ന ആവശ്യങ്ങൾ പട്ടിക തിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

| വാർഡ് | വഴിവിളക്കുകൾ സ്ഥാപിക്കേണ്ട റോഡുകളും ഇടവഴികളും | വേണ്ടിവരുന്ന ലൈറ്റുകളുടെ എണ്ണം |
|---|---|---|
| I | സഹകരണസംഘംറോഡ് | 7 |
| | നിറുവിള, ചിറ്റൂർക്കോണം ഇടവഴി | 5 |
| | തൊട്ടിക്കല്ല് റോഡ് | 6 |
| | എള്ളുവിളകടകഞ്ചേരി റോഡ് | 11 |
| | ക്രിയൻവിള ഉദിയൻകോട് റോഡ് | 10 |
| | നീറുവിള മംഗലത്ത്കുന്ന് ഇടവഴി | 9 |
| II | പുത്തൻകോട് പുന്നവിള ജംഗ്ഷൻ | 11 |
| | പാലാറകോട്ടറക്കോണം | 8 |
| | ദൈവപ്പുര-ഖാദിബോർഡ് | 10 |
| | പുത്തൻകോട് ജംഗ്ഷൻ മുതൽ പാലം വരെ | |
| III | കൊച്ചുവിള പ്ലാപ്പള്ളിക്കോണം | 22 |
| | കൊച്ചുവിള തെഞ്ചേരിക്കോണം | 5 റ്റ്യുബ് |
| | ഗ്രാമസേവക ഓഫീസ്-ഇടത്തററോഡ് | 9 ഓർഡിനറി |
| | ഗ്രാമസേവക ഓഫീസ്-കാവുവിള | 8 ഓർഡിനറി (1 റ്റ്യൂബ്) |
| IV | തെഞ്ചേരിക്കോണം കരയിൽ | 16 |
| | MLA. റോഡ് | 6 ഓർഡിനറി (1 റ്റ്യൂബ്) |
| | അവുത്തുരുത്ത്മഠം ഇടവഴി | 2 |
| | കരിമ്പുവിള N.S.S കെട്ടിടത്തിന് മുന്നിൽ | 1 റ്റ്യുബ് |
| V | പുലീക്കുന്ന് ഹരിജൻകോളനി | 1 |
| | കലംപട്ടുവിള-കടകംപള്ളി റോഡ് | 1 |
| | പുന്നക്കുഴി പാലം | 1 |
| | മുങ്ങോട്, കോട്ടപ്പുറം റോഡ് | 1 |
| | കണ്ണങ്കര റോഡ് | 1 |
| VI | കുളമുട്ടം-കാമരാജ്റോഡ് വില്ലേജ് ഓഫീസ് റോഡിന് എതിർവശ റോഡ് | 5 റ്റ്യൂബ് |
| | വൻകടവ് ക്ഷേത്രം | 20 ഓർഡിനറി |
| VII | ലക്ഷംവീടു മുതൽ സുബ്രഹ്മണ്യസ്വാമി ക്ഷേത്രം വഴി പാലറ വരെ വയലിലും പറമ്പിലും കൂടി പിടിച്ചിരിക്കുന്ന ലൈൻ റോഡിലേക്ക് മാറ്റി ഒന്നിടവിട്ട പോസ്റ്റുകളിൽ | 12 ഓർഡിനറി 2 റ്റ്യൂബ് |
| | മറ്റു പലഭാഗങ്ങളിലായി | 28 ഓർഡിനറി 13 റ്റ്യൂബ് |
| VIII | കവലയൂർ-മടപ്പള്ളിക്കോണം (പെരുങ്കുളം) | 18 |

| | | |
|---|---|---|
| | കണ്ണങ്കര-കൊടിതൂക്കിക്കുന്ന് | 18 |
| | കവലയൂർ-പുളിമൂട് | |
| | മാടപ്പള്ളിക്കോണം | 10 |
| | തെപ്പിച്ചന്ത-ആലിൻമൂട്ടിക്കാവ് | 10 |
| XI | പെരുങ്കുളം പോസ്റ്റോഫീസ്- | |
| | മിഷൻ കോളനി റോഡ് | 20 |
| | മണനാക്ക് എൽ.ജെ.ട റോഡ് | 10 |
| X | വാർഡിലെ വിവിധഭാഗങ്ങളിൽ | 15 ട്യൂബ് |

പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട ഭാഗങ്ങൾ (വോൾട്ടേജ് കുറഞ്ഞ സ്ഥലങ്ങൾ

| ward | സ്ഥലം |
|---|---|
| I | പന്തടിവിള-തൊട്ടിക്കല്ല് |
| II | പുന്നവിള |
| III | പറങ്കിമാംവിള, ചാത്തമ്പാറ K.T.C.T യ്ക്ക് സമീപം, പാലവിള, കൊച്ചുവിള |
| IV | വിളവൂർക്കോണം, തെഞ്ചരിക്കോണം, പാലാംകോണം |
| V | പുലിയാക്കുന്ന് കടകംപള്ളി കോട്ടപ്പുറം-പുന്നക്കുഴി |
| VI | വെട്ടുകാട്-അമ്മൻനട |
| VII | ഗുരുനഗർ |
| VIII | കൊടിതൂക്കിക്കുന്ന് |
| IX | പൂവത്തുമൂല |

പുതുതായി ലൈൻ സ്ഥാപിക്കേണ്ട പ്രദേശങ്ങൾ (വൈദ്യുതീകരിക്കേണ്ട പ്രദേശങ്ങൾ)

| | |
|---|---|
| ward I | വേടൻവിളസ്ക്കൂളിന് പുറകുവശം തോപ്പുവിള |
| II | ഒന്നം രണ്ടും മൂന്നും വാർഡുകൾ ബന്ധിപ്പിച്ച് പോസ്റ്റുകൾ സ്ഥാപിച്ച് ലൈൻ ലിങ്ചെയ്യേണ്ടവ വാളക്കോട്ടുമല |
| III | കാവുവിള ഗ്രാമസേവക റോഡ് പറങ്കിമാംവിള ചെറുമണക്കാട് റോഡ് കുനുവിള ഏലാ, നെട്ടറ, പാലവിള പേഴുവിള പയ്യിക്കോണം കോളനി, മണിയൻകോട് Settlement arc പാലറകുന്ന് |
| IV | ഭാസ്ക്കർ കോളനി, തൊട്ടിക്കല്ല് ലക്ഷംവീട് വളവൂർക്കോണം, മണ്ണാംകോണം ഇടവഴി പാലാംകോണം അമ്പലത്തുപണ, ഭാസ്ക്കർകോളനി |
| V | മൂണ്ടോട്-ഇടയാറ്റിൽ |
| VI | 100-ഓളം പേർക്ക് വൈദ്യുതിവേണം |
| VII | പനയറക്കോണം, പുളിയിക്കച്ചിറ, കൊടിതൂക്കിക്കുന്ന്, കാട്ടുവിള, പാലാംകോണം, കണ്ണങ്കര |
| VIII | പെരുംകുളം പോസ്റ്റോഫീസ് റോഡ് മാടപ്പള്ളിക്കോണം, മിഷൻ കോളനി-മലവിള മാടമ്പത്തുക്കോണം-മുട്ടുക്കോണം പെരുങ്കുളം-മാടപ്പള്ളിക്കോണം-കവലയൂർ |
| IX | P.H.C സബ്സെന്റർ |

### സാധ്യതകൾ

ഗ്രാമത്തിന്റെ ഊർജ്ജാവശ്യങ്ങൾ പരിഹരിക്കാൻ ജനപങ്കാളിത്തത്തോടെയുള്ള ഒരു പദ്ധതിക്ക് രൂപം കൊടുക്കേണ്ടതുണ്ട്. ഇതിന്നായി സമഗ്രമായ ഒരു ഊർജ്ജസർവ്വേ നടത്തണം. ജനപ്രതിനിധികളും സന്നദ്ധസംഘടനാ പ്രതിനിധികളും, ഊർജ്ജമേഖലയിലെ ഉദ്യോഗസ്ഥരും ഉപഭോക്താക്കളും അടങ്ങുന്ന ഒരു സമിതിക്ക് ഇത് ചെയ്യുവാൻ കഴിയും. ഈ സർവ്വേയുടെ അടിസ്ഥാനത്തിൽ കിട്ടുന്ന വിവരണങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം പഞ്ചായത്തിലെ ഊർജ്ജാവശ്യങ്ങൾ ആസൂത്രണം ചെയ്യേണ്ടത്. ഇതോടൊപ്പം തന്നെ പഞ്ചായത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന്നാവശ്യമായ അടിയന്തിര നടപടികളും കൈക്കൊള്ളേണ്ടതാണ്.

ഇനിയും വൈദ്യുതീകരിക്കാത്ത പലഭാഗങ്ങളും കോളനികളും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ പാർക്കുന്ന മേഖലകളും ആയതിനാൽ പഞ്ചായത്ത് തലത്തിൽ അതിന് ഒരു സംവിധാനം ഉണ്ടാകേണ്ടതാണ്. തെരുവ് വിളക്കുകൾ, ഗ്രാമസഭകളിൽ നിന്നും ഉയർന്ന ആവശ്യപ്രകാരം 334 ഓർഡിനറി ലൈറ്റുകളും 82 ട്യൂബ് ലൈറ്റുകളും ആവശ്യമാണ്. അതും പരിഹരിക്കപ്പെടണം വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ അത് പരിഹരിക്കുവാനായി 16 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. അതും പരിഗണിക്കപ്പെടേണ്ടതാണ്.

ആലുവ, പെരുമ്പാവൂർ, എറണാകുളം മേഖലകളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് വർക്ക് ചെയ്യുന്നതിന് CONSAT SCHEME എന്ന പേരിൽ ഒരു വർക്ക് നടത്തിയിട്ടുണ്ട് (കൺസ്യൂമർ സാറ്റിസ്ഫാക്ഷൻ സ്ക്കീം) ഇതുപോലെ തെക്കൻ മേഖലയിൽ ഈ സ്ക്കീം നടപ്പിലാക്കുന്നതിനുവേണ്ടി ഈ പഞ്ചായത്തിനെ ദത്തെടുക്കാൻ വേണ്ടശ്രമങ്ങളും നടത്തേണ്ടതാണ്.

ഈ പഞ്ചായത്തിൽ ആറ്റിങ്ങൽ സബ്സ്റ്റേഷൻ, വർക്കല സബ്സ്റ്റേഷൻ എന്നീ 66 kV

സബ്സ്റ്റേഷനുകളിലെ 11 KV ലൈനുകളാണ് സപ്ലൈ തരുന്നത് രണ്ടും വളരെ അകല ത്താണ്. അതുകൊണ്ട് 11 KV ലൈനിൽതന്നെ 7 KV ലൈൻ വോൾട്ടേജ് മാത്രമാണ് പല പ്പോഴും ഞങ്ങൾക്ക് ലഭിക്കുന്നത്. തന്നിമിത്തം 110 വോൾട്ടിനും താഴെ മാത്രമേ പലഭാഗങ്ങ ളിലുമുള്ളു. അതുകൊണ്ട് പ്രൊപ്പോസൽ നില വിലുള്ളതായ മണനാക്ക് 66 KV സബ്സ്റ്റേഷൻ അടിയന്തിരമായി സ്ഥാപിക്കണം.

6 മാസത്തിലൊരിക്കൽ ലൈനിനുമുകളിൽ സ്ഥിതിചെയ്യുന്ന മരക്കൊമ്പുകൾ വെട്ടിമാറ്റാ നുള്ള സംവിധാനമുണ്ടാകണം. സെക്ഷൻ ഫ്യൂസുകൾ മഴനനയാത്തവണ്ണം വെതർ പ്രൊട്ടക്ഷൻ സംവിധാനം ഏർപ്പെടുത്തണം

ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുമ്പോൾ ഉപഭോക്തൃ സമിതികളുമായി കൂടിയാലോചി ക്കണം.

ഇലക്ട്രോണിക് ചോക്കുകൾ compact fluresent lamp-കൾ എന്നിവ അനർട്ടുമായി ബന്ധപ്പെട്ടു പ്രചരിപ്പിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണം

ഉത്സവങ്ങൾ വിവാഹങ്ങൾ തുടങ്ങിയ ആവ ശ്യങ്ങൾക്ക് വൈദ്യുതി ജനറേറ്ററുകളിൽ നിന്ന് മാത്രമേ ഉപയോഗിക്കാവു എന്ന രീതിവരണം

ഭക്ഷത കൂടിയവിറകടുപ്പുകൾ എല്ലാ വീടു കളിലും പ്രചരിപ്പിക്കാനുള്ള സംവിധാനമു ണ്ടാകണം. അൺടൈഡ് ഫണ്ടുകളും മറ്റും ഉപ യോഗിച്ച് ഇത് ചെയ്യാവുന്നതാണ്.

കച്ചിപെട്ടി, പ്രഹർകുക്കർ എന്നിവയുടെ ഉപയോഗത്തെപ്പറ്റിയുള്ള പ്രചാരണവും ഉണ്ടാ കണം

**സാമൂഹ്യവനവല്ക്കരണപരിപാടിയിലൂടെ വിറകിന്റെ ലഭ്യത വർദ്ധിപ്പിക്കാനുള്ള ശ്രമം നടക്കണം. പൊതുസ്ഥലങ്ങളിലും പുറമ്പോ ക്കകളിലും വിറകാവശ്യത്തിനുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാവുന്നതാണ് സന്നദ്ധസംഘട നകളുടെ സേവനം ഈ രംഗത്ത് പ്രയോജന പ്പെടുത്തണം.**

**ഗോബർഗ്യാസ് പ്ലാന്റുകൾ ചെറുഗ്രൂപ്പു കൾക്ക് ഒരുമിച്ച് പ്രവർത്തിക്കാവുന്നതിനെപ്പറ്റി ആലോചിക്കേണ്ടതാണ്. കന്നുകാലി വളർത്ത ലിൽ ഏർപ്പെട്ടിരിക്കുന്നവർ കൂടുതലുള്ള പ്രദേ ശങ്ങൾ ഈ സംയുക്ത ബയോഗ്യാസ് ഉല്പാ ദക സംരംഭത്തിന്നായി തെരഞ്ഞെടുക്കാം.**

**കഞ്ചജ വഴി മെച്ചപ്പെട്ട മണ്ണെണ്ണ അടുപ്പു കൾ വിതരണം ചെയ്യുന്നുണ്ട് അതു പ്രചരി പ്പിക്കാനുള്ള സംവിധാനങ്ങളും ഉണ്ടാകേണ്ട താണ്.**

ഈ പഞ്ചായത്തിൽ സമുദ്രനിരപ്പിൽ നിന്നും വളരെ ഉയർന്ന കുന്നുകളുണ്ട്. കൊടി തൂക്കിക്കുന്ന് വാളകോട്ടുമല എന്നിവ വളരെ ഉയർന്ന പ്രദേശങ്ങളാണ്. കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള സംരംഭങ്ങൾ ഈ പ്രദേശങ്ങളിൽ എത്രത്തോളമുണ്ടൊന്ന് പരിശോധിക്കണം. അനർട്ടിന്റെ സാങ്കേതിക സഹായം ആവശ്യപ്പെടാം. കാറ്റാടിയന്ത്രങ്ങൾ സ്ഥാപിച്ച് ജലം പമ്പു ചെയ്യാനുള്ള സംവി ധാങ്ങളെപ്പറ്റിയും ആലോചിക്കേണ്ടതാണ്.

ഈ ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡു കളിൽ നിന്നും പൊതു മാർക്കറ്റിനു വേണ്ടി യുള്ള ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. അതും പരിഗണിക്കപ്പെടേണ്ടതാണ്.

# വിഭവസമാഹരണം

ഈ ഗ്രാമത്തിന്റെ പൊതു സാമ്പത്തിക സ്ഥിതി വളരെ പരിമിതമാണ്. കാരണം തനത് നികുതി വരുമാനത്തിനുള്ള സാധ്യത ഏറെയൊന്നുമില്ലാത്തതുതന്നെ പഞ്ചായത്തിലെ വരവുകളെ സംബന്ധിച്ച ഒരു പൊതുചിത്രം താഴെ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിച്ചാൽ ബോധ്യമാകും.

പട്ടിക (1)

അവലംബം – ഗ്രാമ പഞ്ചായത്ത് രേഖകൾ

**വരവ് സംബന്ധിച്ച വിവരങ്ങൾ (1995–96)**

| ഇനം | ധനാഭർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 175000.00 | 103440.50 | 71559.50 |
| സർവ്വീസ് ചാർജ്ജ് | 38670.55 | 28000.00 | 10670.55 |
| തൊഴിൽ നികുതി | 85000.00 | 34145.00 | 50855.00 |
| വാഹന നികുതി | – | – | – |
| വിനോദ നികുതി | – | – | – |
| അഡി. നികുതി | – | – | – |
| പ്രദർശന നികുതി | 100.00 | – | 100.00 |
| പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ് | 50.00 | – | 50.00 |
| ചന്ത വരവ് | – | – | – |
| ലാന്റ് സെസ്സ് | – | – | – |
| ലൈസൻസ് ഫീസ് | 4252.00 | 3000.00 | 1252.00 |
| കെട്ടിട നികുതി സർചാർജ്ജ് | 18766.00 | 12000.00 | 6766.00 |
| വസ്തു കൈമാറ്റ നികുതി 75% | 42553.00 | 42553.00 | – |
| വസ്തു കൈമാറ്റ നികുതി 25% | 106672.00 | 106672.00 | – |
| സർക്കാർ ഗ്രന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 100000.00 | 100000.00 | – |
| സംഭാവന | – | – | – |
| ഡെപ്പോസിറ്റ് | – | – | – |
| മറ്റുള്ളവ | 504943.00 | 504943.00 | – |
| ആകെ | 1076006.55 | 934753.50 | 141253.05 |

ഈ പട്ടിക പരിശോധിച്ചാൽ വിനോദനികുതി പ്രദർശനനികുതി, ചന്തവരവ് എന്നീ ഇനങ്ങളിൽ ഈ ഗ്രാമത്തിൽ വരവ് ഒന്നും തന്നെയില്ലെന്നുകാണാം. കെട്ടിടനികുതി ഇനത്തിലും തൊഴിൽ നികുതി ഇനത്തിലും പിരിച്ചെടുക്കുവാനുള്ള നികുതിയിൽ അധികവും പിരിച്ചെടുത്തിട്ടില്ലന്നും കാണാം. വരുമാനത്തിന്റെ അധിക ഭാഗവും സർക്കാർ നൽകുന്ന ഗ്രാന്റുകൾ തന്നെയാണ്. 95-96ലെ ഗ്രാന്റുകൾ സംബന്ധിച്ച് പഞ്ചായത്തിൽ വന്ന തുക താഴെകൊടുത്തിരിക്കുന്ന പട്ടികയിൽ നിന്ന് മനസ്സിലാക്കാം.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ ഈ പട്ടിക പരിശോദിച്ചാൽ മൊത്തം വരവിന്റെ 30%ത്തോളം JRY പോലുള്ള പൊതു ആവശ്യങ്ങൾ വേണ്ടിയുള്ളതും 30%ത്തോളം അൺടൈഡ് ഫണ്ട്മാണെന്ന് കാണാൻ കഴിയും. പുതിയ പഞ്ചായത്ത് രാജ് നിയമപ്രകാരം പഞ്ചായത്തിന് ലഭിക്കുന്ന സാമ്പത്തിക സഹായത്തിന്റെ തോത് വർദ്ധിച്ചിട്ടുണ്ട്. പ്രത്യേകിച്ചും അൺടൈഡ് ഫണ്ടിന്റെ അളവ് ഏതാണ്ട് മൂന്നിരട്ടിയായി വർദ്ധിച്ചിട്ടുണ്ട്.

താഴെകൊടുത്തിരിക്കുന്ന പട്ടിക നോക്കുക.

പട്ടിക 2

**ഗ്രാന്റ് വിവരങ്ങൾ**

Ref. ഗ്രന്റ് രജിസ്റ്ററും, സ്പെഷ്യൽ ഗ്രന്റ് രജിസ്റ്ററും 95-96

| VRM രൂപ | MI രൂപ | VTC രൂപ | അടിസ്ഥാന നികുതി 25% രൂപ | അടിസ്ഥാന നികുതി 75% രൂപ | Spl. Grand രൂപ | JRY രൂപ | അൺടൈഡ് രൂപ | ആകെ |
|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | |
| തുക<br>18903.00 | 65400.00 | 2292.00<br>85960.00 | 50000.00 | 41225 | – | 294500 | 173300.00<br>116190.00<br>2[illegible]490.00 | |

പട്ടിക 3

**പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ**

| വകുപ്പ് | തുക: പദ്ധതി വിഹിതം | തുക: പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| 1 | 2 | 3 | 4 |
| മൃഗസംരക്ഷണം | | 2000.00 | 2000.00 |
| ആരോഗ്യം | | 6900.00 | 6900.00 |
| കൃഷി | | 120000.00 | 120000.00 |
| പി.ഡബ്ല്യു.ഡി. | | 98000.00 | 98000.00 |
| ഹരിജനക്ഷേമം | | 500.00 | 500.00 |
| മറ്റുള്ളവ | | 2500.00 | 2500.00 |
| | | 4000.00 | 4000.00 |
| ആകെ | | 233900.00 | 233900.00 |

കെട്ടിടനികുതി, ലൈസൻസ് ഫീസ് എന്നീ ഇനത്തിൽ പഞ്ചായത്തിന്റെ വരുമാനം വളരെ പരിമിതം തന്നെയാണന്ന് താഴെപറയുന്ന കണക്കുകൾ സൂചിപ്പിക്കുന്നു.

പട്ടിക 4

ഇതിൽ തന്നെ നല്ലൊരു ഭാഗം പിരിച്ചെടുത്തിട്ടില്ലെന്നു നാം നേരത്തേ കാണേണ്ടതാണല്ലോ. പഞ്ചായത്തിന് ലഭിക്കുന്ന എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് ലഭിക്കുന്നുണ്ട്.

പട്ടിക – 4 **ലൈസൻസ് ഫീസ് സംബന്ധിച്ച വിവരങ്ങൾ**

| വാർഡ് | സ്ഥാപനങ്ങളുടെ എണ്ണം | | | | | |
|---|---|---|---|---|---|---|
| | വ്യവസായം വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ | ആകെ ഫീസ് |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 12 | 12 | 15 | 5 | 45 | 375 |
| II | 13 | 14 | 18 | 8 | 53 | 375 |
| III | 7 | 17 | 18 | 5 | 47 | 360 |
| IV | 8 | 9 | 15 | 6 | 38 | 430 |
| V | 10 | 12 | 10 | 3 | 35 | 120 |
| VI | 18 | 13 | 12 | 4 | 47 | 190 |
| VII | 14 | 12 | 12 | 5 | 43 | 310 |
| VIII | 18 | 12 | 12 | 6 | 48 | 310 |
| IX | 19 | 15 | 8 | 7 | 49 | 360 |
| X | 12 | 5 | 9 | 8 | 34 | 190 |
| Total | 131 | 122 | 129 | 57 | 439 | 3020 |

കഴിഞ്ഞ 5 വർഷത്തെ കെട്ടിടനികുതി ഇനത്തിലുള്ള പഞ്ചായത്തിന്റെ വരുമാനം പരിശോധിച്ചാൽ വലിയ വർദ്ധനയൊന്നും കാലാനുസൃതമായി വരുന്നില്ലന്നു ബോധ്യമാകും.

പട്ടിക 5

പഞ്ചായത്തിന്റെ ചെലവിനങ്ങൾ പരിശോദിച്ചാൽ ആദ്യം മുന്നിൽ വരുന്നത് എസ്റ്റാബ്ലിഷ്മെന്റ് ചെലവുതന്നെയാണ്. മൊത്തം ചെലവിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കാരണം ജീവനക്കാരുടെ

പട്ടിക – 5 **കെട്ടിക നികുതിയിനത്തിലുള്ള വരവ്**

| 1991–92 | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|
| Nos<br>12100.00 | 12350.00 | 12440.00 | 12575.00 | 12650.00 |

ശബളവും മറ്റു ആനുകൂല്യങ്ങളും വർദ്ധിക്കുന്നതു തന്നെ.

പഞ്ചായത്തിന്റെ ചെലവു സംബന്ധിച്ച് താഴെകൊടുത്തിരിക്കുന്ന പട്ടിക പരിശോധിക്കുക.

പട്ടിക 6

മരാമത്തു പണികൾക്കായി ആകെ ചെലവഴിച്ചിട്ടുള്ള 16,200/-രൂപ മൊത്തം ചെലവിന്റെ 17.09% ആണെന്നു കാണാൻ കഴിയും. ഇതിൽ കോൺട്രാക്ടർ വർക്കും, നോമിനി വർക്കും, പഞ്ചായത്തു നേരിട്ടുനടത്തുന്ന പണികളും ഉൾപ്പെടും.

പട്ടിക – 6 **ചെലവ് സംബന്ധിച്ച വിവരങ്ങൾ (1995–96)**

| ഇനം | തുക |
|---|---|
| 1 | 2 |
| ഭരണം | 120030.00 |
| പൊതുമരാമത്ത് | 58000.00 |
| വിദ്യാഭ്യാസം | 26541.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗം | 236000.00 |
| തെരുവു വിളക്കുകൾ കത്തിയ്ക്കുന്നത് | 120500.00 |
| മറ്റുള്ളവ | 385000.00 |
| | 1800.00 |
| ആകെ | 947871.00 |

പൊതുമരാമത്ത് പണികൾക്കായി പഞ്ചായത്ത് നീക്കിവച്ച തുക താഴെക്കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാം.

പട്ടിക 7

പ്രത്യക്ഷ ഉല്പാദന മേഖലകളിലോ, വരുമാനദായകമായ മേഖലകളിലോ പഞ്ചായത്തു മുതൽ മുടക്ക് തീരെ ഇല്ല. പഞ്ചായത്തിന്റെ ചെലവിൽ കടം തിരിച്ചടച്ചില്ല. കാരണം കടം കൊടുത്തിട്ടില്ല എന്നതു തന്നെ.

പട്ടിക – 7 **പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ**

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രാന്റ് തുക | പഞ്ചാ: ഫണ്ട് | ആകെ |
| 1 | 2 | 3 | 4 | 5 |
| റോഡ് | 1,26,000.00 | 1,00,000 | 26,000 | 1,26,000 |
| തോട് | 36,000.00 | – | – | – |
| കെട്ടിടം | – | – | – | – |
| നടപ്പാലം | – | – | – | – |
| മറ്റുള്ളവ | – | – | – | – |
| ആകെ | | | | 1,62,000.00 |

പഞ്ചായത്തിന്റെ പരിധിയിൽ ഒരു ഷെഡ്യൂൾഡ് ബാങ്കും ഒരു സഹകരണ ബാങ്കും ഒന്ന് രണ്ട് സ്വകാര്യധനകാര്യ സ്ഥാപനങ്ങളും, ചിട്ടിസ്ഥാപനങ്ങളും ഉണ്ട്. സഹകരണബാങ്കിനെ സംബന്ധിച്ചുള്ള വിവരങ്ങൾ സഹകരണ മേഖല ചർച്ചചെയ്തപ്പോൾ കൊടുത്തിട്ടുണ്ട്. ആ ഭാഗം നോക്കുക. അനൗപചാരിക വായ്പാ ഏജൻസീകളേയും പണമിടപാടു സ്ഥാപനങ്ങളേയും സാമ്പത്തികാവശ്യങ്ങൾക്കായി ധാരാളം പേർ ആശ്രയിക്കുന്നുണ്ട്. പ്രത്യേകിച്ച് തൊഴിലാളികളും കച്ചവടക്കാരും. 30 മുതൽ 40 ശതമാനം വരെ പലിശയാണ് ഈ ഏജൻസികൾ ഇടപാടുകാരിൽ നിന്നും ഈടാക്കിവരുന്നത്.

ഈ ഗ്രാമപഞ്ചായത്തിൽ രാഷ്ട്രീയസ്വാഭാവം ഉള്ളതും അല്ലാത്തതുമായ ധാരാളം സന്നദ്ധസംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. സാക്ഷരതാ പ്രവർത്തനം നടന്നഘട്ടത്തിൽ ഈ സംഘടനകളുടെ പങ്ക് സ്തുത്യർഹമായിരുന്നു. കേരള സംഘനടകളുടെ പങ്ക് സ്തുസ്യർഹമായിരുന്നു. കേരള ശാസ്ത്ര സാഹിത്യ പരിഷത് DYFI യൂത്ത് കോൺഗ്രസ് യുവമോർച്ച എന്നിവയ്ക്കുപുറമേ പ്രമുഖ രാഷ്ട്രീയ പാർട്ടികളും സന്നദ്ധപ്രവർത്തനങ്ങളിൽ താല്പര്യം കാട്ടിയിട്ടുണ്ട്. ഇതിനും പുറമേ കലാകായിക സംഘടനകൾ ഗ്രന്ഥശാലകൾ, പലയിടങ്ങളിലായി രൂപികരിച്ചിട്ടുള്ള പൗരസമിതികൾ, സ്ക്കൂൾ PTA I , SNDPകൾ, ക്ഷേത്രക്കമ്മിറ്റികൾ, പള്ളിക്കമ്മറ്റികൾ എന്നിവ സന്ന പ്രവർത്തന രംഗത്ത് കാര്യമായ സംഭാവനകൾ നല്കുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് അനേകം റോഡുകൾ വെട്ടിയിട്ടുണ്ട്. എല്ലാം അതാത് വർഡുകളിലെ ജനങ്ങളുടെ സന്നദ്ധ പ്രവർത്തനങ്ങൾ വഴിയാണ്. കവലയൂർ മണമ്പൂർ സ്ക്കൂളുകളിലെ ജാഅ കളുടെ പ്രവർത്തനം ശ്രദ്ധേയമാണ്. മണമ്പൂർ ഗവ: U P Sന് മതിൽകെട്ടിയതും ഗേറ്റിട്ടതും പാചകപ്പുര പൂർത്തിയാക്കിയതും വാട്ടർട്ടാങ്ക് ഘടിപ്പിച്ചതുമെല്ലാം PTAയുടെ ശ്രമഫലമായി നാട്ടുകാരിൽ നിന്നും സാമ്പത്തിക സ്വരൂപേണം നടത്തിയിട്ടാണ്. കവലയൂർ H Sൽ അഡിറ്റോറിയം നിർമ്മിച്ചതും, കിണറുകുഴിച്ച് പമ്പ്സെറ്റ് സ്ഥാപിച്ചതും ആഡിറ്റോറിയത്തിനാവശ്യമായ കർട്ടൻ സംഘടിപ്പിച്ചതും P.T Aയുടെ ശ്രമഫലമായി സന്നദ്ധ പ്രവർത്തനങ്ങളിലൂടെയാണ്. ഗൾഫ് മലയാളികളുടെ ഉദാരമായ സംഭാവന ഈ പ്രവർത്തനങ്ങളുടെയെല്ലാം വിജയത്തിന്റെ പിന്നില്ലുണ്ട്. കുളമൂട്ടം L.P സ്ക്കൂൾ ഇലക്ട്രിഫൈ ചെയ്തതും ഇങ്ങനെയാണ്. ഈ പഞ്ചായത്തിന്റെ 8, 10 എന്നീ വാർഡുകളിൽ ഓരോ പമ്പുസെറ്റുകൾക്കായി (PHCയുടെ) പത്ത് സെന്റ് സ്ഥലം വീതം സംഭാവനയായി ലഭിച്ചിട്ടുണ്ട്.

പൗരസമിതികൾ പലയിടങ്ങളിലായി സ്ഥാപിച്ചിട്ടുള്ള വെയിറ്റിംഗ് ഷെഡ്ഡുകളും, നോട്ടീസ് ബോർഡുകളും ശ്രദ്ധേയമാണ്. ചിലയിടങ്ങളിൽ കുളങ്ങൾ വൃത്തിയാക്കുന്ന സംരംഭങ്ങളും ഈ സമിതികൾ നടത്തിയിട്ടുണ്ട്. സാമൂഹ്യ അസ്തികൾ നിർമ്മിക്കുന്നതിന് പുറമേ സമൂഹത്തിൽ ഗുണപരമായ മാറ്റങ്ങൾവേണ്ടിയുള്ള പ്രവർത്തനങ്ങളും സന്നദ്ധസംഘടനകൾ നടത്തിവരുന്നുണ്ട്. ഗ്രന്ഥശാലകളും കലാകായിക സംഘടനകളും കലാകായിവിനോദനപരിപാടികളും ഇക്കൂട്ടത്തിൽപ്പെടും. ശാസ്ത്രസാഹിത്യ പരിക്ഷത്ത് നടത്തുന്ന ശ്രമങ്ങൾ ഇക്കൂട്ടത്തിൽ ശ്രദ്ധേയമാണ്. പരിക്ഷത്തിന്റെ പച്ചക്കറി വ്യാപന പരിപാടി (ഹരിത ഗ്രൂപ്പ്) വിജ്ഞാനോത്സവം, പുകയില്ലാത്ത അടുപ്പുകളുടെ, പ്രചരണം, സാക്ഷരതാപ്രവർത്തനം സ്ക്കൂൾ നിരക്ഷരതാ നിർമ്മാർജ്ജന പരിപാടികൾ എന്നിവ ശ്രദ്ധേയമാണ്. ഇങ്ങനെയൊക്കെയാണെങ്കിലും സന്നദ്ധ പ്രവർത്തന രംഗത്ത് നേതൃത്വക്കുറവും, താല്പര്യക്കുറവും മുമ്പുണ്ടായിരുന്നതുപോലെ, ഇപ്പോൾ കാണുന്നില്ലെന്നതു വാസ്തവമാണ്.

പഞ്ചായത്തിലെ ജനസംഖ്യയിലെ ഏതാണ്ട് 9.5% പേർ വിദേശരാജ്യങ്ങളിൽ പണിയെടുക്കുന്നു. അതിൽ 8%ഓളംപേർ ഗൾഫ് രാജ്യങ്ങളിലും 1%പേർ ലണ്ടനിലുമാണ്. ഏതാണ്ട് 1/2 പേർ ആന്റമാനിലും പണിയെടുക്കുന്നു. ഗൾഫ് രാജ്യങ്ങളിൽ കൂടിയേ

റിയവരിൽ അധികവും കൂലിപ്പണിക്കാരായിരുന്നു. ഈ അടുത്തകാലത്തായി ഗൾഫിൽ പോകുന്ന വിദ്യാഭ്യാസമുള്ളവരുടെ എണ്ണം കൂടുന്നുണ്ട്. നാടിന്റെ സാമ്പത്തിക മുഖഛായ മാറുന്നതിൽ ഈ വിദേശ മലയാളികൾ വലിയൊരുപങ്കു വഹിക്കുന്നു. എന്നാൽ വീടുവയ്ക്കാനും മറ്റു ഉപഭാഗവസ്തുക്കൾ വാങ്ങിക്കൂട്ടുവാനും വേണ്ടിമാത്രമാണ് ഈ വിദേശപ്പണത്തിന്റെ നല്ലൊരുശതമാനം ചെലവഴിക്കപ്പെടുന്നത്. ഉല്പാദനമേഖലകളിൽ (അപൂർവ്വം ചിലർ ഭൂമിവാങ്ങുന്നതിനും മറ്റും ഉപയോഗിക്കുന്നതൊഴിച്ചാൽ) ഈ പണം നിക്ഷേപിക്കപ്പെടുകയോ, വിനിയോഗിക്കപ്പെടുകയോ ചെയ്യുന്നില്ല. എന്നാൽ നാട്ടിൽ നടക്കുന്ന ബഹുമഖമായ പ്രവർത്തനങ്ങൾക്ക് വിദേശമലയാളികൾ നൽകുന്ന സാമ്പത്തിക പിന്തുണ ശ്രദ്ധേയമാണ്.

### പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ നിലവിലുള്ള തനത് വരുമാനങ്ങ കുറവാണെങ്കിലും അവയെ പൂർണ്ണമായും ഉപയോഗപ്പെടുത്താത്ത ഒരു അവസ്ഥയുണ്ട്. ഉദാഹരണത്തിന് കെട്ടിടനികുതി, തൊഴിൽ നികുതിപോലുള്ളവ കൃത്യമായി പിരിച്ചെടുക്കുന്നില്ല. വരുമാനത്തിന്റെ നല്ലൊരു ശതമാനം ഭരണച്ചെലവുകൾക്കായി നീക്കിവയ്ക്കേണ്ടിവരുന്നു അവസ്ഥയും പഞ്ചായത്തിലുണ്ട്. പൊതുമരാമത്ത് പണികളും മറ്റും നടത്തുന്നതിനാൽ ഇടത്തട്ടുകാരുടെ ഇടപെടൽ മൂലം വിഭവച്ചോർച്ച സംഭവിക്കുന്നതും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും (പ്രത്യേകിച്ച് സഹകരണബാങ്കിൽ നിന്നും) വായ്പ ലഭിക്കാനുള്ള തടസ്സങ്ങളും പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് സ്കീമുകൾ തയ്യാറാക്കാനുള്ള അസൗകര്യവും ഈ മേഖല നേരിടുന്ന പ്രശ്നങ്ങളാണ്. അൻടൈഡ്ഫണ്ട് ചെലവാക്കുന്നതിന്റെ മാമൂൽ രീതി (റോഡു വെട്ടാനും പണംവിനിയോഗിക്കാനുള്ള മടി) മാറേണ്ടതാണ്. സന്നദ്ധ പ്രവർത്തനങ്ങളിൽ അടുത്ത കാലങ്ങളിലായി വന്നിരിക്കുന്ന താത്പര്യക്കുറവും (ഗുണഭോക്താക്കളുടെ സന്നദ്ധപ്രവർത്തനം വിഭാവനം ചെയ്തിട്ടുള്ള പല പദ്ധതികളും അത് നടക്കുന്നില്ല) പദ്ധതി നടത്തിപ്പിലെ സുതാര്യതയില്ലായ്മയും പ്രശ്നങ്ങളാണ്.

### സാധ്യതകൾ

പഞ്ചായത്തിലെ നിലവിലുള്ള നികുതികൾ ഏർപ്പെടുത്താനാകുമോ എന്ന് അന്വേഷിക്കേണ്ടതുമാണ്. കെട്ടിട നികുതി തൊഴിൽ നികുതി എന്നിവ കൃത്യമായി പിരിച്ചെടുക്കാനുള്ള ഒരു സംരംഭം ഉണ്ടാകേണ്ടതാണ്. ഈ ഗ്രമാപഞ്ചായത്തിന്റെ തീരപ്രദേശങ്ങൾ ടൂറിസത്തിന് സാധ്യതയുള്ള പ്രകൃതിരമണീയമായ പ്രദേശമാണ്. അവിടെയുള്ള അസാധ്യത വികസിപ്പിച്ചെടുത്താൽ പഞ്ചായത്തിന് അതൊരു വരുമാനമാർഗ്ഗമാകും. അതിനുള്ള സാധ്യതയെപ്പറ്റി മുൻ അദ്ധ്യായനങ്ങളിൽ നൽകിട്ടുള്ള സൂചനകൾകൂടി ഇവിടെ പരിഗണിക്കപ്പെടേണ്ടതാണ്. (ഗതാഗതം നോക്കുക)

വൻതുക മുടക്കി വീട് വയ്ക്കുന്നവരിൽ നിന്നും ഒരു ചെറിയ ശതമാനം തുക ആഡംബര നികുതിയായി പിരക്കാവുന്നതാണ്.

പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റിനെ സംബന്ധിച്ച നിർദ്ദേശം നേരത്തെ സൂചിപ്പിച്ചിട്ടുണ്ടല്ലോ, അത് ഒന്നോ അതിലധികമോ സ്ഥാപിച്ച് അതിൽ നിന്നുള്ള വരുമാനവും മുതൽക്കൂട്ടാവുന്നതാണ്. ഭരണച്ചെലവു കുറയ്ക്കാനും പുതിയ പഞ്ചായത്തീരാജ് നിയമം നൽകുന്ന പുതിയ അധികാരങ്ങൾ ഉപയോഗിച്ച് പ്രാദേശികമായി വിഭവം സമാഹരിക്കേണ്ടതാണ്. ആശുപത്രികൾക്കും മറ്റും (സ്വകാര്യ) ലൈസൻസുഫീസ് ഏർപ്പെടുത്താവുന്നതാണ്. അംഗീകാരമില്ലാത്ത സ്ക്കുളുകളിൽ നിന്നും ഇത് ഈടാക്കുമോ എന്ന് പരിശോധിക്കേണ്ടതാണ്.

ഈ നൂറ്റാണ്ടിന്റെ ആദ്യശതകങ്ങളിലും അപൂർവ്വമായിട്ടാണെങ്കിലും ഇപ്പോഴും ഈ ഗ്രാമത്തിൽ നടന്നിട്ടുള്ളതും നടക്കുന്നതുമായ സന്നദ്ധ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ ഈ മേഖലയിൽ വലിയ സാധ്യതയുണ്ടെന്നും കാണാം. സന്നദ്ധസംഘടനകളെയും വ്യക്തികളേയും ശരിയായി ഉപയോഗപ്പെടുത്തി പല

വികസന പ്രശ്നങ്ങൾക്കും സന്നദ്ധസേവനം ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ളത് ഈ പ്രതീക്ഷയെ ബലപ്പെടുത്തുന്നു. വികസനപ്രവർത്തനങ്ങളുടെ നിർവ്വഹണത്തിനായി ഉയർന്നുവരുന്ന ജനകീയ കമ്മിറ്റികൾക്ക് ഈ സേവനം ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്.

പഞ്ചായത്തിലെ വിദേശവാസികളുടെ പണം, പഞ്ചായത്തിന്റെ തന്നെ വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുവാൻ കഴിയുന്ന ഒരു നീക്കവും നടത്തേണ്ടതാണ്. വിദേശമലയാളികളുടെ പണത്തിന്റെ ഒരു ചെറിയ ശതമാനമെങ്കിലും ഉപഭോഗമേഖലയിൽ നിന്നും ഉല്പാദന മേഖലയിലേക്ക് തിരിച്ചുവിടേണ്ടതാണ്. സഹകരണബാങ്കുകളിൽ (ഗ്രാമീണ) ഇത്തരക്കാരുടെ നിക്ഷേപം കുറയുന്നുണ്ട്. വൻകിട ബാങ്കുകളിൽ ഇവരുടെ നിക്ഷേപം പ്രാദേശിക വികസനത്തിന് സഹായകരമാകുന്നില്ല. ഇത് മാറണം. ഈ ഗ്രാമത്തിലുള്ള ഏതാണ്ട് 10%ഓളം ഗ്രാമവാസികളുടെ നിക്ഷേപം ഈ ഗ്രാമത്തിലെ സഹകരണ ബാങ്കിൽ നിക്ഷേപിക്കപ്പെടണം. അതു ഉപയോഗിച്ച് ബാങ്കിന് കീഴിൽ സംഘടിപ്പിക്കാവുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾ പ്രവർത്തിപ്പിക്കാവുന്നതാണ്. (ഗ്രാമത്തിലെ തൊഴിലില്ലാത്തവർക്ക് തൊഴിൽ ലഭിക്കുന്നതും ഉല്പാദന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുമായ ധാരാളം ചെറുകിട കാർഷിക വ്യവസായിക സംരംഭ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്) ഇങ്ങനെ ഉയർന്നു വരുന്ന സംരംഭങ്ങളുടെ ലാഭവിഹിതത്തിൽ ഒരു നിശ്ചിത വരുമാനം ബാങ്കിൽ പണം നിക്ഷേപിക്കുന്നവർക്ക് നൽകാനോവുമോ എന്ന് പരിശോധിക്കണം. ഈ നിലയിൽ ഇവരുടെ നിക്ഷേപം സഹകരണബാങ്കിൽ വർദ്ധിപ്പിക്കാനും അതുപയോഗിച്ച് ഗ്രാമവികസനം ത്വരിതപ്പെടുത്തുവാനുമുള്ള ശ്രമം ഉണ്ടാവേണ്ടതാണ് വിദേശ മലയാളികളെ ഇക്കാര്യത്തിൽ ബോധ്യപ്പെടുത്തുവാനും മറ്റും പഞ്ചായത്തുതലത്തിൽ ജനപ്രതിനിധികളുടേയും സഹകരണബാങ്ക് ഉദ്യോഗസ്ഥന്മാരുടേയും മറ്റുള്ളവരുടേയും ഒരു സമിതി രൂപീകരിക്കേണ്ടത് പ്രയോജനകാര്യമായിരിക്കും.

(ഗ്രാമതലത്തിൽ കടപത്രങ്ങൾപോലുള്ള ഒരു സംരഭത്തിന്റെ സാധ്യതയും പരിശോധിക്കേണ്ടതാണ്.)

ധനകാര്യസ്ഥാപനങ്ങളുടേയും സ്കീമുകൾ തയ്യാറാക്കാനുള്ള പ്രത്യേക സംവിധാനവും ഉണ്ടാക്കണം. പഞ്ചായത്തിന് ഒരു ക്രെഡിറ്റ പ്ലാനും വരവ് ചെലവുകൾ അച്ചടിച്ച് പ്രസിദ്ധപ്പെടുത്താനുമുള്ള സംവിധാനവും ഉണ്ടാകേണ്ടതാണ് (ഇത് ഗ്രാമസഭകളിൽ വിതരണം ചെയ്യണം)

വികസനപ്രവർത്തനങ്ങളെല്ലാം ജനകീയ സമിതികളിലൂടെ നിർവ്വഹിക്കപ്പെടുകയും സോഷ്യൽ ഓഡിറ്റിംങ് സമ്പ്രദായം നിലവിൽ വരുകയും വേണം.

രജിസ്റ്റർ ചെയ്ത സന്നദ്ധസംഘടനകൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും മറ്റുള്ള സഹായം അവരിലേയ്ക്ക് എത്തിക്കുന്നതിനും, അക്കാര്യത്തിൽ വേണ്ട ബോധവല്ക്കരണം നടത്തുന്നതിനുമുള്ള ജനകീയ സംവിധാനങ്ങളും ഉണ്ടാകണം.

# ഉപസംഹാരം

പ്രിയമുള്ളവരെ,

ഒൻപതാം പദ്ധതി ജനകീയപദ്ധതിയായി ഇടതുപക്ഷ സർക്കാർ പ്രഖ്യാപിക്കുമ്പോൾ അതു ഗ്രാമങ്ങളിൽ എങ്ങനെ സംഘടിപ്പിക്കും എന്നതിനെ സംബന്ധിച്ച് ഒട്ടേറെ ആശങ്കകൾ ഉണ്ടായിരുന്നു. ആസൂത്രണത്തിന്റെ സാങ്കേതികവശങ്ങളെക്കുറിച്ച് അറിവോ, ഇന്നലെകളിലെ ആസൂത്രണ പരിചയമോ ഇല്ലാത്ത ഗ്രാമീണരെ കൊണ്ട് എങ്ങനെ ആസൂത്രണം നടത്തുമെന്നത് ഒരു വെല്ലുവിളിയായിരുന്നു. എന്നാൽ സകല ആശങ്കകളെയും മാറ്റിക്കൊണ്ട് ജനകീയ ആസൂത്രണത്തിന്റെ ആദ്യപടിയായ വിശേഷാൽ ഗ്രാമസഭകൾ തന്നെ ജന പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായി.

ഗ്രാമവികസനത്തെ സംബന്ധിച്ച് ഗ്രാമീണർ ഇന്നലെകളിൽ വായിച്ചറിഞ്ഞും, കേട്ടറിഞ്ഞും, അനുഭവിച്ചറിഞ്ഞതുമായ വികസനനിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ആ വികസനനിർദ്ദേശങ്ങളെ സ്ഥിതിവിവര കണക്കുകളുടെയും, പ്രാദേശിക വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഗ്രാമവികസനത്തിനുള്ള രേഖ തയ്യാറാക്കിയ ജനപ്രതിനിധികൾക്കും, റിസോഴ്സ് പേഴ്സൺമാർക്കും, ഉദ്യോഗസ്ഥർക്കും നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം ഭാവിവികസന പ്രക്രിയയിൽ സജീവസാന്നിദ്ധ്യം അഭ്യർത്ഥിക്കുകയും ചെയ്യുന്നു. സജീവമായ ചർച്ചകൊണ്ട് ഗ്രാമസഭകളെ ഉണർത്തിയവർക്കും നന്ദി.

*ഗ്രാമത്തിന്റെ നല്ല നാളെകളെ സൃഷ്ടിക്കാൻ ഈ റിപ്പോർട്ട് പ്രയോജനപ്പെട്ടാൽ ഞാൻ കൃതാർത്ഥനായി.*

**സ്നേഹാദരങ്ങളോടെ,**

ഒപ്പ്

**S. അക്ബർ**

മണമ്പൂർ ഗ്രാമപഞ്ചായത്ത്.